
2013 ജനുവരി / വോള്യം 5 / ലക്കം 1/ വില 15 ₹

അന്വേഷി പ്രസിദ്ധീകരണം

# സംഘടിത



**അവൾ മരിക്കുന്നില്ല, ജീവിക്കുന്നു....**
**ഇന്ത്യൻ ജനതയുടെ ഹൃദയത്തിൽ**
**മുനിഞ്ഞു കത്തുന്ന തീനാളം പോലെ !**



# സംഘടിത

ജനുവരി 2013 - വാല്യം 5-ലക്കം 1

## ഉള്ളടക്കം



സുനിതകൃഷ്ണനുമായി മുഖാമുഖം 6



വോൾഗ സംസാരിക്കുന്നു... 9



പെൺസാന്നിദ്ധ്യത്തിന്റെ IFFK 2012 – ജൂലിയറ്റ്. കെ 34

14. **ലിംഗ – സമത്വ സുസ്ഥിര വികസനം** – അഡ്വ.മരിയ
17. **മാദക ' മാവുന്നത് കാഴ്ചയോ നോട്ടമോ?** – സുലോചന റാംമോഹൻ
21. **കാമസൂത്രത്തിന്റെ പെൺവായനയെപ്പറ്റി...** – സുഭദ്ര സതീശൻ
24. **അപസ്മാരം സ്ത്രീകളിൽ: സാമൂഹ്യപ്രത്യാഘാതങ്ങൾ** – ഡോ. സാറാമ്മ പി. പി.
28. **സമാന്തരചിത്രങ്ങളും ചരിത്രനിർമ്മിതിയും** – പി.ഗീത
31. **അപരിഹാര്യം** – ശ്രീലതാവർമ്മ
40. **കത്തുകളിലൂടെ നേടുന്ന സാന്ത്വനസ്പർശം** – ഡോ.മിനിപ്രസാദ്
42. **സ്നേഹബഹുമാനപ്പെട്ട ആന്നാമ്മയ്ക്ക് ഗീതാലക്ഷ്മി എഴുതുന്നത്** – പ്രിയ എ.എസ്
47. **ട്രിവാൻഡ്രം ലോഡ്ജ്** – സുനീത ടി.വി
49. **കൂടംകുളം ഒരു പ്രതികരണ കുറിപ്പ്** – ബൽക്കീസ്ബാനു
52. **ക്ഷമാസഹനങ്ങളുടെ മുഖം മാറ്റുക** – ഇന്ദിരാബാലൻ
54. **ഗീതാഞ്ജലികൃഷ്ണനുമായി ദിവ്യ എം. നടത്തിയ അഭിമുഖം** – ദിവ്യ എം.
56. **പെണ്ണ് തന്റേടിയായപ്പോൾ** – പ്രമീള
58. **അന്വേഷി വാർത്തകൾ**

### കവിതകൾ

**പക്ഷികളോട്** -സൗമ്യ.പി.ആർ
**എന്റെ മനസ്സ്** -റിതുറോയ്
**മാപ്പ്സാക്ഷിയുടെ നോട്ടുപുസ്തകം**-ശ്രീവിദ്യ എസ്.മാരാർ
**തണൽ**-ഷീബാ ദിവാകരൻ

എഡിറ്റർ : സാറാജോസഫ്
മാനേജിംഗ് എഡിറ്റർ : കെ.അജിത
എക്സി.എഡിറ്റർ : രാജലക്ഷ്മി.കെ.എം.
പത്രാധിപ സമിതി : ഡോ. ജാൻസി ജോസ്, ദീദി, സി.എസ്.മീനാക്ഷി, ഗിരിജ.പി.പാതേക്കര, ജ്യോതി നാരായണൻ, ഡോ.കെ.എം.ഷീബ, ഡോ.മിനി പ്രസാദ്, ഡോ.പി. ഗീത, ഡോ.ഖദീജ മുംതാസ്, സുനീത. ടി.വി., കെ.കെ.സാവിത്രി, കെ.കെ.പ്രീത
സർക്കുലേഷൻ മാനേജർ : ചാരുലത എ.എസ്.
ഉപദേശകസമിതി : സുഗതകുമാരി, പ്രൊഫ.എം. ലീലാവതി, ഡോ.ശാരദാമണി, ഡോ.മല്ലികാസാരാഭായ്, ഡോ. ബീനാപോൾ
ലേഔട്ട് & കവർ : സുവിജ
പ്രിന്റിംഗ് : ഏ - വൺ ഓഫ്സെറ്റ് പ്രിന്റ്സ്, 0495 2441934, 2442934

**സംഘടിത മാസിക**

അന്വേഷി വിമൻസ് കൗൺസലിംഗ് സെന്റർ, കോട്ടൂളി, കുതിരവട്ടം പി.ഒ., കോഴിക്കോട്, ഫോൺ: 0495 2744370
sanghadithacalicut@gmail.com, anweshicalicut@gmail.com
www.anweshi.org ✦ www.sanghaditha.com





**ഡൽഹിയിൽ ക്രൂരമായ കൂട്ടബലാത്സംഗത്തിനിരയായി ദാരുണമായി മരണപ്പെട്ട പെൺകുട്ടിക്ക് ആദരാഞ്ജലികൾ!!**

# "എനിക്ക് ജീവിക്കണം അമ്മേ, എന്നെ രക്ഷിക്കില്ലേ..."

**2012** ഡിസംബർ 16-ാംതിയ്യതി ഡൽഹിയിൽ രാത്രി ഒമ്പതു മണിക്ക് സുഹൃത്തിനോടൊപ്പം സിനിമ കാണാൻ പോയ ഇരുപത്തിമൂന്നുകാരി ഓടുന്ന ബസ്സിൽവെച്ച് ക്രൂരമായി ബലാത്സംഗം ചെയ്യപ്പെടുന്നു. പ്രതികൾ ബസ് ജീവനക്കാർ തന്നെ. സുഹൃത്തിനെ ക്രൂരമായി മർദ്ദിക്കുന്നു. യോനിയിൽ ഇരുമ്പ് ദണ്ഡ് കയറ്റുക പോലുള്ള അതിനീചമായ ആക്രമണങ്ങൾ നടത്തി 40 മിനുട്ടുകൾക്കുശേഷം അവളേയും സുഹൃത്തിനേയും പുറത്തേക്ക് വലിച്ചെറിയുന്നു. സഫ്ദർജങ്ങ് ആശുപത്രിയിൽ പ്രവേശിക്കപ്പെട്ട പെൺകുട്ടി വെന്റിലേറ്ററിൽ തന്നെ ആയിരുന്നു. കുട്ടിയുടെ വൻകുടൽ, ഗർഭപാത്രം എന്നിവയ്ക്കെല്ലാം ഗുരുതരമായ പരിക്കുണ്ടെന്ന് ഡോക്ടർമാർ. പാർലമെന്റിൽ കോലാഹലം. ജെ.എൻ.യു കുട്ടികളുടെ പ്രതിഷേധം മുനിർക്കയിൽ. ഇതിന്നിടയിൽ 4 പ്രതികൾ അറസ്റ്റു ചെയ്യപ്പെട്ടു. പെൺകുട്ടിയുടെ വൻകുടൽ ശസ്ത്രക്രിയ ചെയ്ത് പൂർണ്ണമായും നീക്കി. 'എനിക്ക് ജീവിക്കണം അമ്മേ, എന്നെ രക്ഷിക്കില്ലേ...' പെൺകുട്ടി അമ്മയോട് പറയുന്നു. അപകടനില തരണം ചെയ്തിട്ടില്ലെന്ന് ഡോക്ടർമാർ. 20-ാംതിയ്യതി ജെ.എൻ.യു ജാമിയ വിദ്യാർത്ഥികൾ ഡൽഹി മുഖ്യമന്ത്രിയുടെ വസതി ഉപരോധിച്ചു. സുഹൃത്ത് മജിസ്ട്രേട്ടിനും മൊഴി നൽകി. പ്രതികളെ പിടിച്ചോ, സുഹൃത്തെവിടേ എന്ന് പെൺകുട്ടി. അവളുടെ നില മെച്ചപ്പെട്ടുവന്നു. അപകടനില ഇനിയും തരണം ചെയ്തിട്ടില്ലെന്ന് ഡോക്ടർമാർ.

ഡിസംബർ 22ന് രാജ്യമെങ്ങും പ്രതിഷേധം. ജനങ്ങൾ ഇന്ത്യാഗേറ്റിനു മുമ്പിലും റെയ്സിനാകുന്നിലും (രാഷ്ട്രപതിഭവൻ) ആയിരക്കണക്കിന് തടിച്ചുകൂടി. നിമിഷനേരം കൊണ്ട് അത് ലക്ഷങ്ങളായി മാറി. രാജ്യം മുമ്പെങ്ങും കണ്ടിട്ടില്ലാത്തവിധം അഭൂതപൂർവ്വമായ ഒഴുക്കായിരുന്നു ഇന്ത്യാഗേറ്റിലേക്ക്. ലാത്തിച്ചാർജ്ജും കണ്ണീർവാതകവുമൊന്നും ഫലിച്ചില്ല. ഈ പ്രതിഷേധത്തിന് ഒരു രാഷ്ട്രീയപാർട്ടിയുടേയും നേതൃത്വമുണ്ടായിരുന്നില്ല. ഫേസ്ബുക്കിലൂടെയും മറ്റും കിട്ടിയ അറിയിപ്പിലൂടെയാണ് ജനലക്ഷങ്ങൾ ഒഴുകിയെത്തിയത്. നീതിക്കുവേണ്ടി കൊടുംതണുപ്പിനെപ്പോലും വകവയ്ക്കാതെ ജനങ്ങൾ രാപ്പകൽ അവിടെത്തന്നെ മുദ്രാവാക്യം വിളികളും പ്രതിഷേധപ്രകടനങ്ങളുമായി തമ്പടിച്ചു.

ഇതിന്നിടയിൽ കുട്ടിയുടെ നില വഷളായി. വീണ്ടും കുട്ടി വെന്റിലേറ്ററിൽ. 25-ാംതിയ്യതി ആയപ്പോഴേക്കും കുട്ടിക്ക് ഒരിക്കൽ ഹൃദയാഘാതമുണ്ടായെന്ന് മെഡിക്കൽ റിപ്പോർട്ട്. പല പല പ്രഖ്യാപനങ്ങളുമായി ജനവികാരത്തെ തണുപ്പിക്കാൻ പ്രധാനമന്ത്രിയും മറ്റ് നേതാക്കളും രംഗത്തുവന്നെങ്കിലും പ്രതിഷേധിക്കുന്ന ജനങ്ങളെ നിയന്ത്രിക്കാൻ ഏറെ ബുദ്ധിമുട്ടേണ്ടിവന്നു.

ഇതിന്നിടയിൽ കുട്ടിക്ക് വിദഗ്ദ്ധചികിത്സ നൽകാനെന്ന പേരിൽ 25-ാംതിയ്യതി അർദ്ധരാത്രി കുട്ടിയെ സിംഗപ്പൂരിലെ മൗണ്ട് എലിസബത്ത് ആശുപത്രിയിലേക്ക് കൊണ്ടുപോയി. കുട്ടിക്ക് വിദഗ്ദ്ധ ചികിത്സ നൽകാനല്ല, നാട്ടിലെ പ്രതിഷേധങ്ങൾക്ക് കടിഞ്ഞാണിടാനാണ് ഈ ഗൂഢനീക്കം സർക്കാർ നടത്തിയതെന്ന് പരാതി ഉയർന്നു. ഇന്ത്യയിൽ കിട്ടുന്നതിനേക്കാൾ മെച്ചപ്പെട്ട ചികിത്സ സിംഗപ്പൂരിൽ കിട്ടുമായിരുന്നുവെന്ന് തങ്ങൾക്കഭിപ്രായമില്ലെന്നും ചികിത്സാ ആവശ്യത്തിനല്ല കുട്ടിയെ അങ്ങോട്ട് കൊണ്ട് പോയതെന്നും ഡോക്ടർമാർ. ഡിസംബർ 29-ാംതിയ്യതി പുലർച്ചെ ഇന്ത്യൻസമയം 2.15ന് കുട്ടി അന്ത്യശ്വാസം വലിച്ചു.

അതിനുശേഷം നടന്നതും സർക്കാർ നാടകം തന്നെ. കുട്ടിയുടെ ഭൗതികശരീരത്തെ ഒരു നോക്കു കാണാൻ ആയിരങ്ങൾ കാത്തിരിക്കേ, ബന്ധുക്കളുടേയും പോലീസിന്റേയും സാന്നിദ്ധ്യത്തിൽ രഹസ്യമായി കുട്ടിയെ പിറ്റേദിവസം സംസ്ക്കരിച്ചു. അപ്പോഴേക്കും ഡൽഹി നഗരത്തെ ഒരു യുദ്ധമേഖലയായി പ്രഖ്യാപിച്ചതുപോലെ സർക്കാർ പട്ടാളവും പോലീസും കൊണ്ട് നിറച്ചു. മാത്രമല്ല, 144ാംവകുപ്പുപ്രകാരം നാലുപേർ ഒത്തുചേരുന്നതിനു അന്ന് നഗരത്തിൽ നിരോധനാജ്ഞയും പ്രഖ്യാപിച്ചു. പക്ഷെ, അതിനെയൊന്നും വകവയ്ക്കാതെ ജനങ്ങൾ രാവും പകലും ഇപ്പോഴും ജന്തർമന്തറിലും മുനിർക്കയിലും മറ്റും ഒത്തുചേർന്ന് പെൺകുട്ടിയുടെ ആത്മശാന്തിക്കുവേണ്ടി പ്രാർത്ഥിക്കുന്നു...

പ്രതികൾ ചെയ്തതിനേക്കാൾ വലിയ ക്രൂരതയല്ലേ സർക്കാരും ഭരണകൂടവും നമ്മുടെ സഹോദരിയോട് ചെയ്തത് എന്ന ചോദ്യം ബാക്കിയാവുന്നു.

**സംഘടിത ടീം**




സാറാജോസഫ്

# മുഖപ്രസംഗം

**ലൈംഗികകുറ്റകൃത്യങ്ങൾ** ക്രമാതീതമായി പെരുകുകയും ബലാത്സംഗങ്ങളും സ്ത്രീഹത്യകളും നിരന്തരം ഉണ്ടായിക്കൊണ്ടിരിക്കുകയും ചെയ്യുന്ന ഭയജനകമായ ഒരന്തരീക്ഷത്തിലാണ് നാം ജീവിക്കുന്നത്. സ്ത്രീകൾ മാത്രമല്ല, പുരുഷന്മാരും അരക്ഷിതരും അപമാനിതരും ആയിക്കൊണ്ടിരിക്കുന്നു. ഭാര്യയോടൊ പെങ്ങളോടോ മകളോടൊ ഒപ്പം സഞ്ചരിക്കേണ്ടിവരുന്ന പുരുഷനെപ്പോലും ആക്രമിക്കപ്പെടുമോ എന്ന ഭയം പിടികൂടുന്നു. മകളെ ലാളിക്കുമ്പോൾ ഭാര്യ തന്നെ സംശയിക്കുന്നുണ്ടാകുമോ എന്ന അതിനിഗൂഢമായ ഒരാധി അച്ഛനെ പിടികൂടുന്നു. സമൂഹത്തിലെ ഒരു ന്യൂനപക്ഷം നടത്തുന്ന അകൃത്യത്തിന്റെ പേരിൽ മുഴുവൻ പുരുഷന്മാരേയും സ്ത്രീകൾ സംശയിക്കുകയും ഭയപ്പെടുകയും ചെയ്യുന്ന ഒരവസ്ഥ സംജാതമായിരിക്കുന്നു.

ബലാത്സംഗങ്ങൾ 'കാമവെറി' കൊണ്ട് മാത്രം സംഭവിക്കുന്നതല്ല. ഗുജറാത്തിലും ശ്രീലങ്കയിലും മണിപ്പൂരിലും ഝാർഖണ്ഡിലും ഹരിയാനയിലുമൊക്കെ നടന്ന കൂട്ടബലാത്സംഗങ്ങൾ ജാതിക്കലിയും യുദ്ധക്കലിയും കാമക്കലിയും തീർക്കുന്ന ക്രൂരഹിംസകളായിട്ടാണ് നടത്തപ്പെട്ടത്. സ്ത്രീകളേയും കുഞ്ഞുങ്ങളേയും ബലാത്സംഗം ചെയ്തും കൊന്നും പുരുഷന്മാരെ ഭയചകിതരും ദുർബ്ബലരും നിസ്സഹായരും പ്രതികരണശേഷിയില്ലാത്തവരും ആക്കിത്തീർക്കാമെന്ന കൃത്യമായ കണക്കുകൂട്ടൽ അതിന്റെ പിന്നിലുണ്ട്. അരാജകമായ ഇതുപോലരവസ്ഥ രാജ്യത്ത് സൃഷ്ടിക്കപ്പെട്ടിട്ടും കുറ്റകൃത്യങ്ങൾ നിയന്ത്രിക്കാനോ സുരക്ഷ ഉറപ്പുവരുത്താനോ ഭയം ഇല്ലാതാക്കാനോ ഭരണകൂടങ്ങൾക്ക് കഴിയുന്നില്ല. തികച്ചും സ്ത്രീവിരുദ്ധമായ കുറെ മൂല്യവിചാരങ്ങൾകൊണ്ട് ബലാത്സംഗങ്ങൾ നടക്കുന്നതിൽ സ്ത്രീകളുടെ പങ്കെന്ത് എന്ന അതിവായനനടത്തുന്നതിലാണ് അവരിൽ ബഹുഭൂരിപക്ഷവും ഇപ്പോഴും മുഴുകുന്നത്. ഭരണകൂടവും പോലീസും കോടതിയും പരാജയപ്പെട്ടിടത്ത് ഇന്ത്യൻ യുവത്വം ഭരണകൂടത്തെ തെരുവിലേക്ക് ഇറക്കിക്കൊണ്ടുവരുന്നതിൽ വിജയിക്കുന്ന കാഴ്ചയാണ് ഡൽഹിയിൽ നമ്മൾ കണ്ടത്. ജനാധിപത്യത്തിലെ ഏറ്റവും ആശാവഹമായ ഒരു പ്രവാഹമായിരുന്നു അത്. രാഷ്ട്രീയപ്പാർട്ടികളോ മതനേതൃത്വങ്ങളോ ഭരണകൂടസംവിധാനമോ അല്ല അതിന്റെ പിന്നിൽ പ്രവർത്തിച്ചത്. അനീതിക്കെതിരെ ജനാധിപത്യത്തിന്റെ വലിയൊരു സാധ്യതയാണ് ഡൽഹിയിലെ തെരുവുകളിൽ ഇന്ത്യൻ യുവത്വവും മാധ്യമങ്ങളും കൂടി തുറന്നിട്ടത്. തിരികെ കുപ്പിയിലേക്ക് കയറുന്ന ഭൂതമല്ല ഈ പ്രവാഹം. കെട്ടഴിച്ചുവിട്ട കൊടുങ്കാറ്റാണതെന്ന് ഭരണകൂടങ്ങൾ തിരിച്ചറിയണം.

വധശിക്ഷ എന്ന മുറവിളി വലിയ രോഷത്തിന്റേയും വേദനയുടേയും അപമാനത്തിന്റേയും ഫലമായി ഉണ്ടായിട്ടുള്ളതാണ്. വധശിക്ഷകൊണ്ട് ബലാത്സംഗങ്ങൾ ഇല്ലാതാക്കാൻ കഴിയുമെന്ന തോന്നൽ എനിക്കില്ല. ഞാൻ വധശിക്ഷക്കെതിരുമാണ്. അതേസമയം കൊലപാതകത്തേക്കാൾ ഹീനമായ ബലാത്സംഗകുറ്റം ചെയ്യുന്നവർക്ക് മാതൃകാപരമായി നൽകേണ്ട ശിക്ഷയെക്കുറിച്ച് വലിയ വിചിന്തനം തന്നെ നടക്കേണ്ടതുണ്ട്. കാലതാമസമാണ് ശിക്ഷയുടെ ഗൗരവം ഇല്ലാതാക്കുന്ന മുഖ്യഘടകം. വൈകിവരുന്ന നീതി ലഭിക്കാതെ പോകുന്ന നീതി തന്നെയാണ് എന്ന് തിരിച്ചറിയണം. വൈകിവരുന്ന ശിക്ഷയും അപ്രകാരം തന്നെയാണ്. ജാമ്യമില്ലാത്ത, പരോളില്ലാത്ത, അഴിമതിക്കു പഴുതില്ലാത്ത, ഒരു സ്വാധീനംകൊണ്ടും രക്ഷിക്കാൻ കഴിയാത്ത പരമാവധി ശിക്ഷ പ്രതികൾക്ക് ഉടൻ നടപ്പാക്കുകയാണ് വേണ്ടത്. അതേ സമയം രാജാവും മന്ത്രിയും പുരോഹിതനും ബലാത്സംഗം ചെയ്താൽ രക്ഷപ്പെടുന്നു എന്ന അവസ്ഥ ഇല്ലാതെ ആകണം. സ്ത്രീപീഡനകുറ്റകൃത്യങ്ങളിൽ ആരോപിതരായിട്ടും മന്ത്രിമാരായി തുടരുന്ന ചിലർ നമ്മുടെ കൺമുമ്പിൽ തന്നെയുണ്ടല്ലോ. ബലാത്സംഗത്തിൽ പെൺകുട്ടിയുടെ മൊഴിതന്നെയാണ് സുപ്രധാനതെളിവെന്നത് ഒരുകാരണത്താലും മറികടക്കാൻ പാടില്ലാത്തതാകണം. അഴിമതിയിൽ മുങ്ങിയ ഭരണകൂടവും പോലീസും നീതിന്യായകോടതിയും കുറ്റമറ്റരീതിയിൽ ശിക്ഷാനടപടി എടുക്കുന്നതിൽ പരാജയപ്പെടുന്ന ഒരുനാടാണ് നമ്മുടേത്. ഇതിനു മാറ്റമുണ്ടാകാതെ വധശിക്ഷ കൊണ്ടുവന്നിട്ടും മാറ്റമുണ്ടാവാൻ പോവുന്നില്ല.

സാമൂഹികക്ഷേമവകുപ്പിൽ നിന്ന് സ്വതന്ത്രമായി സ്ത്രീകൾക്കും കുഞ്ഞുങ്ങൾക്കുമായി ഒരു വകുപ്പ് ഉണ്ടാകേണ്ടതുണ്ട്. വനിതാകമ്മീഷൻ പോലെയുള്ള സംവിധാനങ്ങൾ ആ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുകയും അത് വികേന്ദ്രീകൃതമായി ത്രിതലപഞ്ചായത്ത് സംവിധാനങ്ങളിൽ സമ്പൂർണ്ണമായ സ്വാതന്ത്ര്യത്തോടെയും അധികാരത്തോടെയും പ്രവർത്തിക്കുകയും ചെയ്യുന്ന ഒരവസ്ഥയുണ്ടാവണം. വനിതാകമ്മീഷന്റെ അധികാരപരിധികൾ വികസിപ്പിക്കുകയും പദവി ഉയർത്തുകയും ചെയ്യേണ്ടതുണ്ട്. അധികാരശ്രേണിക്കു പുറമേ സ്ത്രീകളുടേതായ ബഹുജനക്ഷേമസമിതികൾ അതിന്റെ കീഴിൽ ഉണ്ടായിരിക്കണം. വൻതോതിലുള്ള സ്ത്രീപങ്കാളിത്തവും സ്ത്രീപക്ഷവീക്ഷണത്തിൽ രൂപപ്പെടുത്തിയ നിയമസംവിധാനവും ഉണ്ടായിവരണം. സ്ത്രീകൾക്കുനേരെ നടക്കുന്ന കുറ്റകൃത്യങ്ങൾ കൈകാര്യം ചെയ്യാൻ അതിവേഗകോടതി അനിവാര്യമാണ്. നിലവിലുള്ള നിയമങ്ങളെ പുനപ്പരിശോധിക്കുകയും സ്ത്രീപക്ഷവീക്ഷണത്തിൽ പുനർനിർമ്മിക്കുകയും വേണം എല്ലാറ്റിലും പ്രധാനം സ്ത്രീയോടുള്ള സമൂഹത്തിന്റെ മനോഭാവത്തിൽ വരേണ്ട മാറ്റമാണ്. ഈ അവബോധം നിർമ്മിക്കുന്നതിൽ ആണും പെണ്ണും ഒറ്റക്കെട്ടായി എടുക്കേണ്ട രാഷ്ട്രീയനിലപാടുകൾ പരമപ്രധാനമാണ്.



ഹർഷ പ്രകാശ്

ഹൈദരാബാദ് ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന പ്രോജ്ജ്വല എന്ന സംഘടനയുടെ അമരക്കാരിയാണ് ഡോ.സുനിതകൃഷ്ണൻ. നിരവധി അന്താരാഷ്ട്ര-ദേശീയ അവാർഡുകൾ ഇവർക്ക് ലഭിച്ചിട്ടുണ്ട്. മാത്രമല്ല ഇന്ത്യാവിഷന്റെ 2011 പേർസൺ ഓഫ് ദ ഇയർ ആയി തിരഞ്ഞെടുത്തത് സുനിതാകൃഷ്ണനെയായിരുന്നു. സുനിതയും ഭർത്താവ് രാജേഷ് ടച്ച്റിവറും ചേർന്ന് നിർമ്മിച്ച 'എന്റെ' എന്ന സിനിമയുടെ പ്രചരണാർത്ഥം കോഴിക്കോട്ടെത്തിയപ്പോൾ അന്വേഷി വിമെൻസ് ലൈബ്രറി സംഘടിപ്പിച്ച മുഖാമുഖത്തിൽ അവർ അനുഭവങ്ങൾ പങ്കുവെച്ചു.



# സുനിതകൃഷ്ണനുമായി മുഖാമുഖം

**സുനിതകൃഷ്ണൻ** പറയുന്നു...

"പതിനഞ്ചാമത്തെ വയസ്സിൽ എട്ടു പേരടങ്ങുന്ന ഒരു സംഘം എന്നെ ബലാത്സംഗം ചെയ്തു. അവരുടെ ആരുടേയും മുഖം എനിക്കോർമ്മയില്ല. ഓർമ്മയുള്ളത് സമൂഹം എന്നോട് എങ്ങനെ പെരുമാറി എന്നതാണ്. അന്ന് ഞാൻ സദ്ഭാവനഎന്ന സംഘടനയിൽ പ്രവർത്തിക്കുകയായിരുന്നു. കർണ്ണാടകയിലെ ഒരു ഗ്രാമത്തിൽ നിരക്ഷരരായ സ്ത്രീകളുടെ ഉന്നമനത്തിനായുള്ള പ്രവർത്തനമായിരുന്നു. എന്റെ പ്രവർത്തനങ്ങൾക്ക് എല്ലാവരും എതിരായിരുന്നു. ബലാത്സംഗം



ചെയ്യപ്പെട്ടപ്പോൾ അവിടുത്തെ പഞ്ചായത്ത് പറഞ്ഞത് എനിക്ക് അർഹതപ്പെട്ടത് കിട്ടി എന്നാണ്. അങ്ങനെ ആ ഗ്രാമത്തിൽ നിന്നും എല്ലാവരും എന്നെ ഒറ്റപ്പെടുത്തി. ഞങ്ങളുടെ പ്രവർത്തനത്തിൽ അഞ്ച് പേരാണ് ഉണ്ടായിരുന്നത്. സംഭവം നടക്കുമ്പോൾ എന്റെ കൂടെ ഇതിൽ ഒരു ആൺകുട്ടിയും ഉണ്ടായിരുന്നു. അന്ന് ഒരു വെള്ളിയാഴ്ച ദിവസമായിരുന്നു എന്നെ കടന്നാക്രമിച്ചത്. ശനിയാഴ്ച ആ ആൺസുഹൃത്ത് തൂങ്ങിമരിച്ചു. എന്തിനാണ് അവൻ ഇങ്ങനെ ജീവിതം അവസാനിപ്പിച്ചതെന്ന് അറിയില്ല. ചിലപ്പോൾ ഇത്തരം ഒരു ക്രൂര അനുഭവം നേരിട്ടഭിമുഖീകരിക്കേണ്ടി വന്നത് കൊണ്ടോ, അവന് സമൂഹത്തിൽ നിന്ന് നേരിടേണ്ടി വന്ന പ്രശ്നങ്ങൾ കൊണ്ടോ ... അറിയില്ല. ആ സംഭവത്തിനു ശേഷം എനിക്ക് ഏറ്റവും പ്രിയപ്പെട്ടവർ എന്ന് കരുതിയവർ പോലും എതിരായി നിന്നു. പല പല കഥകൾ, ഞാനവനെകൊന്നതാണെന്നും മറ്റും. ഒറ്റപ്പെടുത്തുക എന്ന് പറഞ്ഞാൽ ഭീകരമായ ഒറ്റപ്പെടുത്തൽ. വീട്ടിൽ നിന്നും നാട്ടിൽ നിന്നും സഹായത്തിനോ സാന്ത്വനത്തിനോ ആരും ഇല്ല...

പക്ഷേ ഇത്രയൊക്കെ സംഭവിച്ചിട്ടും ജീവിതത്തോടുള്ള എന്റെ വാശി ആളിക്കത്തി. അങ്ങനെ ഒരു സാഹചര്യത്തിൽ വീടു വിട്ടു. എന്റെ ആ വാശിയുടെ തീ നാളം എന്നെ തുടർന്ന് പഠിക്കാൻ പ്രേരിപ്പിച്ചു. സ്കൂൾ വിട്ടുവന്നാലും അവധി ദിവസങ്ങളിലും ഞാൻ വ്യഭിചാരശാലകളിൽ പോയിരിക്കും. അവിടെ നിന്നുണ്ടായ അനുഭവവും വളരെ മോശമായിരുന്നു. അതിന്റെ നടത്തിപ്പുകാരി വെറ്റിലമുറുക്കി എന്റെ മുഖത്ത് തുപ്പുകയുണ്ടായി. വീട്ടുകാരാണെങ്കിലോ ഞാൻ വ്യഭിചാരിണി എന്നു കരുതി എന്നെ പുറത്താക്കി. എന്നിട്ടും ഞാൻ പഠനം തുടർന്നു. കറസ്പോണ്ടൻസ് ഒന്നുമല്ലാതെ റെഗുലർ സ്കൂളിൽ പോയി. അനിയനും അനിയത്തിയും പഠിക്കുന്ന നഗരത്തിലെ പ്രശസ്തമായ സ്കൂളിൽ

**എന്റെ പ്രവർത്തനങ്ങൾക്ക് എല്ലാവരും എതിരായിരുന്നു. ബലാത്സംഗം ചെയ്യപ്പെട്ടപ്പോൾ അവിടുത്തെ പഞ്ചായത്ത് പറഞ്ഞത് എനിക്ക് അർഹതപ്പെട്ടത് കിട്ടി എന്നാണ്. അങ്ങനെ ആ ഗ്രാമത്തിൽ നിന്നും എല്ലാവരും എന്നെ ഒറ്റപ്പെടുത്തി.**





**'എന്റെ' സിനിമയിൽ നിന്നുള്ള രംഗം**

തന്നെ പഠനം തുടർന്നു. ഒരു ബലാത്സംഗം അനുഭവിച്ചതുകൊണ്ട് സമൂഹത്തിൽ നിന്ന് ഒളിച്ചോടാൻ ഞാൻ ഇഷ്ടപ്പെട്ടില്ല. പത്താംക്ലാസ്സ് മുതൽ പ്രീഡിഗ്രി, ഡിഗ്രി തലം വരെ ഫസ്റ്റ് റാങ്കായിരുന്നു. എം.എസ്.ഡബ്ല്യു പാസ്സായതും റാങ്കോടെയായിരുന്നു. പിന്നീടൊരിക്കൽ പോലും ആരുടെ മുമ്പിലും എനിക്ക് തലകുനിച്ച് നിൽക്കേണ്ടി വന്നിട്ടില്ല. ഒഴിവുസമയത്ത് സോപ്പും സോപ്പുപൊടിയും മറ്റും വിറ്റാണ് അന്ന് ഞാൻ പഠിക്കാനുള്ള പണം സമ്പാദിച്ചത്. ചേരികളിലും കോളനികളിലുമായിരുന്നു അക്കാലത്തെ താമസം. അപ്പോഴൊന്നും ഒരിക്കൽപോലും ഞാൻ അനുഭവിച്ചതിനെക്കുറിച്ച് ഒരാളും എന്നോട് ചോദിച്ചിട്ടില്ല, ചിന്തിച്ചിട്ടുപോലുമില്ല. എന്റെ മനസ്സിന്റെ വേദന ശരീരത്തിന്റെ വേദനെയേക്കാൾ വലുതായിരുന്നു. ആ ദിവസങ്ങളിലൊന്നും ഞാൻ വീട്ടിലിരുന്നിട്ടില്ല. വെറുതെ ഇറങ്ങി നടക്കും. എന്തെങ്കിലും പ്രശ്നമുണ്ടാകാൻ സാധ്യതയുള്ള സ്ഥലത്തുപോയി നിൽക്കും. ഇത്തരത്തിൽപ്പെട്ട ഒരു പെൺകുട്ടിയെയെങ്കിലും രക്ഷപ്പെടുത്താൻ കഴിയുമോ എന്നായിരുന്നു എന്റെ ചിന്ത. അതിനായി വേശ്യാലയങ്ങളിലും മറ്റും കറങ്ങി നടക്കുമായിരുന്നു.

എനിക്കു ഭ്രാന്താണെന്നുവരെ വീട്ടുകാർ ധരിച്ചു. ഏതു രക്ഷിതാക്കൾക്കാണ് ഇതൊക്കെ സഹിക്കാൻ സാധിക്കുക. പതിനേഴാമത്തെ വയസ്സിലായിരുന്നു എന്റെ ആദ്യ റസ്ക്യൂ. ബുദ്ധിമാന്ദ്യം സംഭവിച്ച പന്ത്രണ്ടുവയസ്സുള്ള ഒരുകുട്ടിയെ പലരും ചൂഷണം ചെയ്തുകൊണ്ടിരുന്നു. ആ കുട്ടിയെ സുരക്ഷിതമായി അതിന്റെ വീട്ടിലെത്തിക്കാൻ സാധിച്ചു. അതിനു പരിപൂർണ്ണ സഹായം ചെയ്തത് ചൂഷണത്തിനിരകളായിക്കൊണ്ടിരിക്കുന്ന മറ്റു സ്ത്രീകളായിരുന്നു. ഇതിൽ നിന്ന് എനിക്ക് അവരുടെ മനസ്സിൽ നന്മയുണ്ടെന്ന് മനസ്സിലായി. പിന്നീട് രണ്ടുവർഷം കഴിഞ്ഞാണ് പ്രോജ്ജ്വല തുടങ്ങിയത്.

ഇത്രയും കാലത്തിനിടയിൽ ലൈംഗികചൂഷണത്തിന് ഇരകളായികൊണ്ടിരുന്ന 7800 സ്ത്രീകളെ പ്രോജ്ജ്വലയിലൂടെ ഞങ്ങൾ പുനരധിവസിപ്പിച്ചു. ഇന്നവർ സമൂഹത്തിന്റെ പലമേഖലകളിൽ ജോലി ചെയ്യുന്നു. അവരുടെ കുട്ടികൾ സ്കൂളിൽ പഠിക്കുന്നു. അവർക്കുവേണ്ടി 18 സ്കൂളുകൾ ആന്ധ്രാപ്രദേശിലുണ്ട്. കോർപ്പറേറ്റ് സോഷ്യൽ പാർട്ണർഷിപ്പ് (CSR)ലൂടെയാണ് ഇവർക്ക് ജോലി ശരിയാക്കി കൊടുക്കുന്നത്. ഒരുപാട് സെക്സ്മാഫിയകളുടെ ആക്രമണം ഞാൻ നേരിട്ടിട്ടുണ്ട്. എന്നാലും തോറ്റുപിന്മാറാതെ ലക്ഷ്യത്തിലുറച്ചുനിന്നു. ഇപ്പോൾ ഞാനും എന്റെ ഭർത്താവ് രാജേഷ് ടച്ച്റിവറും ചേർന്ന് ഒരു സിനിമ നിർമ്മിച്ചിട്ടുണ്ട്. അത് സംവിധാനം ചെയ്തത് രാജേഷ് തന്നെയാണ്. 'എന്റെ' എന്ന ഈ സിനിമ ഒരു യഥാർത്ഥ സംഭവത്തെക്കുറിച്ച് പറയുന്ന മലയാള സിനിമയാണ്. സ്ത്രീകൾക്കു നേരെയുള്ള അതിക്രമങ്ങൾ തടയാൻ സമൂഹത്തെ പ്രേരിപ്പിക്കാൻ ഈ ചിത്രത്തിനു കഴിയും എന്നുഞാൻ കരുതുന്നു. ഇതു കണ്ടുകഴിയുമ്പോൾ നാളെ എന്റെ കുട്ടിക്കും ഈ അവസ്ഥ വരാം എന്ന് ഓരോരുത്തരും ചിന്തിക്കണം. അതുകൊണ്ടുതന്നെയാണ് സിനിമക്ക് 'എന്റെ' എന്ന പേര് നൽകിയത്. എല്ലാം സർക്കാറുകളുടെ ചുമലിലേക്കിട്ട് ഒഴിഞ്ഞുമാറാൻ ആർക്കും സാധിക്കുകയില്ല. സ്ത്രീകളുടെ പ്രശ്നങ്ങൾക്ക് പരിഹാരം വേണം. കുറച്ചുപേർ വിചാരിച്ചാൽ എല്ലാവരേയും എല്ലാകാലവും രക്ഷപ്പെടുത്താനോ പുനരധിവസിപ്പിക്കാനോ കഴിയില്ല അതിന് കൂട്ടായ ശ്രമം വേണം. മന്ത്രിമാർക്കും ഭരിക്കുന്നവർക്കുമെല്ലാം പീഡനങ്ങൾ വെറും കഥകൾ മാത്രമാണ്. ഇന്ന് ഇത് അവസാനിപ്പിച്ചില്ലെങ്കിൽ നാളെ സ്വന്തം വീട്ടിലും ആവർത്തിക്കുമെന്ന് ആരും ചിന്തിക്കുന്നില്ല. ആദ്യം നമ്മളിൽ നിന്നു തന്നെ ഒരു പ്രതിരോധം ഉയരണം. സ്ത്രീപീഡനങ്ങൾ അവസാനിപ്പിക്കണമെന്ന തോന്നൽ ഓരോ പൗരനും ഉണ്ടാകണം.



# വോൾഗ
## സംസാരിക്കുന്നു...

***ആന്ധ്രയിലെ ഫെമിനിസ്റ്റ് പ്രസ്ഥാനത്തിന്റെ മുന്നണിപ്പോരാളികളിലൊരാളായ വോൾഗ ഒരു എഴുത്തുകാരിയാണ്, പരിഭാഷകയാണ്, ഒരു ആക്ടിവിസ്റ്റുമാണ്. നാഷണൽ ബുക്ക്ട്രസ്റ്റിന്റെ പുസ്തകപ്രദർശനവേളയിൽ ഒരു സെമിനാറിൽ പങ്കെടുക്കാൻ കോഴിക്കോട്ടെത്തിയ വോൾഗയുമായി 'സംഘടിത' നടത്തിയ അഭിമുഖത്തിൽ നിന്നുള്ള പ്രസക്തഭാഗങ്ങൾ.***

**തയ്യാറാക്കിയത് :** സംഘടിത ടീം

*താങ്കളുടെ പ്രവർത്തനങ്ങൾ എങ്ങിനെയാണ് തുടങ്ങുന്നത്? ആദ്യത്തെ പ്രസ്ഥാനമേതാണ്?*

വിദ്യാർത്ഥിയായിരുന്ന കാലത്താണ് എന്റെ പ്രവർത്തനം തുടങ്ങുന്നത്. പതിനൊന്നാം ക്ലാസ്സിൽ പഠിക്കുന്നകാലത്ത്. ആന്ധ്രയിലെ വിശാഖപട്ടണത്തിലുള്ള സ്റ്റീൽ പ്ലാന്റിൽ ഒരു പണിമുടക്കുണ്ടായി. എനിക്കന്ന് പതിനാറ് വയസ്സായിരുന്നു.

*ഏത് സംഘടനയിലായിരുന്നു താങ്കളന്ന്?*

മാർക്സിസ്റ്റ് പാർട്ടിയിൽ

*ഏത് വർഷത്തിലായിരുന്നു ആ പണിമുടക്ക്?*

1966ൽ. എസ്.എഫ്.ഐയിൽ ആയിരുന്നു ഞാനന്ന്. സി.പി.എമ്മിന്റേയും എസ്.എഫ്.ഐയുടേയും എല്ലാ പ്രവർത്തനങ്ങളിലും ഞാൻ പങ്കെടുത്തിരുന്നു.

*പഠനം തുടർന്നോ?*

ഉവ്വ്.

*ഏത് വിഷയങ്ങളാണ് പഠിച്ചത്?*

ഡിഗ്രിക്ക് പഠിച്ചത് തെലുങ്ക് സാഹിത്യവും ഇംഗ്ലീഷ് സാഹിത്യവും ചരിത്രവുമാണ്. എം. എയ്ക്ക് തെലുങ്ക് സാഹിത്യവും.

*ജന്മസ്ഥലമേതാണ്?*

ഞാൻ ജനിച്ചതും വളർന്നതും ഗുണ്ടൂരിലാണ്. അവിടെ എസ്.എഫ്.ഐ വളരെ ശക്തമായിരുന്നു. നല്ല നേതൃത്വവുമായിരുന്നു. അന്ന് മാർക്സിസത്തെക്കുറിച്ച് ക്ലാസ്സുകളും മറ്റും നടത്താറുണ്ടായിരുന്നു. മാവോയുടെ കൃതികളെക്കുറിച്ചും ചർച്ചകൾ സംഘടിപ്പിക്കുമായിരുന്നു. 1968ൽ ശ്രീകാകുളം പ്രസ്ഥാനം (നക്സൽബാരിയിലേതു പോലെ കർഷകരുടെ സായുധസമരമായിരുന്നു അവിടെയും) ഉയർന്നുവന്നപ്പോൾ ഗുണ്ടൂർ എസ്.എഫ്.ഐ യൂണിറ്റിലെ കുറേ ആൺകുട്ടികളും അവിടേക്കു





പോയി. പത്തുപന്ത്രണ്ടു പെൺകുട്ടികൾ അംഗങ്ങളായി ഉണ്ടായിരുന്നെങ്കിലും അവരാരും പങ്കെടുത്തിരുന്നില്ല. മെഡിക്കൽ കോളേജിലേയും എഞ്ചിനീയറിംഗ് കോളേജിലേയും വിദ്യാർത്ഥികൾ ശ്രീകാകുളത്തുപോയി ജീവൻ കളഞ്ഞു. അവരെയെല്ലാം ഏറ്റുമുട്ടലിന്റെ പേരിൽ പോലീസ് കൊന്നു. നിത്യേന പത്രങ്ങളിൽ ഇത്തരം വാർത്തകൾ വായിക്കുമ്പോൾ എനിക്കത് വലിയൊരു ആഘാതമായിരുന്നു. മാനസികമായി ഞാനാകെ തളർന്നു.

***'ഏറ്റുമുട്ടൽ' മരണങ്ങളായിരുന്നോ അന്ന് നടന്നത്?***

ഏറ്റുമുട്ടലിന്റെ പേരിൽ നടന്ന കൊലകൾ. എന്റെ സുഹൃത്തുക്കളിൽ പലരും.... 1970 വരെ ഞാൻ ഡിപ്രഷനിൽ തുടർന്നു. മറ്റു ചിലർ ഒളിവിൽ പോയി അപ്രത്യക്ഷരായി. 1970ൽ ആന്ധ്രയിലെ പ്രശസ്ത കവി ശ്രീ ശ്രീയുടെ അറുപതാംപിറന്നാൾ ആഘോഷിക്കുകയുണ്ടായി. എല്ലാ എഴുത്തുകാരും കവികളും മറ്റും ഒത്തുചേർന്നാണ് പിറന്നാൾ ആഘോഷിച്ചത്. ശ്രീശ്രീ ഒരു വിപ്ലവകവിയായിരുന്നു. അങ്ങനെ അല്ലാത്തവരും ശ്രീശ്രീയെ ആദരിച്ചിരുന്നു. വിശാഖപട്ടണത്തുവെച്ചു നടന്ന പിറന്നാൾ ആഘോഷത്തിൽ ഞാനും പങ്കാളിയായി. ശ്രീകാകുളത്തിന്റെ വളരെ അടുത്തായാണ് വിശാഖപട്ടണം സ്ഥിതി ചെയ്യുന്നത്. അതുകൊണ്ടു തന്നെ ശ്രീകാകുളം സംഭവം വളരെയധികം ചർച്ചചെയ്യപ്പെടുകയുണ്ടായി. വിദ്യാർത്ഥികൾ വളരെയേറെ അസ്വസ്ഥരായിരുന്നു. അവർ എഴുത്തുകാരെ ചോദ്യം ചെയ്തു. നിങ്ങൾ ആരുടെ ഭാഗത്താണ്, സർക്കാരിന്റെയോ ജനങ്ങളുടേയോ? മാത്രമല്ല, ഒരു കൂട്ടം യുവകവികളുണ്ടായിരുന്നു ആ യോഗത്തിൽ. ദിഗംബരകവികൾ എന്നാണ് അവർ സ്വയം വിളിച്ചിരുന്നത്.

***നഗ്നരായ കവികളോ?***

അവർ നഗ്നരായിരുന്നില്ല. സമൂഹത്തിൽ മറച്ചുവെക്കപ്പെട്ട വൈകൃതങ്ങളെ അവർ തുറന്നുകാട്ടി. സുതാര്യമായ കാഴ്ച ഒരുക്കിത്തന്ന കവികൾ. ഒരു തരത്തിൽ പറഞ്ഞാൽ 'അൺമാസ്ക്കിംഗ്' ആണ് അവർ നടത്തിയിരുന്നത്. അവർ വിപ്ലവകാരികളും സർക്കാർ വിരുദ്ധരും വ്യവസ്ഥാവിരുദ്ധരും ആയിരുന്നു. തെലുങ്കാനയിൽ നിന്ന് കവികൾ എത്തിയിരുന്നു. അങ്ങനെ 1970ൽ റെവല്യൂഷനറി റൈറ്റേഴ്സ് അസോസിയേഷൻ ശ്രീശ്രീയുടെ 60ാംപിറന്നാളിന് പിറന്നു.

***ഈ പ്രസ്ഥാനം തുടങ്ങിയത് എവിടെയാണ്?***

ഹൈദരബാദിൽ. ശ്രീശ്രീ പ്രസിഡണ്ടായി അസോസിയേഷൻ പ്രവർത്തനം ആരംഭിച്ചു. പത്രങ്ങളിൽ നിന്നാണ് ഞാനീ പ്രവർത്തനങ്ങളെക്കുറിച്ചറിയുന്നത്. എനിക്ക് പറ്റിയ തട്ടകമാണ് അതെന്ന് മനസ്സിലായി. ഈ പ്രസ്ഥാനത്തിന്റെ ഭാഗമാകാൻ കഴിഞ്ഞതിൽ അങ്ങേയറ്റം സന്തോഷം തോന്നി. സാഹിത്യത്തേയും ഇടതുപക്ഷരാഷ്ട്രീയത്തേയും സ്നേഹിച്ച ഒരാളെന്ന നിലക്ക് അസോസിയേഷന്റെ പ്രവർത്തനങ്ങളിൽ പങ്കുചേർന്നു.

***വോൾഗയുടെ കുടുംബ പശ്ചാത്തലം വിവരിക്കാമോ?***

എന്റെ അച്ഛൻ ഒരു കർഷകനായിരുന്നു. അദ്ദേഹം കമ്മ്യൂണിസ്റ്റ് പാർട്ടി അംഗമായിരുന്നു. വിദ്യാസമ്പന്നനും ആയിരുന്നു.

***ഗുണ്ടൂർ ഒരു ടൗണല്ലേ?***

അല്ല. ഒരു ചെറു നഗരം. തൊട്ടടുത്ത ഗ്രാമത്തിൽ അച്ഛനു കൃഷിസ്ഥലം ഉണ്ടായിരുന്നു. ഇടതുപക്ഷപ്രവർത്തനങ്ങളുടെ ഭാഗമായി ഗ്രാമത്തിലൊരു സ്കൂൾ നടത്താൻ തീരുമാനിച്ചു. സർപഞ്ചായും (പഞ്ചായത്ത്പ്രസിഡണ്ട്) സ്കൂൾ പ്രതിനിധിയായും പ്രവർത്തിച്ചു.

***ഗ്രാമത്തിന്റെ പേര്?***

എടിലാപാടു ഗ്രാമം

***അച്ഛനമ്മമാരുടെ പേര്?***

അമ്മ സുബ്ബമ്മ, അച്ഛൻ പി.വി. സുബ്ബറാവു

***നിങ്ങൾ എത്ര മക്കളായിരുന്നു?***

നാലുപേർ. മൂത്തസഹോദരിയും ഞാനും പിന്നെ രണ്ടനിയൻമാരും. മൂത്തചേച്ചിയുടെ പേരായിരുന്നു വോൾഗ. അച്ഛനാണ് ആ പേരിട്ടത്. രണ്ടാംലോകമഹായുദ്ധത്തിൽ നാസികളുമായി പൊരുതി മരിച്ച വോൾഗയെന്ന റഷ്യൻ റെഡ്ഗാർഡിനെപ്പറ്റി അദ്ദേഹം പത്രങ്ങളിൽ വായിച്ചിരുന്നു. അവരുടെ ഓർമ്മയ്ക്കാണ് ചേച്ചിക്ക് ആ പേരിട്ടത്.

***താങ്കളുടെ ശരിയായ പേരെന്താണ്?***

ലളിതകുമാരി.

എനിക്ക് പതിനാറുവയസ്സുള്ളപ്പോൾ ഒരു അഗ്നിബാധയിൽ എന്റെ ചേച്ചിയെ നഷ്ടപ്പെട്ടു. അന്നവർക്ക് 21–22 വയസ്സായിരുന്നു. ഞാൻ എഴുതാൻ തുടങ്ങിയപ്പോൾ അവരുടെ പേര് തൂലികാനാമമായി സ്വീകരിച്ചു. അങ്ങനെ എന്റെ പേര് ഒരേസമയം സ്വകാര്യവും രാഷ്ട്രീയവുമായ തീരുമാനമാണ്. നാലുപേരിൽ നിന്ന് ഞങ്ങൾ മൂന്നുപേരായി ഇങ്ങനെ മാറി. എനിക്ക് ഏഴുവയസ്സുള്ളപ്പോൾ ഭേദപ്പെട്ട വിദ്യാഭ്യാസം തരുന്നതിനായി അച്ഛൻ ഗുണ്ടൂരിലേക്ക് താമസം മാറിയിരുന്നു.

***സ്ത്രീ സംഘടനയിലേക്ക് എങ്ങനെയാണ് എത്തുന്നത്?***

റൈറ്റേഴ്സ് അസോസിയേഷനിൽ സ്ത്രീ പ്രാതിനിധ്യം വളരെ കുറവായിരുന്നു. പുരുഷന്മാരായിരുന്നു അധികം. വലിയ വലിയ ആളുകൾ ഉണ്ടായിരുന്നു. പക്ഷേ

അവിടെയും എനിക്ക് ഏകാന്തത അനുഭവപ്പെട്ടു. പുരുഷന്മാരെല്ലാം തമ്മിൽ കണ്ടുമുട്ടുമ്പോൾ അന്യോന്യം കെട്ടിപ്പിടിക്കും. സ്നേഹത്തോടെ കൈകോർക്കും. പക്ഷേ സ്ത്രീ ആയതുകൊണ്ട് എനിക്കങ്ങനെ ചെയ്യാൻ കഴിയില്ലല്ലോ. സ്ത്രീയാണെന്ന വസ്തുത മറന്ന് പുരുഷന്മാർക്കൊപ്പം പ്രവർത്തിക്കാൻ ഞാൻ ആഗ്രഹിച്ചു.

***അവിടെ സമത്വമുണ്ടായിരുന്നോ?***

ഞാൻ സ്ത്രീയാണെന്ന് എനിക്ക് മറക്കാൻ സാധിച്ചെങ്കിലും പുരുഷന്മാർക്ക് അതിന് സാധിച്ചിരുന്നില്ല. ഉദാഹരണത്തിന് ഒരു പ്രമേയം ഉണ്ടെന്ന് വെക്കുക. ഞാൻ അതിനെ അനുകൂലിച്ചെന്നും വെക്കുക. കുറെ പുരുഷന്മാരും അതിനെ അനുകൂലിച്ചു. അങ്ങനെ അതു പാസ്സായി. എന്നോട് താൽപര്യമുള്ളതുകൊണ്ടാണ് മറ്റു പുരുഷന്മാർ അതിനെ അനുകൂലിച്ചതെന്ന ദുഷ്പ്രചരണം പോലുമുണ്ടായി. ഇത്തരം തരംതാണ അഭിപ്രായങ്ങൾ എനിക്ക് അസഹനീയമായി തോന്നി. ആർത്തവസമയത്ത് വസ്ത്രങ്ങളിൽ കറപുരണ്ടോ എന്നു ചോദിക്കുവാൻ പോലും പെൺസുഹൃത്തുക്കൾ ഉണ്ടായിരുന്നില്ല. ശരിക്കും ഏകാന്തത അനുഭവപ്പെട്ടു. അടിയന്തിരാവസ്ഥയ്ക്കു മുമ്പ് അസോസിയേഷനും എം.എൽ പാർട്ടിയും പിളർന്നു.

ഒരു വിഭാഗത്തെ നയിച്ചത് നാഗിറെഡ്ഡിയായിരുന്നു. അദ്ദേഹത്തിന്റെ പ്രശസ്തമായ കൃതി 'ഇന്ത്യ മോർട്ട് ഗേജ്ഡ്' ഞങ്ങൾക്കെല്ലാം വളരെ ആവേശം നൽകുന്നതായിരുന്നു. പുരുഷമേധാവിത്വം അവിടെയും എനിക്കൊരു പ്രശ്നം തന്നെയായിരുന്നു. ആ വിഷയം ഞാൻ പലയിടങ്ങളിലും ഉയർത്തിയിരുന്നെങ്കിലും നേതാക്കന്മാർക്ക് അത്ര ഇഷ്ടപ്പെട്ടിരുന്നില്ല. പുരുഷമേധാവിത്വമെന്നത് പ്രതിഷേധാർഹമായ ഒരു വാക്കാണെന്നും നമുക്കിടയിൽ അങ്ങനെയൊന്നില്ലെന്നും നമ്മളുന്നയിക്കുന്ന പ്രധാനപ്രശ്നം വിപ്ലവമാണ്, വിപ്ലവത്തിനുശേഷം മറ്റു പ്രശ്നങ്ങളെല്ലാം നേരെയാവുമെന്നുമായിരുന്നു അവരുടെ വാദം. പക്ഷെ ആ പറഞ്ഞതിൽ എനിക്കത്ര വിശ്വാസമുണ്ടായിരുന്നില്ല. ഞാൻ പിന്നീട് പ്രവർത്തിച്ച ജൻസാഹിതിയിൽ കാര്യങ്ങൾ വ്യത്യസ്തമായിരുന്നു. 1979ൽ അന്തരിച്ച ചലം എന്ന വിപ്ലവകാരിയായ എഴുത്തുകാരൻ സ്ത്രീകളെക്കുറിച്ച് വളരെയേറെ പുരോഗമനചിന്തയോടു കൂടി എഴുതി.

***അദ്ദേഹത്തിന്റെ ശരിയായ പേരെന്താണ്?***

വെങ്കിടാചലം. പക്ഷേ ആന്ധ്രയിൽ ഒരേയൊരു ചലമെ ഉണ്ടായിട്ടുള്ളൂ. 1920കളിലും 30കളിലും അദ്ദേഹം കൈകാര്യം ചെയ്ത വിഷയങ്ങൾ നമ്മളെ അത്ഭുതപ്പെടുത്തും. പ്രത്യുല്പാദനഅവകാശങ്ങൾ, ലൈംഗികത, ഗർഭഛിദ്രം എന്നിവയെക്കുറിച്ചെല്ലാം അദ്ദേഹം എഴുതി. കമ്മ്യൂണിസ്റ്റുകാർക്ക് അദ്ദേഹത്തിന്റെ നിലപാടുകളോട് യോജിപ്പുണ്ടായിരുന്നില്ല. 1979ൽ അദ്ദേഹം അന്തരിച്ചപ്പോൾ പാസ്സാക്കിയ പ്രമേയത്തോടു പോലും അവർ വിയോജിപ്പു പ്രകടിപ്പിച്ചു. അതിനുശേഷം ജൻസാഹിതിയിൽ തുടർന്നു പ്രവർത്തിക്കാനും താല്പര്യമുണ്ടായിരുന്നില്ല.

***അദ്ദേഹം കമ്മ്യൂണിസ്റ്റായിരുന്നോ?***

അല്ല. ഒരു റാഡിക്കൽ. അവസാനം അദ്ദേഹം രമണമഹർഷിയുടെ അടുത്തേക്ക് പോയി. ഒരു തത്വചിന്തയിലും കുടുങ്ങാത്ത ഒരു അന്വേഷി മാത്രമായിരുന്നു അദ്ദേഹം. ധാരാളം ചോദ്യങ്ങൾ ചോദിച്ചു നടന്ന ഒരു അന്വേഷി.

***അനാർക്കിസ്റ്റായിരുന്നോ?***

അല്ല. ഞാൻ പറഞ്ഞതു പോലെ ഒരു അന്വേഷി മാത്രം. എല്ലാറ്റിനേയും ചോദ്യം ചെയ്യുകയും. പ്രസംഗിച്ചു നടന്ന കാര്യങ്ങളെല്ലാം പ്രാവർത്തികമാക്കുകയും ചെയ്യുന്ന ആളായിരുന്നു. അദ്ദേഹത്തിന് കുട്ടികളെ വലിയ ഇഷ്ടമായിരുന്നു. സ്കൂളിലെ പഠനരീതികളെയും ശിക്ഷാരീതികളെയും മറ്റും അദ്ദേഹം വിമർശിച്ചു. സ്വന്തം കുട്ടികളെ വീട്ടിലിരുത്തി പഠിപ്പിച്ചു.

***വോൾഗ പ്രസ്ഥാനത്തിനു പുറത്തുവന്നതെപ്പോഴാണ്?***

1974ൽ. പാർട്ടിയിലെ സീനിയർമെമ്പറായ വിജയകുമാറിനെ വിവാഹം ചെയ്തു. പാർട്ടിയോട് ഞാൻ കലഹിച്ചപ്പോഴെല്ലാം അദ്ദേഹം പാർട്ടിയോടൊപ്പം നിന്നു. സ്വാഭാവികമായും അതിന്റെ അലകൾ കുടുംബബന്ധങ്ങളിലുമുണ്ടായി.

1979ൽ എനിക്ക് രണ്ട് ആൺകുട്ടികൾ ജനിച്ചു. ആ സമയത്ത് എന്റെ അവസ്ഥ പരിതാപകരമായിരുന്നു. കമ്മ്യൂണിസ്റ്റുകാർ ഭാര്യമാരെ ബഹുമാനിക്കുന്നവരും അവരുമായി എല്ലാം പങ്കുവെക്കുന്നവരുമാണെന്നാണ് ഞാൻ കരുതിയത്. എന്റെ അച്ഛനും അമ്മയും അന്യോന്യം വളരെയേറെ സ്നേഹിച്ചിരുന്നു. അച്ഛൻ ഞങ്ങളെ ഒരിക്കൽ പോലും അടിച്ചിരുന്നില്ല, വഴക്കുപറഞ്ഞിരുന്നില്ല. എല്ലാ കമ്മ്യൂണിസ്റ്റുകാരും അങ്ങനെയായിരിക്കുമെന്ന് ഞാൻ വിശ്വസിച്ചു. ഞാനും വിജയകുമാറും തമ്മിൽ അഭിപ്രായ വ്യത്യാസങ്ങളുണ്ടായി. വേർപിരിയാൻ തീരുമാനിച്ചു. ഞങ്ങളുടേത് പാർട്ടിവിവാഹമായിരുന്നു. നാഗിറെഡ്ഡിയുടെ സാന്നിദ്ധ്യ



ത്തിൽ പരസ്പരം മാലകളണിയിച്ചു. 1981ൽ രണ്ടു കുഞ്ഞുങ്ങളുമായി ഞാനാദാമ്പത്യത്തിൽ നിന്നു പുറത്തേക്കു വന്നു.

***ഫെമിനിസ്റ്റ് പ്രസ്ഥാനത്തിൽ ചേർന്നത് എപ്പോഴാണ്?***

ജൻസാഹിതിയിൽ നിന്ന് പുറത്ത് വന്നതിന് ശേഷം ഞാൻ ഫെമിനിസ്റ്റ് രാഷ്ട്രീയത്തിൽ പ്രവർത്തിക്കാൻ തുടങ്ങി. അന്ന് ഞാൻ ഒരു കോളേജ് അദ്ധ്യാപികയായിരുന്നു. ഞാൻ ഗുണ്ടൂരിലും ശ്രീശക്തി സംഘടനാപ്രവർത്തകരെല്ലാം ഹൈദരാബാദിലും. ഭയങ്കരമായ ഏകാന്തത അനുഭവിച്ച കാലം.

***ഹൈദരാബാദ് വളരെ അകലെയായിരുന്നോ?***

ഒരു രാത്രി സഞ്ചരിക്കേണ്ട ദൂരം. പക്ഷേ അക്കാലത്ത് യാത്ര ദുഷ്കരമായിരുന്നു. ഇപ്പോഴത്തെ പോലെ അല്ല. ആ സമയത്താണ് പെൺസാഹിത്യത്തിലേക്ക് ശ്രദ്ധതിരിക്കുന്നത്. പല പുസ്തകങ്ങളും തെലുങ്കിലേക്ക് തർജ്ജമ ചെയ്യുകയുണ്ടായി. ഫെമിനിസ്റ്റ് സ്വഭാവമുള്ള നിരൂപണങ്ങൾ എഴുതാൻ തുടങ്ങി. സ്ത്രീപക്ഷ കവിതകളെഴുതി. റവല്യൂഷണറി അസോസിയേഷനിൽ പ്രവർത്തിച്ചിരുന്ന കാലത്ത് സജീവ പ്രവർത്തനം മാത്രമായിരുന്നു മനസ്സിൽ . മറ്റുള്ള എഴുത്തുകാർ ഉള്ളപ്പോൾ ഞാൻ എന്തിന് എഴുതണം? എന്റെ രചനകൾക്ക് ഒരു പുതിയ ദിശ നൽകിയത് ഫെമിനിസ്റ്റ് രാഷ്ട്രീയം തന്നെയാണ്. അങ്ങനെ ഞാൻ നോവലുകളും സാഹിത്യനിരൂപണങ്ങളും കവിതകളും എഴുതാൻ തുടങ്ങി.

***എഴുത്തുകാർ സാധാരണ ചെറുപ്പത്തിൽതന്നെ എഴുതി തുടങ്ങാറില്ലേ?***

ഞാനും പണ്ട് എഴുതിയിരുന്നു. പക്ഷെ ഗൗരവമായ എഴുത്ത് തുടങ്ങിയത് ഫെമിനിസ്റ്റ് കാലത്താണെന്ന് മാത്രം.

ഫെമിനിസ്റ്റ് രാഷ്ട്രീയത്തിൽ പ്രവേശിച്ചപ്പോൾ സാഹിത്യം എനിക്കൊരായുധമായി. എന്നെ സാധാരണക്കാരുടെ അടുത്തെത്തിക്കുന്ന തോണിയാണ് എഴുത്ത്. അതുകൊണ്ട് തന്നെ എഴുത്തിനെ ഞാൻ ഗൗരവമായി കണ്ടു.

ഈ സമയത്താണ് ഞാൻ കുട്ടുംബ റാവുമായി പരിചയപ്പെടുന്നതും ഒന്നിച്ചു ജീവിക്കുവാൻ തീരുമാനിക്കുന്നതും. അദ്ദേഹത്തിനും ആദ്യവിവാഹത്തിൽ കുട്ടികളുണ്ടായിരുന്നു.

***അദ്ദേഹവും എഴുത്തുകാരനായിരുന്നോ?***

അതെ, എഴുത്തുകാരനും നാടകപ്രവർത്തകനും ചലത്തിന്റെ കടുത്ത ആരാധകനുമായിരുന്നു. അദ്ദേഹവും ജൻസാഹിതിയിൽ ഉണ്ടായിരുന്നു. സ്ത്രീകളുടെ പ്രശ്നങ്ങളോട് അനുഭാവപൂർണ്ണമായ സമീപനമായിരുന്നു അദ്ദേഹത്തിന്റേത്. പക്ഷെ ഞങ്ങൾക്ക് സമൂഹത്തിന്റെ എതിർപ്പ് നേരിടേണ്ടി വന്നു. ആദ്യഭാര്യയെ അദ്ദേഹം വളരെയധികം സഹായിച്ചിരുന്നു. ഹൈദരാബാദിൽ അദ്ദേഹം നിർമ്മിച്ച ഒരു വലിയ വീടുതന്നെ അവർക്കു നൽകി. അതു വാടകക്കു കൊടുത്തും വരുമാനമുണ്ടാക്കാമായിരുന്നു. കുട്ടികൾക്കും ബുദ്ധിമുട്ടൊന്നും ഉണ്ടായിരുന്നില്ല. മക്കൾ അവിടെയും ഞങ്ങളുടെ അടുത്തുമായി കഴിഞ്ഞു.

***ജോലി രാജിവെച്ചിരുന്നുവോ?***

രണ്ടുവർഷം ലീവെടുത്തു. പിന്നീട് ഉഷാകിരൺ മൂവീസിൽ ചേർന്നപ്പോൾ ജോലി രാജിവെച്ചു.

***എന്താണ് സിനിമാഫീൽഡ് തിരഞ്ഞെടുക്കുവാൻ കാരണം?***

സിനിമയിൽ എനിക്കെന്നും താത്പര്യമുണ്ടായിരുന്നു. സത്യജിത് റേയുടെ സിനിമകൾ, മലയാളം ആർട്ട് സിനിമകൾ ഇവയെല്ലാം കാണുമായിരുന്നു. ഹിന്ദിസിനിമകളും കാണുമായിരുന്നു.

***മലയാളത്തിലെ ഏതെങ്കിലും ഡയറക്ടർമാരെ അറിയാമോ?***

അടൂർഗോപാലകൃഷ്ണനെ അറിയാം. കൊടിയേറ്റവും എലിപ്പത്തായവും ഞാൻ കണ്ടിട്ടുണ്ട്.

**ഇഷ്ടപ്പെട്ടോ?**

ഇഷ്ടപ്പെട്ടു. തെലുങ്കു സിനിമകളിൽ നിന്നും അവ വ്യത്യസ്തമാണ്.

***സ്ത്രീപ്രസ്ഥാനത്തെക്കുറിച്ചായിരുന്നു സംസാരിച്ചുവന്നത്.***

ഹൈദരാബാദിൽ താമസമാക്കുന്നതിന് മുമ്പു തന്നെ സ്ത്രീശക്തിസംഘടനയുമായി എനിക്ക് ബന്ധമുണ്ടായിരുന്നു. അവർക്കുവേണ്ടി ഗുണ്ടൂരിലും തെനാലിയിലും മറ്റും പരിപാടികൾ സംഘടിപ്പിച്ചു. ഹൈദരാബാദിൽ എത്തിയതിനുശേഷം 'അന്വേഷി' തുടങ്ങി. സൂസിതാരുവും വസന്ത് കണ്ണബീരാൻ, കല്പനകണ്ണബീരാൻ പിന്നെ ഞാനുമാണ് 1991 ൽ 'അസ്മിത' തുടങ്ങിയത്.

***1990 ൽ കോഴിക്കോട് വെച്ചുനടന്ന സ്ത്രീവിമോചനപ്രസ്ഥാനത്തിന്റെ 4ാംദേശീയ സമ്മേളനത്തിനു ശേഷം***

അതെ.

***സമ്മേളനത്തെക്കുറിച്ച് പറയാമോ?***

ഒരു പുതിയ ലോകം തുറന്നുകിട്ടിയ പോലെ. സ്ത്രീകളെല്ലാം കഠിനമായി പ്രവർത്തിക്കുന്ന, ആവേശം അലയടിക്കുന്ന ഒരു ലോകം.

***റവല്യൂഷണറി അസോസിയേഷനിൽ നിങ്ങൾ ഒറ്റക്കായിരുന്നു അല്ലേ?***

അതെ. എന്നാൽ ഇവിടെ ഞാൻ ഏകയായിരുന്നില്ല. എന്നെപ്പോലെ പ്രവർത്തിക്കുന്ന സ്ത്രീകളുടെ ഇടയിലായിരുന്നു. ആന്ധ്രയിൽ നിന്ന് പ്രോഗ്രസ്സീവ് ഓർഗനൈസേഷൻ ഓഫ് വിമന്റെ പ്രതിനിധികളും സമ്മേളനത്തിൽ പങ്കെടുത്തിരുന്നു. മുദ്രാവാക്യങ്ങൾ, യോഗങ്ങൾ. എവിടെനോക്കിയാലും സ്ത്രീകളുടെ സംഘങ്ങൾ. ആദ്യമായാണ് ഞാൻ ഇത്രവലിയൊരു സമ്മേളനത്തിൽ പങ്കെടുത്തത്. ഇപ്പോൾ അത്തരം സമ്മേളനങ്ങളൊന്നും നടക്കുന്നില്ല. IAWS സമ്മേളനങ്ങൾ മാത്രം.

***താങ്കളുടെ രചനകൾ***

'സ്വേച്ഛ' 1987ൽ പുറത്തിറങ്ങി. ധാരാളം ഒച്ചപ്പാടുകൾ ഉണ്ടാക്കിയ നോവലായിരുന്നു. എന്റെ സ്വകാര്യ ജീവിതവും ചർച്ചചെയ്യപ്പെട്ടു.

ഞങ്ങൾ ഫെമിനിസ്റ്റ് സ്റ്റഡി സർക്കിൾ തുടങ്ങി. വിദ്യാർത്ഥികളുമായി ആശയവിനിമയങ്ങൾ ആരംഭിച്ചു. അവിടങ്ങളിലേക്ക് ഫെമിനിസത്തെക്കുറിച്ച് അറിയുവാൻ ജിജ്ഞാസയോടെ കുട്ടികൾ വന്നു. സഹകരിക്കുവാൻ തയ്യാറായ ചില കോളേജുകളിലാണ് ചർച്ചകൾ നടത്തിയിരുന്നത്. ഫെമിനിസ്റ്റ് തിയറികളെല്ലാം ഇംഗ്ലീഷിലായിരുന്നതുകൊണ്ട് ഞങ്ങൾ അതെല്ലാം തെലുങ്കിലേക്ക് തർജ്ജമ ചെയ്യുവാൻ തീരുമാനിച്ചു.

***അലക്സാണ്ട്ര കൊളന്തായിയുടെ പുസ്തകം?***

അവരുടെ പുസ്തകങ്ങൾ സോവിയറ്റ് യൂണിയനിലും റഷ്യയിലും പ്രശ്നങ്ങൾ സൃഷ്ടിച്ചിരുന്നു. കുടുംബത്തെക്കുറിച്ചും

ലൈംഗികതയെക്കുറിച്ചുമൊക്കെയുള്ള ലെനിന്റെ നിലപാടുകൾ മാറ്റാൻ അവർ ശ്രമിച്ചു. സ്ത്രീ-പുരുഷബന്ധങ്ങളെക്കുറിച്ച് തുറന്ന് സംസാരിക്കാൻ നമുക്കെന്തിനാണ് വിമുഖതയെന്ന് അവർ ചോദിച്ചു. അവരുടെ നിലപാടുകളോട് പാർട്ടിക്ക് വിയോജിപ്പുണ്ടായി. കമ്മ്യൂണിറ്റി കിച്ചൺ, ചൈൽഡ് കെയർ ക്രഷ് തുടങ്ങിയവ അവരുടെ ആശയങ്ങളാണ്.

തുടർന്ന് ഞാൻ പൂനെയിൽപ്പോയി ഒരു ഫിലിം അപ്രീസിയേഷൻ കോഴ്സ് ചെയ്തു.

***അസ്മിതയോ?***

1991ൽ പ്രവർത്തനമാരംഭിച്ചു. ഞാൻ, രുക്മിണിറാവു, ജമുന, വകുളാഭരണം ലളിത, വസന്ത്, കല്പന ഞങ്ങളാണ് ഫൗണ്ടർ മെമ്പർമാർ. ഫണ്ട് വലിയൊരു പ്രശ്നം തന്നെയായിരുന്നു. ആളുകളെ ജോലിക്കെടുക്കുക, ഓഫീസ് സ്ഥാപിക്കുക എന്നതെല്ലാം ശ്രമകരമായിരുന്നു. ഇന്ന് അസ്മിതക്ക് 21 വയസ്സായി. പ്രായപൂർത്തിയായി (ചിരിക്കുന്നു). മന്ദാകിനി നാരായണൻ (അജിതയുടെ അമ്മ) ഒരിക്കൽ അസ്മിതയിൽ പുസ്തകപ്രകാശനത്തിന് വന്നിട്ടുണ്ട്. അസ്മിതയുടെ ഒരു മുഖ്യപ്രസിദ്ധീകരണം – 'മഹിളാവരണം'(വിമൻസ്കേയ്പ്) പ്രകാശനം ചെയ്യാനായിരുന്നു അത്. ആന്ധ്രയുടെ ചരിത്രനിർമ്മാതാക്കളായ ആദരണീയരായ കുറേ സ്ത്രീകളുടെ ജീവചരിത്രങ്ങളും ധാരാളം ഫോട്ടോകളും അടങ്ങിയതായിരുന്നു മഹിളാവരണം. അറാക്ക് വിരുദ്ധസമരത്തെക്കുറിച്ചും ഒരു പുസ്തകമുണ്ടായിരുന്നു. പഴയകാലപ്രവർത്തകരെയെല്ലാം വിളിച്ചു ചേർത്താണ് ഞങ്ങൾ ഈ പുസ്തകം രചിച്ചത്. അത് തെലുങ്കിലും ഇംഗ്ലീഷിലുമുണ്ട്. അതിന്റെ പേര് നീലി മേഘാലയ് എന്നായിരുന്നു.

***എന്തൊക്കെയാണ് താങ്കളുടെ പ്രവർത്തനങ്ങൾ, അക്രമസംഭവങ്ങളിലും മറ്റും ഇടപെടാറുണ്ടോ?***

ഉവ്വ്. കൗൺസെലിംഗ്, ട്രെയിനിംഗ് എല്ലാമുണ്ട്. നാട്ടിൻപുറങ്ങളിലുള്ള സ്ത്രീകൾക്ക് അവരുടെ മനുഷ്യാവകാശങ്ങളെക്കുറിച്ചും ലിംഗപരമായ അവകാശങ്ങളെക്കുറിച്ചും ബോധവത്ക്കരണ ക്ലാസ്സുകൾ നടത്താറുണ്ട്. സർട്ടിഫിക്കറ്റുകൾ നൽകാറുണ്ട്. കോളേജ് ക്യാമ്പസുകളിലും നാല്പതു പിരീഡാക്കി തിരിച്ച ട്രെയിനിംഗ് പരിപാടികളുണ്ട്. നൃത്തങ്ങളും ബാലേകളും പുത്തൻ ആശയങ്ങളുമായി കൂട്ടിയിണക്കി അവതരിപ്പിക്കാറുണ്ട്.

പരമ്പരാഗത നൃത്തശൈലികളും നർത്തകരേയും ഉപയോഗിച്ച് പുത്തൻ തലമുറയിലേക്ക് ഇറങ്ങിച്ചെല്ലുക എന്നതാണ് ഉദ്ദേശം. 'വാർ ആൻഡ് പീസ്' – രാമായണം മുതൽ വർത്തമാനകാലം വരെയുള്ള യുദ്ധകാലഘട്ടങ്ങളിലെ സ്ത്രീകളുടെ അവസ്ഥയാണ് അതിൽ ചിത്രീകരിക്കുന്നത്. ലക്ഷ്മണരേഖയെന്ന ഗാർഹികപീഡനത്തെക്കുറിച്ചുള്ള ഒരു ബാലെയുമുണ്ട്.

വസന്ത് ഇംഗ്ലീഷിൽ രണ്ട് ബാലെ തയ്യാറാക്കിയിട്ടുണ്ട്. 'മേനകയും' 'പീസ് ഓൺ എർത്തും.'

***ആന്ധ്രയിലെ ഇന്നത്തെ അവസ്ഥ എന്താണ്?***

ഞങ്ങൾ ഇന്ന് ചിട്ട്യാല ഐല സെന്റർ നടത്തുന്നു. 1940കളിൽ നൈസാമിനു എതിരെ പ്രവർത്തിച്ച ഒരു തെലുങ്കാനവനിതയാണ് ചിട്ട്യാല ഐല. അവരുടെ നാമത്തിൽ ഒരു റിസർച്ച് സെന്റർ ആയാണ് അത് പ്രവർത്തിക്കുന്നത്.

***എപ്പോഴാണ് അത് പ്രവർത്തനമാരംഭിച്ചത്?***

മൂന്ന് വർഷം മുമ്പ്.

***ആർക്കാണ് അതിന്റെ ചാർജ്?***

കൽപ്പനയ്ക്ക്

മുപ്പതോളം വളണ്ടിയർമാർ അവിടെ പ്രവർത്തിക്കുന്നുണ്ട്.

***ആന്ധ്രയിലെ അവസ്ഥയോ?***

അവിടെ ഒന്നും സംഭവിക്കുന്നില്ല. പുരോഗതിയില്ല, സർക്കാറില്ല.

***തെലുങ്കാനപ്രശ്നത്തെക്കുറിച്ച് താങ്കളുടെ അഭിപ്രായമെന്താണ്?***

ആന്ധ്രയിൽ നിന്ന് തെലുങ്കാനയെ വേർപെടുത്തണമെന്നുതന്നെയാണ് എന്റെ അഭിപ്രായം.

***വിഭജനം എന്താണ് നടക്കാത്തത്?***

രാഷ്ട്രീയക്കാർക്ക് താല്പര്യമില്ല അതുതന്നെ. കേന്ദ്രവും തെലുങ്കാനയിലെ ആളുകളുടെ ജീവൻകൊണ്ട് പന്താടുകയാണ്. തെലുങ്കാനയിലെ എല്ലാ ജനങ്ങളും ഈ വിഭജനത്തെ അനുകൂലിക്കുന്നു. ദളിത് പ്രസ്ഥാനം വളരെ ശക്തമാണ്. നക്സൽ പ്രവർത്തനം പഴയപോലെ ശക്തമല്ല.

***വിപ്ലവകാരികളായ എഴുത്തുകാരോ?***

*വരവരറാവു, ഗദ്ദർ എന്നിവർ എഴുതുന്നുണ്ട്.*

***സ്ത്രീപക്ഷ പ്രവർത്തനങ്ങളോ?***

ഞാൻ അതിനെക്കുറിച്ച് എന്തുപറയും. ഞാനും അതിന്റെ ഭാഗമാണല്ലോ.

***നിങ്ങൾ നേരിടുന്ന വെല്ലുവിളികൾ?***

വർദ്ധിച്ചുവരുന്ന ആക്രമണങ്ങൾ, ബലാത്സംഗങ്ങൾ, കൊലകൾ, 'ഓണർ' കില്ലിംഗ്സ്, ആസിഡ് കൊലകളും ആക്രമണങ്ങളും

***ഗാർഹികപ്രശ്നങ്ങളോ?***

അതിന് അവസാനമില്ല.

***സാമുദായിക പ്രശ്നങ്ങളും വർഗ്ഗീയ പ്രശ്നങ്ങളും ?***

ഇടതുപക്ഷപ്രവർത്തനങ്ങൾ ധാരാളമുള്ളതുകൊണ്ട് വർഗ്ഗീയ വാദപ്രസ്ഥാനങ്ങൾക്ക് ആന്ധ്രയിൽ സ്ഥാനമില്ല.

***തർജ്ജമ : ഡോ.രജനി.ബി***





# ലിംഗ-സമത്വ സുസ്ഥിര വികസനം

**അഡ്വ.മരിയ**



**വികസനത്തിന്റെ** നാലുകെട്ടിലെ അടിച്ചു തളിക്കാരികളാണോ സ്ത്രീകളെന്ന് സമൂഹവും ഭരണാധികാരികളും ഗൗരവമായി ചിന്തിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ആകാശത്തിന്റെ പകുതി അവകാശപ്പെട്ടവരെന്ന് മാവോ തുറന്നടിച്ച സ്ത്രീസമൂഹം, പുരുഷകേന്ദ്രീകൃത വികലവിനാശവികസനത്തിൽ ഈ ഇരുപത്തിയൊന്നാം നൂറ്റാണ്ടിന്റെ ഒന്നാം പതിറ്റാണ്ട് പിന്നിട്ടു കഴിഞ്ഞപ്പോൾ എത്രദൂരം പിന്നോട്ട് തള്ളപ്പെട്ടിരിക്കുന്നു എന്നറിയാൻ ഐക്യ രാഷ്ട്ര സംഘടനയുടെ അവിഭാജ്യഘടകമായ യു.എൻ.വിമൺ ലോകസമക്ഷം അവതരിപ്പിച്ച വസ്തുതകൾ മാത്രം പരിശോധിച്ചാൽ മതിയാകും.

യു.എൻ.വിമൺ നൽകുന്ന വിവരം അനുസരിച്ച് ലോകത്തിലെ മൊത്തം ജോലിയുടെ 66 ശതമാനവും ചെയ്യുന്നത് ലോകജനസംഖ്യയുടെ പകുതിയോളം വരുന്ന സ്ത്രീകളാണ്. എന്നാൽ ഈ ജോലിയിൽ നിന്ന് അവർക്ക് ലഭിക്കുന്ന വരുമാനം കേവലം 10 ശതമാനം മാത്രം. അതേ സമയം 34 ശതമാനം ജോലി ചെയ്യുന്ന പുരുഷന്മാർ കൈവശപ്പെടുത്തുന്നത് വരുമാനത്തിന്റെ 90 ശതമാനം. സ്വത്തിന്റെ കാര്യത്തിലാണെങ്കിൽ കൊട്ട് ചെണ്ടയ്ക്കും , കാശ് മാരാർക്കും എന്നതാണ് അവസ്ഥ. മൊത്തം ജോലിയുടെ മൂന്നിൽ രണ്ടു ഭാഗം ജോലി ചെയ്ത് നടുവൊടിയുന്ന സ്ത്രീകളുടെ കൈവശമുള്ള സ്വത്ത് ആഗോളതലത്തിൽ ഒരു ശതമാനം. മൂന്നിൽ ഒരു ഭാഗം ജോലി ചെയ്യുന്ന പുരുഷന്മാരുടെ കൈവശമുള്ള സ്വത്ത് 99 ശതമാനം. ഈ സ്ഥിതിവിവരക്കണക്കുകൾ പൊതുസമൂഹത്തിൽ അസ്വസ്ഥത ജനിപ്പിക്കുന്നതും, ആധുനികലോകം പിൻതുടർന്നു വരുന്ന സ്ത്രീവിരുദ്ധവികസനനയത്തിലെ പാളിച്ചകൾ പകൽ വെളിച്ചത്ത് കൊണ്ടു വരുന്നതും, വികസനകാര്യത്തിൽ അടിമുടി പൊളിച്ചെഴുത്ത് അനിവാര്യമാക്കുന്നതുമാണ്.

പുരുഷാധിപത്യസമൂഹത്തിൽ വികസനത്തിന്റെ ചുക്കാൻ പുരുഷന്റെ കൈകളിലാണ് എന്ന കാര്യത്തിൽ രണ്ടു പക്ഷമില്ല. അതുകൊണ്ട് തന്നെ പുരുഷന്റെ താത്പര്യങ്ങൾക്കാണ് വികസനകാര്യത്തിൽ ഊന്നൽ നൽകപ്പെടുന്നത് എന്ന കാര്യത്തിലും രണ്ട് പക്ഷത്തിന് ഇടമില്ല. അതേ സമയം പുരുഷകേന്ദ്രീകൃത വികസനം സ്ത്രീ സമൂഹത്തെ എവിടെ കൊണ്ടെത്തിച്ചിരിക്കുന്നു എന്ന് വിലയിരുത്തേണ്ടത് കാലഘട്ടത്തിന്റെ മാറ്റിവയ്ക്കാനോ , തള്ളിക്കളയാനോ കഴിയാത്ത ആവശ്യമാണ്. സുസ്ഥിരവികസനത്തിൽ അധിഷ്ഠിതമായ ഒരു നവലോക സൃഷ്ടിക്ക് ഇത് അത്യന്താപേക്ഷിതവുമാണ്.

## വികസനം

സ്ത്രീ സമൂഹത്തെ സംബന്ധിച്ചിടത്തോളം പുരുഷ കേന്ദ്രീകൃത, പുരുഷാധിപത്യവികസനം വിനാശകരം എന്നു മാത്രമല്ല മാനവസമൂഹത്തിന്റെ, പ്രത്യേകിച്ച് സ്ത്രീ സമൂഹത്തിന്റെ, നിലനിൽപ്പിന് തന്നെ ഭീഷണി ഉയർത്തുന്നതുമാണ്. കാരണം പുരുഷൻ ചുക്കാൻ പിടിക്കുന്ന വികസനം അടിസ്ഥാനപരമായി സ്ത്രീയുടെ ജീവിക്കാനുള്ള അവകാശത്തെ പോലും നിരാകരിക്കുന്ന തരത്തിലുള്ളതാ





ണ്. നാനാമേഖലയിൽ സ്ത്രീകളെ ചൂഷണം ചെയ്യുന്ന പുരുഷൻ വാർത്തെടുത്ത വികസനനയം അതുകൊണ്ട് തൃപ്തിപ്പെടാതെ, ചൂഷണം ചെയ്യപ്പെട്ട സ്ത്രീകളുടെ നേരെ അതിക്രമത്തിന്റെ വേട്ടനായ്ക്കളെ അഴിച്ച് വിട്ട് ക്രൂരമായ ആനന്ദനിർവൃതി അനുഭവിക്കുന്നു എന്നു കൂടി ഇതിനോട് കൂട്ടിവായിക്കേണ്ടതാണ്.

പുരുഷാധിപത്യവികസനം സ്ത്രീസമൂഹത്തെ എത്രമാത്രം പാർശ്വവത്ക്കരിക്കുകയും ചവിട്ടിയരയ്ക്കുകയും ചെയ്തിരിക്കുന്നു എന്നതിന്റെ ഭയാനകചിത്രം കാണണമെങ്കിൽ ഐക്യരാഷ്ട്രസംഘടനയുടെ 2012-ലെ സ്ത്രീപദവി കമ്മീഷന്റെ 56-ാം സമ്മേളനം നൽകുന്ന വിവരങ്ങളിലൂടെ കണ്ണോടിച്ചാൽ മാത്രം മതിയാകും.

അന്താരാഷ്ട്രവാക്ശൈലിയിൽ ലളിതമായി പറഞ്ഞാൽ വികസനത്തിന്റെ ഉദ്ദേശ്യലക്ഷ്യം ദാരിദ്ര്യപീഡിതരായ പാവപ്പെട്ടവരുടെ വരുമാനവർദ്ധനവും, അസമത്വം , പട്ടിണി, നിരക്ഷരത, രോഗം എന്നിവയുടെ ലഘൂകരണ / നിർമ്മാർജ്ജനവുമാണ്. വികസനത്തിന്റെ ഈ ലളിതമായ മാനദണ്ഡം ഉപയോഗിച്ച് പൊതുവെ ദാരിദ്ര്യപീഡിത വിഭാഗത്തിൽ പെടുന്ന സ്ത്രീകളുടെ അവസ്ഥ ഇന്നെന്താണെന്ന് പരിശോധിച്ച് നോക്കാം.

സ്ത്രീകളുടെ വരുമാനത്തിന്റെ കാര്യത്തിൽ ലോകത്തിലെ മൊത്തം ജോലിയുടെ 66 ശതമാനവും ലോകജനസംഖ്യയുടെ 50 ശതമാനത്തോളം വരുന്ന സ്ത്രീകളാണ് ചെയ്യുന്നതെന്നും അതിന് അവർക്ക് ലഭിക്കുന്ന വരുമാനം കേവലം 10 ശതമാനം മാത്രമാണെന്നും നാം ഈ ലേഖനത്തിന്റെ തുടക്കത്തിലെ കണ്ടു കഴിഞ്ഞു. പട്ടിണിയുടെ കാര്യമെടുത്താൽ, ലോകത്തിലെ മൊത്തം ഭക്ഷ്യ ഉത്പാദനത്തിൽ 60 ശതമാനത്തോളം ഭക്ഷ്യ ഉത്പാദനം സ്ത്രീയുടെ വകയാണെങ്കിലും നിത്യ പട്ടിണിയുടെ കാര്യത്തിൽ സ്ത്രീകളും കുട്ടികളുമാണ് 60 ശതമാനം എന്നതാണ് അനിഷേധ്യമായ വസ്തുത. ലോക ജനതയ്ക്കായി 60 ശതമാനം ഭക്ഷ്യ ഉത്പാദനം നടത്തുന്ന സ്ത്രീകൾ അതേ തോതിൽ തന്നെ നിത്യപട്ടിണിക്കാരാണെന്നത് വികസനരംഗത്തെ ഏറ്റവും ക്രൂരമായ തമാശയായി വേണം കാണാൻ.

നിരക്ഷരതയുടെ ഭുപടം പരിശോധിച്ചാൽ 79 കോടിയിലധികം വരുന്ന നിരക്ഷരിൽ മൂന്നിൽ രണ്ട് ഭാഗത്തിലധികം സ്ത്രീകളാണെന്ന് വ്യക്തമായി കാണാം. ആഗോളസ്ഥിതിവിവരക്കണക്ക് അനുസരിച്ച് പ്രാഥമികവിദ്യാഭ്യാസം നേടുന്ന ഗ്രാമീണ പെൺകുട്ടികളിൽ സെക്കണ്ടറി ക്ലാസുകളിലെത്തുന്നത് കേവലം 39 ശതമാനം മാത്രമാണ്. മറ്റ് 61 ശതമാനം പെൺകുട്ടികളും പട്ടിണിയും, ദാരിദ്ര്യവും മൂലം കൂലിയില്ലാ വീട്ടുപണിക്കും, ബാലവേലയ്ക്കുമായി കൊഴിഞ്ഞ് പോകുന്നു എന്നർഥം.

ആരോഗ്യസംബന്ധമായ കാര്യത്തിലും സ്ത്രീകളുടെ സ്ഥിതി പരിതാപകരമാണ്. ഒരൊറ്റ കാര്യം മാത്രമെടുത്താൽ ഇത് വ്യക്തമാകും. ഗർഭധാരണവും പ്രസവവുമായി ബന്ധപ്പെട്ട സങ്കീർണത മൂലം പ്രതിവർഷം 5 ലക്ഷം സ്ത്രീകളാണ് മരണമടയുന്നത്. ഇത്തരത്തിൽ മരണപ്പെടുന്ന സ്ത്രീകളിൽ, ലോകാരോഗ്യ സംഘടനയുടെ വിലയിരുത്തൽ അനുസരിച്ച് , 99 ശതമാനവും വികസ്വര രാജ്യങ്ങളിലെ സ്ത്രീകളാണ്. ഐക്യരാഷ്ട്രസംഘടനയുടെ ജനസംഖ്യനിധി ചൂണ്ടിക്കാട്ടുന്നത് ഇത്തരം മരണങ്ങൾ ഒഴിവാക്കാൻ വികസ്വരരാജ്യങ്ങളിൽ മൂന്ന് ഡോളർ വില വരുന്ന മാതൃ-ശിശു



**പുരുഷാധിപത്യത്തിന് കോട്ടം തട്ടുന്ന, ആൺകോയ്മയെ ദുർബലപ്പെടുത്തുന്ന ഒരു ചിന്തയെയും വികസനപ്രക്രിയയുടെ നാലയൽവക്കത്ത് എത്തി നോക്കാൻ പോലും അവൻ സമ്മതിക്കില്ല.**



ആരോഗ്യസേവനം ഗർഭിണികളായ സ്ത്രീകൾക്ക് ഉറപ്പാക്കിയാൽ മതിയെന്നാണ്. എന്നാൽ പുരുഷകേന്ദ്രീകൃതവികസനത്തിൽ മാതൃത്വത്തിന് 3 ഡോളറിന്റെ വില പോലും ഇല്ലെന്നുണ്ടോ ?

അസമത്വ ലഘൂകരണ/നിർമാർജ്ജനകാര്യമെടുത്താൽ സ്ത്രീകളും , പുരുഷന്മാരും തമ്മിലുള്ള സമത്വത്തിന്റെ ത്രാസ് സമതുലിതമായ അവസ്ഥയിലേക്ക് സമീപകാലഭാവിയിൽ, സ്ത്രീ സമൂഹത്തിൽ നിന്ന് ശക്തവും, സംഘടിതവും, ഫലപ്രദവുമായ ഇടപെടൽ ഉണ്ടായില്ലെങ്കിൽ, നീങ്ങുമെന്ന് പ്രതീക്ഷിക്കാൻ യാതൊരു കാരണവും കാണുന്നില്ല. വരുമാനത്തിന്റെ കാര്യത്തിലും , സ്വത്തിന്റെ കാര്യത്തിലും, വിദ്യാഭ്യാസത്തിന്റെ കാര്യത്തിലും, ആരോഗ്യരംഗത്തും ഇത് നാം കഴിഞ്ഞ കാലത്തിന്റെ അനുഭവ വെളിച്ചത്തിൽ വിലയിരുത്തിയതും അസമത്വത്തിന്റെ ഭീകരവിടവ് കണ്ടതുമാണ്. നിയമനിർമാണസഭകളിലും, നീതി-ന്യായ രംഗത്തും അടക്കം സ്ഥിതി മറിച്ചൊന്നുമല്ല. ലോകത്തിൽ ഒരു രാജ്യത്തും സ്ത്രീ പുരുഷനോടൊപ്പം സമത്വം നേടിയിട്ടില്ല എന്ന ഐക്യരാഷ്ട്ര സംഘടനയുടെ നിരീക്ഷണം ഇതോടൊപ്പം ചേർത്ത് വായിച്ചാൽ പുരുഷൻ കാരണവരായി അടക്കി വാഴുന്ന വികസനത്തറവാട്ടിൽ സ്ത്രീകൾ എവിടെ നിൽക്കുന്നു എന്ന ചിത്രത്തിന് കുടുതൽ ആഴവും മിഴിവും തെളിമയും ലഭിക്കും.

## വിനാശവികസനം

പുരുഷൻ തേർ തെളിക്കുന്ന വികസനം എന്തുകൊണ്ട് സ്ത്രീ സമൂഹത്തെ സംബന്ധിച്ചിടത്തോളം വികലവും വിനാശകരവുമായി അനുഭവപ്പെടുന്നു എന്ന് പരിശോധിച്ചാൽ ലഭിക്കുന്ന ഉത്തരം വളരെ ലളിതമാണ്. തേരാളിയുടെ പീഠത്തിലിരിക്കുന്ന പുരുഷന്റെ വികസനചിന്തകളിൽ എന്നും മുഖ്യസ്ഥാനം അവന്റെ അധികാരം അരക്കിട്ട് ഉറപ്പിക്കുന്നതിനെസംബന്ധിച്ചാണ്. പുരുഷാധിപത്യത്തിന് കോട്ടം തട്ടുന്ന, ആൺകോയ്മയെ ദുർബലപ്പെടുത്തുന്ന ഒരു ചിന്തയെയും വികസനപ്രക്രിയയുടെ നാലയൽവക്കത്ത് എത്തി നോക്കാൻ പോലും അവൻ സമ്മതിക്കില്ല. വികസന കാര്യത്തിൽ സ്ത്രീകൾക്ക് വലിയ പങ്കാണുള്ളത് എന്ന് സ്ഥാപിക്കാൻ അവൻ മണിക്കുറുകളോളം വാചാലമാകുമെങ്കിലും, കാര്യത്തോടടുക്കുമ്പോൾ തന്ത്രപൂർവ്വം അവൻ മറുകണ്ടം ചാടിയിരിക്കും. മാത്രമല്ല, വികസനപ്രക്രിയയിൽ ഏതെങ്കിലും തരത്തിൽ സ്ത്രീസമൂഹത്തെ ശാക്തികരിക്കുന്ന ഘടകങ്ങൾ ഉണ്ടെങ്കിൽ അതിന് തുരങ്കം വയ്ക്കാൻ അവൻ രണ്ടാമതൊന്ന് ആലോചിക്കുക പോലുമില്ല. എല്ലാ പുരുഷന്മാരും ഈ ഗണത്തിൽ പെടില്ലെങ്കിലും പൊതുവെ ഇതാണ് അവസ്ഥ.

വികസനചരിത്രം പരിശോധിച്ചാൽ സ്ത്രീസമൂഹത്തെ ആയിരം കാതം പിന്നോട്ട് ആട്ടിപ്പായിക്കുന്ന ഒന്നിലധികം കാര്യങ്ങൾ കാണാൻ കഴിയും. ഇതിൽ പ്രാധാനപ്പെട്ട ഒന്ന് ഓരോ രാജ്യത്തും നിലവിലുള്ള സ്ത്രീ സൗഹാർദ്ദപരമല്ലാത്ത നിയമങ്ങളാണ്. ലോക ബാങ്ക് 141 രാജ്യങ്ങളിൽ സ്ത്രീ - വ്യവസായം-നിയമം എന്ന വിഷയത്തിൽ നടത്തിയ പഠനം വെളിവാക്കുന്നത് 45 വ്യത്യസ്ഥ നിയമങ്ങൾ സ്ത്രീകൾക്കും പുരുഷന്മാർക്കും ഒരുപോലെ അല്ലെന്നാണ്. ഇതിൽ 21 നിയമങ്ങൾ അവിവാഹിതരായ സ്ത്രീകൾക്ക് അനുകൂലമല്ലാത്തതും 24 നിയമങ്ങൾ വിവാഹിതരായ സ്ത്രീകൾക്ക് അനുകൂലമല്ലാത്തതുമാണ്. സ്വത്തിന്റെ ഉപയോഗം, ജോലി, നീതി-ന്യായ കോടതി മുഖേന നീതി തേടൽ അടക്കമുള്ള ആറ് മേഖലകളിലെ മാത്രം സ്ത്രീ വിരുദ്ധ നിയമങ്ങളാണിവ. നിയമവാഴ്ച രാജാവായ രാജ്യത്ത് നിയമത്തിന് മുന്നിൽ സ്ത്രീയും പുരുഷനും തുല്യരാണെന്നാണ് വിവക്ഷ. എന്നാൽ കാര്യത്തോടടുക്കുമ്പോൾ സ്ത്രീക്ക് ഒരുനിയമം, പുരുഷന് വേറൊരു നിയമം.




# 'മാദക' മാവുന്നത് കാഴ്ചയോ ശരീരമോ?




**സുലോചന റാംമോഹൻ**


**ഈയിടെ** ഒരു വനിതാചലച്ചിത്രോത്സവവേദിയിൽ തുറന്ന സംവാദത്തിൽ പങ്കെടുത്തുകൊണ്ട് പ്രശസ്ത സംവിധായകൻ ടി.വി. ചന്ദ്രൻ പറയുകയുണ്ടായി, റിയാലിറ്റി ഷോകളിൽ അഞ്ചു വയസ്സായ പെൺകുട്ടികൾ മാദകമായി അരക്കെട്ടു ചലിപ്പിക്കുന്നതു കണ്ടിരുന്ന് വിധി പ്രസ്താവിക്കുന്ന മുൻകാലനടികളെ കാണുമ്പോൾ തനിക്കു പുച്ഛമാണ് തോന്നാറ് എന്നും അത്തരം ആഴം കുറഞ്ഞ മനസ്സുള്ളവരെ തന്റെ ചിത്രങ്ങളിൽ അഭിനയിപ്പിക്കാൻ താത്പര്യമേതുമില്ല എന്നും.

ഈ പ്രസ്താവനയിലെ സ്ത്രീവിരുദ്ധതയോട് എങ്ങിനെയാണു പ്രതികരിക്കാതിരിക്കുക? ഒന്നാമത്തെ കാര്യം, റിയാലിറ്റി ഷോ എന്ന ആശയം തന്നെ ചാനൽ മുതലാളിമാരുടെ കണ്ടുപിടുത്തമാണ്. ചാനലുകൾക്ക് വൻതുക ലാഭമുണ്ടാക്കുന്ന ഇത്തരം ഷോകൾക്ക് 'റിയാലിറ്റി' യുമായി ബന്ധമേതുമില്ല. കാരണം അവയൊന്നും തത്സമയം സംപ്രേഷണം ചെയ്യപ്പെടുന്നവയല്ല. പ്രേക്ഷകരെ ആകർഷിച്ചടുപ്പിക്കാനുള്ള എല്ലാ തന്ത്രങ്ങളും സൂക്ഷ്മമായി ആസൂത്രണം ചെയ്ത് കാലേക്കൂട്ടി റെക്കോർഡ് ചെയ്ത് പുറത്തു വിടുന്ന ഒരു പരിപാടിക്ക് പ്രേക്ഷകൻ അതു കാണുന്ന സമയവുമായി ഒരു ബന്ധവുമില്ല. ആ സമയത്തു നടന്നുകൊണ്ടിരിക്കുന്ന സംഭവമോ സംഭാഷണമോ ഇടപെടലോ ഒന്നുമല്ലല്ലോ അത്. ആകെ 'റിയൽ' ആയിട്ടുള്ളത് അപ്പപ്പോൾ അയക്കപ്പെടുന്ന എസ്.എം.എസ്സുകൾ മാത്രമാണ്. എന്നാൽ കൃത്യമായി അവയുടെ ബലത്തിലാണോ മത്സരാർത്ഥികൾ അകത്താവുന്നതും പുറത്താവുന്നതും എന്ന കാര്യത്തിൽ സുതാര്യത ഏതുമില്ലതാനും. കോടികൾ സമ്മാനമായി വാഗ്ദാനം ചെയ്യപ്പെടുന്ന ഷോകളിൽ പങ്കെടുത്തുകൊണ്ട് തങ്ങളുടെ മക്കൾ 'രക്ഷപ്പെടും' എന്നു പ്രതീക്ഷിക്കുന്ന മാതാ

പിതാക്കളുടെ സന്തോഷസന്താപങ്ങളാണ് റിയാലിറ്റി ആയി മാറുന്നതും ഇത്തരം പരിപാടികളുടെ നിലനിൽപിന് ആധാരമായി ത്തീർന്നിരിക്കുന്നതും.

'നായ്ക്കോലം കെട്ടിയാൽ കുരച്ചേ മതിയാവൂ' എന്നു പറയുന്നതു പോലെ ഇത്തരമൊരു വിപണി നമ്മുടെ ദൈനംദിനജീവിതത്തിന്റെ അവിഭാജ്യഘടകമായി മാറിയിരിക്കുമ്പോൾ കലാകാരന്മാരും കലാകാരികളും തങ്ങളുടെ പരിചയ സമ്പന്നതയിൽ വിൽപനച്ചരക്കാകുവാൻ ബാധ്യസ്ഥരാവുന്നു. 'മുൻകാല നടികൾ' മാത്രം അവയ്ക്ക് അയിത്തം കൽപിച്ചു



മാറി നിൽക്കണം എന്നുള്ളതൊരു ഏകപക്ഷീയ വിധിയല്ലേ? മുൻകാലനടന്മാർക്കോ പ്രശസ്തരായ കവികൾക്കോ സംഗീതസംവിധായകർക്കോ ഗായകർക്കോ ഒന്നുമില്ലാത്ത ഒരു വിലക്ക് എന്തിന് 'മുൻകാലനടി' മാരുടെ മേൽ ഏർപ്പെടുത്തുന്നു? ഇവിടെ 'നടി' എന്നത് അഭിനേത്രി എന്നതിലുപരി മലയാളസ്ത്രീയുടെ ദൃശ്യമായ ഒരു പ്രതീകമായി മാറുകയും അഗ്നിശുദ്ധിയാൽ വിമലീകരിയ്ക്കപ്പെട്ടവളാവണം എന്ന ശാഠ്യം പ്രബലമാവുകയും ചെയ്യുകയല്ലേ? നടിയുടെ ശരീരം മലയാളിയെ നിരന്തരം ശല്യപ്പെടുത്തുന്ന ഒരു 'വസ്തു' വായി പരിമിതപ്പെടുമ്പോൾ അഭിനേത്രി എന്ന നിലയ്ക്കുള്ള അവളുടെ ആവിഷ്കാരസാദ്ധ്യതകളും സ്വന്തം ശരീരത്തിന്മേലുള്ള അവളുടെ അവകാശസ്ഥാപനവും ഒരു പോലെ ആധിപത്യത്തിനടിപ്പെടുകയാണ്. ഏതെങ്കിലുമൊരു പുരുഷന്റെ നോട്ടത്തിൽ 'മാദകം' ആയി മാറിയേക്കാവുന്ന ചെറുചലനത്തെപ്പോലും ഭയപ്പെട്ടും ഒഴിവാക്കിയും ഒരു അഭിനേത്രിക്ക് തന്റെ അന്തർലീനമായ സർഗ്ഗാത്മകതയെ അതിന്റെ പൂർണ്ണതയിൽ എത്തിക്കാനാവില്ല.

ജീവിതപരിചയത്താൽ ഒരു സ്ത്രീക്കുണ്ടാവുന്ന- മുഖത്തിനും ശരീരത്തിനും ചിന്തയ്ക്കും ചര്യയ്ക്കുമെല്ലാം തന്നെ -പരിണാമങ്ങളെ നടി അടയാളപ്പെടുത്തേണ്ടതുണ്ട്. ദീർഘനാൾ അഭിനയരംഗത്തു നിലനിന്നുകൊണ്ടു പല പ്രായക്കാരായ നടീനടന്മാരുമായി സദാ ഇടപെട്ടുകൊണ്ടും വിവിധ സ്വഭാവ സവിശേഷതകളുള്ള കഥാപാത്രങ്ങളായി പരുവപ്പെടുവാൻ ആവശ്യമായ സാവകാശവും സ്ഥലവും ഇന്നു നമ്മുടെ നടികൾക്കു ലഭ്യമാവുന്നുണ്ടോ എന്ന പ്രസക്തമായ ചോദ്യത്തെ തീർത്തും അവഗണിക്കുകയാണ് ടി.വി.ചന്ദ്രനെപ്പോലെയുള്ള കച്ചവടേതര സിനിമയുടെ വക്താവു പോലും. തങ്ങൾക്കു നടികളെയല്ല ആവശ്യം, തങ്ങൾ രൂപം നൽകുന്ന കഥാപാത്രങ്ങളാവാൻ ചില മുഖങ്ങൾ മാത്രമാണ് എന്ന അഹന്തയിൽ നിന്നുരുത്തിരിയുന്ന ഇത്തരം ബാലിശമായ നിലപാടുകൾ അഭിനയം എന്നത് തൊഴിൽപരമായ ആർജ്ജവത്തോടു കൂടി കാണുന്നതിൽ നിന്നും നടിയെ പിൻതിരിപ്പിക്കുന്നു. കുടുംബവും ഉത്തരവാദിത്വങ്ങളും ഉണ്ടാവുന്നതിനു മുമ്പുള്ള ഒരു ചുരുങ്ങിയ ഇടവേളയിൽ പണവും പ്രശസ്തിയും സമ്പാദിക്കാനും ഭാവിവരനെ'തപ്പിയെടുക്കാനും' ഉള്ള ഒരു വിപണിയായി മാത്രം മലയാളത്തിലെ നടികൾ ഇപ്പോൾ സിനിമയുടെ മേഖലയെ കാണുന്നു. അതുകൊണ്ടു തന്നെ ടി.വി ചന്ദ്രന്റെ 'സൂസന്ന'ക്കു പോലും അഞ്ചു പുരുഷന്മാർക്കൊപ്പം നിൽക്കുന്ന റേഞ്ച് ഉള്ള ഒരു നടിയെ കണ്ടെത്താനാവുന്നുമില്ല. പുരുഷനൊപ്പമുള്ള 'വില്ലൻ' റോളുകൾ ചെയ്തിട്ടുള്ള - പോലീസ് ഓഫീസറായി വന്നു കായബലത്താൽ പുരുഷനെ കീഴ്പ്പെടുത്തി 'തന്റേടി' എന്ന ഇമേജ് നേടിയിട്ടുള്ള- വാണി വിശ്വനാഥിനെ'സൂസന്നയാവാൻ തിരഞ്ഞെടുക്കുക വഴി ടി.വി.ചന്ദ്രൻ ഒരു എളുപ്പവഴി സ്വീകരിക്കുകയാണ് ചെയ്തത്. കച്ചവടസിനിമകളിലൂടെ ഒരു നടി സൃഷ്ടിച്ചെടുക്കുന്ന പ്രതിച്ഛായയിലൂന്നി കലാസിനിമകൾക്കായി അവരെ ഉപയോഗിക്കുന്നത് ആ നടിയുടെ വളർച്ചക്ക് ഹാനികരമായ അവസ്ഥ സംജാതമാക്കുന്നു. എന്നാൽ അതേ സമയം വിവാഹപൂർവ്വനാളുകൾ താൻ ഏതു പ്രതിച്ഛായയാണ് മിനുക്കിയെടുക്കേണ്ടത് എന്നു നടിയും കുടുംബവും ആകുലപ്പെടുന്നത് ചിത്രത്തിന്റെ മറുവശവുമാകുന്നു. ഇങ്ങനെ നടി എന്ന വ്യക്തിയും അഭിനേത്രി എന്ന നിർമ്മിതിയും തമ്മിൽ പൊരുത്തപ്പെടാതെ വരികയും രണ്ടിലെയും കൃത്രിമത്വങ്ങൾ ചേർന്ന് അഭിനയത്തിന്റെ സാദ്ധ്യതകളെ പൂർത്തീകരിക്കാനാവാത്ത പരിതസ്ഥിതിയിലേക്ക് നയിക്കുകയും ചെയ്യുന്നു.

കൗമാരക്കാരിയായ നടി ചലച്ചിത്രലോകത്തു നിന്നു തന്നെ വരനെ സമ്പാദിക്കുന്നതോടു കൂടി പ്രശ്നം കൂടുതൽ സങ്കീർണ്ണമായിത്തീരുന്നു. ഇരുവരും അന്നേ നാൾ വരെ സൂക്ഷ്മമായി പരിപാലിച്ചും പരിപോഷിപ്പിച്ചും പോന്ന വ്യക്തിഗത പ്രതിച്ഛായകൾ സമന്വയിപ്പിച്ച് മലയാളിസമൂഹത്തിനു ബോധ്യമാവുന്ന 'ഫാമിലി ഇമേജ്' മെനഞ്ഞെടുക്കുക മാത്രമല്ല, കൂടെക്കൂടെ ചാനലുകൾ തോറും തങ്ങളുടെ ആഡംബരജീവിതപ്രത്യക്ഷങ്ങളുമായി കയറിയിറങ്ങുക കൂടി ചെയ്യുകയായി പിന്നീട്. എന്നാൽ ഏതെങ്കിലും കാരണങ്ങളാൽ വിവാഹമോചനമോ സാമ്പത്തികബുദ്ധിമുട്ടോ സംഭവിക്കുകയാണെങ്കിലോ, അഭിനയരംഗം വീണ്ടും തൊഴിലിടമായി മാറുന്നു, തങ്ങൾക്ക് അഭിനയരംഗത്തോടുള്ള 'പ്രതിബദ്ധത' ആണയിട്ടു പറയാനും തുടങ്ങുന്നു.

പ്രായം കുറഞ്ഞ നടിമാർക്ക്

കുടുംബത്തിനകം സുരക്ഷിതവും സംരക്ഷിതവുമായ അഭയസ്ഥാനങ്ങളാവുമ്പോൾ സിനിമയുടെ വിശാലലോകം 'മാന്യമായ തൊഴിലിടം' അല്ലാതെയുമാവുന്നു. അപ്പോൾ അവർക്കനുവദിച്ചു കിട്ടുന്ന ചില തൊഴിൽസ്ഥലങ്ങളാണ് ടി.വി ചാനലുകളിലെ 'മാന്യത'യുള്ള പരിപാടികൾ. സീരിയലുകളിൽ നടികളായി വരുന്നതും പൈങ്കിളിപ്പരിപാടികൾക്ക് അവതാരകരായി പ്രത്യക്ഷപ്പെടുന്നതും 'ശരീരം' ഉപയോഗിച്ചുള്ള തൊഴിൽ ആവുമ്പോൾ, കോടികൾ വെച്ച് അമ്മാനമാടുന്ന റിയാലിറ്റിഷോകളിലെ വിധികർത്താക്കൾ ആവുന്നത് ബുദ്ധിയും കഴിവുമുപയോഗിച്ചു ബുദ്ധിയ്ക്കും കഴിവിനും മൂല്യനിർണ്ണയം ചെയ്യുന്ന അന്തസ്സുള്ള ജോലിയായി കണക്കാക്കപ്പെടുന്നു. മലയാളികളുടെ ഇരട്ടത്താപ്പുനയത്തിന്റെ ഇരകളായി 'മുൻകാലനടികൾ' അണിഞ്ഞൊരുങ്ങി പ്രേക്ഷകനു മുന്നിലെത്തുന്നതിന്റെ സാമൂഹ്യപശ്ചാത്തലം മനസ്സിലാക്കാതെയാണ് അവരെ നാം വിമർശിക്കുന്നത്. നടിയെന്നുള്ള 'മുൻകാല' ചരിത്രത്തിന്റെ അവശേഷിപ്പുകൾ പൂർണ്ണമായും നിരാകരിക്കാനും പൂർണ്ണമായി സ്വീകരിക്കാനുമാവാതെ ത്രിശങ്കുസ്വർഗ്ഗങ്ങളിൽ അസ്തിത്വം തേടുകയാണ് അവർ.

ഈ മുൻകാല നടികളെക്കാളും എന്തുകൊണ്ടും സ്വതന്ത്രമായ ഒരു ഭൂമികയിൽ പ്രതിഷ്ഠ നേടിയവരാണ് കുട്ടികളുടെ (കൗമാരക്കാരുടെയും) നൃത്തമത്സരങ്ങൾക്ക് വിധികർത്താക്കളായി എത്തുന്ന കലാമാസ്റ്റർ, ലതാമാസ്റ്റർ തുടങ്ങിയവർ. ദീർഘകാലം നൃത്താദ്ധ്യാപകരായി സിനിമയുടെ സങ്കീർണ്ണലോകത്തു പ്രവർത്തിച്ചതിന്റെ പരിചയസമ്പന്നതയും ആത്മവിശ്വാസവും എളുപ്പത്തിലുള്ള മൂല്യനിർണ്ണയവും അവർ ഭയാശങ്കകളില്ലാതെ പ്രദർശിപ്പിക്കുന്നുണ്ട്. അഞ്ചുവയസ്സുകാരിയുടെ അരക്കെട്ടിന്റെ ചലനം എത്രത്തോളം 'മാദകം' (ടി.വി.ചന്ദ്രന്റെ ഭാഷ്യത്തിൽ) ആക്കിയെടുക്കാം എന്നതല്ല അവരുടെ വിഷയം, എത്ര അനായാസം ഒരു പെൺകുട്ടിക്ക് ചലനങ്ങൾ സാദ്ധ്യമാവുന്നു എന്നതാണ്. ചെറുപ്രായത്തിൽ സ്വായത്തമാവേണ്ടുന്ന മെയ്‌വഴക്കമാണ് ഇവിടെ പരിശോധിക്കുന്നത്, പെൺകുട്ടിയിൽ സുപ്തമായ സ്ത്രൈണതയുടെ ആവിഷ്കാരസാദ്ധ്യതകളിലേക്കു കടക്കുന്നതിനു മുമ്പുള്ള പരിശീലനക്കളരിയാണ് അത്തരത്തിലുള്ളത്.

ഇവിടെ 'അശ്ലീല' മാവുന്നത് നോട്ടമാണ്, കാഴ്ചയല്ല. കാഴ്ച 'റിയൽ' ആണെന്ന പ്രഖ്യാപനത്തോടെ വിപണനം ചെയ്യുന്ന സമ്പ്രദായമാണ് എതിർക്കപ്പെടേണ്ടത്. സിനിമയിൽ നൃത്തം ഉപയോഗിക്കപ്പെട്ടതിന്റെ സന്ദർഭവും ഗാനത്തിന്റെ വരികൾ മുന്നോട്ട് വെക്കുന്ന വൈകാരികതയും സിനിമാറ്റിക് ഡാൻസ് കാണുമ്പോൾ പ്രേക്ഷകന്റെ മനസ്സിലേക്കും ചിന്തയിലേക്കും കടന്നുവരുമ്പോഴുണ്ടാവുന്ന മുൻവിധിയോടെയാണ് അവൻ അതിനെ വിലയിരുത്തുന്നത്. പ്രായവും പക്വതയുമുള്ള ഒരു നടി അൽപവസ്ത്രധാരിണിയായി സിനിമയിൽ അഭിനയിച്ച നൃത്തരംഗം അഞ്ചു വയസ്സുകാരി ആവർത്തിക്കുന്നു എന്ന മുൻവിധിയിൽ നിന്നാണ് കൊച്ചുകുട്ടിയുടെ അരക്കെട്ടിന്റെ ചലനം 'മാദകം' എന്ന ഒരു വിശേഷണപദത്താൽ നിർവ്വചിതമാവുന്നത്. പെൺകുട്ടിയും ആൺകുട്ടിയും ഒരുമിച്ചുള്ള നൃത്തച്ചുവടുകൾ – വളർച്ച പൂർണ്ണമാവാത്ത ശരീരങ്ങളാവുമ്പോൾ – അശ്ലീലമായി അനുഭവപ്പെടുന്നില്ല എന്നതും ശ്രദ്ധേയമാണ്. ആൺ–പെൺ രസതന്ത്രം ആവിഷ്കൃതമാവേണ്ടുന്ന പ്രായത്തിൽ എപ്രകാരം നൃത്തം ചിട്ടപ്പെടുത്തേണ്ടതുണ്ട് എന്ന ഗൗരവതരമായ ചർച്ചകളിലേക്കൊന്നും തന്നെ കടക്കാതെ റിയാലിറ്റി ഷോകൾ അരങ്ങു തകർത്തുകൊള്ളട്ടെ എന്നു മൗനമായി അനുവദിച്ചുകൊടുത്തുകൊണ്ട് പരിപാടിയുടെ റേറ്റിംഗ് നിർണ്ണയിക്കുന്ന പ്രേക്ഷകർക്കുള്ള സാമൂഹ്യ ഉത്തരവാദിത്വം തമസ്കരിച്ചുകൊണ്ട്, വൻലാഭം കൊയ്യുന്ന ചാനലുകളുടെ സാമൂഹ്യ പ്രതിബദ്ധതയെ തെല്ലുമേ ചോദ്യം ചെയ്യാതെ, കുറ്റം മുഴുവൻ 'മുൻനടി' കളുടെ തലയിൽ കെട്ടിവെക്കുന്നതിൽ പ്രകടമാവുന്ന സ്ത്രീവിരുദ്ധതയാണ് അഭിനേത്രികളുടെ ആക്ടിംഗ് കരിയർ ഹ്രസ്വവും പരിമിതവും ആവർത്തനപരവുമാക്കി മാറ്റുന്നത്.



അഞ്ചുവയസ്സുകാരിയുടെ നൃത്തചലനം മാദകമായി അനുഭവപ്പെടുന്ന അതേ കണ്ണുകൊണ്ട് നോക്കുമ്പോൾ അറുപതുകാരന്റെ കോളേജുകുമാരനായുള്ള ഓട്ടവും ചാട്ടവും മരംചുറ്റിപ്പാട്ടുമൊന്നും ആഭാസമായി തോന്നാത്തതെന്തു കൊണ്ടാണ്? അതിനു മറ്റൊരു ന്യായം സാമാന്യമായി ഇപ്പോൾ അംഗീകരിക്കപ്പെട്ടു വരുന്നതും കാണാം– 'അറുപതായാലും എഴുപതായാലും മനസ്സ് ചെറുപ്പമാക്കി വെക്കണം, ജീവിതം ആവോളം ആസ്വദിക്കണം' പ്രായത്തിന്റെ പക്വതയും അനുഭവസമ്പത്തിലൂന്നിയ ജീവിതവീക്ഷണവും ഇപ്പോൾ വിലയില്ലാച്ചരക്കുകൾ എന്നർത്ഥം.

രൂപത്തിലും സമീപനത്തിലുമെന്ന പോലെ നോട്ടത്തിലും അനുഭൂതിയിലുമെല്ലാം കൗമാരത്തിന്റെ ചാപല്യം വെച്ചു പുലർത്തുകയാണ് അഭികാമ്യം എന്ന പൊതുതത്വത്തിനു ഏറാൻ മൂളിയാൽ മതി, നമ്മുടെ പ്രശ്നങ്ങളൊക്കെ താനേപരിഹരിക്കപ്പെട്ടു കൊള്ളുമത്രേ! കഷണ്ടിയിലും മുടികിളുർക്കാനും വാർദ്ധക്യത്തിലും 'മുസ്ലീ പവ്വർ' ഉണ്ടാവാനും 'ചർമ്മം കണ്ടാൽ പ്രായം തോന്നുകയേയില്ല' എന്നു കാഴ്ചക്കാരനിൽ അസൂയ ജനിപ്പിക്കാനുള്ള ഉത്പന്നങ്ങൾ വാണരുളുന്ന വിപണിയിൽ ഏതു കാഴ്ചയാണ് അശ്ലീലം, ഏതു ശ്ലീലം എന്നു തിരിച്ചറിയാനാവാതെ പോവുന്ന ഉപഭോക്താവ് നിത്യേന കബളിക്കപ്പെടുക തന്നെയല്ലേ?

# കാമസൂത്രത്തിന്റെ പെൺവായനയെപ്പറ്റി...



**സുഭദ്ര സതീശൻ**

**ശാസ്ത്രങ്ങൾ** മനുഷ്യനിർമ്മിതങ്ങളാണ്. സംസ്കാരത്തിന്റെ ഈടുവെപ്പുകളുമാണ്. ബൗദ്ധികമായ മസ്തിഷ്കവളർച്ചയിൽ ഇതര ജീവജാലങ്ങളിൽ നിന്ന് മനുഷ്യൻ ഏറെ മുന്നോട്ട് നടന്നത് വളരെ എളുപ്പത്തിലായിരിക്കാൻ വഴിയില്ല. പ്രപഞ്ചത്തെക്കുറിച്ചും തന്നെക്കുറിച്ചുമുള്ള സൂക്ഷ്മവിശകലനങ്ങളുടെ ഫലമാണ് ഇന്നത്തെ മനുഷ്യൻ. ആധുനികതയുടെ അവസാനവക്കിലാണ് മനുഷ്യന്റെ യാത്രയെത്തിനിൽക്കുന്നതെന്നും പറയാനാവില്ല. എങ്കിലും പോയകാലത്തെ പിന്തള്ളിക്കൊണ്ടുള്ള ഒരു പുറംചട്ട പൊഴിക്കൽ അതുണ്ടായിട്ടുണ്ട്. എല്ലാ മേഖലയിലും വിസ്മയാത്മകമായ പുത്തൻ കാഴ്ചപ്പാടുകൾ സൃഷ്ടിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. ഭക്ഷണവും വസ്ത്രവും പോലുള്ള പ്രാഥമികമായ ആവശ്യങ്ങൾ കഴിഞ്ഞാൽ പിന്നെ മനുഷ്യനാവശ്യം ഇണചേരലാണ്. പക്ഷിമൃഗാദികളെപ്പോലെ വംശവർദ്ധനവെന്ന പ്രകൃതിനിഷ്ഠയ്ക്കപ്പുറം ബന്ധങ്ങൾ ഊട്ടിയുറപ്പിക്കേണ്ട ഉപാധി കൂടിയായി മനുഷ്യന് ഇണചേരൽ മാറിയപ്പോൾ, മറ്റേതൊരു മേഖലയിലും പ്രാപ്തിയുള്ളവരാകുവാനായി നിരന്തരമായ പഠനങ്ങളും ഗവേഷണങ്ങളും നടത്തിയതുപോലെ അനിവാര്യമായൊരു തേടൽ ഇവിടെയും നടന്നതായി വേണം കരുതാൻ. ദേഹത്തിന്റെ ആവശ്യം എന്നതിലുപരി മോഹം എന്ന നിലയ്ക്കും ലൈംഗികത മാറിയപ്പോഴാവണം അതൊരു ശാസ്ത്രമായി പരിണമിച്ചത്. അത്തരം നിരീക്ഷണങ്ങളുടെ പുസ്തകരൂപമായി കാണാവുന്നതാണ് വാത്സ്യായനമഹർഷിയുടെ "കാമസൂത്ര"ത്തെ. ഇവിടെ പറയാനുള്ളത് ''സ്ത്രൈണ



കാമസൂത്ര''ത്തെപ്പറ്റിയാണ്. "ഞാൻ പഠിച്ചാൽ നിനക്കു കൂടി വേണ്ടി" എന്ന പുരുഷന്റെ പഴയ കൗശലചിന്ത ഇന്ന് വിലപ്പോകില്ലെന്ന പറഞ്ഞുവെപ്പാണ് ''സ്ത്രൈണ കാമസൂത്രം''. തികച്ചും ഒരു വെല്ലുവിളിയായെടുത്ത് പ്രതികരണങ്ങളെ തൃണവൽഗണിച്ച് കെ.ആർ.ഇന്ദിര കാമസൂത്രത്തിന്റെ പെൺവായന നടത്തുമ്പോൾ അത് കണ്ടില്ലെന്നുവെയ്ക്കാനോ കണക്കാക്കാതിരിക്കാനോ കാലത്തിനു കഴിയുമെന്നു തോന്നുന്നില്ല. മറ്റുള്ളവരുടെ ശബ്ദത്തിലൂടെ കാര്യം നേടിയെടുക്കുന്നവരും അവകാശങ്ങളെക്കുറിച്ച് ബോധമില്ലാത്തവരുമാണധികവും നമുക്കിടയിൽ. "സ്ത്രൈണ കാമസൂത്ര"ത്തിലൂടെ കെ.ആർ.ഇന്ദിര ചെയ്യുന്നത് ഒരു സ്ത്രീയെന്ന നിലയിൽ കാലങ്ങൾ പഴക്കമുള്ള ഒരു പ്രമാണപുസ്തകത്തെ മാറ്റിവായിക്കുകയും തന്മൂലം ആർജ്ജിച്ച തിരിച്ചറിവുകൾ തുറന്നു പറയുകയുമാണ്. കാമകലയിൽ സ്വന്തം ഉപകരണമായ പെണ്ണിനെ എങ്ങനെയൊക്കെ ഉപയോഗിക്കാമെന്നും സുഖം തേടാമെന്നും മാത്രമാണ് കാമസൂത്രത്തിൽ മുനി ഉപദേശിക്കുന്നതെന്നും പെണ്ണ് ആ ഉപയോഗിക്കപ്പെടലിൽ വിരോധമുള്ളവളാണെന്നും കെ.ആർ.ഇന്ദിര സ്ഥാപിക്കുന്നു. പുസ്തകവിഷയം സ്വന്തമാണെങ്കിലും അത് ലോകത്തെ അറിയിക്കുവാനായി തനിക്ക് തുണയായ ചില നിരീക്ഷണങ്ങൾ നേടുന്ന ഒരു ചോദ്യാവലിയും ഉത്തരങ്ങളും "സ്ത്രൈണ കാമസൂത്ര" ത്തിൽ ഏറെ പ്രാധാന്യമർഹിക്കുന്നു.

സ്ത്രൈണകാമസൂത്രത്തെ നാലു ഭാഗങ്ങളാക്കിത്തിരിച്ചിരിക്കുന്നു. ഒന്നാംഭാഗം വാത്സ്യായനകാമസൂത്രത്തിന്റെ ഉള്ളടക്കവും അവലോകനവുമാണ്. കാമസൂത്രത്തിന്റെ രചനാകാലം, പരിഭാഷകൾ എന്നിവയെപ്പറ്റിപ്പറഞ്ഞ് ഒന്നാം അധികരണത്തിൽത്തുടങ്ങി ഏഴാം അധികരണത്തിലവസാനിക്കുന്ന കാമസൂത്രത്തിന്റെ പ്രാഥമികപരിചയമാണ് ഇവിടെ വായിക്കാവുന്നത്. രണ്ടാംഭാഗം "സ്ത്രീ കാമസൂത്രം വായിക്കുന്നു" എന്ന തലക്കെട്ടിൽത്തുടങ്ങുന്നു. ഒന്നുമുതൽ ഏഴധികരണങ്ങളിൽ ഉൾപ്പെടുന്ന അധ്യായങ്ങളെ ഇഴകീറി പരിശോധിച്ച്, ഓരോന്നിനുമൊടുവിൽ സ്വമതം അറിയിച്ചിരിക്കയാണ് ലേഖിക. 'സ്ത്രൈണകാമസൂത്രം' വായിക്കും മുമ്പ് 'കാമസൂത്ര'ത്തെക്കുറിച്ച് തീർച്ചയായും അറിഞ്ഞിരിക്കണമെന്ന ആവശ്യമാകാം 'ഈ ഭാഗം കൊണ്ട് ഉദ്ദേശിക്കുന്നത്. അതുകൊണ്ടു തന്നെ രണ്ടാംഭാഗം 'കാമസൂത്ര'മെന്ന മൂലഗ്രന്ഥത്തിന് പകരം നിൽക്കുന്നു. ഏതാണ്ട് നൂറ്റമ്പതോളം പേജുകളിൽ വിവരിക്കുന്ന 'കാമസൂത്ര' പരിചയം "സ്ത്രൈണ കാമസൂത്ര"ത്തിന് പശ്ചാത്തലമായി മാറുന്നുണ്ട്. ഇവിടെ പ്രധാനമായും ഒരു പെൺവായന എന്ന നിലയിൽ എഴുത്തുകാരി കണ്ടെത്തുന്ന നിഗമനങ്ങൾക്കാണ് പ്രസക്തി. ഒന്നാമതായി, എഴുതപ്പെട്ട കാലം മുതൽക്കേയുള്ള "കാമസൂത്ര"ത്തിന്റെ ദൈവികപരികൽപനയെ മാറ്റി നിർത്തിക്കൊണ്ടാണ് "സ്ത്രൈണ കാമസൂത്രം രചിച്ചിരിക്കുന്നത്. ശാസ്ത്രം എന്ന വാക് ലക്ഷ്യത്തിന് ചേരാത്ത ഘടനയെ പൊളിച്ചുകളഞ്ഞിട്ടുമുണ്ട്. ഈ വാസ്തവം വ്യക്തമായി തിരിച്ചറിഞ്ഞാലേ ഈ പുസ്തകവും തിരിച്ചറിയപ്പെടുകയുള്ളൂ.



**ഓരോ വയസ്സിലും കാലത്തും പുരുഷന്റെ കാമമോഹങ്ങളെ സഹായിക്കാനായി സൂത്രവാക്യങ്ങൾ നിരത്തിയിട്ടുള്ള പുസ്തകത്തിൽ പെണ്ണ് ഒന്നുകിൽ ഒരുപയോഗവസ്തുവായോ കളിപ്പാട്ടമായോ മാറുന്നുണ്ടെന്ന് 'കാമസൂത്ര' ത്തിന്റെ പെൺവായന ചൂണ്ടിക്കാട്ടുന്നു.**

ഓരോ ശാസ്ത്രവും അത് കൈകാര്യം ചെയ്യുന്ന വിഷയത്തെ മാത്രം ചർച്ച ചെയ്യുന്നതാകയാൽ കാമശാസ്ത്രം കൈകാര്യം ചെയ്യുന്നത് കാമത്തെക്കുറിച്ച് മാത്രമാകുന്നു. കാമമെന്നാൽ പുരുഷകാമം എന്നർത്ഥമാകും വിധം തന്നെയാണ് കാമസൂത്രത്തിന്റെ പോക്ക്. എഴുത്തുകാരി പറയുമ്പോലെ പെണ്ണ് ഒന്നുകിൽ അതിനെക്കുറിച്ച് ബോധവതിയല്ലാത്തതു കൊണ്ടോ അഥവാ കാമത്തെക്കുറിച്ചുള്ള പറച്ചിൽ പെണ്ണിനെ മോശക്കാരിയാക്കുമെന്ന ഉൾപ്പേടി കൊണ്ടോ ആവണം ഈ വിഷയത്തിലിന്നേവരെ ഒരു പെൺചിന്തയുണ്ടാവാതിരിക്കാൻ കാരണം.

ഓരോ വയസ്സിലും കാലത്തും പുരുഷന്റെ കാമമോഹങ്ങളെ സഹായിക്കാനായി സൂത്രവാക്യങ്ങൾ നിരത്തിയിട്ടുള്ള പുസ്തകത്തിൽ പെണ്ണ് ഒന്നുകിൽ ഒരുപയോഗവസ്തുവായോ കളിപ്പാട്ടമായോ മാറുന്നുണ്ടെന്ന് 'കാമസൂത്ര'ത്തിന്റെ പെൺവായന ചൂണ്ടിക്കാട്ടുന്നു. സ്ത്രീകൾ കാമകലയിൽ നിപുണകളാകേണ്ടതുണ്ടെന്ന് മുനി പറയായ്കയല്ല. പക്ഷേ അത് പുരുഷന് വേണ്ടിയാവണമെന്ന രീതിയിലാണ് അവതരിപ്പിച്ചിരിക്കുന്നത്. 64 സമ്പ്രയോഗങ്ങളും 64 കലാവിദ്യകളും വിശദമായി പ്രസ്താവിച്ചിട്ടുള്ളത് പുരുഷനെ മാത്രം കേന്ദ്രീകരിച്ചാണ്. പുരുഷന് സ്ത്രീയെ സ്വീകരിക്കാനുള്ള ഉദാരമായ ഉപാധികളും സൗകര്യങ്ങളും ചർച്ചചെയ്യുമ്പോഴും രതിയിൽ പാതിയായ പെണ്ണ് ഇരുളിൽ മറയുന്നത് തെളിവു സഹിതം എഴുത്തുകാരി കണ്ടെത്തുന്നു. ഇങ്ങനെ കാമസൂത്രത്തിന്റെ പെൺവായന കാമസൂത്രത്തിന്റെ കാണാക്കാഴ്ചകളിലേക്കുള്ള മിഴിപാകലാവുന്നു.

മൂന്നാംഭാഗം കേരളസ്ത്രീകളുടെ ലൈംഗികജീവിതത്തെ പ്രതിപാദിക്കുന്ന ഒരു സർവ്വേയാണ്. 50 ചോദ്യങ്ങളടങ്ങിയ ചോദ്യാവലി കേരളത്തിന്റെ എല്ലാഭാഗത്തും വിതരണം ചെയ്ത് വളരെ രഹസ്യമായി ഉത്തരങ്ങൾ ശേഖരിച്ചാണ് പൊതുവായ ഒരു ധാരണയിൽ എഴുത്തുകാരി എത്തിച്ചേർന്നിട്ടുള്ളത്. തികച്ചും വ്യക്തിപരവും ലൈംഗികാധിഷ്ഠിതവുമായ ചോദ്യങ്ങൾ അടങ്ങിയ 500 ചോദ്യാവലികളിൽ നിന്ന് എഴുത്തുകാരിക്ക് തിരിച്ചു കിട്ടിയത് 123 എണ്ണമാണത്രേ. അവയിൽ പൂർണ്ണരൂപത്തിലുള്ളത് 93 എണ്ണം. എന്നുവെച്ചാൽ എഴുത്തുകാരി ഉത്തരം കിട്ടുമെന്ന് പ്രതീക്ഷിച്ചയച്ച സ്ത്രീകളിൽ തന്നെ, സ്വന്തം ദേഹത്തേയും മോഹത്തേയും മനസ്സിനെയും കുറിച്ച് വ്യക്തമായ ധാരണയും അത് രഹസ്യമായിപ്പോലും ഇനിയൊരാളോട് തുറന്നറിയിക്കാൻ കരുത്തുമുള്ളവർ എത്രകുറവാണെന്നു കാണാം. പറഞ്ഞവർ തന്നെ സത്യസന്ധമായാണോ ഉത്തരം നൽകിയിരിക്കുന്നതെന്നും അറിയില്ല. ഉള്ളിലെ മോഹങ്ങൾ ഉത്തരമായി വന്നതാവാനും മതി. എങ്കിലും നമ്മുടെ നാടിന്റെ ചുറ്റുപാടിൽ നിന്ന് ഇത്രയെങ്കിലും ലഭിച്ചതു തന്നെ അത്ഭുതമെന്ന് ഗ്രന്ഥകാരി പറയുന്നു.

നാലാം ഭാഗമാണ് യഥാർത്ഥത്തിൽ പുസ്തകവിഷയമായ “സ്ത്രൈണ കാമസൂത്രം”. കാമസൂത്ര വിശകലനവും ചോദ്യാവലിയും വിശദമാക്കി, സ്വന്തം ചിന്തകളും അഭിപ്രായങ്ങളും നിർദേശങ്ങളും കണ്ടെത്തലുകളുമൊക്കെ എഴുത്തുകാരി തുറന്നെഴുതുന്നത്, “സ്ത്രീകൾക്കു വേണ്ടി ഒരു കാമസൂത്രം” എന്ന നാലാംഭാഗത്തിലാണ്. എല്ലാ അർത്ഥത്തിലും പുരുഷൻ സ്ത്രീയോട് പ്രയോഗിക്കേണ്ട തന്ത്രങ്ങളാണ് “കാമസൂത്ര”യെങ്കിൽ സ്ത്രീ പുരുഷനോട് പയറ്റേണ്ട അടവുകളാണ് ‘‘സ്ത്രൈണ കാമസൂത്രം’’. അതേതാണ്ട് ഇങ്ങനെയൊക്കെ അറിയിക്കുന്നു. പണ്ട് എഴുതപ്പെട്ട കാമസൂത്രം പുരുഷന്റെ ദേഹസുഖത്തിനും കാമപൂരണത്തിനും മാത്രമുള്ളവളായ പെണ്ണിനെ സൗകര്യപൂർവ്വം ഉപയോഗിക്കാനുള്ള മാർഗ്ഗങ്ങൾ ഉപദേശിക്കുന്നതാണ്. ഒരു പരിധിയിലേറെ പെണ്ണ് അന്ന് അതിനുള്ളതായിരുന്നു താനും. ഇന്ന് സ്ഥിതി അതല്ല. സ്ത്രീ സ്വതന്ത്രയാണ്. അഭിപ്രായമുള്ളവളാണ്. അവൾക്കുവേണ്ടി, അവളുടെ സഹായത്തിനു വേണ്ടി കാമസൂത്രമിവിടെ മാറ്റി വായിക്കുന്നു. മാറ്റിയെഴുതുന്നു. പതിനാറു വയസ്സു തൊട്ട് വൃദ്ധനാവും വരെയും കാമപൂർത്തിക്ക് പ്രാപ്തിയുള്ളവനാണ് പുരുഷൻ. എഴുപതാം വയസ്സിലും ഒരു പുരുഷന് സ്ത്രീയെപ്പറ്റി കാമത്തോടെ ചിന്തിക്കാനും അവളുമായി ഇടപെടാനും കഴിയുന്നുണ്ട്. ഒരു എഴുപതുകാരിയെ അതേ അവസ്ഥയിൽ സങ്കൽപ്പിക്കാൻ പോലും പ്രയാസമാണ്. അതിന് കാരണം പെൺമനസ്സിന്റെ കാമനിയന്ത്രണത്തിൽ വലിയൊരു പങ്ക് വഹിക്കുന്നത് സാമൂഹ്യ മര്യാദകളാവുക നിമിത്തമാണ്. ഒരു എഴുപതുകാരിയിൽ കാമചിന്തകൾ കാണില്ലെന്നല്ല, മറിച്ച് അവളാചിന്തകളിൽ നിന്നും അകറ്റപ്പെടുകയാണ്. ഇതിനർത്ഥം എല്ലാ എഴുപതുകാരികളും ഉള്ളിൽ കാമവും പേറി വേറെ വഴിയില്ലാതെ നടക്കുന്നുവെന്നല്ല. പെണ്ണിന് ചിലപ്പോഴൊക്കെ പുരുഷനെ പ്രതിരോധിക്കുകയും ഇനി ചിലപ്പോൾ ആകർഷിക്കുകയും മറ്റു ചിലപ്പോൾ ആക്രമിക്കുകയും ചെയ്യേണ്ടതുണ്ട്. അതിനവളെ സജ്ജമാക്കും വിധം കാമസൂത്രത്തിലെ അധികരണങ്ങളിലൂടെ സഞ്ചരിച്ച് സ്ത്രീയ്ക്ക് യോജിക്കും വിധം കാഴ്ചപ്പാടുകളെ സ്ഥാപിച്ചെടുക്കുകയാണ് എഴുത്തുകാരി. രതിലീലക്കും പ്രണയത്തിനുമായി ആണിന്റെ പുറകെ പെണ്ണ് നടക്കേണ്ടതില്ലെന്നും കൂടുതൽ സുരക്ഷിതത്വം പെണ്ണിനുണ്ടാവുക മറിച്ചാവുമ്പോഴാണെന്നും ഗ്രന്ഥകാരി പറയുന്നു. ശരീരം ഉപയോഗിക്കാൻ പുരുഷന് വിട്ടു കൊടുക്കുന്ന ഒരവസ്ഥ പ്രണയത്തിലാവട്ടെ, വെറും കാമത്തിലാവട്ടെ പെണ്ണിന് മനസ്സിലും ജീവിതത്തിലും ശരീരത്തിലും ഒരുപാട് അപകടങ്ങളുണ്ടാക്കുന്നുണ്ട്. അതിനാൽ ബുദ്ധിപൂർവ്വം വേണമത്. ഒരു പുരുഷനും ഇന്നുവരെ ഒരൊറ്റ പെൺമേനിയിൽ മാത്രം തൃപ്തനായിട്ടില്ല എന്ന വസ്തുതയാണ് അതിന് കാരണം. ഭ്രമം തീർന്ന കൗതുകവസ്തു കണക്കെ ഉപയോഗിച്ചു മടുത്ത പെണ്ണിനെ അവൻ മാറ്റിവെക്കും. ഇവിടെ കൗശലവും ബുദ്ധിയും പെണ്ണ് കരുതേണ്ടതുണ്ട്. ഇനി, ഒരു പുരുഷനു

**പണ്ട് എഴുതപ്പെട്ട കാമസൂത്രം പുരുഷന്റെ ദേഹസുഖത്തിനും കാമപൂരണത്തിനും മാത്രമുള്ളവളായ പെണ്ണിനെ സൗകര്യപൂർവ്വം ഉപയോഗിക്കാനുള്ള മാർഗ്ഗങ്ങൾ ഉപദേശിക്കുന്നതാണ്. ഒരു പരിധിയിലേറെ പെണ്ണ് അന്ന് അതിനുള്ളതായിരുന്നു താനും. ഇന്ന് സ്ഥിതി അതല്ല. സ്ത്രീ സ്വതന്ത്രയാണ്. അഭിപ്രായമുള്ളവളാണ്. അവൾക്കുവേണ്ടി, അവളുടെ സഹായത്തിനു വേണ്ടി കാമസൂത്രമിവിടെ മാറ്റി വായിക്കുന്നു, മാറ്റിയെഴുതുന്നു.**



മായി ബന്ധം വേണമെന്നുണ്ടെങ്കിൽ അതെപ്രകാരമൊക്കെയാവാം എന്ന് സരസരൂപേണ സ്ത്രൈണകാമസൂത്രം പറഞ്ഞു തരുന്നു. സ്ത്രീയുടെ കാമവും പ്രേമവും സ്ഥായിയായതിനാൽ ഒരു തെരഞ്ഞെടുപ്പ് ക്ഷിപ്രസാധ്യമല്ല. അറിവും ബുദ്ധിയും പോരാത്തവനും നീചനുമായ പുരുഷനെസ്വീകരിക്കുക വഴി പെണ്ണ് വിളിച്ചു വരുത്തുന്ന അപകടം ചെറുതല്ല. ആരോടും ഏതു സമയത്തും കാമം തോന്നുന്ന പുരുഷനാണ് ചപലനെന്നും എന്നിട്ടും ചപലയായത് അഥവാ അങ്കുശമില്ലാത്ത ചാപല്യമായി അറിയപ്പെട്ടത് പെണ്ണായിപ്പോയെന്നും എഴുത്തുകാരി അതിശയിക്കുന്നു. പ്രണയം പെണ്ണിനെ അന്ധയും വിധേയയുമാക്കുന്നു. ഇതറിയുന്ന പുരുഷൻ പ്രണയത്തിലൂടെ കാമത്തിലേക്കവളെ നടത്തി ഒടുവിൽ കളയുന്ന കാഴ്ചയാണുള്ളത്. ഈ അടിസ്ഥാനവസ്തുത ഓരോ പെണ്ണിന്റെയുള്ളിലും ഉണ്ടാവേണ്ടതുണ്ടെന്ന് എഴുത്തുകാരി സമർത്ഥിക്കുന്നു. ''എനിക്കത് ഇഷ്ടമല്ല'' എന്ന് പുരുഷനോട് എന്തിനെക്കുറിച്ചും തുറന്നു പറയാനുള്ള ചങ്കുറപ്പ് കരുതുന്ന പെണ്ണ് മാത്രമാണ് സ്വതന്ത്ര. ആശങ്കകൾ അവളെ അസ്വതന്ത്രയാക്കും. അഭിപ്രായമില്ലാത്തവളാക്കും. ബലമില്ലാ ദേഹത്ത് കരുത്തുറ്റൊരു മനസ്സില്ലെങ്കിൽ എവിടെ നിന്നും പെണ്ണിന് നേരിടേണ്ടി വരിക അടിച്ചമർത്തലും ചതിയും മാത്രം. പെണ്ണിന്റെ പ്രണയം അവൾക്കെന്നും ആഘോഷമാണ്. അതവൾ അതേ രീതിയിൽ തിരിച്ചും പ്രതീക്ഷിക്കുന്നു. പക്ഷേ നിരാശയാവും മിക്കവർക്കും ഫലം. കണ്ണിന് കണ്ണ്, പല്ലിന് പല്ല് എന്ന രീതിയിൽ എഴുതപ്പെട്ട തന്റെ രചനയോ അതിനാധാരമായ പ്രാചീനകാമസൂത്രമോ നിലനിൽക്കണമെന്ന് എഴുത്തുകാരി മോഹിക്കുന്നില്ല. പരസ്പരസ്നേഹവും വിശ്വാസവും പ്രണയവുമുണ്ടാകുമൊരു കാലം ഇവയൊക്കെ തിരസ്കരിക്കപ്പെടുമെന്ന് 'സ്ത്രൈണ കാമസൂത്ര'ത്തിന്റെ ഉപസംഹാരത്തിൽ അവർ പറയുന്നു.

ഈ പുസ്തകം സ്ത്രീകൾക്ക് എത്രമാത്രം ഉപയോഗപ്പെടുമെന്ന് നിശ്ചയമില്ല. സ്വന്തം ലൈംഗികതയെക്കുറിച്ച് രഹസ്യമായിപ്പോലും തുറന്നു പറയാൻ മടിക്കുന്ന പെണ്ണുങ്ങൾ അതിനെക്കുറിച്ചൊരു തുറന്ന പുസ്തകം വാങ്ങി വായിക്കുവാൻ തയ്യാറാവുമോ? സംശയമാണ്. മാത്രമല്ല ദേഹത്തേക്കാൾ പെണ്ണ് മിക്കവാറും മനസ്സുകൊണ്ടാണ് പുരുഷനിൽ അടിമയായി സ്വയം മാറുന്നത്. ഇന്നും തൊണ്ണൂറ്റിയഞ്ച് ശതമാനം സ്ത്രീകളും പുരുഷന്റെ സംരക്ഷണം മോഹിച്ച് സ്വന്തം വ്യക്തിത്വത്തിൽ എന്തുവിട്ടുവീഴ്ചകളും ചെയ്യാൻ തയ്യാറാണ്. അവർക്കാർക്കും തന്നെ 'സ്ത്രൈണകാമസൂത്രം' പഥ്യമാവില്ല. മറിച്ച് ഒരു പെണ്ണ് നടത്തിയ അധികപ്രസംഗമായേ ഇതിനെ കാണൂ. മറ്റൊന്ന് പുരുഷപക്ഷത്തു നിന്നുള്ള വായനയാണ്. ലോകത്തിലെ എല്ലാ പുരുഷന്മാരും ഈ പുസ്തകം തരപ്പെട്ടാൽ വാങ്ങി വായിക്കാതിരിക്കില്ല. അതൊരിക്കലും പെണ്ണിന്റെ മനോവിചാരങ്ങളറിയാനും അതിനനുയോജ്യമായി സ്വന്തം ശീലങ്ങളെ മാറ്റാനും അതുവഴി അവളെ ഒപ്പം കൂട്ടാനുമാവില്ല. എല്ലാ പെണ്ണുങ്ങളുടേയും വിചാരങ്ങൾ ഒരാളിലൂടെ ചുളുവിൽ അറിയാൻ കഴിയുമ്പോൾ വേണ്ടെന്നു വെക്കാൻ പറ്റാത്തതുകൊണ്ടാണ്. കൂടാതെ അക്ഷരങ്ങളിലൂടെ ധൃതിപിടിച്ച് ഓടി നടക്കുന്ന കണ്ണുകളെ ആർത്തിയോടെ വലിച്ച് താഴേക്കിടാൻ പോന്ന "തുറന്ന" ചിത്രങ്ങൾ എല്ലാ പേജുകളിലുമുണ്ട്. സ്ത്രൈണകാമസൂത്രത്തിൽ ഈ ചിത്രങ്ങളുടെ ആവശ്യമില്ല തന്നെ. ഒരൊറ്റച്ചിത്രത്തിലും എഴുത്തുകാരിയുടെ ചിന്തകൾ എത്തിനോക്കുന്നില്ല. കാമസൂത്രത്തിന്റെ വിശദപരിചയം സ്ത്രൈണകാമസൂത്രത്തെ അടിസ്ഥാനപരമായി മനസ്സിലാക്കാൻ ഉപയോഗപ്പെടുമായിരിക്കും. പക്ഷേ മാനസികരോഗികളായ പുരുഷന്മാരുടെ ഇടയിലാണ് പെണ്ണിന് സഞ്ചരിക്കേണ്ടതും തൊഴിലെടുക്കേണ്ടതും. ഈ ചിത്രങ്ങളുടെ ഒറ്റക്കാരണത്താൽ പുസ്തകം വാങ്ങാനും പരസ്യമായി വായിക്കാനും സ്ത്രീകൾ മടിക്കുമെന്നുറപ്പാണ്. പുരുഷനാവട്ടെ സ്വാദിഷ്ടമായ ഉപദംശം എന്ന വിധം അതാസ്വദിക്കുകയും ചെയ്യും. ചിത്രങ്ങളൊഴിവാക്കി ഒരു പെൺപതിപ്പ് ഉടൻ ഇറങ്ങുമെന്നറിയുന്നുവെങ്കിലും ആയിരക്കണക്കിന് കൈകളിൽ ആദ്യപതിപ്പ് എത്തിക്കഴിഞ്ഞ വസ്തുത കാണാതെ വയ്യ. എഴുത്തുകാരിയുടെ എതിർപ്പിന്റെ ഫലമാവാം രണ്ടാംപതിപ്പ്. എങ്കിലും ഉന്നതമായൊരു കാഴ്ചപ്പാട് ഈവിധം കച്ചവടമാക്കിയതിന് കാരണക്കാർ ആരായാലും ഉത്തരം പറയിപ്പിക്കേണ്ടിയിരുന്നു. ചിത്രങ്ങളൊക്കെ ഒരു സ്ത്രീയുടെ സംഭാവനയാണെന്നത് ഏറെ ശ്രദ്ധേയവുമാണ്.

**പെണ്ണ് ഇന്നും എന്നും തന്നെ തിരയുന്നത് ആണിലാണ്. പുരുഷനാവട്ടെ അവനെ കുറിച്ച് മാത്രം ചിന്തിക്കുന്നവനും. സ്വന്തം അന്വേഷണങ്ങൾ തന്റെ നേരെ തന്നെ തിരിയും വരെ "സ്ത്രൈണകാമസൂത്രം" ഒരു ശാസ്ത്രഗ്രന്ഥം മാത്രം.**

പെണ്ണ് ഇന്നും എന്നും തന്നെ തെരയുന്നത് ആണിലാണ്. പുരുഷനാവട്ടെ അവനെ കുറിച്ച് മാത്രം ചിന്തിക്കുന്നവനും. സ്വന്തം അന്വേഷണങ്ങൾ തന്റെ നേരെ തന്നെ തിരിയും വരെ "സ്ത്രൈണകാമസൂത്രം" ഒരു ശാസ്ത്രഗ്രന്ഥം മാത്രം. ആത്മബന്ധങ്ങൾക്ക് ശരീരങ്ങൾ ഇടനിലയാകുന്നില്ല. അവിടെ ദേഹങ്ങൾ പങ്കുവെക്കപ്പെടുകയോ ആക്രമിക്കപ്പെടുകയോ അടിച്ചമർത്തപ്പെടുകയോ ഒന്നും ചെയ്യുന്നില്ല. ആത്മശുദ്ധിയും ആത്മശക്തിയും ഇഴചേരുന്ന മനസ്സുകളുടെ കലരലിന് സാക്ഷി നിൽക്കയാണ് ദേഹത്തിന്റെ നിയോഗം. അത്തരം ആണും പെണ്ണും ഇവിടെയുണ്ട്. അവർ വളരെ ചെറിയ ശതമാനമായിരിക്കാം. അവരെ തൃപ്തിപ്പെടുത്തേണ്ടതൊന്നും രണ്ടു കാമസൂത്രങ്ങളിലുമുണ്ടാവില്ല. അവർക്ക് കാമശാസ്ത്ര ഗവേഷണത്തിന്റെ ആവശ്യവുമില്ല. രതി ആത്മാക്കളുടെ ഒന്നാവലാവുമ്പോൾ ദേഹം കൊണ്ടുള്ള പരീക്ഷണങ്ങൾ പരിഹാസ്യമാവുന്നുണ്ട്.

ഡോ. സാറാമ്മ പി. പി.



# അപസ്മാരം സ്ത്രീകളിൽ: സാമൂഹ്യപ്രത്യാഘാതങ്ങൾ

**സ്ത്രീപുരുഷഭേദമെന്യേ** ലോകമെമ്പാടും കാണപ്പെടുന്ന അപസ്മാരമെന്ന മസ്തിഷ്കരോഗത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ എന്തിനാണിങ്ങനെയൊരു തലക്കെട്ട് എന്ന് തോന്നാം. കാരണങ്ങൾ പലതാണെങ്കിലും അവയിൽ മുഖ്യമായത്, ഇ ൗ രോഗത്തോടനുബന്ധിച്ചുള്ള ശാരീരികവും, മാനസികവും, സാമൂഹ്യവും, സാമ്പത്തികവുമായ പ്രശ്നങ്ങൾ പുരുഷൻമാരേക്കാൾ കൂടുതലായി കാണുന്നത് സ്ത്രീകളിലാണ് എന്നതുതന്നെയാണ്. ഉദാഹരണത്തിന്, ശാരീരികപ്രത്യേകതകളായ ആർത്തവം, ഗർഭധാരണം, പ്രസവം, മുലയൂട്ടൽ എന്നിങ്ങനെ സ്ത്രീകൾ മാത്രം അനുഭവിക്കുന്ന ചില കാര്യങ്ങൾ അപസ്മാരമുള്ള സ്ത്രീകൾക്ക് വെല്ലുവിളി ഉയർത്തുന്നുണ്ട്. ഇതിന്റെ പൂർണ ഉത്തരവാദിത്തം സമൂഹത്തിനു തന്നെയാണ്. ഈ അസുഖത്തെക്കുറിച്ച് സമൂഹത്തിൽ നിലനിൽക്കുന്ന മിഥ്യാധാരണകളും സംശയങ്ങളും മാററിയെടുക്കാൻ ആരോഗ്യരംഗത്തുള്ളവരും പൊതുജനങ്ങളും കാര്യമായി ഒന്നും തന്നെ ചെയ്യുന്നില്ല. അപസ്മാരമെന്ന സാധാരണ രോഗത്തെ/അസുഖത്തെ ഭയത്തോടെ കാണുകയും അസുഖമുള്ളവരെ സമൂഹത്തിൽ ഒററപ്പെടുത്തുകയും, തന്മൂലം ഈ രോഗവിവരം മറച്ചുവെക്കാൻ ശ്രമിക്കുകയും ചെയ്യു ന്നു. ഇതെല്ലാം നമ്മുടെ തെററിദ്ധാരണകളുടെ പ്രതിഫലനങ്ങളാണ്. സമൂഹബോധവൽക്കരണത്തിലൂടെ, ഈ സ്ത്രീകളെ ജീവിതത്തിന്റെ മുഖ്യധാരയിലേക്കു കൊണ്ടുവരേണ്ടതുണ്ട്. ഒരു ആരോഗ്യപ്രവർത്തക എന്ന നിലയിൽ ഈ കടമ നിറവേററുകയാണ് ഈ ലേഖനത്തിന്റെ ലക്ഷ്യം. എന്താണ് അപസ്മാരം?

നമ്മുടെ തലച്ചോറിലെ അനേക കോടി കോശങ്ങൾ (ഇൻഡ്യയിലെ ജനസംഖ്യയേക്കാൾ ഏതാണ്ട് പത്ത് മടങ്ങ് കൂടുതൽ) തുടർച്ചയായി വൈദ്യുതതരംഗങ്ങളിലൂടെ സംവദിച്ചു കൊണ്ടിരിക്കുന്നു. നമ്മൾ ഉണർന്നിരിക്കുമ്പോഴും ഉറങ്ങുമ്പോഴുമെല്ലാം, ഇൻസുലേഷൻ ചെയ്തിട്ടുള്ള വൈദ്യുതചാലകങ്ങളിലൂടെ ഈ സംവേദനം തുടരുന്നുണ്ട്. മനോഹരമായി നിർമ്മിച്ചിട്ടുള്ള ഈ മസ്തിഷ്കത്തിൽ ചിലപ്പോൾ

**ഗർഭിണിയായിരിക്കുമ്പോഴോ പ്രസവസമയത്തോ ഉള്ള ചില പ്രശ്നങ്ങൾ, തലച്ചോറിനേൽക്കുന്ന ക്ഷതം, തലച്ചോറിലെ മുഴകൾ, അണുബാധ, പക്ഷാഘാതം, പ്രാണവായുവിൻെറ കുറവ്, പാരമ്പര്യം, എന്നിങ്ങനെ പല കാരണങ്ങൾ അപസ്മാരത്തിന് വഴിയൊരുക്കുന്നു. എന്നാൽ പ്രത്യേകിച്ച് കാരണങ്ങളില്ലാതെയാണ് ഏറ്റവും കൂടുതൽ അപസ്മാരം കണ്ടുവരുന്നത്.**

അനിയന്ത്രിതമായി, അനാവശ്യമായി ചില വൈദ്യുതതരംഗങ്ങൾ പെട്ടെന്ന് കടന്നു വരുന്നു. ഇതുമൂലം ചില ശാരീരിക മാറ്റങ്ങൾ പ്രകടമാകുന്നു. ഉദാഹരണത്തിന് സംസാരം/പ്രവൃത്തി നിന്നുപോകുക, ബോധം നഷ്ടപ്പെടുക, താഴെ വീഴുക, ചില ചേഷ്ട/ഗോഷ്ടി കാണിക്കുക, കൈകാലുകൾ ബലമായി പിടിക്കുക, പിന്നീട് കൈകാലിട്ടടിക്കുക, വായിൽ നിന്ന് പത വരുക, എന്നിങ്ങനെ ഏതെങ്കിലുമൊക്കെയാകാം. ഇതിനെ നമ്മൾ സന്നി/ജന്നി എന്നീ പേരുകൾ വിളിക്കുന്നു. അപൂർവ്വം ചിലരെങ്കിലും കരുതുന്നതുപോലെ ഇത് ഭൂത, പ്രേത, ബാധയല്ലെന്നു സാരം. ഇതൊരു മാനസികരോഗവുമല്ല. പ്രത്യേകിച്ച് കാരണം കൂടാതെ, വീണ്ടും വീണ്ടും ആവർത്തിച്ച് സന്നിവരുന്നതിനെ'അപസ്മാരം' അഥവാ 'ചുഴലി' എന്നു പറയുന്നു.

## കാരണങ്ങൾ

ഗർഭിണിയായിരിക്കുമ്പോഴോ പ്രസവസമയത്തോ ഉള്ള ചില പ്രശ്നങ്ങൾ, തലച്ചോറിനേൽക്കുന്ന ക്ഷതം, തലച്ചോറിലെ മുഴകൾ, അണുബാധ, പക്ഷാഘാതം, പ്രാണവായുവിൻെറ കുറവ്, പാരമ്പര്യം, എന്നിങ്ങനെ പല കാരണങ്ങൾ അപസ്മാരത്തിന് വഴിയൊരുക്കുന്നു. എന്നാൽ പ്രത്യേകിച്ച് കാരണങ്ങളില്ലാതെയാണ് ഏറ്റവും കൂടുതൽ അപസ്മാരം കണ്ടുവരുന്നത്. ചിലപ്പോൾ, പ്രത്യേകിച്ചു കുട്ടികളിൽ പനിയോടൊപ്പം സന്നി വരാറുണ്ട്. ഇത് അപസ്മാരമല്ല. ഏകദേശം ഇരുന്നൂറിൽ ഒരാൾക്ക് കാണുന്ന ഒരു സാധാരണരോഗമാണ് അപസ്മാരം. നവജാതശിശു മുതൽ വയസ്സായവർ വരെ ഏതുപ്രായക്കാരിലും ഇതുകാണാം. നമ്മൾ പക്ഷേ കാണുന്നില്ല. കാരണം ഇതു വല്ലപ്പോഴുമേ വരൂ. അസുഖമുള്ള വിവരം ആരും പറയുകയുമില്ല. ഇത് രഹസ്യമായി വെക്കേണ്ടതാണ് എന്ന തോന്നൽ. ഈ അസുഖത്തേക്കുറിച്ച് ശരിയായ കാഴ്ചപ്പാടില്ല. മററുള്ളവർ അറിയരുത് എന്ന വിചാരം മൂലം, ഈ അസുഖത്തെ വളരെ ഗോപ്യമായി വെക്കാൻ, വീട്ടുകാർ തീരുമാനിക്കുന്നു. നമുക്കറിയാം, വ്യക്തികൾക്കെന്ന പോലെ അസുഖങ്ങൾക്കും ഒരു മാന്യത, സമൂഹം കല്പിക്കുന്നുണ്ട്. സമൂഹത്തിൽ മാന്യതയുള്ള, ഉന്നതശ്രേണിയിലുള്ള (പി.എച്ച്.ഡി) അസുഖങ്ങളാണ് പ്രഷർ അഥവാ ഉയർന്നരക്തസമ്മർദ്ദം, ഉയർന്ന കൊളസ്ട്രോൾ, ഡയബിറ്റിസ് എന്നിവ. ഈ അസുഖങ്ങൾക്ക് കൊടുക്കുന്ന സ്വീകാര്യത അപസ്മാരത്തിന് നമ്മൾ കൊടുക്കുന്നില്ല. ഈ ചിന്താഗതിയാണ് മാറേണ്ടതും മാറ്റേണ്ടതും.

## ചികിത്സ

പ്രധാനമായും മരുന്നുകൾ നൽകിയുള്ള ചികിത്സയാണെന്ന് പലർക്കുമറിയാമായിരിക്കും. ഏകദേശം 70–80% ആൾക്കാർക്കും ഈ രോഗം മാറുകയോ, നിയന്ത്രണ വിധേയമാകുകയോ ചെയ്യും. ഏതുതരം അപസ്മാരമാണ് എന്നതിനെ ആശ്രയിച്ചാണ് മരുന്നുകൾ ദീർഘകാലം തുടരണമോയെന്ന് ഡോക്ടർ നിർദ്ദേശിക്കുന്നത്. മരുന്നുകൾകൊണ്ട് സന്നി നിയന്ത്രണ വിധേയമാക്കാൻ കഴിഞ്ഞില്ലെങ്കിൽ ഓപ്പറേഷൻ എന്ന ചികിത്സയും തിരഞ്ഞെടുത്ത രോഗികളിൽ വളരെ ഫലപ്രദമാണ് എന്ന് പഠനങ്ങൾ തെളിയിക്കുന്നു. എന്നിരുന്നാലും രോഗനിർണയത്തിന് ആശുപത്രിയിൽ പോകാൻ മടി, തുടർച്ചയായി മരുന്നു കഴിക്കാൻ മടി, പ്രത്യേകിച്ചും പെൺകുട്ടികളും സ്ത്രീകളുമാണെങ്കിൽ മറ്റുള്ളവരെ അറിയിക്കാതെ, ചികിത്സിക്കാതെ, ചികിത്സ പൂർത്തിയാക്കാതെ, മന്ത്രവാദം വരെ നടത്തി പ്രശ്നങ്ങൾ സങ്കീർണമാക്കുന്നു. സ്കൂളിൽ വച്ച് സന്നി വന്നാൽ ചിലപ്പോൾ സഹപാഠികൾ ഒറ്റപ്പെടുത്തും. ഈ അവസരത്തിൽ അധ്യാപകർ മുൻകൈയ്യെടുത്ത് ബോധവൽക്കരണത്തിലൂടെ, സഹപാഠികളുടേയും അവരിലൂടെ അവരുൾപ്പെടുന്ന സമൂഹത്തിന്റേയും ചിന്താഗതി മാറ്റിയെടുക്കണം. വൈദ്യപരിശോധനയിലൂടെ, കരുതലിലൂടെ, ഇവരെ മുന്നോട്ട് കൈ പിടിച്ച് നയിക്കാൻ അധ്യാപകർക്ക് കഴിയണം.

## പ്രഥമശുശ്രൂഷ: തെറ്റിദ്ധാരണകൾ

ആർക്കെങ്കിലും സന്നി വരുന്നതു കണ്ടാൽ എന്തു പ്രഥമശുശ്രൂഷയാണ് ചെയ്യേണ്ടത്? ഇരുമ്പു താക്കോൽ കൈയ്യിൽ പിടിപ്പിക്കും എന്ന് മനസ്സ് പറഞ്ഞോ? നമ്മുടെ നാട്ടിൽ പലരും അവലംബിക്കാറുള്ള ഒരു രീതിയാണ് അത്. കാരണം, നമ്മൾ സിനിമയിലും സീരിയലിലും നമ്മുടെ ഇടയിലും കണ്ടിരിക്കുന്നത് അതാണ്. തന്നെയുമല്ല, അതോടൊപ്പം സന്നി മാറുന്നതായും കാണുന്നു. ഇതിന് ശാസ്ത്രീയവശമുണ്ടോ? ഇല്ലേയില്ല. വളരെക്കാലത്തെ പഴക്കം കൊണ്ട് ഇത് ശാസ്ത്രീയചികിത്സയാണെന്ന് തെററിദ്ധരിക്കപ്പെട്ടു കിടക്കുന്നു. എന്താണ് യാഥാർത്ഥ്യം? സാധാരണയായി ഒരു സന്നിയുടെ ദൈർഘ്യം ഏതാനും നിമിഷം മുതൽ ഒന്നോ രണ്ടോ മിനിററുവരെയാണ്. താക്കോൽ കൈയ്യിലെത്തിക്കുമ്പോഴേക്കും ഈ ദൈർഘ്യം തീരുകയും, സന്നി സ്വയം ശമിക്കുകയും ചെയ്യും. 'താക്കോൽ കൈയ്യിൽ പിടിപ്പിച്ചതുകൊണ്ട് സന്നി മാറി' യെന്ന് നമ്മൾ തെറ്റിദ്ധരിക്കുകയും ചെയ്യും. തെക്കേയിന്ത്യയിൽ താക്കോൽ കൈയ്യിൽ കൊടുക്കുമ്പോൾ, വടക്കേയിന്ത്യയിൽ ഉള്ളി മ

ണപ്പിക്കുമെന്ന് കേട്ടിട്ടുണ്ട്. ചില മതവിഭാഗങ്ങളിൽ 'ബാധ' ഒഴിപ്പിക്കാൻ വേണ്ടി 'കുരുമുളക് വായിലിട്ട് ചവച്ചിട്ട് രോഗിയുടെ കണ്ണിലേക്ക് ഊതി വിടുന്നു'. ഇതുപോലുള്ള പ്രാകൃത ചികിത്സാരീതികൾ, ഇത്രയും വിദ്യാസമ്പന്നതയുള്ള നമ്മുടെ ഈ കൊച്ചുകേരളത്തിൽ ഇക്കാലത്തും തുടരുന്നതായി അനുഭവസാക്ഷ്യങ്ങൾ കേട്ടിട്ടുണ്ട്.

## സന്നിയുടെ പ്രഥമശുശ്രൂഷ

സന്നിയുടെ പ്രഥമശുശ്രൂഷയിൽ പ്രാധാന്യം ശാരീരികമുറിവുകൾ തടയലും ശ്വാസോച്ഛ്വാസം സുഗമമാക്കലും ആണ്. നമ്മൾ ശാന്തചിത്തരായിരിക്കുകയാണ് ആദ്യം വേണ്ടത്. സന്നിയുടെ ദൈർഘ്യം വളരെ കുറവാണെന്ന് മനസ്സിലായല്ലോ. സന്നി പുറമേനിന്ന് നമുക്ക് പിടിച്ചു നിർത്താൻ സാധിക്കില്ലെന്നും ഓർക്കണം. സന്നിയുടെ പ്രഥമശുശ്രൂഷ ഇനി പറയുന്നു.

### സന്നിയുടെ പ്രഥമശുശ്രൂഷ

### ചെയ്യേണ്ടതായ കാര്യങ്ങൾ

വ്യക്തിയെ സ്വസ്ഥമായിട്ട് കിടക്കാൻ സഹായിക്കുക,

ഇറുകിയ വസ്ത്രങ്ങൾ അയച്ച് ശ്വാസതടസ്സം മാററുക,

കൈകാലിട്ടടിക്കുന്നെങ്കിൽ മുറിവുണ്ടാകുന്നത് ഒഴിവാക്കാൻ സമീപത്തുള്ള അനാവശ്യ വസ്തുക്കൾ നീക്കം ചെയ്യുക, വിശ്രമിക്കാനും ഉറങ്ങാനും അനുവദിക്കുക, വായിലെ പത ഒഴുകിപ്പോകാൻ അനുവദിക്കുക.

## ചെയ്യാൻ പാടില്ലാത്ത കാര്യങ്ങൾ

ആൾക്കു ചുററും കൂട്ടംകൂടി നിൽക്കരുത്, ബലം പ്രയോഗിച്ച് കൈകാലുകൾ പിടിച്ചുവെയ്ക്കരുത്, എഴുന്നേല്പിച്ച് ഇരുത്തരുത്, കുടിക്കാനൊന്നും കൊടുക്കരുത്, വായിൽ ബലം പ്രയോഗിച്ച് ഒന്നും ഇടരുത്.

സന്നിശമിച്ച്, ബോധം വന്നതിനുശേഷം സംഭവിച്ച കാര്യങ്ങൾ പറഞ്ഞു കൊടുക്കാം. മരുന്ന് കഴിക്കുന്നുണ്ടോയെന്ന് തിരക്കാം. ആശുപത്രിയിൽ പോകേണ്ടതുണ്ടെങ്കിൽ സഹായിക്കാം. ഓരോ പ്രാവശ്യം സന്നി വരുമ്പോഴും ആശുപത്രിയിൽ പോകേണ്ടതായ ആവശ്യമില്ല.

അപൂർവ്വ സാഹചര്യങ്ങളിൽ നിലക്കാതെ തുടർച്ചയായി സന്നി വന്നേക്കാം. അപസ്മാരത്തിനെതിരായി കഴിക്കുന്ന മരുന്ന് മുടങ്ങുന്നതാണ് മിക്കപ്പോഴും കാരണം. സന്നി അഞ്ച് മിനുട്ടിൽ അധികം നീണ്ടു നിൽക്കുകയോ, അബോധാവസ്ഥ തുടരുകയോ ചെയ്താൽ ഇതൊരു അത്യാഹിതമായി കണക്കാക്കി എത്രയും പെട്ടെന്ന് ആശുപത്രിയിൽ എത്തിക്കണം. അപസ്മാരമുള്ളവർ ഉറക്കമിളയ്ക്കരുതെന്നും ഡോക്ടറുടെ നിർദ്ദേശമനുസരിച്ച് കൃത്യമായി മരുന്ന് തുടരണമെന്നും പ്രത്യേകം പറയേണ്ടതില്ലല്ലോ.

## അപസ്മാരത്തിന്റെ ലിംഗവിവേചനം

അപസ്മാരവുമായി ബന്ധപ്പെട്ടു കിടക്കുന്ന സാമൂഹികപ്രശ്നങ്ങൾ, യഥാസമയം വിദഗ്ധചികിത്സയും ഉപദേശങ്ങളും തേടുന്നതിൽ നിന്നും സ്ത്രീകളെ പിന്തിരിപ്പിക്കുന്നു എന്നത് ഒരു യാഥാർത്ഥ്യമാണ്. പുരുഷമേധാവിത്വമുള്ള സമൂഹത്തിൽ പിൻതള്ളപ്പെടുന്നവരാണ് അപസ്മാരമുള്ള സ്ത്രീകൾ. ആശുപത്രിയിൽ പോയി ചികിത്സ തേടുന്ന കാര്യത്തിലും ഇവർ പിൻനിരയിലാണ്. തിരുവനന്തപുരത്ത് ശ്രീ ചിത്ര ആശുപത്രിയിൽ അപസ്മാര ചികിത്സ തേടി വരുന്നവരിൽ ഏതാണ്ട് എഴുപതുശതമാനം പേരും പുരുഷൻമാരും ബാക്കി മുപ്പതു ശതമാനം സ്ത്രീകളുമാണ്. എന്നാൽ പ്രാഥമികാരോഗ്യകേന്ദ്രങ്ങളിൽ മിക്കപ്പോഴും സ്ത്രീകളാണ് പുരുഷൻമാരേക്കാൾ കൂടുതലായി അപസ്മാരചികിത്സയ്ക്ക് എത്തുന്നത്. ഈ വൈരുധ്യം എന്തു കൊണ്ട്? ഇവിടേയും ഒരു വിവേചനം നമുക്ക് കാണാൻ കഴിയും. സമൂഹത്തിന്റെ ഒററപ്പെടുത്തൽ, ചികിത്സയിലെ അപര്യാപ്തത, തൊഴിലില്ലായ്മ എന്നിവയെല്ലാം കൂടുതലായി ബാധിക്കുന്നത് സ്ത്രീകളെയാണ്.



**അപൂർവ്വ സാഹചര്യങ്ങളിൽ നിലക്കാതെ തുടർച്ചയായി സന്നി വന്നേക്കാം. അപസ്മാരത്തിനെതിരായി കഴിക്കുന്ന മരുന്ന് മുടങ്ങുന്നതാണ് മിക്കപ്പോഴും കാരണം. സന്നി അഞ്ച് മിനുട്ടിൽ അധികം നീണ്ടു നിൽക്കുകയോ, അബോധാവസ്ഥ തുടരുകയോ ചെയ്താൽ ഇതൊരു അത്യാഹിതമായി കണക്കാക്കി എത്രയും പെട്ടെന്ന് ആശുപത്രിയിൽ എത്തിക്കണം.**



## വിവാഹം

ഇനി വിവാഹപ്രായമായാലോ? വിവാഹം കഴിച്ചാൽ പുരുഷൻമാരിൽ ഈ അസുഖം മാറുമെന്ന് വിശ്വസിക്കുന്ന ഒരു വിഭാഗം ജനങ്ങളുണ്ട്. ആർക്കും ഭാരമാകണ്ട എ



**അപസ്മാരമുള്ള സ്ത്രീകൾക്ക് വിവാഹം കഴിക്കുന്നതിനും സന്തോഷകരമായ കുടുംബജീവിതം നയിക്കുന്നതിനും സാധിക്കും. സുരക്ഷിതമായ ഗർഭധാരണവും ആരോഗ്യമുള്ള കുഞ്ഞുങ്ങളും ഇവർക്കും സാധ്യമാണ്. ഇവരിൽ തൊണ്ണൂറ് ശതമാനത്തില ധികം പേരും ആരോഗ്യമുള്ള ശിശുക്കൾക്ക് ജൻമം നൽകുകയും അർത്ഥവത്തായ കുടുംബജീവിതം നയിക്കുകയും ചെയ്യുന്നുമുണ്ട്.**

ന്നു കരുതി, ഈ അസുഖത്തിന്റെ പേരിൽ കല്യാണമേ വേണ്ട എന്നു കരുതി മാറിനിൽക്കുന്ന സ്ത്രീകളുമുണ്ട്. ഇതു രണ്ടും തെറ്റാണ്. അപസ്മാരമുള്ളതുകൊണ്ട്, ഒരു ജീവിതപങ്കാളിയെ കണ്ടെത്താനുള്ള ബുദ്ധിമുട്ട്, ഈ അസുഖം മറച്ചുവെച്ച് വിവാഹം കഴിക്കാൻ പ്രേരിപ്പിക്കുന്നു. വിവാഹം കഴിഞ്ഞ് ഭർത്താവിന് അപസ്മാരമുണ്ടെന്നറിഞ്ഞാൽ സ്ത്രീകൾ അത് ഉൾക്കൊള്ളും. എന്നാൽ മറിച്ചാണെങ്കിലോ? പിരിഞ്ഞുതാമസിക്കുന്നതിലേക്കു നയിക്കും. ഈ അടുത്ത കാലം (1999) വരെ നമ്മുടെയിടയിൽ വിവാഹമോചനത്തിനു ള്ള നിയമപരമായ ഒരു കാരണമായിരുന്നു ഈ അസുഖം. അതു പ്രയോഗിച്ചിരുന്നത് കൂടുതലും സ്ത്രീകൾക്കെതിരെയായിരുന്നുവെന്നുമാത്രം. എന്നുവച്ചാൽ സ്ത്രീകളിലും പുരുഷന്മാരിലും ഏതാണ്ട് ഒരേ പോലെ കാണപ്പെടുന്ന ഈ അസുഖത്തിന്റെ തിക്തഫലങ്ങൾ അനുഭവിക്കുന്നത് ഏറെയും സ്ത്രീകളാണ്. മറ്റ് പല അസുഖങ്ങളിലെന്നപോലെ തന്നെ അപസ്മാരത്തിന്റെ കാര്യത്തിലും പ്രത്യാഘാതങ്ങൾ കൂടുതൽ കാണപ്പെടുന്നത് സ്ത്രീകളിലാണ്. മറ്റ് ഒരസുഖത്തിനും ഇത്രയും ആൺ-പെൺ വിവേചനമുണ്ടോയെന്നും സംശയമുണ്ട്.


അപസ്മാരമുള്ള സ്ത്രീകൾക്ക് വിവാഹം കഴിക്കാമോ? ഗർഭം ധരിക്കാൻ സാധിക്കുമോ? ആരോഗ്യമുള്ള കുഞ്ഞുങ്ങൾ ജനിക്കുമോ? കുഞ്ഞിനെ മുലയൂട്ടാമോ? സന്തോഷകരമായ കുടുംബജീവിതം നയിക്കാൻ സാധിക്കുമോ? കുഞ്ഞുങ്ങളെ പരിപാലിക്കാൻ പ്രാപ്തരാണോ? എന്നിങ്ങനെ വളരെയധികം ഭയാശങ്കകൾ പൊതുജനങ്ങൾക്കിടയിലുണ്ട്. ഈ ചോദ്യങ്ങൾക്കെല്ലാം ഒറ്റ ഉത്തരമേയുള്ളൂ. സാധിക്കും, തീർച്ചയായും സാധിക്കും. അപസ്മാരമുള്ള സ്ത്രീകൾക്ക് വിവാഹം കഴിക്കുന്നതിനും സന്തോഷകരമായ കുടുംബജീവിതം നയിക്കുന്നതിനും സാധിക്കും. സുരക്ഷിതമായ ഗർഭധാരണവും ആരോഗ്യമുള്ള കുഞ്ഞുങ്ങളും ഇവർക്കും സാധ്യമാണ്. ഇവരിൽ തൊണ്ണൂറ് ശതമാനത്തിലധികം പേരും ആരോഗ്യമുള്ള ശിശുക്കൾക്ക് ജൻമം നൽകുകയും അർത്ഥവത്തായ കുടുംബജീവിതം നയിക്കുകയും ചെയ്യുന്നുമുണ്ട്. എന്നിരുന്നാലും, അപസ്മാരമില്ലാത്ത സ്ത്രീകളെ അപേക്ഷിച്ച് നോക്കിയാൽ വിവാഹം കഴിക്കുന്നവരുടെ കാര്യത്തിൽ പോരായ്മകൾ കാണുന്നുണ്ട്. വിവാഹം നടക്കാനുള്ള ബുദ്ധിമുട്ട്, അസുഖം മറച്ചുവെച്ച് വിവാഹം നടത്തുന്ന പ്രവണത, വിവാഹശേഷം പിരിഞ്ഞുതാമസിക്കൽ, ചിലതരം വിലപേശലിലൂടെയുള്ള വിവാഹം, ശിശുപരിപാലനത്തിൽ നിന്നും മനഃപൂർവ്വം മാറ്റിനിർത്തൽ, ശിശുപരിപാലനത്തിൽ അറിവും പ്രാവീണ്യവും കുറവ്, ഇങ്ങനെ നിരവധി പ്രശ്നങ്ങൾ ഇവർക്കിടയിലുണ്ട് എന്ന് പഠനങ്ങൾ സാക്ഷ്യപ്പെടുത്തുന്നു.

## പരിഹാരം

സമൂഹബോധവൽക്കരണമാണ് ഒന്നാമത്തെ പരിഹാരം. ഒരു സന്നിയുടെ ദൈർഘ്യം വളരെ കുറവാണെന്നു മുൻപേ പറഞ്ഞല്ലോ. ഒരു മാസത്തിൽ ഒന്നോ, രണ്ടോ തവണ സന്നി വന്നാൽ തന്നേയും ബാക്കി എല്ലാ ദിവസങ്ങളും ഇവർ തികച്ചും സാധാരണജീവിതം നയിക്കുന്നവരാണ്. വിദ്യാർത്ഥികൾ, ജോലിക്കാർ, വീട്ടമ്മമാർ, അധ്യാപകർ, ബാങ്ക് ഉദ്യോഗസ്ഥർ, എഞ്ചിനീയർമാർ, നേഴ്സുമാർ, ഡോക്ടർമാർ തുടങ്ങി സമൂഹത്തിലെ ഏതു മേഖലയിലും ഇവരുടെ സാന്നിധ്യമുണ്ട്.

വായനാനുഭവം

പി.ഗീത




# സമാന്തര ചിത്രങ്ങളും ചരിത്രനിർമ്മിതിയും

**അന്നാമാണി എന്ന ശാസ്ത്രജ്ഞ മുതൽ മനുഷ്യാവകാശ പ്രവർത്തകയായിരുന്ന ആംഗ്സാൻ സ്യൂചി വരെയുള്ള പന്ത്രണ്ടു സ്ത്രീകളുടെ ജീവിതവും പ്രവർത്തനവും വ്യക്തിത്വവും ചിത്രീകരിക്കുകയും പരിചയപ്പെടുത്തുകയും ചെയ്യുന്ന പുസ്തകമാണ് സൈൻ ബുക്സ് പ്രസിദ്ധീകരിച്ച കെ.ശാരദാമണിയുടെ 'ഇവർ വഴികാട്ടികൾ'. അന്നാമാണി, പി.ടി.ഉഷ, കാർത്ത്യായനി, ലക്ഷ്മി എൻ മേനോൻ, എം.എസ് സുബ്ബലക്ഷ്മി എന്നീ അഞ്ചു ദക്ഷിണേന്ത്യക്കാരികൾ ഇതിലുൾപ്പെടുന്നു.**

അന്നാമാണി എന്ന ശാസ്ത്രജ്ഞ മുതൽ മനുഷ്യാവകാശ പ്രവർത്തകയായിരുന്ന ആംഗ്സാൻ സ്യൂചി വരെയുള്ള പന്ത്രണ്ടു സ്ത്രീകളുടെ ജീവിതവും പ്രവർത്തനവും വ്യക്തിത്വവും ചിത്രീകരിക്കുകയും പരിചയപ്പെടുത്തുകയും ചെയ്യുന്ന പുസ്തകമാണ് സൈൻ ബുക്സ് പ്രസിദ്ധീകരിച്ച കെ.ശാരദാമണിയുടെ 'ഇവർ വഴികാട്ടികൾ'. അന്നാമാണി, പി.ടി.ഉഷ, കാർത്ത്യായനി, ലക്ഷ്മി എൻ മേനോൻ, എം.എസ് സുബ്ബലക്ഷ്മി എന്നീ അഞ്ചു ദക്ഷിണേന്ത്യക്കാരികൾ ഇതിലുൾപ്പെടുന്നു. അതിൽത്തന്നെ എം.എസ്.സുബ്ബലക്ഷ്മി ഒഴിച്ചുള്ള മറ്റു നാലുപേരും മലയാളികളുമാണ്. ശാസ്ത്രം, സംഗീതം, മനുഷ്യാവകാശപ്രവർത്തനം, രാഷ്ട്രീയം, സ്പോർട്സ് എന്നിങ്ങനെ വ്യത്യസ്തമേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച സ്ത്രീകളെയാണ് പുസ്തകം തെരഞ്ഞെടുത്തിരിക്കുന്നത്.

പുസ്തകത്തെപ്പറ്റി ഗ്രന്ഥകാരിക്കു ചിലതു പറയാനുണ്ട്. അവതാരികയിൽ അവരതു വ്യക്തമാക്കുന്നു. യാഥാർത്ഥ്യങ്ങളുടെ ലോകം അറിയണമെന്നാഗ്രഹിക്കുന്ന കുട്ടികളെയും ചെറുപ്പക്കാരെയും ഉദ്ദേശിച്ചുള്ളതാണ് ഈ പുസ്തകമെന്നവർ പറയുന്നു. (പു.22) അതോടൊപ്പം തന്നെ "മെച്ചപ്പെട്ട ഒരു ലോകസൃഷ്ടി" എന്ന ലക്ഷ്യത്തിനായി സാമൂഹിക പ്രതിബദ്ധതയും രാഷ്ട്രീയബോധവുമുള്ള സ്ത്രീകൾ പ്രവർത്തിച്ചു തുടങ്ങാനുള്ള സമയം അതിക്രമിച്ചിരിക്കുന്നുവെന്ന് ഓർമ്മിപ്പിക്കു

കയും ചെയ്യുന്നു (22).

പുസ്തകത്തിലെ രണ്ടു സ്ത്രീവ്യക്തിത്വങ്ങളുടെ പ്രസക്തി ചെറുതായൊന്നു സൂചിപ്പിക്കുക മാത്രമേ ഈ പുസ്തകനിരൂപണത്തിൽ ചെയ്യുന്നുള്ളൂ. മറ്റു വിശദാംശങ്ങളിലേക്ക് വായനക്കാർ സ്വയം എത്തിച്ചേരുന്നതാണ് അഭികാമ്യം എന്ന സങ്കല്പനത്തിന്മേലാണ് ഇങ്ങനെചെയ്യുന്നത്.

ശാസ്ത്രനേട്ടങ്ങൾക്കവകാശികൾ പുരുഷന്മാർ മാത്രമാണോ? അന്നാമാണി, ആലിസ് സ്റ്റുവേർട്ട്, മാറി ക്യൂറി എന്നിവരുടെ ജീവിതചിത്രങ്ങൾ ശാസ്ത്രചരിത്രത്തിൽ സ്ത്രീകളുടെ അടയാളങ്ങൾ എങ്ങനെ പതിഞ്ഞിരിക്കുന്നുവെന്നു മാത്രമല്ല, എങ്ങനെ മാഞ്ഞുപോയിരിക്കുന്നുവെന്നും നമ്മെ ബോധ്യപ്പെടുത്തുന്നു. ഉദാഹരണത്തിന് അന്നാ മാണി എന്ന മലയാളി സ്ത്രീയുടെ ജീവിതരേഖ പരിശോധിക്കുക.

2003 ആഗസ്റ്റ് 17ന് മലയാളമനോരമാപത്രത്തിന്റെ ചരമക്കുറിപ്പിൽനിന്നാണ് ഗ്രന്ഥകാരി അന്നാമാണിയെ അന്വേഷിച്ചു തുടങ്ങുന്നത്. അന്നാ മാണി, ലളിത , സുനന്ദാബായി എന്നീ വിദ്യാർത്ഥിനികൾ സി വി രാമന്റെ കീഴിലാണ് തങ്ങളുടെ ശാസ്ത്രഗവേഷണം നടത്തിയത്. കൂട്ടത്തിൽ ലളിത സഹപാഠിയായിരുന്ന ചന്ദ്രശേഖരനെ വിവാഹം ചെയ്ത് അമേരിക്കയിലേക്ക് പോയി. ഭർത്താവ് ലോകപ്രശസ്തനായ ജ്യോതിശാസ്ത്രജ്ഞനാവുകയും നോബൽസമ്മാനം നേടുകയും ചെയ്തപ്പോൾ ലളിത എന്ന ശാസ്ത്രജ്ഞ വീട്ടമ്മയായി ഒതുങ്ങിപ്പോയെന്ന വസ്തുത പുസ്തകം പ്രത്യേകമെടുത്തു പറയുന്നു.

"അദ്ദേഹത്തിന്റെ യജ്ഞത്തിനു വേണ്ട എല്ലാ സഹായവും പിന്തുണയും നൽകുകയാണ് തന്റെ ധർമ്മമെന്നു സ്വയം തീരുമാനിച്ച ലളിത ശാസ്ത്രപഠനത്തോടും ഗവേഷണത്തോടും വിട പറഞ്ഞു." (പു.27) ലോകത്തിന് ഒരു ശാസ്ത്രജ്ഞയെ നഷ്ടമായതിന് കാരണം വിവാഹം, കുടുംബം എന്നീ വ്യവസ്ഥകളാണെന്നു സൂചിപ്പിക്കുന്നു. മറ്റൊരു സഹപാഠിനിയായിരുന്ന സുനന്ദ ഉത്സാഹത്തോടെ ശാസ്ത്രഗവേഷണവുമായി മുമ്പോട്ടുപോയി. അതിവിശിഷ്ടമായ പത്തു ഗവേഷണപ്രബന്ധങ്ങൾ പ്രസിദ്ധീകരിച്ചിട്ടും അവൾക്ക് ഗവേഷണബിരുദം ലഭിച്ചില്ല. ഡോക്ടറേറ്റിനു ശേഷമുള്ള ബിരുദാനന്തരപഠനത്തിന് സ്വീഡനിൽപ്പോകാൻ സകല തയ്യാറെടുപ്പും നടത്തി. യാത്ര തിരിക്കുന്ന തലേന്ന് അവർ ആത്മഹത്യ ചെയ്തു. സുനന്ദ എന്തിനാണ് ആത്മഹത്യ ചെയ്തത്? ഇന്നും അക്കാര്യത്തെപ്പറ്റി ആരും സംസാരിക്കുന്നില്ല. സ്ത്രീയുടെ ഗവേഷണ പ്രവർത്തനങ്ങൾ അവഗണിക്കപ്പെട്ടതിന്റെ ചരിത്രമാണ് സുനന്ദയുടെ അനുഭവം നമുക്കു നൽകുന്നത്.

**"ഞാൻ പകച്ചുപോയി ഒരടി മുന്നോട്ടുവെച്ചാൽ ഈണത്തിന് ആ വെടിയൊച്ച ഉണ്ടാകും. അങ്ങു മുങ്ങിക്കളയാമെന്നു വിചാരിച്ചു പക്ഷേ അതും സാധിക്കുകയില്ല. ആ താളം പിടിക്കുന്ന ഒച്ച തന്നെ. ഞാൻ കഷ്ടപ്പെട്ടു മുന്നോട്ടു നീങ്ങി ആദ്യത്തെ വരിയിൽ എത്തി. അവിടെ മൂന്നു പെൺകുട്ടികളും ഒരു നൈജീരിയക്കാരനും ഉണ്ടായിരുന്നു. വർണ-ലിംഗ വിവേചനം ന്യൂനപക്ഷങ്ങളെ ഒറ്റപ്പെടുത്തുന്നതിൽ അവർ വിജയിച്ചിരിക്കുന്നു."**



ഡോ.ശാരദാമണി

അവഗണനയുടെ അനുഭവമാണ് അന്നാമാണിക്ക് പങ്കുവെക്കാനുള്ളത്. അതിസൂക്ഷ്മമായ പഠനത്തിലൂടെ കണ്ടെത്തിയ ഗവേഷണഫലങ്ങൾ അന്തർദേശീയ നിലവാരമുള്ള ജേർണലുകളിൽ പ്രസിദ്ധീകരിച്ചിട്ടും അവർക്ക് പി.എച്ച്.ഡി ബിരുദം ലഭിക്കുകയുണ്ടായില്ല. "അന്തർദേശീയ തലത്തിൽ അംഗീകാരം ലഭിച്ച ഗവേഷണപ്രബന്ധങ്ങൾ പ്രസിദ്ധീകരിച്ച വിദ്യാർത്ഥിനികൾക്ക് ബിരുദം ലഭിക്കാതെ പോയപ്പോൾ അവരുടെ സ്ഥാപനവും അതിന്റെ ഡയറക്ടറും മറ്റ് ഉന്നതരും എന്തു ചെയ്തു? ഒന്നും ചെയ്തില്ലെങ്കിൽ എന്തുകൊണ്ട്? സ്ത്രീകളായതുകൊണ്ടാണോ?" (പജ.28)

പല പുരുഷന്മാർക്കും അസാധ്യമായ വിജയമായിരുന്നു അവരുടെ ഔദ്യോഗിക ജീവിതം. എന്നിട്ടും എന്തുകൊണ്ടവർ അംഗീകരിക്കപ്പെട്ടില്ല എന്ന സംശയത്തിനുള്ള ഒരേയൊരു മറുപടി പെണ്ണായതുകൊണ്ട് എന്ന് മാത്രമാണ്. അന്നാ മാണിയുമായി ദീർഘസംഭാഷണങ്ങളിലേർപ്പെട്ട ആഭ അഭിപ്രായപ്പെടുന്നത് ശാസ്ത്രസ്ഥാപനങ്ങളുടെ നടത്തിപ്പിലും ലിംഗാടിസ്ഥിതവിവേചനം നിലനിൽക്കുന്നുവെന്നാണ്. പഠിക്കുന്ന കാലത്ത് സഹപാഠികളുടെ സമീപനത്തെപ്പറ്റി അന്നാ മാണി ആഭയോടു പറഞ്ഞതിങ്ങനെയായിരുന്നു.

"അയാൾ വെറുപ്പുമാത്രം ഉളവാക്കുന്ന മനുഷ്യനായിരുന്നു. വിദ്യാർത്ഥിനികൾ ശാസ്ത്രജ്ഞർ, സ്ത്രീകൾ എന്നീ രണ്ടു നിലയിലും പ്രാപ്തരല്ല എന്നു പറഞ്ഞുനടക്കുക അയാളുടെ പ്രധാനവിനോദമായിരുന്നു. വിദ്യാർത്ഥിനികളിൽ നിന്നുണ്ടാകുന്ന ഏതു ചെറിയ പിഴവും പെരുപ്പിച്ചു പറഞ്ഞു പരത്തുന്നവർ പലരുമുണ്ടായിരുന്നു." (പു.14)

ഇതിനു സമാനമായ ഒരനുഭവം ആലീസ് സ്റ്റുവേർട്ടിന്റെ ജീവിതചിത്രത്തിൽ കാണുന്നു. വിദ്യാർത്ഥിനികളോട് സഹപാഠികൾ എത്രമാത്രം അസഹിഷ്ണുക്കളായിരുന്നുവെന്ന്, അതും ലോകപ്രസിദ്ധമായ കേംബ്രിഡ്ജിൽ, ആലീസ് വ്യക്തമാക്കുന്നു. ആദ്യമായി ശരീരശാസ്ത്രക്ലാസിലേക്കു കയറിയ ആലീസിനെഎതിരേറ്റത് ആൺകുട്ടികൾ കൂട്ടമായി പ്രതിഷേധസൂചകമായി പാദരക്ഷ തറയിൽ ഉരക്കുന്ന ശബ്ദമായിരുന്നു വത്രേ.

"ഞാൻ പകച്ചുപോയി ഒരടി മുന്നോട്ടുവെച്ചാൽ ഈണത്തിന് ആ വെടിയൊച്ച ഉണ്ടാകും. അങ്ങു മുങ്ങിക്കളയാമെന്നു വിചാരിച്ചു പക്ഷേ അതും സാധിക്കുകയില്ല. ആ താളം പിടിക്കുന്ന ഒച്ച തന്നെ. ഞാൻ കഷ്ടപ്പെട്ടു മുന്നോട്ടു നീങ്ങി ആദ്യത്തെ വരിയിൽ എത്തി.

അവിടെ മൂന്നു പെൺകുട്ടികളും ഒരു നൈജീരിയക്കാരനും ഉണ്ടായിരുന്നു. വർണ-ലിംഗ വിവേചനം ന്യൂനപക്ഷങ്ങളെ ഒറ്റപ്പെടുത്തുന്നതിൽ അവർ വിജയിച്ചിരിക്കുന്നു." (പു.53)

1870 മുതൽ സ്ത്രീകൾക്കു പഠിക്കാനും പരീക്ഷയെഴുതാനും കേംബ്രിഡ്ജിൽ അവകാശമുണ്ടായിരുന്നെങ്കിലും ഗ്രന്ഥശേഖരം ഉപയോഗിക്കാൻ അവർക്കു 1922 വരെ കാത്തിരിക്കേണ്ടി വന്നു. ഇത്തരം അവഗണനക്കും അപമാനങ്ങൾക്കും മുമ്പിൽ അടിപതറാതെ പിടിച്ചു നിൽക്കാൻ കഴിഞ്ഞതുകൊണ്ടാണ് ആലീസിന് വിദ്യാഭ്യാസം മുഴുമിപ്പിക്കാനായത്.

അന്നാമാണിയുടെ അനുഭവം അവരുടേതു മാത്രമായിരിക്കുന്നില്ല. സുനന്ദയുടേയും ലളിതയുടേയും അതുപോലുള്ള മിടുക്കികളായ അനേകം ശാസ്ത്രജ്ഞകളുടേയും കൂടി ചരിത്രം അതിൽ നിന്നു വായിച്ചെടുക്കാം. അതുപോലെ തന്നെ ആലീസ് സ്റ്റുവർട്ടിന്റേത് ഒരൊറ്റ സ്ത്രീയുടെ ചരിത്രമല്ല. അക്കാലത്തെ ലോകപ്രസിദ്ധ കേംബ്രിഡ്ജ് എത്രമാത്രം സ്ത്രീവിരുദ്ധമായിരുന്നു എന്നതിന്റെ കൂടി നേർസാക്ഷ്യമാണ്.

ഒരു സ്ത്രീയുടെ ജീവിതം എങ്ങനെസമാന്തര ചരിത്രം സൃഷ്ടിക്കുന്നുവെന്നതിന് ഈ സമാഹാരത്തിലെ ഓരോ ജീവിതചരിത്രവും ഉദാഹരണമാകുന്നു. ഡൽഹിയിൽ വീട്ടുപണിയെടുത്തു പുലരുന്ന ഷൊർണ്ണൂരുകാരി കാർത്ത്യായനിക്കുമുണ്ട് ചിലതു പറയുവാൻ. ചരിത്രമെന്നത് മഹാരാജാക്കന്മാരുടെ കുളിക്കലും കുറിയിടലും മാത്രമല്ലല്ലോ. അത് ഇത്തരത്തിലുള്ള കാർത്ത്യായനിമാരുടേതു കൂടിയാണ്.

പയ്യോളിയെന്ന ഗ്രാമത്തെ ഇന്നു ലോകമറിയുന്നത് പി.ടി ഉഷയുടെ നാടെന്ന നിലക്കാണ്. രോഗം, പ്രസവം, പരിഹാസങ്ങൾ, നിന്ദ, വെല്ലുവിളികൾ എന്നിവക്കു മുമ്പിൽ പതറാതെ ട്രാക്കിൽത്തന്നെ ഉറച്ചുനിന്നതുകൊണ്ടാണ് / നിന്നുകൊണ്ടാണ് ഉഷ ലോകത്തോടു മറുപടി പറഞ്ഞത്.

ഇനിയുമുണ്ട് വഴികാട്ടികളായ സ്ത്രീകൾ. നൂറാം വയസ്സിലും സ്ത്രീകളുടെ അവകാശങ്ങൾക്കുവേണ്ടി ശബ്ദമുയർത്തുന്ന ജപ്പാനിലെ ഫൂക്കി കുഷിദാ, ദക്ഷിണാഫ്രിക്കയിലെ ആരോഗ്യസംരക്ഷകയായ മാംഫെല റാംഫെലെ, ലോകപ്രസിദ്ധ ശാസ്ത്രജ്ഞയായ മാറിക്യൂറി, തെംസ്നദീതീരത്ത് വെള്ളത്തിന്റെ ശക്തികൊണ്ടു നടത്തുന്ന മില്ലു സ്ഥാപിച്ച മിൽഫ്രെഡ് കുർസൺ, ഇന്ത്യൻ രാഷ്ട്രീയത്തിലെ ഉന്നതതാരം ലക്ഷ്മി എൻ മേനോൻ, ഗാന്ധിയൻ ചിന്തയിലടിയുറച്ചു മുന്നേറിയ സരളാബെൻ എന്ന കാതറിൻ, സംഗീതചക്രവർത്തിനി എം. എസ്.സുബ്ബലക്ഷ്മി, ലോകസമാധാനത്തിനു വേണ്ടി നിലകൊണ്ടതിന്റെ പേരിൽ ക്രൂശിക്കപ്പെട്ട ബർമ്മക്കാരി ആംഗ്സാൻ സ്യൂചി എന്നിങ്ങനെ.

ചരിത്രത്തെ വീണ്ടെടുക്കാനും അടയാളപ്പെടുത്താനുമുള്ള ശ്രമമെന്ന നിലക്ക് ഈ പുസ്തകത്തിലെ ചിതറിയ ജീവിതചിത്രങ്ങൾക്കു പ്രസക്തിയുണ്ട്. സ്ത്രീകൾ ചരിത്രമന്വേഷിക്കുമ്പോഴും നിർമ്മിക്കുമ്പോഴും അതു പുരുഷൻ വരച്ച നേർരേഖയിലൂടെത്തന്നെ വേണമെന്നില്ല. വ്യത്യസ്ത കാലദേശങ്ങളിൽ വ്യത്യസ്ത മണ്ഡലങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ച ഏതാനും സ്ത്രീകളുടെ സാമാന്യമായ ജീവിതചിത്രങ്ങൾ മാത്രമാണിവ. എന്നിട്ടുപോലും സ്ത്രീയുടെ സമാന്തരചരിത്രത്തിന്റെ നിരവധി വാതിലുകൾ തുറക്കാൻ അവയ്ക്കു സാധിക്കുന്നുവെന്നതാണ് ശ്രദ്ധേയം. ഉദാഹരണത്തിന് ആലീസ് സ്റ്റുവേർട്ട് അന്നത്തെ കേംബ്രിഡ്ജിലെ സ്ത്രീവിരുദ്ധതയുടെ ചരിത്രം തുറക്കുന്നു. ഓരോ കാലദേശങ്ങളും മേഖലകളും സ്ത്രീകളെ തമസ്കരിക്കുന്നതിന്റെ മാത്രം ചരിത്രമല്ല ഇവരിലാരുടേയും ജീവിതം. അത്തരം തമസ്ക്കരണങ്ങളെ ഇച്ഛാശക്തിയോടെ പ്രതിരോധിച്ചു കൊണ്ട് സ്ത്രീകൾ മുന്നോട്ട് വന്നതിന്റേയും സ്വന്തമായി ചരിത്രം നിർമ്മിക്കാൻ അർഹരായതിന്റേയും കൂടി പ്രാഥമികപഠനങ്ങളെന്നു നിലക്ക് ഈ കൃതി സ്ഥാനപ്പെടുന്നു.


വീട്ടകങ്ങളിലും
പൊതുഇടങ്ങളിലും
പെണ്ണിന്
വിവേചനമുണ്ടെന്ന്
തോന്നുന്നുവോ? എങ്കിൽ



ANWESHI

സമത്വം നിറഞ്ഞ
പെണ്ണിനെ
ആദരിക്കുന്ന
നല്ലൊരു നാളേക്കായി
നമുക്കൊരുമിക്കാം
അന്വേഷിയോടൊപ്പം
അണിചേരൂ....
അംഗത്വമെടുക്കൂ...

കഥ



ശ്രീലതാവർമ്മ

# അപരിചിതാരണ്യം

**ആലസ്യത്തിന്റെ** പുതപ്പുമാറ്റി ശരണ്യ പതിയെ നടന്നത് പുതിയ വാടകവീടിന്റെ തുരുമ്പിച്ച ഗ്രില്ലിനടുത്തേക്കാണ്. നല്ല തണുപ്പ്. പവിഴമല്ലിയുടെ ഗന്ധത്തിൽ മുക്കിയ ഒരിളം കാറ്റ് ഗ്രില്ലിനിടയിലൂടെ മുഖത്തേക്ക് കൈയെത്തിത്തഴുകുന്നുണ്ട്. പതിയെ മുറ്റത്തേക്കിറങ്ങി. ചെറുതാണെങ്കിലും ഒതുക്കമുള്ള വീട്. എറണാകുളത്തെ തിരക്കിനിടയിൽ ഇത്രയും സ്വകാര്യമായൊരിടം അതിശയം തന്നെ. ജോൺ എല്ലാം നേരത്തെ തന്നെ ശരിയാക്കിയിരുന്നു, ജീവിതത്തെക്കുറിച്ച് ജോണിന് കുറെ കണക്കുകൂട്ടലുകളുണ്ട്. ഇറങ്ങിപ്പോരുമ്പോൾ അച്ഛന്റെയും അമ്മയുടെയും മുഖത്ത് നിശ്ശബ്ദതയിൽ ചാലിച്ച വല്ലാത്തൊരു നിസ്സംഗഭാവമായിരുന്നു.പൊട്ടിത്തെറികളോ തേങ്ങലുകളോ ഒന്നും തന്നെയില്ലായിരുന്നു. എന്തിനോ... തനിച്ചായിപോയ അനിയത്തിയുടെ കൈ മുറുകെ പിടിക്കുക മാത്രം ചെയ്തു. ഒരു നിശ്ചലചിത്രം പോലെ ആ ദൃശ്യം മനസ്സിൽ നിന്ന് മായുന്നതേയില്ല. രണ്ടു



ദിവസത്തെ വല്ലാത്ത തിരക്കിൽ മനസ്സ് ശൂന്യമായിരുന്നു. മുറ്റം നിറയെ മഞ്ഞനിറം വീണ പ്ലാവിലകൾ കൊഴിഞ്ഞുകിടക്കുന്നു. മതിലിനോട് ചേർന്ന് മെലിഞ്ഞ് നീണ്ട ഒരു പ്ലാവ് അപ്പോഴാണ് കണ്ണിൽപ്പെട്ടത്. നാമമാത്രമായ ശാഖകൾ. അതിലൊന്നിൽ കാക്ക കൂടുകൂട്ടുന്നുണ്ടായിരുന്നു. കുറേ നേരം അത് നോക്കി നിന്നു.

“വിശപ്പില്ലേ... ഭക്ഷണം പുറത്തു നിന്നാവാം അല്ലേ?... എന്താ ഒരാലോചന, ഒന്നും വേണ്ടായിരുന്നെന്ന് തോന്നുന്നുണ്ടോ?....” ജോൺ പുറകിൽ വന്നു നിന്ന് ചോദിച്ചു. ജോണിനെ കണ്ടപ്പോൾ ശരിക്കും ചിരിവന്നുപോയി. പുതുമണവാളനെപ്പോലുണ്ട്. കുളിക്കാനായി വസ്ത്രങ്ങളുമെടുത്ത് നടന്നു. ഷവറിൽ നിന്നും വെള്ളം മന്ദഗതിയിൽ ഒഴുകുന്നു. നഗരത്തിന്റെ തിരക്കൊന്നും വെള്ളത്തിനില്ല. ഒരു ജോലി അന്വേഷിക്കണം. ജോണിനെ വെറുതെ ബുദ്ധിമുട്ടിക്കണ്ടല്ലോ, പക്ഷെ ആകെ ബി.കോം സർട്ടിഫിക്കറ്റ് മാത്രമുണ്ട്. “ശരണ്യാ... വേഗം.” ജോണി

ന്റെ വിളി കേട്ടപ്പോഴാണ് കുളിക്കാൻ തുടങ്ങിയില്ലല്ലോ എന്നോർത്തത്. പഴക്കത്താൽ ചുമരിലെ പെയിന്റിളകി മാപ്പു വരച്ചതുപോലിരിക്കുന്നു.

ഭക്ഷണം കഴിഞ്ഞ് ശരണ്യയെ വീട്ടിലാക്കി ജോൺ കുറിക്കമ്പനിയിലേക്ക് യാത്രയായി.

"വാതിലടച്ചോളൂ, ടൗണാണ്. നേരത്തെവരാൻ നോക്കാം."

ഇത്രയും തിടുക്കത്തിൽ പറഞ്ഞ് ജോൺപോയി. തലേന്ന് വാങ്ങിയ വീട്ടുസാധനങ്ങൾ പരന്നുകിടക്കുന്നു. ഒരു തുടക്കത്തിനായി ശരണ്യ അടുക്കളയിലേക്ക് നടന്നു.

ഒറ്റപ്പാളിയുള്ള ജനൽ, മുത്തശ്ശി പറയാറുള്ള കഥയിലെ ഒറ്റക്കണ്ണൻ ഭൂതത്തെപ്പോലെ

ഒറ്റക്കണ്ണൻ ഭൂതം അനുസരണക്കേട് കാണിക്കുന്ന പെൺകുട്ടികളെ പിടിച്ചോണ്ടുപോയി മൺകുടത്തിലടക്കും.

നോക്കുന്തോറും... ഒറ്റക്കണ്ണൻ നടന്നു മുന്നോട്ടു വരുന്നതായി തോന്നി.... പേടി തോന്നി. ജോണിനെവിളിക്കാൻ ഫോൺ നോക്കിയപ്പോൾ ചാർജ്ജില്ലാതെ അതോഫായിരിക്കുന്നു.

എവിടെ നിന്നോ സംഭരിച്ച ധൈര്യവുമായി പോയി ഒറ്റക്കണ്ണൻ ജനൽ തുറന്നു. അതിശയിച്ചുപോയി.

ഇടതൂർന്ന മരങ്ങൾക്കു താഴെ ഭംഗിയുള്ള കുളം, കല്പടവുകൾ കെട്ടി ഭംഗിയാക്കിയിരിക്കുന്നു. ഈ നഗരത്തിൽ ഇങ്ങനെയും ഒരിടമോ... അതോ... തോന്നിയതോ.

കുറെ ദിവസം കഴിഞ്ഞപ്പോഴേക്കും വീടുമായി ഒരു പരിചയം വന്നു. ജോണിന് തിരക്കുതന്നെ. കൂടുതൽ പണം നേടാനുള്ള തന്ത്രങ്ങൾ തേടുന്നു. ഫോൺ വിളികൾ... അയ്യായിരം രൂപയടച്ചാൽ മൂന്ന് മാസം കൊണ്ട് ഇരട്ടി വരുമാനം. ആളുകളെ ചേർത്തണം. ടൂർ പാക്കേജുണ്ട്. ഹണിമൂൺ സൗജന്യമായി. പ്രണയത്തിന്റെ ബിസിനസ്സ് ഭാഷയുമായി ജോൺ ശരണ്യയെ ചേർത്ത് പിടിച്ചപ്പോഴാണ് ശരണ്യ ജോലിയന്വേഷിക്കുന്നതിനെക്കുറിച്ച് പറഞ്ഞത്.

താല്പര്യമെങ്കിൽ അന്വേഷിക്കാം. ശരണ്യയുടെ കൂട്ടുകാരി പറഞ്ഞാണ് സഹൃദയ ചാനലിൽ അവതാരികയെ ആവശ്യമുണ്ടെന്നറിഞ്ഞത്. സൗന്ദര്യവും ഭാഷയും മാത്രം മതി.

പച്ചക്കരയുള്ള കോട്ടൺ സാരിയുടുത്ത് കണ്ണാടിയിൽ നോക്കി ഒരു പൊട്ടുകൂടി തൊട്ടു. ആദ്യമായി പൊകുന്നതിനാൽ ജോൺ കൂടെ ചെന്നു.

ചാനൽ ഓഫീസിലെത്തി, അവരുടെ പുതിയ പ്രോഗ്രാമാണ്. 'അവതാരക' യുടെ ജോലിയാണ്. കേട്ടപ്പോൾ നന്നെന്ന് തോന്നി.

എങ്കിലും ആ തണുത്ത മുറിയിലിരുന്നാകെ വിയർത്തു. പ്രോഗ്രാം ഓഫീസർ നാളെ വരാൻ പറഞ്ഞു. ജോണിനും സന്തോഷമായി. പുതിയ കമ്പനിക്ക് കൂടുതൽ പണം നിക്ഷേപിക്കാം. ശരണ്യയുടെ പരിചയക്കാരെയും ചേർക്കാം.

സൈഡിൽ ആളുകൂടിയാൽ കമ്മീഷൻ കൂടിക്കൊണ്ടേയിരിക്കും. വീട് പെട്ടെന്ന് വാങ്ങാം. ശരണ്യ ചിരിച്ചു. നേർത്തകാറ്റിൽ ആശ്വാസത്തിന്റെ നനുത്ത സ്പർശം ഉണ്ടായിരുന്നു.

പ്രോഗ്രാമിന്റെ ഡീറ്റെയ്ൽസ് പഠിക്കാൻ നാളെ നേരത്തെ ചെല്ലണം. അടുക്കളയിലെ ഒറ്റക്കണ്ണൻ ജനാലമാത്രം എപ്പോഴുമൊരസ്വസ്ഥതയായിരുന്നു. മുത്തശ്ശിയെ ഓർത്തുപോയി. താൻ പടിയിറങ്ങുമ്പോൾ മൂകരായി നിന്ന മാതാപിതാക്കളെയും അനിയത്തിയേയും ഓർത്തു. ഒരു വിവരവും ഇല്ല.

അന്നത്തെ പുലരി തിരക്കിന്റേതായിരുന്നു. ജോണിനോടൊപ്പം ഇറങ്ങണം. ധൃതിയിലിറങ്ങുമ്പോഴാണത് ശ്രദ്ധിച്ചത്. പ്ലാവ് കായ്ക്കാൻ തുടങ്ങിയിരിക്കുന്നു. നനുത്ത മഞ്ഞിന്റെ തലോടലിൽ കുഞ്ഞുകായ്കൾ ആകാശത്തിന്റെ നേർക്ക് കൈനീട്ടുന്നു. ഓഫീസിലെത്തി. ആളുകൾ തിരക്കു പിടിച്ച് അങ്ങോട്ടുമിങ്ങോട്ടും നടക്കുന്നു. ഡയറക്ടറുടെ മുറിയിലാണ്. അയാൾ പ്രോഗ്രാമിനെക്കുറിച്ച് പറഞ്ഞു. സൊല്യൂഷൻ എന്ന പരിപാടിയാണ്. സാധാരണക്കാരുടെ പ്രശ്നങ്ങൾ നാം രംഗത്ത് കൊണ്ടു വരികയാണ്. പരിഹാരം കാണാനുള്ള നിർദ്ദേശങ്ങൾ... ഇതെല്ലാം... ശരണ്യ അവതാരകയാണ്. പിന്നെ വേഷം മാറ്റണം. അത് ശരണ്യയുടെ മിടുക്കാണ്. വേഷത്തി ലൂടെയും ഭാഷയിലൂടെയും ആളുകളെ കയ്യിലെടുക്കണം. എന്നാലേ റേറ്റിംഗ് കൂടൂ. അയാളുടെ കണ്ണുകൾ അവളുടെ ഉടലളവുകളിലുടക്കുന്നത് അസ്വാസ്ഥ്യത്തോടെയറിഞ്ഞു. മേക്കപ്പിനായി ഒരു തടിച്ച സ്ത്രീവന്നു.

"സാരി വേണ്ട" അവർ പറഞ്ഞു. ഇറക്കം കുറഞ്ഞ മിഡി. തിളങ്ങുന്ന സ്ലീവ്‌ലെസ്സ്, ബ്രാ... കുറച്ചുകൂടി ടൈറ്റാവണം. ഷെയ്പ്പ് വേണം. ആകെ ശ്വാസം മുട്ടുന്നു. കണ്ണ് നിറയുന്നത് ആരും കാണാതിരിക്കാൻ ശ്രമിച്ചു. കണ്ണാടിയിൽ നോക്കി. അപരിചിതയായ ആരോ ആണെന്ന് തോന്നി. ഇത് ശരിയാവില്ല. ഇന്നത്തോടെ അവസാനിപ്പിക്കാം. തന്റെ മനമറിഞ്ഞപോലെ ഡയറക്ടർ പറഞ്ഞു. "രണ്ടു ദിവസം കൊണ്ട് ഒക്കെ ശരിയാകും." അയാളുടെ വായ് ഒരു കുറുക്കന്റേതുപോലെ തോന്നിച്ചു. ആദ്യത്തെ ഷൂട്ടിംഗ്, സ്വത്ത് മുഴുവൻ ബലമായി എഴുതി വാങ്ങി സ്വന്തം മകൻ തെരുവിലുപേക്ഷിച്ച വൃദ്ധമാതാവിനെക്കുറിച്ചാണ്. വഴിയരുകിൽ നിന്ന് ശരണാലയത്തിലെത്തിയതാണവർ പാവം.. കരഞ്ഞുകൊണ്ട് എന്തെല്ലാമോ പറയുന്നു. ക്യാമറയിലെല്ലാം പകർത്തുന്നുണ്ടായിരുന്നു. ആരും ഒരു സാന്ത്വനത്തിനും ചെല്ലുന്നില്ല. കൂടുതൽ വലിയ കരച്ചിലും കാത്ത് ക്യാമറ കാത്തുനിൽക്കുന്നു.

അതിനിടയിലാണ് ശരണ്യയുടെ ശോകത്തിൽ മുക്കിയ വാചകങ്ങൾ മുഴങ്ങേണ്ടത്. എങ്ങിനെയോ പറഞ്ഞു. അഴിഞ്ഞ് വീഴുമെന്നും അവരുടെയെല്ലാം മുന്നിൽ നഗ്നയാകുമെന്നുമുള്ള വേവലാതിയായിരുന്നു മനസ്സിൽ.

ഒടുവിൽ അത് തീർന്നു. വീട്ടിലെത്തി. ജോൺ പതിവില്ലാതെ നേരത്തെയെത്തി. മുഖം മ്ലാനമായിരിക്കുന്നു,

"എന്തുപറ്റി ജോൺ?"

"ഒന്നുമില്ല... പിന്നെ ആരെങ്കിലും വിളിച്ചാൽ ഞാനിവിടുണ്ടെന്ന് പറയ

ണ്ട...."

"എന്താ... ജോൺ പ്രശ്നം വല്ലതും?"

"ചില നിക്ഷേപകർ ചതിച്ചതാണ്. പണവുമായി മുങ്ങി. താഴെ ചേർന്ന് പണമടച്ചവർ... പണത്തിനായി അവരെ തിരഞ്ഞ് നടക്കുന്നു.

അവർ പ്രകോപിതരാണ്.

വളരെ പ്രതീക്ഷയോടെയാണ് പണം നിക്ഷേപിച്ചത്. കടം വാങ്ങിയും... പലിശയ്ക്കെടുത്തും. മറ്റും. ഞാൻ ചേർത്തിയവർ ഒരു മറുപടിക്കായി എന്നെയും അന്വേഷിക്കുന്നു. ഞാനെന്തു പറയും, രണ്ട് ദിവസം മാറി നിൽക്കണം."

ഇറുകിയ മേൽ വസ്ത്രവും കുഞ്ഞുമിഡിയുടെ ജാള്യതയുമൊന്നും തല്ക്കാലം പറയാൻ തോന്നിയില്ല.

പുറത്ത് മൂടൽമഞ്ഞ് കനക്കുന്നു. കാഴ്ചകളെല്ലാം അവ്യക്തം, ഭാവിയുടെ അനിശ്ചിതത്വം ഒരു വരൾച്ചയുണ്ടാക്കി മനസ്സിൽ. കാറ്റിന്റെ ഇലയനക്കം പോലുമില്ല. തണുപ്പ് പടരുന്നു. കാൽവിരൽ തുമ്പിലൂടൊരു മരവിപ്പായി ശരീരമാകെ... ഒരു തരം മരണത്തിന്റെ മരവിപ്പ്. ആൾക്കൂട്ടത്തിനു നടുവിൽ ചാനലിന്റെ പാവയെ പോലെ കയ്യിൽ മൈക്കുമായി ശരണ്യ. ഇറുകിയ വസ്ത്രത്തിന്റെ പിടുത്തം വിട്ടതും ശരണ്യ ഓടുകയായിരുന്നു. മുന്നിൽ കണ്ടവഴിയിലൂടെ... നഗ്നയായി. സ്ക്രീനിൽ കാണാത്ത ഈ ദൃശ്യം അനേകായിരം മൊബൈലിലൂടെ നാടുമുഴുവൻ പടരുന്നു. ഇന്റർനെറ്റിലെ കോമിക് തമാശയായി

സുഹൃത്തുക്കളുടെ ഇടയിൽ പിന്നെയും പിന്നെയും ആവർത്തിക്കുന്ന ദൃശ്യങ്ങളായി....

ഞെട്ടിയുണർന്നു. ചുറ്റും നോക്കി. തൊണ്ട വരണ്ടുപോയി. ജോണിന്റെ മൂളിച്ചകൾ. ഇരുട്ട് മുടിയഴിഞ്ഞു വീണുലഞ്ഞ യക്ഷിയെ പോലെ പടർന്നു.

എപ്പോഴോ മൂടൽമഞ്ഞിനെകീറി സൂര്യരശ്മികൾ താഴേക്കൊഴുകിയെത്തി. മുറ്റത്തെ കുഞ്ഞു പുൽനാമ്പുകളിലൊക്കെ മഞ്ഞുതുള്ളിയുടെ

ആശ്ലേഷം. അടുത്ത രാവിനെ കാത്ത് തലേന്നത്തെ ഈറൻ സ്മരണകളുമായി അവ കുനിഞ്ഞു നിൽക്കുന്നു. ഉറക്കം കനം തൂങ്ങിയ കണ്ണുമായി ഓഫീസിലേക്ക് യാത്രയായി. ജോൺ ഉണർന്നിട്ടില്ല. കാലങ്ങളായി വൈദ്യുതിയെത്താത്ത കാണിശ്ശേരി പഞ്ചായത്തിലെ വീട്ടിലാണ്. വൃദ്ധയും പത്താംക്ലാസുകാരി പേരക്കുട്ടിയും മാത്രമാണ് താമസം. വൈദ്യുതിക്കപേക്ഷിച്ചിട്ട് കാലങ്ങളായി. സൊല്യൂഷൻ പരിപാടിയിലൂടെ അവർ വെളിച്ചം തേടുന്നു. ക്യാമറക്കണ്ണുകൾ ഇടയ്ക്കിടെ തന്റെ ഇറുകിയ ടോപ്പിനിടയിലേക്കെത്തിച്ചു നോക്കുന്നു.

മഞ്ഞിന്റെ കനത്ത പാളി മുഴുവൻ പകൽ സൂര്യൻ ഉരുക്കിക്കളഞ്ഞിരിക്കുന്നു.

ഷൂട്ടിംഗ് കഴിഞ്ഞ് തിരിച്ചുള്ള യാത്രയിലാണ്. വഴിയോരത്ത് ഉണങ്ങിയ വൃക്ഷങ്ങൾ ഇലപൊഴിഞ്ഞ് നഗ്നരായി നിൽക്കുന്നു. ഒരു നിസ്സഹായത നിഴലിക്കുന്നു. ഡയറക്ടറുടെ ശബ്ദം ചിന്തകളിൽ നിന്നും ഉണർത്തി.

"ശരണ്യ.... പ്രോഗ്രാമിന് നല്ല പേരാണ്. ശരണ്യയുടെ അവതരണം നന്നാകുന്നു."

തന്റെ ഉടലിനെ തഴുകുന്ന അയാളുടെ മിഴിത്തിളക്കം ശരണ്യ അറിയുന്നുണ്ടായിരുന്നു. വേഗം വീട്ടിലെത്തണമെന്ന് തോന്നി. ധൃതിയിൽ വീട്ടിലേക്കുള്ള ബസ്സ് കിട്ടാനായി അവിടുന്ന് രക്ഷപ്പെട്ടു.

താക്കോൽ ചെടിച്ചട്ടിയിൽ വെച്ചിരിക്കുന്നു.

ജോൺ വീട്ടിലില്ല. എവിടെ പോയതായിരിക്കും തന്നോടൊന്നും വിളിച്ചുപറഞ്ഞില്ലല്ലോ.

മുറ്റം നിറയെ കരിയിലകൾ രണ്ടു ദിവസത്തെ തിരക്കിൽ ഒന്നും ശ്രദ്ധിച്ചിരുന്നില്ല. പ്ലാവിലെ കുഞ്ഞുകായ്കൾ മുഴുവൻ പൊഴിഞ്ഞത് ഒരു വല്ലാത്ത നൊമ്പരമുണ്ടാക്കി. പകലിന്റെ കടുത്ത ചൂടിൽ കുഞ്ഞു പുൽച്ചെടികളും വാടിയിരിക്കുന്നു. നേരം സന്ധ്യയോടടുക്കുന്നു. ഒരു വിളറിയ മഞ്ഞനിറം തനിക്കു ചുറ്റും പരക്കുന്നുണ്ടെന്ന് തോന്നി. ഒരു മഞ്ഞക്കണ്ണടവെച്ച് നോക്കും പോലുണ്ട്. പ്രകൃതി ഒരു മഞ്ഞപ്പിത്തക്കാരനെ പോലെയിരിക്കുന്നു.

രാത്രിയേറെ വൈകിയിട്ടും ജോൺ എത്തിയിട്ടില്ല. വൈകിയാൽ വിളിക്കുന്നതാണ്. ഇന്നെന്തു പറ്റി?

ഇനി പിണങ്ങിയോ...


ഹൃദയത്തിലൊരു നീറ്റൽ. പതിയെ ശരീരം മുഴുവൻ അത് വ്യാപിക്കുന്നു. വേവലാതിയുടെ നെഞ്ചിടിപ്പ് വീട് മുഴുവൻ മുഴങ്ങുന്നു. വെള്ളമെടുക്കാൻ അടുക്കളയിലേക്ക് നടന്നു. ഓടി രക്ഷപ്പെടണമെന്ന് തോന്നി. ഒറ്റക്കണ്ണൻ തുറിച്ചു നോക്കുന്നു. അത് അടുത്തടുത്ത് വരികയാണോ?

അടുക്കളയിൽ നിന്നും ഓടി തളത്തിലേക്ക് എത്തി. ആഹാരം തണുത്തുറഞ്ഞിരിക്കുന്നു. അതിന്റെ പഴകിയ മണം പരന്നു. അനങ്ങാൻ സാധിക്കുന്നില്ല. നേരം വെളുക്കാറായി. ജോൺ ഇനിയും മടങ്ങിയെത്തിയില്ല.

പുൽനാമ്പുകൾ ആലസ്യം വിട്ടുണർന്ന് വേർപാടിന്റെ ഈറൻ മിഴികളോടെ നിൽക്കുന്നു. പകലിന്റെ പൊള്ളുന്ന ആശ്ലേഷമോർത്ത് മൂകമായി. പകൽ കടന്നുപൊയ്ക്കൊണ്ടിരുന്നു. ശരണ്യ ഇരുന്ന ഇരുപ്പിൽ നിന്നനങ്ങിയില്ല. എന്തുചെയ്യണം.. മനസ്സ് ശൂന്യമായി കഴിഞ്ഞിരുന്നു. ഒറ്റക്കണ്ണൻ അടുത്തടുത്ത് വരുന്നു. കൈയിലൊരു വലിയ മൺകുടം... അവളാകെ വിറയ്ക്കുന്നുണ്ടായിരുന്നു. ക്യാമറക്കണ്ണുകൾ മിഴിതുറന്നടക്കുന്നു. പണവുമായി മുങ്ങിയ ഇടനിലക്കാരനെതേടി പുൽനാമ്പുകളെ ചവിട്ടിമെതിച്ച് ആളുകൾ... എന്തെല്ലാമോ പറയുന്നു. കയ്യിൽ മൈക്കുമേന്തി, കൂർത്തമാറിടമുള്ള ഇറക്കമില്ലാത്ത പാവാട ധരിച്ച ഒരുവൾ എന്തെക്കെയോ... ചാഞ്ഞും ചരിഞ്ഞും പറയുന്നു. അവളുടെ ചുണ്ടിലെ ചായത്തിന് ഉണങ്ങിയ രക്തത്തിന്റെ നിറമായിരുന്നു.







# പെൺസാന്നിദ്ധ്യത്തിന്റെ IFFK 2012




ജൂലിയറ്റ്. കെ

**17-ാമത്** അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിൽ അറുപത് രാജ്യങ്ങളിൽ നിന്നായി 198 സിനിമകൾ പതിനൊന്ന് തിയ്യറ്ററുകളിലായി പ്രദർശിപ്പിച്ചു. അതിൽ 25 സിനിമകൾ സ്ത്രീ സംവിധായകരുടേതാണ് എന്നത് ഈ മേളയുടെ പ്രാധാന്യവും ഗൗരവവും വർദ്ധിപ്പിക്കുന്നു. പ്രമേയത്തിന്റെ കരുത്തുകൊണ്ടും തീക്ഷ്ണതകൊണ്ടും, വ്യത്യസ്തതകൊണ്ടും, രൂപപരമായ മേന്മ കൊണ്ടും ആൺസിനിമകൾക്കൊപ്പം നിൽക്കുന്ന സിനിമകൾ തന്നെയാണ് ഇവരുടേതും. ചലച്ചിത്രോത്സവത്തിൽ പ്രദർശിപ്പിച്ച 14 മത്സരചിത്രങ്ങളിൽ 'ഇവാൻസ് വുമൺ', 'നോസ് വെമോസ് പപ്പ' എന്നീ സിനിമകൾ സ്ത്രീകൾ സംവിധാനം ചെയ്തവയായിരുന്നു. രൂപംകൊണ്ടും ഭാവംകൊണ്ടും ഏറ്റവും ഉയർന്നു നിൽക്കുന്നവ തന്നെയായിരുന്നു ഈ ചലച്ചിത്രഭാഷ്യങ്ങൾ.

17-ാമത് അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിൽ ഏറ്റവും മികച്ച സംവിധാനത്തിന് ഫ്രാൻസിസ്ക്ക സിൽവ എന്ന സ്ത്രീ സംവിധായികയെയാണ് തിരഞ്ഞെടുത്തത്. സംവിധാനത്തിൽ നില നിന്നിരുന്ന ആൺകോയ്മയെ തകർത്താണ് ഫ്രാൻസിസ്ക സിൽവ ഒന്നാമതെത്തിയത്. പെണ്ണൊരുക്കിയ സിനിമയ്ക്ക് മികച്ച സംവിധാനത്തിനുള്ള അവാർഡ് ലഭിച്ചുവെന്നത് തീർച്ചയായും ശുഭകരവും അഭിമാനകരവുമാണ്. സിനിമാലോകം സ്ത്രീകൾ കൈയ്യടക്കാൻ പോകുന്നതിന്റെ സൂചനയാണ് ഈ അവാർഡ്. ഇവാനും, നതാലിയയും മാത്രമാണ് ഈ സിനിമയിലെ രണ്ട് കഥാപാത്രങ്ങൾ. ഒരു കൊച്ചുപെൺകുട്ടിയാണ് നതാലിയ. അവളെ പുറംലോകം കാണിക്കാതെ അടച്ചിടുകയാണയാൾ. പത്രത്തിൽ അച്ചടിച്ചുവരുന്ന മോ





ഡേൺ വസ്ത്രധാരികളായ പെൺകുട്ടികളുടെ ചിത്രങ്ങൾ വെട്ടിയെടുത്തതിന് ശേഷം മാത്രമേ അയാൾ അവളെ പത്രം പോലും വായിക്കാൻ അനുവദിക്കൂ. എല്ലാം മൂടിവെക്കുമ്പോൾ അത് വരുതിയിൽ കിട്ടാനുള്ള ആസക്തി കൂടിക്കൂടി വരുമെന്നത് മനുഷ്യസഹജമാണ്. പുറം ലോകം കാണാൻ അവൾ അത്യധികം ആഗ്രഹിച്ചു. അവളുടെ പ്രണയം ലഭിക്കാൻ ഇടയ്ക്കൊക്കെ അയാൾ അവളെ വീടിനുപുറത്തേക്ക് കൊണ്ടുപോയി. സമൂഹവുമായി ഇടപഴകി ജീവിക്കാത്തതിനാൽ എങ്ങനെ ജീവിക്കണം, എങ്ങനെ പ്രശ്നങ്ങളെ നേരിടണം എന്നൊന്നും അവൾക്കറിയില്ലായിരുന്നു. പുറം ലോകത്തെ ഭ്രമിപ്പിക്കുന്ന കാഴ്ചകൾ കാണുമ്പോൾ അവൾ തന്നെ ഉപേക്ഷിച്ചു പോകുമോ എന്ന ഭയം ഇവാനെ ഭ്രാന്തമായ ഒരവസ്ഥയിൽ എത്തിക്കുന്നു. പെണ്ണിനെ അടിച്ചമർത്തി ഭരിക്കുന്ന ആൺകോയ്മയുടെ പ്രതിനിധിയാണ് ഇവാൻ. ലോകത്തിലെ എല്ലാ പുരുഷന്മാരിലും ഇവാന്റെ അംശങ്ങളില്ലേ എന്ന് ഈ സിനിമ കാണുമ്പോൾ നാം ചിന്തിച്ചുപോകും. ഒടുവിൽ ഇവാന്റെ വീട്ടുതടങ്കലിൽ നിന്ന് ഓടിരക്ഷപ്പെട്ട് തെരുവിൽ ഒറ്റപ്പെട്ടുപോയ നതാലിയയുടെ പകപ്പും, നിസ്സഹായതയും അവളെ നഷ്ടപ്പെട്ടതിൽ വിങ്ങിവിങ്ങിക്കരയുന്ന ഇവാനും പ്രേക്ഷകമനസ്സിൽ വല്ലാത്ത ഒരു അസ്വസ്ഥതയായി പടർന്നുകയറും.

ലൂക്ക കരേറ സംവിധാനം ചെയ്ത നോസ് വെമോസ് പപ്പാ എന്ന സിനിമ ലാവണ്യമികവുകൊണ്ടും സംവിധാനഭംഗി കൊണ്ടും മനോഹരമാണ്. സിനിമാലോകത്തെ കരുത്തുറ്റ പെൺസാന്നിധ്യമാണ് ലൂക്ക കരേറ. നോസ് വെമോസ് പപ്പാ എന്ന സിനിമയിൽ നിശബ്ദതയുടെ ശക്തിയും സൗന്ദര്യവും അതീവ ഹൃദ്യമായി സംവിധായിക പ്രയോഗിച്ചിട്ടുണ്ട്. പിലാർ എന്ന പെൺകുട്ടിയാണ് സിനിമയിലെ മുഖ്യകഥാപാത്രം. പിലാറും അച്ഛനും തമ്മിലുള്ള സുദൃഢമായ ബന്ധമാണ് സിനിമയുടെ കഥാതന്തു. മകൾക്ക് അച്ഛനോട് തോന്നുന്ന ഇലക്ട്രോകോപ്ലക്സിനെ മനോഹരമായി സംവിധായിക അഭ്രപാളിയിൽ വരച്ചെടുത്തിട്ടുണ്ട്. അച്ഛന്റെ മരണശേഷം പിലാറിന്റെ ജീവിതത്തിലുണ്ടാകുന്ന സംഭവങ്ങളാണ് സിനിമയെ മുന്നോട്ട് ചലിപ്പിക്കുന്നത്.

പ്രസന്റൻസ്, റെപ്പന്റെന്റ്, യെമ, മൈ യൂണിവേഴ്സ് ഇൻ ദ ലോവർ കേസ് എന്നീ മത്സര ചിത്രങ്ങൾ സ്ത്രീസാന്നിധ്യം കൊണ്ട് മികവാർന്നവയാണ്. ദ റപ്പന്റെന്റിലെ തീവ്രവാദികളാൽ കൊച്ചു മകൾ നഷ്ടപ്പെടുന്ന അമ്മ ശരീരഭാഷകൊണ്ടും, സമർത്ഥമായ ശബ്ദ വിന്യാസം കൊണ്ടും തീവ്രമായ വികാരങ്ങളെ ശക്തമായി ആവിഷ്കരിക്കുന്നുണ്ട്. 'യെമ' എന്ന സിനിമയിലെ യെമ എന്ന കഥാപാത്രത്തിന്റെ അഭിനയചാതുര്യം സിനിമയെ കൂടുതൽ ആകർഷകമാക്കുന്നു. പ്രസന്റൻസ് എന്ന സിനിമയെ ചലിപ്പിക്കുന്നതും രണ്ട് പെൺകഥാപാത്രങ്ങളാണ്. രണ്ട് കഥാപാത്രങ്ങളും ഭാവിയെ പ്രവചിക്കുന്നവരാണ്. ഭാവിയെ ഓർത്ത് ഉത്കണ്ഠപ്പെടാതെ വർത്തമാനത്തിൽ ജീവിക്കാൻ ഈ സിനിമ പ്രേരിപ്പിക്കുന്നു. കാലം ആവശ്യപ്പെടുന്ന പെൺശരീരഭാഷയും സ്വരവിന്യാസരീതികളും പുതിയ സിനിമകളിൽ വ്യത്യസ്തമാകുന്നുവെന്നത് ശ്രദ്ധേയമാണ്.

ഹെലേനഇഗ്നസ്, ബെൽമിൻ സോയൽ യമസ്, സുമിത്രാ ഭാവേ, അജിത് സുചിത്രവീര, മരിയാം അബൗ ഔഫ്, പെർക്കിൻസ്, ദീപ മേത്ത തുടങ്ങിയ സിനിമ ലോകത്തെ സമുന്നതരായ സംവിധായകരുടെ സിനിമകൾ ചലച്ചിത്രമേളയിൽ പ്രദർശിപ്പിച്ചു. റോബർട്ടാ മാർകേസിന്റെ സ്ത്രീകളെക്കുറിച്ചുള്ള സ്ത്രീകൾ മാത്രം അഭിനയിച്ച 'റാനിയ' പ്രേക്ഷകരുടെ മനം കവർന്നു.

മേളയിൽ സുവർണ്ണചകോരം നേടിയ 'സ്റ്റാനിന' ഫിലിപ്പീനിയൻ ജീവിതത്തിന്റെ ഉൾത്തുടിപ്പുകൾ ഉൾക്കൊള്ളുന്നു. അനുഷ്ഠാനപരതയിൽ ഊന്നി നിന്നു കൊണ്ടുള്ള ഗ്രോത്രനിർമ്മിതമായ ആത്മീയതയും ക്രിസ്ത്യൻ മതവും തമ്മിലുള്ള സംഘർഷം ഈ സിനിമയിൽ കൈകാര്യം ചെയ്യുന്നുണ്ട്. യുക്തി ചിന്തകൊണ്ടും വിവേകം കൊണ്ടും തന്റെ ഭർത്താവായ പോളിനെ കാർന്നു തിന്നുന്ന പാപബോധത്തെ ഇല്ലായ്മ ചെയ്ത് അയാളെ പോസറ്റീവ് ആയി ജീവിക്കാൻ പ്രേരിപ്പിക്കുന്ന അയാളുടെ ഭാര്യ ഈ സിനിമയിലെ സജീവമായ പെൺ സാന്നിധ്യമാണ്. മതം വിലക്കു കൽപ്പിച്ചിട്ടുള്ള തന്റെ അടുത്ത ബന്ധുവിനെ പ്രണയിച്ച് വിവാഹം കഴിച്ച പോളിനെ പാപബോധം നിരന്തരം അലട്ടികൊണ്ടിരുന്നു. നാം നമ്മുടെ ചോദനകൾക്കനുസരിച്ചാണ് ജീവിക്കുന്നത്. അവിടെ പാപബോധത്തിന് ഒരർത്ഥവുമില്ലെന്ന് അയാളുടെ ഭാര്യ തറപ്പിച്ചു പറയുന്നുണ്ട്. തീർത്തും സങ്കീർണ്ണമായ ഒട്ടേറെ പ്രശ്നങ്ങൾ ഈ സിനിമയിൽ ചർച്ച ചെയ്യുന്നുണ്ട്. അഗ്നിപർവ്വതത്തിൽ നിന്നുള്ള ചളിയിൽ മൂടപ്പെട്ട ഒരു നഗരത്തിലാണ് പോൾ ജീവിക്കുന്നത്. അവിടുത്തെ ഒരു ക്വാറിയിൽ നി



ന്ന് 7 വർഷങ്ങൾക്കു മുമ്പു മരിച്ച രണ്ടു വയസ്സുകാരി മകളുടെ ജഡം അടക്കം ചെയ്ത ശവപ്പെട്ടി അയാൾക്ക് ലഭിക്കുന്നു. ആ മൃതദേഹത്തിന് യാതൊരു കേടുപാടും സംഭവിച്ചിട്ടുണ്ടായിരുന്നില്ല. ജനങ്ങൾ ദിവ്യാത്ഭുതമായി അതിനെകാണുന്നു. അവളെ വിശുദ്ധയാക്കണമെന്ന് അവർ ആഗ്രഹിക്കുന്നു. ക്രിസ്ത്യൻ പാപബോധത്തെ നിരാകരിച്ചു കൊണ്ട് ഇന്മാൻ വേൽ കിന്റോ പാലോ സംവിധാനം ചെയ്ത "സ്റ്റാനിന" എന്ന സിനിമ കാലികപ്രസക്തിയുള്ളതാണ്.

ഏറ്റവും നല്ല ചിത്രമായി പ്രേക്ഷകർ തിരഞ്ഞെടുത്തത് ജോയ് മാത്യുവിന്റെ 'ഷട്ടർ' ആയിരുന്നു. സിനിമയിൽ സജിതാ മഠത്തിൽ അവതരിപ്പിച്ച ലൈംഗികത്തൊഴിലാളിയുടെ റോൾ മലയാള സിനിമയിൽ അപൂർമായ അനുഭവമായി മാറി. സാർത്രിന്റെ മാന്യയായ വേശ്യയേയും ബ്രതോൾഡ് ബ്രഹ്റ്റിന്റെ സെത്സ്വാനിലെ നല്ല സ്ത്രീയേയും ഈ കഥാപാത്രം ഓർമ്മിപ്പിക്കുന്നുണ്ട്. കാണികളിൽ നിന്ന് സമുന്നതമായ ഒരാദരവ് ലഭിക്കും വിധമുള്ള കഥാപാത്രമാണ് ഇത്. സവിശേഷമായ ശരീരഭാഷകൊണ്ട് ഈ കഥാപാത്രത്തെ ഗംഭീരമാക്കിയിട്ടുണ്ട് സജിതാ മഠത്തിൽ.

ദീപാമേത്തയുടെ മിഡ്നൈറ്റ് ചിൽഡ്രൻ മേളയിലെ ശക്തമായ സ്ത്രീസാന്നിദ്ധ്യമായി മാറി. മിഡ്നൈറ്റ് ചിൽഡ്രൻ എന്ന സൽമാൻ റഷ്ദിയുടെ ബുക്കർ പ്രൈസ് നേടിയ നോവലിന്റെ സിനിമാവിഷ്കാരമാണിത്. നിറഞ്ഞ സദസ്സിനു മുമ്പിലാണ് സിനിമയുടെ ആദ്യ പ്രദർശനം ഉണ്ടായത്. ഒരൊറ്റ തവണമാത്രമാണ്. മിഡ് നൈറ്റ് ചിൽഡ്രൻ പ്രദർശിപ്പിച്ചത്. മതമൗലികവാദികളുടെ എതിർപ്പിനെ ഭയന്നോ അടിയന്തിരാവസ്ഥയേയും ഇന്ദിരാഗാന്ധിയേയും ആക്ഷേപിക്കുന്ന സിനിമയാണെന്ന് ആരോപണമുണ്ടായതിനെ തുടർന്നോ ആണ് ഈ സിനിമ പിന്നീട് പ്രദർശിപ്പിക്കാതിരുന്നത്. അതുകൊണ്ട് ദീപാ മേത്തയുടെ സിനിമ കാണാതെ ഡെലിഗേറ്റുകൾക്ക് നിരാശകരാകേണ്ടി വന്നു. ജയൻ ചെറിയാന്റെ 'പാപ്പിലോ ബുദ്ധ ' എന്ന സിനിമയും ഗാന്ധിനിന്ദ ഉണ്ടെന്ന് പറഞ്ഞാണ് ചലച്ചിത്രമേളയിൽ നിന്ന് ഒഴിവാക്കിയതെന്ന ആരോപണം ഉണ്ട്. ശരിയത്ത് നിയമങ്ങളുടെ കുരുക്കിൽപെടുന്ന പെണ്ണവസ്ഥ ആവിഷ്കരിക്കുന്ന ദേശീയ അവാർഡ് നേടിയ സുവീരന്റെ ബ്യാരിയും ഫെസ്റ്റിവലിൽ നിന്ന് ഒഴിവാക്കട്ടെ. ഫിലിം ഫെസ്റ്റിവെലുകൾ പോലുള്ള ജനകീയ ഉത്സവങ്ങൾ ജനാധിപത്യ ഇടങ്ങളാണ്. കലാകാരന്റെ ആവിഷാകാരസ്വാതന്ത്രത്തിനു മേൽ കടന്നുക്കയറ്റം നടത്തുന്ന അസുരശക്തികൾ ജനാധിപത്യത്തിന് തീരാകളങ്കമാണ്. ഫിലിം ഫെസ്റ്റിവെലുകളിൽ പോലും ഇത്തരം നുഴഞ്ഞു കയറ്റം സാദ്ധ്യമാകണമെങ്കിൽ നമ്മുടെ ആവിഷ്കാരസ്വാതന്ത്രത്തിന്റെ നിലനിൽപ്പ് എന്താണ് എന്ന ചോദ്യം വളരെ പ്രസക്തമാണ്.

ലോക സിനിമാവിഭാഗത്തിൽ 79 സിനിമകൾ പ്രദർശിപ്പിക്കുകയുണ്ടായി. ലോകത്തിലെ ഏറ്റവും പുതിയ സിനിമകളാണ് മേളയിൽ പ്രദർശിപ്പിച്ചത്. ഫ്രഞ്ച് നവതരംഗസിനിമയുടെ ശക്തനായ വക്താവ് അലൻ റെനെ, ലാളിത്യവും മനോഹാരിതയും ഒത്തു ചേർന്ന് സാധാരണക്കാരുടെ കഥ പറയുന്ന ആഫ്രിക്കൻ സിനിമാ രംഗത്ത് പ്രശസ്തനായ പിയറി യമാഗോ, ലോകപ്രശസ്ത സിനിമാസംവിധായകരായ കുറുസോവ, ആൽഫ്രഡ് ഹിച്ച് കോക്ക്, പ്രശസ്ത ആസ്ട്രേലിയൻ സംവിധായകൻ പോൾ കോക്സ് എന്നിവരുടെ സിനിമകൾ ചലച്ചിത്രമേളയിലെ റെട്രോസ്പെക്റ്റീവ് വിഭാഗത്തിൽ പ്രദർശിപ്പിക്കുകയുണ്ടായി. വിയറ്റ്നാം ചലച്ചിത്രങ്ങളാണ് ഈ വർഷത്തെ കൺട്രി ഫോക്കസ്സിൽ പ്രദർശിപ്പിച്ചത്. വിയറ്റ്നാം വിമോചന പോരാട്ടത്തിന്റെ പശ്ചാത്തലത്തിൽ 'തു ഹൗ' എന്ന പെൺ പോർവീര്യത്തെ കേന്ദ്രകഥാപാത്രമാക്കി സംവിധാനം ചെയ്യപ്പെട്ട മിസ്തു ഹൗ എന്ന സിനിമ വിയറ്റ്നാംസിനിമയിലെ മാസ്റ്റർ പീസാണ്.

ലോകത്തിലെ വ്യത്യസ്തങ്ങളായ സംസ്കാരങ്ങളിൽ പിറക്കുന്ന സമകാലിക സിനിമകൾ, സിനിമയുടെ ചരിത്രമുറങ്ങിക്കിടക്കുന്ന വഴികളിലൂടെയുള്ള കാഴ്ചകൾ, സിനിമാ രംഗത്തെ ജീനിയസ്സുകളുടെ ചലച്ചിത്ര ഭാഷ്യങ്ങൾ, സാംസ്ക്കാരികഅധിനിവേശങ്ങൾ, പോരാട്ടങ്ങളുടെ ചരിത്രങ്ങൾ, പോർഭൂമികൾ, അതിജീവനത്തിനുള്ള സമരങ്ങൾ, സാഹസങ്ങൾ അങ്ങനെ ചലച്ചിത്രമേളയിലെ കാഴ്ചകൾ നിരവധിയായിരുന്നു. സിനിമാലഹരിയിൽ നിറഞ്ഞു നിന്ന ഏഴു ദിവസങ്ങൾ. മഴപെയ്തൊഴിയുമ്പോൾ പുതുനാമ്പുകൾ കിളിർക്കുമല്ലോ. നമ്മുടെ സ്വപ്നങ്ങൾക്കും, പുതിയ നാമ്പുകളുണരുമായിരിക്കും.




## വാസ്തവം

**ജാൻസി**

**പല** അവാർഡുകളും നൽകിക്കൊണ്ടിരിക്കെ കേരളഗവൺമെന്റ് പുതിയൊരു അവാർഡു പ്രഖ്യാപനവുമായി രംഗത്തെത്തിയിരിക്കുകയാണ്. കൂട്ടബലാത്സംഗത്തിനിരയാകുന്ന സ്ത്രീകൾക്ക് 1 1/2 ലക്ഷം മുതൽ 2 1/2 ലക്ഷം വരെ ക്യാഷ് അവാർഡ് നൽകുന്നു എന്നതാണ് പ്രഖ്യാപനം. കൂട്ടബലാത്സംഗം നടത്തുന്നവർക്ക് കഠിനശിക്ഷ നൽകുമെന്നും വാർത്ത കണ്ടു. ഒറ്റയ്ക്കൊറ്റക്ക് ചെയ്താൽ ശിക്ഷ അത്ര ലഭിക്കില്ല പോലും. സ്വന്തം മോൾക്ക് വരുമ്പോഴേ വിവരം അറിയൂ എന്നൊക്കെ പറഞ്ഞു പറഞ്ഞ് പീഡനക്കേസുകളിൽ അച്ഛനും ആങ്ങളയും അമ്മാവനും അച്ചാച്ചനും മൂത്തച്ഛനുമൊക്കെ കുടുംബത്തിനകത്തും പുറത്തും ഉള്ള എല്ലാ പുരുഷന്മാരും പീഡിപ്പിച്ച കഥയാണ് പുറത്തുവരുന്നത്. വിദ്യാർത്ഥികളൊന്നിനെ തൊട്ടപ്പോൾ വിദ്യാർത്ഥികൾ ആൺപെൺഭേദമില്ലാതെ രംഗത്തെത്തിയതുപോലെ വീട്ടമ്മമാർക്കുവേണ്ടി ആരെങ്കിലും ഇറങ്ങാറുണ്ടോ? എങ്ങനെ പീഡനങ്ങൾ കുറക്കാം എന്ന ചർച്ചകൾ എവിടെയും നടന്നുകൊണ്ടിരിക്കുകയാണ്. സ്ത്രീകൾ പുരുഷന്മാരുടെ മുൻപിൽ പ്രത്യക്ഷപ്പെടാതെ ഒളിഞ്ഞുകഴിയുന്നതാണ് പോംവഴി എന്ന് എല്ലാവരും ഉറക്കെ ചിന്തിക്കുന്നു. ഒരു കുടിയേറ്റഗ്രാമത്തിലെ പള്ളിവികാരി സ്ത്രീകൾക്ക് താക്കീതുകൊടുത്ത വിവരം അറിയാനിടയായി. തല മൂടി പള്ളിയിൽവരണം. സാരിയല്ലാതെ മറ്റൊന്നും സ്ത്രീകൾ ധരിക്കാൻ പാടില്ല. ഫാഷൻ ഡ്രസ്സുകൾ പെൺകുട്ടികളെ അണിയിക്കാൻ പാടില്ല എന്നിങ്ങനെപോകുന്നു നിർദ്ദേശങ്ങൾ. എല്ലാ ബലാത്സംഗങ്ങളും പീഡനങ്ങളും പെണ്ണു കാരണമാണ് എന്ന് ഉറപ്പിക്കുന്ന വിഡ്ഢികളുടെ ഇടയിൽ ജീവിക്കേണ്ടി വരുന്നത് ഖേദകരം തന്നെ. (നഗ്നത കണ്ടാൽ) കേറിപ്പിടിക്കുന്ന സംസ്ക്കാരമാണ് പുരുഷന്റേത് എന്നു വിശ്വസിക്കാൻ തോന്നുന്നില്ല. ഇതാണ് തങ്ങളുടെ സംസ്ക്കാരമെന്ന വിളിച്ചറിയിക്കലല്ലേ ശ്വേതാമേനോന്റെ പ്രസവവുമായി ബന്ധപ്പെട്ട ചർച്ചകളിൽ ചിലരുടെ ഗീർവാണങ്ങൾ. 'സ്വഭാവഗുണ'വും 'അടക്ക'വും 'ഒതുക്ക'വും 'നല്ല വസ്ത്രധാരണവു'മൊക്കെയുള്ള സ്ത്രീകളെ ബലാത്സംഗവീരന്മാർ വെറുതെ വിടുമായിരിക്കും.. കടുത്തശിക്ഷ കൊടുത്താൽ അതൊരു മാതൃകയാകും എന്നൊന്നും വിശ്വസിക്കുവാൻ ഞങ്ങൾ തയ്യാറല്ല. സംസ്ഥാനങ്ങൾ സ്ത്രീയുടെ സുരക്ഷക്കുവേണ്ടി നടപടി എടുക്കണം എന്ന് പ്രധാനമന്ത്രി പറയുന്നിടത്താണ് കേരളത്തിന്റെ വൈരുദ്ധ്യം മുഴച്ചു നിൽക്കുന്നത്. ഇവിടെ വ്യവസായമായി മാറിയത് അദ്ദേഹം അറിയാഞ്ഞിട്ടാവാം. സ്ത്രീകൾ ഒറ്റക്കെട്ടായി രംഗത്തെത്തിയാൽ (ഭിന്നിപ്പിക്കാൻ മുന്നിലും പിന്നിലും ആളുണ്ടെന്നോർക്കണം) ഇത്തരക്കാരെ തുരത്താൻ കഴിഞ്ഞേക്കും. അഭിനയിക്കാൻ പോയ പെൺകുട്ടിയെ പീഡിപ്പിച്ചു കൊന്നപ്പോൾ അഭിനയമോഹമാണ് കാരണമെന്ന് പറഞ്ഞ ജനത്തോട് ഒരു ചോദ്യം? ട്രെയിൻ യാത്രയോ ബസ് യാത്രയോ ആണോ കാരണം? അതോ ബി.പി.ടി മോഹമോ ? അതൊന്നുമല്ലെങ്കിൽ സ്ത്രീകൾ പുറത്തിറങ്ങുന്നതോ? പക്ഷേ, അകത്തിരിക്കുന്ന വീട്ടമ്മമാരേയും വെറുതെ വിടുന്നില്ലല്ലോ. കാര്യം കാണാൻ പെൺകുട്ടികൾ തന്നെ പുറപ്പെട്ടിറങ്ങുന്നു എന്ന ആരോപണം ഉന്നയിക്കുന്നവർ ഇത്തരം ക്രൂരകൃത്യങ്ങൾക്ക് ഓശാന പാടുന്നത് മനസ്സിലാക്കാവുന്നതേയുള്ളൂ. അതിക്രമങ്ങൾക്കിരയാകാതെ ജീവിക്കാൻ സ്ത്രീകൾക്ക് വഴിയൊരുക്കുന്ന ഒരു സാഹചര്യം ഒരുങ്ങുന്നില്ലെങ്കിൽ, കടുത്ത പ്രയോഗങ്ങളെക്കുറിച്ച് സ്ത്രീകൾ തന്നെ ചിന്തിച്ചു തുടങ്ങും എന്ന താക്കീതു മാത്രമേ ഇവിടെ നല്കാനുള്ളൂ.



# പക്ഷികളോട്

**സൗമ്യ.പി.ആർ**

**ബലിച്ചോറു** കിട്ടാത്ത കാക്കയുടെ കാലമിത്
ദേശാടനത്തിനായ് കൂടുവിട്ടിറങ്ങുക
മയിലിന്റെ ഭംഗിയും കുയിലിന്റെ നാദവും
വലയിലാക്കും പെരുംശാപമെന്നറിയുക
ചുണ്ടു ചുവന്നൊരു തത്തയാണെങ്കിലോ
കൂട്ടിൽ കിടന്നു ചിലയ്ക്കണമോർക്കുക
കൊക്കുരുമ്മും ഇണപ്പക്ഷിയായ് മാറിയാൽ
ചന്തയിൽ കൊണ്ടുപോയ് വിൽക്കുമെന്നറിയുക
പൈങ്കിളിക്കായിന്നു 'മാനിഷാദാ' പാടാൻ
വാല്മീകി പോലും വരില്ലയെന്നോർക്കുക
ദൂതുപോകാൻ ഹംസമായി വന്നെത്തിയാൽ
ചാരനായ് നിന്നെ കൊലചെയ്യുമറിയുക
കോഴിയായാൽ ഫീനിക്സായിപ്പറക്കുവാൻ
തൂവൽ പോലും ബാക്കിവെയ്ക്കുകില്ലോർക്കുക


# എന്റെ മനസ്സ്


**റിതുറോയ്**



**മഞ്ഞുകൂടാരം** വകഞ്ഞുമാറ്റി
നിന്റെ അത്ഭുതക്കണ്ണാടി ഞാൻ കണ്ടു
മിന്നിമായുന്ന വികലരൂപങ്ങൾക്കിടയിൽ
പുഞ്ചിരിയോടെ ഒരു രൂപം
അത് അതെന്റെ മനസ്സായിരുന്നു
ശരീരത്തിന്റെ കൊടും ക്രൂരതകളിൽ
കൈമോശം വന്ന എന്റെ മനസ്സ്
തെളിമ നഷ്ടപ്പെടാതെ
നീയതിനെ കാത്തു സൂക്ഷിച്ചു.
നന്ദി, ഇനി എനിക്കത് തിരിച്ചുവേണ്ട
ഈ ശരീരം വീണ്ടും ക്രൂരമാവുമ്പോൾ
ആ സുന്ദരരൂപത്തെ വികലമാക്കും
നീ വെറുതേ സൂക്ഷിക്കേണ്ട
നിന്റെ അനശ്വര പ്രണയത്തിന്
ഞാൻ നൽകുന്ന പാരിതോഷികമാവട്ടെ ഇത്
ഈ മനസ്സിനേക്കാൾ വിലയുള്ളതൊന്നും
നിനക്ക് തരുവാനില്ല.







# മാപ്പുസാക്ഷിയുടെ നോട്ടുപുസ്തകം

ശ്രീവിദ്യ എസ്.മാരാർ

**ചെയ്തതത്രയും** ഞാനെന്ന് വിളിച്ചുപറഞ്ഞിട്ടും
അവരെന്നെ മാപ്പുസാക്ഷിയാക്കി
എനിക്കെന്നോട് തന്നെ പുച്ഛം
തോന്നിയതന്നു മുതലാണ്.
ധീരമായ ഒരന്ത്യം
രണകുടീരത്തിലെ സുവർണ്ണലിപികൾ,
എല്ലാം അന്യമായതന്നാണ്.
തീക്ഷ്ണയൗവ്വനം സ്വപ്നം കണ്ട
രക്തസാക്ഷിത്വം
മാപ്പുസാക്ഷിയായവന്റെ വേദന
ആർക്കുമറിയില്ല.
ചരിത്രം എഴുതുമ്പോൾ
മാപ്പുസാക്ഷി പ്രഹസനമാവുന്നു.

അവൻ-അവൾ ശിവണ്ടി വേഷം കെട്ടി
ആട്ടമാടുന്ന വെറും പാവകണക്കെ...
നീട്ടി കിട്ടിയ ആയുസ്സ്
ശാപമാവുന്നു.
അഴിച്ചിട്ടും കിഴിയാത്ത
പാഞ്ചാലി ചേല പോലെ
ഓരോ ചേലയിലും
കൃഷ്ണ സ്പർശം?
അബദ്ധധാരണ
അഴിയപ്പെടുന്ന ഓരോ ചേലക്കും
കൃഷ്ണനെ പ്രതീക്ഷിക്കാമോ?
എങ്കിൽ നാട്ടുപേരിലെ
അറിയപ്പെടലിനെന്തർത്ഥം?
അതോ, സൂര്യനെല്ലിയും, വിതുരയും
പിന്നെ അനേകം സ്ഥലങ്ങളും
കൃഷ്ണനന് അറിഞ്ഞ് കൂടെന്നോ??
സർവ്വവ്യാപിയെ സ്വപ്നം കാണാൻ
പഠിപ്പിച്ച ബാല്യം
മനുഷ്യനാകാൻ കൊതിച്ച
കൗമാരം
അന്ന് മുതലിന്നോളം ഞാൻ കണ്ടത്
നിറഭേദങ്ങളില്ലാത്ത സ്വപ്നങ്ങൾ.
ജീവിതം നിറങ്ങളുടേതെന്ന് ചിലർ
സ്വപ്നങ്ങളുടേതെന്ന് മറ്റ് ചിലർ
നിറങ്ങളും സ്വപ്നങ്ങളും ഇല്ലാത്തവന്
ജീവിതം ചോദ്യചിഹ്നം??
ഞാൻ ചേലക്ക് നീളം കൂട്ടിയില്ല
പകരം അത് കിഴിച്ച കൈ വെട്ടിമാറ്റി.
ഞാൻ കൃഷ്ണാ എന്നാർത്തുവിളിച്ചില്ല
പകരം ലോകമുറക്കെ നടന്നതത്രയും
വാതോരാതെ കേൾപ്പിച്ചു.
പക്ഷേ....
അപ്പോഴും കരുണയുടെ
ഒരു തരിമ്പു ശേഷിക്കാതെ-
അപരൻ...
അവസാനം,
ഞാൻ മാപ്പുസാക്ഷി...
അപരനെന്നോട് കരുണ കാട്ടിയെന്ന്



# തണൽ

ഷീബാ ദിവാകരൻ

**ചാഞ്ഞുകിടക്കുകയായിരുന്നു**
ഒരു ശാഖ
എന്റെയാകാശത്ത്
പ്രകാശത്തിനായി
തല നീട്ടാവുന്നതിലധികം
നീട്ടിനോക്കിയെങ്കിലും
തരിമ്പും പഴുതുകിട്ടാതെ തളിർക്കാനോ
പുഷ്പിക്കാനോ പഴുതില്ലാതെ
നട്ടപടി മുരടിച്ചുകിടന്നു.
ഏറെ ഭംഗിയുള്ളൊരു ചട്ടിയിൽ



പുനർവായന



ഡോ.മിനിപ്രസാദ്

# കത്തുകളിലൂടെ നേടുന്ന സാന്ത്വനസ്പർശം

**അണുകുടുംബങ്ങളുടെ** വളർച്ച, ജീവിതപ്രാരാബ്ധങ്ങളുടെ വർദ്ധനവ് ഇങ്ങനെ ഒരുപാട് കാര്യങ്ങൾക്കുള്ള നീക്കുപോക്കെന്ന നിലയിലാണ് ഹോം നേഴ്സ് എന്ന പുതിയ തൊഴിൽമേഖല ഉണ്ടായത്. ഇത് ഇന്ന് വളർന്ന് പടർന്ന് പന്തലിച്ച് നിൽക്കുന്നുമുണ്ട്. ഏതായാലും രോഗീപരിചരണം. വൃദ്ധപരിചരണം ഇവയ്ക്കൊക്കെ ഒരു വലിയ സഹായമായി ഹോം നേഴ്സുകൾ നിൽക്കുന്നു. ഒരു വശത്ത് തൊഴിൽ മേഖലകൾ പലതും ഇല്ലാതെയാവുമ്പോൾ മറുവശത്ത് ഇത്തരം പുതിയ ചില തൊഴിൽ മേഖലകൾ ഉടലെടുക്കുകയാണ്. നാം ഉപഭോക്താവിന്റെ കണ്ണിലൂടെയാണ് ഇന്നുവരെ ഹോം നേഴ്സുമാരെ കണ്ടത്. അവരിലുള്ള വിശ്വാസക്കുറവ്, അവരുടെ സ്വഭാവത്തെക്കുറിച്ചുള്ള സംശയങ്ങൾ അവയെക്കുറിച്ചുള്ള ഉത്കണ്ഠങ്ങൾ എന്നിവയാൽ സദാ സംശയം നിറഞ്ഞ നോട്ടങ്ങളാണ് നാം അവരുടെ നേർക്കയച്ചിരുന്നത്. പക്ഷേ ഹോം നേഴ്സുമാർ മറ്റുവീടുകളിൽ അരക്ഷിതവും അപരിചിതവുമായ ഇടങ്ങളിൽ അനുഭവിക്കുന്ന ഉത്കണ്ഠകൾ എന്തെല്ലാമാവാം. അതാരുടേയും ചിന്തകളുടെ പരിധികളിലെത്തുന്നില്ല. നാം മാസം തോറും എണ്ണി നല്കുന്ന പണത്തിനൊപ്പം അവർ ജോലിചെയ്യുന്നോ എന്ന് കള്ളക്കണ്ണിലൂടെ നോക്കി നടക്കുന്നതിനിടക്ക് എപ്പോഴാണ് അവരുടെ ചിന്തകളോട് തന്മയീഭവിക്കാൻ നമുക്ക് സമയം? ഒരു ഹോം നേഴ്സ് മുഖ്യകഥാപാത്രമാവുന്ന പ്രിയ.എ.എസ്സിന്റെ 'സ്നേഹബഹുമാനപ്പെട്ട ആന്നാമ്മയ്ക്ക് ഗീതാലക്ഷ്മി എഴുതുന്നത്' എന്ന കഥ ഇതിനുള്ള മറുപടിയാണ്.

ജീവിതോപാധിക്കായി അമൃത എന്ന സ്വകാര്യ ഹോം നേഴ്സിംഗ് സ്ഥാപനത്തിൽ ജോലിചെയ്യുന്ന ഗീതാലക്ഷ്മി ഏതാണ്ട് ഒരു വർഷം മുൻപ് മൂന്നുമാസം ജോലിക്കു നിന്ന ഒരു വീട്ടിലെ ആന്നാമ്മ എന്ന അദ്ധ്യാപികക്ക് എഴുതുന്ന കത്തുകളുടെ രൂപത്തിലാണ് പ്രിയ കഥാഖ്യാനം നിർവ്വഹിക്കുന്നത്. മൂന്നു വീടുകളിൽ നിന്ന് അവൾക്കു കിട്ടുന്ന അനുഭവങ്ങളും സ്വന്തം ജീവിതാനുഭവങ്ങളും തുറന്നെഴുതുകയാണ് ഗീതാലക്ഷ്മി. ഒരു ഹോം നേഴ്സിനെസംബന്ധിച്ചിടത്തോളം മൂന്നുമാസത്തെ ബന്ധമേ ഏതു വീടിനോടും അതിലെ അംഗങ്ങളോടും പാടുള്ളൂ എന്ന അലിഖിത നിയമവും നിർദ്ദേശവും ആന്നാമ്മയുടെ കാര്യത്തിൽ ഗീതാലക്ഷ്മിക്ക് പാലിക്കാനാവുന്നില്ല. സ്നേഹത്തോടെയും ബഹുമാനത്തോടെയും ഓർക്കാനുള്ള ഒരുപാട് നന്മകൾ പുലർത്തുന്ന വ്യക്തിത്വം ആന്നാമ്മയ്ക്ക് അവൾ കല്പിച്ചു കൊടുത്തിട്ടുള്ളതു കൊണ്ടു കൂടിയാണിത്. ഇവയെ വെറും എഴുത്തുകളായിട്ടല്ല സ്വകാര്യ ദുഃഖങ്ങളുടെ പങ്കുവെയ്പ്പായും തുറന്നെഴുത്തുകളായുമാണ് സ്വീകരിക്കേണ്ടത്.

മൂന്നുവർഷമായി വീടുവീടാന്തരം സഞ്ചരിക്കുന്ന ഹോംനഴ്സ് സ്വന്തം കല്യാണക്കാര്യംകൊണ്ട് അടുപ്പിച്ച് പത്തുദിവസം വീട്ടിൽ നിന്ന ആഹ്ലാദത്തിലാണ് ആദ്യത്തെ കത്ത്. കല്യാണം പക്ഷേ സ്ത്രീധനമെന്ന മഹാവിപത്തിന്റെ ഭയപ്പെടുത്തലാൽ നടക്കാതെ പോകുന്നു. വീടു പണയം വെച്ചും ആഞ്ഞിലി വിറ്റും കല്യാണം നടത്താമെന്ന് അവളുടെ അമ്മക്ക് മോഹമുണ്ടെങ്കിലും അവളതിന് സമ്മതിക്കുന്നില്ല. തന്റെ കല്യാണം താമസിക്കുന്തോറും അമ്മയുടെ ഹൃദയത്തിലെ ഓട്ട വലുതാവുമെന്ന് അവൾക്കറിയാം. ലോകത്തിന്റെ സാമാന്യനിയമങ്ങൾക്കനുസൃതമായി അമ്മ അങ്ങിനെ ചിന്തിച്ചു പോകുന്നതാണ്. മകളെ ഒരാളുടെ സംരക്ഷണയിൽ ഏൽപ്പിക്കുന്നതാണല്ലോ ഏത് അമ്മയുടെയും ജീവിതസാഫല്യം. തന്റെ

കല്യാണം താമസിക്കുന്തോറും അമ്മയുടെ ഹൃദയത്തിന്റെ ഓട്ട വലുതായിക്കൊണ്ടിരിക്കും എന്ന് അറിയാമായിരുന്നിട്ടും ജോലിസ്ഥലത്തിന്റെ ദൂരവും നിറത്തിന്റെ ചേർച്ചയില്ലായ്മയും ഒക്കെ പറഞ്ഞ് അവളത് നിഷേധിക്കുന്നു. സ്ത്രീധനവും പണ്ടവും തന്നെയാണ് പ്രശ്നം. ഇങ്ങനെയൊക്കെ അങ്ങ് ജീവിച്ചാ മതിയെന്നും അതിന് ഈ ഹോംനഴ്സിന്റെ ജോലിയെങ്കിലും ഉണ്ടല്ലോ എന്നും സ്വയം സമാധാനത്തിലെത്തുന്നു. നമ്മുടെ സമൂഹത്തിൽ വിവാഹത്തിന്റെ സുരക്ഷിതത്വം വിലയേറിയ ഒരിടപാടാണെന്ന തിരിച്ചറിവാണ് ഇത്തരമൊരു സ്വയം സമാധാനത്തിലവളെ എത്തിക്കുന്നത്. അവളുടെ കത്തിൽ "ഞാങ്കഷ്ടപ്പെട്ട് പത്തുപവനുണ്ടാക്കുമ്പോഴേക്ക് ചെക്കന്റെ വെല ഇരുപതുപവനാവുമോന്നാന്റെ പേടി'' എന്നൊരു ആത്മഗതം എഴുന്നു നിൽക്കുന്നുണ്ട്. ഇതാണ് അവളുടെ യാഥാർത്ഥ്യം. ഈ മൂന്നു വർഷം കൊണ്ട് ആടാത്ത മുത്തൊള്ള ഒരു ജിമിക്കിയും ഒരു ചെറിയ മോതിരവുമാണ് ആകെ സമ്പാദ്യം എന്നിരിക്കെ എങ്ങനെയാണ് വിവാഹക്കമ്പോളത്തിൽ അവൾക്ക് മത്സരിക്കാനാവുക?

ജോലി ചെയ്തുകൊണ്ടിരിക്കുന്ന വീടുകളുടെയും ഇടപെടുന്ന ആളുകളുടെയും വിവരണങ്ങളിലൂടെ മനുഷ്യസ്വഭാവത്തിന്റേയും സാമൂഹ്യജീവിതത്തിന്റേയും പരിഛേദങ്ങൾ നമുക്ക് ലഭിക്കുന്നു. വൈപ്പിനിലെ അമ്മച്ചിക്ക് ദുർമുഖമാണെന്നാദ്യം കരുതിയെങ്കിലും ഒരാവശ്യം വരുമ്പോൾ അവരു കാണിക്കുന്ന മനുഷ്യപ്പറ്റ് അവളെ അത്ഭുതപ്പെടുത്തുന്നു. പണ്ട് അവരൊരു നല്ല സ്ത്രീയായിരിക്കാം. പിന്നെ വയ്യാതെ വന്നപ്പോൾ ആകെ മൂശ്ശേട്ടയായതാവാം എന്ന നിഗമനത്തിൽ മനുഷ്യസ്വഭാവത്തെക്കുറിച്ചുള്ള വലിയൊരു കണ്ടെത്തൽ കൂടി നടത്തുന്നു. തിരുവാങ്കുളത്തെ അമ്മയാവട്ടെ അവളെ ജാതി ചേർത്തി ചോവത്തി എന്നു വിളിച്ച് ഈർഷ്യയോടെ പെരുമാറുന്നു. കാഞ്ഞിരപ്പള്ളീലെത്തുമ്പോൾ അപ്പച്ചനും അമ്മച്ചീം വളരെ നന്നായിത്തന്നെയാണ് പെരുമാറുന്നത്. പക്ഷേ അവരുടെ വാക്കും പ്രവൃത്തിയും തമ്മിൽ വലിയ ബന്ധമൊന്നുമില്ലെന്ന് അവസാനം അവൾ അനുഭവിച്ചറിയുന്നു. പക്ഷേ ആന്നാമ്മയുടെ അമ്മച്ചീടെ ചിരി. ആന്നാമ്മേടെ കത്ത്, കയ്യക്ഷരം ഇവയൊക്കെ ആശ്വാസത്തിന്റേയും സാന്ത്വനത്തിന്റേയും വകകൾ അവൾക്ക് നൽകുന്നു. ജോലിക്കിടെ പരിചയപ്പെട്ടവരെയൊക്കെ വിലയിരുത്തിക്കൊണ്ട് ഗീതാലക്ഷ്മി പ്രകടിപ്പിക്കുന്ന ഒരു സംശയമുണ്ട്. "മനുഷ്യന്മാര് എന്തുമാതിരി ജീവികളാ ആന്നാമ്മേ? ചിരിക്കണവര് കരയിപ്പിക്കും കരയണവര് ചിരിപ്പിക്കും. നല്ല മൊഖക്കാര് ചീത്തക്കാര്യം പറയും ചീത്തമൊഖക്കാര് നല്ലകാര്യം പറയും.'' പ്രാഥമികവിദ്യാഭ്യാസം മാത്രമുള്ള ഒരു സ്ത്രീ അനുഭവത്തിന്റെ പിൻബലത്തിൽ ലോകത്തെ കണ്ടെത്തിയതാണിവിടെ പരാമർശിച്ചിരിക്കുന്നത്. എത്ര അന്വർത്ഥമാണത് എന്നും ഓർക്കേണ്ടതാണ്.

സ്വപ്നം കാണുക എന്ന സ്വഭാവം ആന്നാമ്മയുടെ വീട്ടിൽ നിന്നാണവൾക്ക് കിട്ടിയത്. അതൊരു അനുഗ്രഹമാണെന്നാണ് അവളുടെ വിശ്വാസം. കാരണം നമ്മുടെ സൗകര്യവും ഭാവനയും അനുസരിച്ച് ജീവിക്കാൻ ദൈവം തന്ന ഒരിടം എന്ന രീതിയിലാണ് അവളിപ്പോ സ്വപ്നങ്ങളെ കാണുന്നത്. വിവാഹം, കുടുംബം, മകൾ ഇങ്ങനെ അതിരും ചുവരുമില്ലാതെ സ്വപ്നങ്ങൾ വളരുകയും ചെയ്യുന്നു. മകൾ ശാന്തിനികേതനിലെ വിദ്യാർത്ഥിനിയാകുന്നിടത്തോളം ആ സ്വപ്നം വളരുന്നതിനിടെ അമ്മയുടെ മരണമെന്ന യാഥാർത്ഥ്യം അവളെ തേടിയെത്തുന്നു. തനിക്കും കുടുംബത്തിനും ഒരു താങ്ങാകും എന്നവൾ സ്വപ്നം കാണുന്ന കോവൽ നിന്നയിടത്തു തന്നെ അമ്മയുടെ ചിത കൂട്ടുകയും തന്റെ മോതിരം വിറ്റ് ശവസംസ്ക്കാരത്തിന് പണം കണ്ടെത്തുകയും ചെയ്തതോടെ വീടുതന്നെ അവൾക്കന്യമാകുന്നു. ഇനി മോതിരം ആവശ്യമില്ലെന്നും കല്യാണം നടന്നിട്ട് മനസ്സമാധാനം ലഭിക്കാൻ അമ്മയില്ലെന്നുമുള്ള ഓർമ്മ അവളെ തളർത്തിക്കളയുന്നു. കാഞ്ഞിരപ്പള്ളിയിലെ വീട്ടുകാർ തന്നെ ദത്തെടുത്തേക്കുമെന്നൊരു വ്യാമോഹം അവൾ ഉള്ളിൽ സൂക്ഷിക്കുന്നത് അവരുടെ സ്നേഹപൂർവ്വമായ വർത്തമാനം കൊണ്ടായിരുന്നു. പിന്നെ അവരുടെ വാക്കും പ്രവൃത്തിയും തമ്മിൽ ഒരു ബന്ധവുമില്ലെന്നവൾ തിരിച്ചറിയുന്നു.

ഹോംനേഴ്സ് കഥാപാത്രമാകുന്ന കഥകൾ മലയാള ചെറുകഥാസാഹിത്യത്തിൽ വേറെയുമുണ്ട്. എന്നാൽ പാർശ്വവത്ക്കരിക്കപ്പെട്ട ഒരു സമൂഹത്തിന്റെ പ്രതിനിധി അവരുടെ മനസ്സ് അതേപടി തുറന്നുവെക്കുന്ന ഒരു രചന എന്ന രീതിയിൽ ഈ കഥക്ക് അതിന്റേതായ സവിശേഷതയുണ്ട്. കത്തുകളുടെ രൂപത്തിലുള്ള ആഖ്യാനം ഈ ആത്മഗതങ്ങൾക്ക് ഒരു തുറന്നു പറച്ചിലിന്റെ സ്വഭാവം കൂടി നൽകുന്നു. മധ്യതിരുവിതാംകൂർ ഭാഷയുടെ തനിമയാർന്ന അവതരണം, അതു നൽകുന്ന സ്വാഭാവികത അതാണ് ഈ കഥയെ ജീവനുള്ളതാക്കുന്നത്. ഈ കഥയിലൂടെ കടന്നുപോകുമ്പോൾ ഒരു ആന്നാമ്മ എവിടെയോ ഉണ്ടെന്നു തന്നെ അനുവാചകനും തോന്നും. അവർക്ക് തന്റെ വീട്ടുജോലിക്കാരിയേയും മനുഷ്യഗണത്തിൽ തന്നെ കാണാൻ കഴിയുമെന്ന് നാമും അറിയുകയാണ്. ദൈവത്തിന്റെ കയ്യക്ഷരവും ദൈവത്തിന്റെ തലോടലുമായി സ്നേഹബഹുമാനങ്ങൾ ജനിപ്പിക്കുന്ന ഒരു ആന്നാമ്മ എവിടെയോ ഉണ്ട്...



കഥ

പ്രിയ എ.എസ്

# സ്നേഹബഹുമാനപ്പെട്ട ആന്നാമ്മയ്ക്ക് ഗീതാലക്ഷ്മി എഴുതുന്നത്...

**എത്രയും** സ്നേഹബഹുമാനമേറിയ ആന്നാമ്മ അറിയുന്നതിന്,

തിരുവല്ലേലെ എന്റെ സൊന്തം വീട്ടീന്നാ ആന്നാമ്മേ ഈ കത്ത്. ആന്നാമ്മ അയച്ച കത്ത് എനിക്കിങ്ങോട്ടയച്ചുതരികയായിരുന്നു വൈപ്പിനിലെ വീട്ടുകാർ. ഒടനെ വരണം വീട്ടിലോട്ട് എന്നമ്മേടെ കത്തുവന്നതനുസരിച്ച് വൈപ്പിങ്കാര് മൂന്നുമാസക്കാലാവധി തെകയുംമുമ്പേ എന്നെ വിട്ടു.

എനിക്കൊരു കല്യാണാലോചന. അതാ അമ്മേടെ കത്തു വന്നത്. പറക്കോട് നിന്നാ. ജോലി ഡല്ലീലാ, ലീവിനു വന്നതാ. വൈപ്പിനിലെ അമ്മ നട്ടെല്ലിന്റെ കൊഴപ്പം മാറി നടക്കാന്തൊടങ്ങിയാരുന്നു. ശരിക്കുമ്പറഞ്ഞാല് ഒന്നര ആഴ്ചേങ്കൂടി ഞാനവടെ ഹോം നഴ്സായിട്ടു നിക്കണ്ടതാ. നല്ലൊരു കാര്യത്തിനല്ലേ, എനിക്കു സുഖമാവുകേം ചെയ്തല്ലോ, പൊക്കോ നീയെന്ന് ആ അമ്മ സമ്മതിച്ചു. 'അമൃതേ' ലോട്ട് വിളിച്ച് വിവരമ്പറഞ്ഞപ്പോ, നിങ്ങക്കവളെ വിടാൻ സമ്മതാണേല് ഞങ്ങക്കും സമ്മതം എന്ന് അവരുമ്പറഞ്ഞു.

ആ മാസത്തെ മുഴുവൻ ശമ്പളോം പിന്നെ ഇരുനൂറു രൂപ കൂടുതലും തന്നു 'വൈപ്പിങ്കാര്'. ആ അമ്മ അത്രേം മനുഷ്യപ്പറ്റ് കാണിച്ചതാ എനിക്കത്ഭുതം. ദുർമുഖമാ ആ അമ്മയ്ക്കെപ്പഴും എന്ന് ഞാങ്കഴിഞ്ഞ കത്തിലല്ലേ ആന്നാമ്മയ്ക്കെഴുതിയത്? ചെലപ്പം ആ അമ്മ അവർക്ക് സുഖമുണ്ടായിരുന്ന കാലത്ത് നല്ലതായിരുന്നിരിക്കും. പിന്നെ അസുഖം വന്നപ്പം എടത്തുടായതായിരിക്കും. മേലാതെ വരുമ്പം എല്ലാവരും അങ്ങനൊക്കെത്തന്നാകുമായിരിക്കും, അല്ലേ ആന്നമ്മേ?

പിന്നൊരു സാരീം തന്നു. അത്ര പഴേതൊന്നുമല്ല. മഞ്ഞേല് ചൊവന്ന പൂക്കളാ നെറയെ. മുന്താണീല് മാത്രം ഒരു മയില്. അമ്മേടെ മകള് ചിത്രച്ചേച്ചിക്ക് ആരാണ്ട് കൊടുത്തതാ. മഞ്ഞനെറം ഇഷ്ടമല്ലെന്നുമ്പറഞ്ഞു ചിത്രചേച്ചി അതുടുക്കാറേയില്ല. പക്ഷേ, ചിത്രച്ചേച്ചി വീട്ടിലില്ലാത്ത നേരമായതുകൊണ്ട് കിട്ടിപ്പോയതാ അത്. ചിത്രച്ചേച്ചീം ഭർത്താവുങ്കൂടി പല്ലിന്റെ ക്ലിനിക്ക് നടത്തി പൈസവാരുകാ. പക്ഷേ, പിശുക്കും ആർത്തീമാ സൊഭാവം. വേണ്ടെങ്കിലും ആർക്കും ഒന്നും കൊടുക്കരുതെന്നു നിർബന്ധമാ.

ഏതായാലും ആ കല്യാണക്കാര്യങ്കാരണം അടുപ്പിച്ചിത്രേം ദെവസം വീട്ടിനിക്കാമ്പറ്റി. മൂന്നു കൊല്ലങ്കൂടിയാ ഞാനിത്രേം നാള് വീട്ടി നിക്കണത്. ഓരോ വീട്ടിലേം മൂന്നുമാസ ഹോംനേഴ്സ് പണി കഴിയുമ്പം രണ്ടേരണ്ടു ദെവസമാ അമൃതക്കാര് ഒഴിവ് തരണത്. ആന്നാമ്മയ്ക്കറിയണതാണല്ലോ അതൊക്കെ.

കല്യാണക്കാര്യം, അത് വന്നപോലങ്ങ് പോയി. സ്ത്രീധനോം സൊർണോം ചോദിച്ചു അവർ. അതിനുതക്ക സാമ്പത്തികം ഞങ്ങക്കെങ്ങാണ്ടിരിക്കണോ? പോരെങ്കില് ചെറുക്കൻ വെളുത്തിട്ടാ ഞാങ്കരിങ്കുറത്തീം. ഞാമ്പറഞ്ഞു, ഞാനുമായിട്ട് ചേരില്ല. നെറച്ച് സൊർണം പൂശി മിനുങ്ങിവരണ ഒരു വെളുമ്പിപ്പെണ്ണിനാണോ നമ്മടെ നാട്ടില് ക്ഷാമം? വീട് പണയം വയ്ക്കാം, ആഞ്ഞിലിവിക്കാം, എങ്ങനേലും ഇക്കല്ല്യാണം നടത്താം എന്നൊരര മോഹമൊണ്ടായിരുന്നു അമ്മയ്ക്ക്. ഞാൻ സമ്മതിച്ചില്ല.

ഡല്ലീലാ ജോലി, ലീവ് കൊറവാ, നിശ്ചയോം കല്യാണോം വിരുന്നിനു പോകലും ഒക്കേത്തിനുങ്കൂടി രണ്ടാഴ്ചയേയുള്ളൂ. എല്ലാം എടുപിടീന്നു വേണം എന്നൊക്കെ അയാളു പറയണു. പറയണത് അയാൾടെ കടമ. വിശ്വസിക്കണത് നമ്മൾടെ കടമ. ഒക്കെ സത്യമാണോന്നമ്പേഷിച്ച് പറയാൻ ഞങ്ങക്കാരാണ്ടിരിക്കണോ അങ്ങ് ഡല്ലീല്? ഞാമ്പറഞ്ഞു, എനിക്കീ കൺവെട്ടത്തൊള്ള ആരേലും മതി.

പിന്നെ ആന്നാമ്മേ, തലവര എന്നൊക്കെ പറയാറില്ലേ, അതുപോലെയല്ലേ ഓരോന്ന് നടക്കൂ. ഉയരത്തിൽ ഇരിക്കുന്നത് നമുക്ക് കൈകൊണ്ട് എടുക്കാൻ പറ്റുമെങ്കിൽ മാത്രം ശ്രമിച്ചാൽ പോരേ? ഒത്തിരി ആഗ്രഹങ്ങൾ ഒന്നും ഇല്ല. അമ്മ ജീവിച്ചിരിക്കണടം വരെ ഇങ്ങനെയങ്ങ് തട്ടിമുട്ടിപ്പോണം. അതിനീ ഹോംനേ

ഴ്സ് പണിയെങ്കിലുമുണ്ടല്ലോ.

അമൃതേന്ന് ഇന്നലെ കത്തൊണ്ട്, വേറെ രോഗിയെ നോക്കാമ്പോകാറായി, വാന്ന് വിളിച്ചോണ്ട്. നാളെ അമൃതേലോട്ട് പോകും.

ഈ ഒന്നരയാഴ്ച എന്തു സമാധാനമായിരുന്നു! കപ്പപ്പുഴുക്കും കാച്ചില് പുഴുങ്ങിയതും എന്നെ മൂക്കുമുട്ടെ കഴിപ്പിക്കലായിരുന്നു അമ്മേടെ പ്രധാനപണി. ഞാമ്പറമ്പില് കൊറെ ചേനനട്ടു. ഒരു കയർപ്പന്തലിട്ട് കോവൽവള്ളിയെ അതുമ്മേക്കേറ്റിവിട്ടു. ഇപ്പമതില് പൂകുത്താൻ തൊടങ്ങീട്ടുണ്ട്. ചെലപ്പം പത്രങ്ങളിലെ കൃഷിത്താളിൽ കാണാറില്ലേ ആന്നാമ്മേ, ബസ്സേറങ്ങി നടന്നപ്പം പല്ലെ കുത്താൻ ഒടിച്ചെടുത്ത കോവൽത്തണ്ടിന്റെ ബാക്കി കഷണം, വീടെത്തിയപ്പം പറമ്പിന്റെ മൂലേലേക്കെറിഞ്ഞത് അവിടെക്കെടന്ന് കിളിർത്ത് ആകെയൊള്ള അഞ്ചുസെന്റും നെറഞ്ഞുപടർന്ന് കായ്ച്ച് ഒരു കുടുംബത്തിന്റെ അത്താണിയായി എന്നൊക്കെ? അതുപോലെ കൊട്ടക്കണക്കിന്, ചാക്കുകണക്കിന്, പിന്നെ ലോറിക്കണക്കിന് കോവയ്ക്കാ തരുന്ന ഒരു വള്ളിയായി എന്റെ കോവൽ മാറിയെങ്കിലാന്നാമ്മേ. എങ്കിപ്പിന്നെ സൊന്തം കല്യാണത്തിനൊള്ള വകയൊണ്ടാക്കാൻ വീടുവീടാന്തരം ജീവിക്കണ ഹോംനേഴ്സ് ജീവിയാകാതെ കഴിഞ്ഞേനേ.

എന്റെ കല്യാണം താമസിക്കുന്തോറും എന്റമ്മേടെ ഹൃദയത്തിലെ ഓട്ട വലുതാവുകേയൊള്ളൂ. അതിലാ എനിക്കു സങ്കടം. മരുന്നുവാങ്ങി കാശ് കളയണ്ട, നെന്റെ കല്യാണം കൊണ്ടേ എന്റെ ഹൃദയത്തിലെ ഓട്ട അടയുള്ളെന്നാ അമ്മേടെ പറച്ചിൽ.

വൈപ്പിനീന്ന് കിട്ടിയ കാശുകൊണ്ട് ഞാനൊരു ജിമിക്കി പണീച്ചു. ആടാത്ത മുത്തൊള്ളതാ. ഒഴുക്കൻ കൊടയാ. എന്റെ വല്യമൊഖത്തിട്ടാ അത് കാണാങ്കൂടിയില്ല. എന്നാലും അത്രേമായാല് അത്രേമായെന്നെങ്കിലുമൊണ്ടല്ലോ. ഞാങ്കഷ്ടപ്പെട്ട് പത്തുപവനൊണ്ടാക്കുമ്പഴ്ത്തേക്ക് ചെറുക്കന് വെല ഇരുപതുപവനാകുമോന്നാ എന്റെ പേടി.

ഇപ്പം ജൂലായ്. കഴിഞ്ഞ ജൂലായില് ഞാനവിടാരുന്നു. ആന്നാമ്മേടമ്മേ നോക്കാൻ. എത്ര പെട്ടെന്നാ പിന്നേം ജൂലായ് വന്നത്. ഞാനെപ്പഴും ഓർക്കും ആന്നാമ്മേടമ്മയെ. എന്തൊരു ഭംഗിയാ അമ്മേടെ ചിരിക്ക്. പ്രത്യേകിച്ച് ആ കുലുങ്ങിക്കുലുങ്ങിയൊള്ള ചിരി. ഇപ്പം അമ്മ കറിക്ക് നുറുക്കും, പൈപ്പുവച്ച് ചെടിക്ക് നനയ്ക്കും എന്നെല്ലാം ആന്നാമ്മ എഴുതിയിരിക്കണതു കാണുമ്പം ഞാനും സന്തോഷിക്കുവാ. അവനോന് ഇത്തിരിയേ ചെയ്യാൻ പറ്റത്തൊള്ളെങ്കിലും ആ ഇത്തിരി ചെയ്യുമ്പഴൊള്ള സന്തോഷം അതൊരു വല്യ കാര്യമാ, അല്ലേ ആന്നാമ്മേ?

നാളെപ്പോകാൻ ഒന്നും അടുക്കിപ്പെറുക്കി വച്ചിട്ടില്ല. എന്റെ വിശേഷങ്ങളെഴുതി ഞാനെത്രെ പേജാ നെറച്ചത്? ശിവൻ വല്യച്ഛന്റേം മായച്ചേച്ചീടേം ബിച്ചൂന്റേം കാര്യമൊന്നും ഞാൻ ചോദിച്ചതുങ്കൂടിയില്ല. അവരോട് എന്റെ അന്വേഷണം പറയണമെന്നുമ്പറഞ്ഞ് ഞാനീകത്ത് ചുരുക്കുവാ. മെഴുകുതിരി കത്തിത്തീരാറായി. വേറേ തിരിയില്ലെന്നു തോന്നണു. ഇനി പുതിയ വീട്ടീച്ചെന്നിട്ടെഴുതാം.

ഗോഡ് ബ്ലസ് യു ആന്നാമ്മേ
എന്ന്
സൊന്തം ഗീതാലക്ഷ്മി

എത്രയും സ്നേഹബഹുമാനപ്പെട്ട ആന്നാമ്മയ്ക്ക്,

ഇപ്പം തിരുവാങ്കുളത്താ ആന്നാമ്മേ. ഇവിടുത്തെ അമ്മ മാർബിളിട്ട കുളിമുറീല് തെന്നിവീണിട്ട് കാലൊടിഞ്ഞുകെടക്കുവാ. അമ്മയ്ക്കു നല്ല തടിയാ. ഇവിടുത്തെ നൂലുപോലുള്ള അച്ഛൻ പിടിച്ചാലൊന്നും അമ്മേ എണീപ്പിക്കാമ്പറ്റുകേല. അതുകൊണ്ട് വരുത്തിയതാ എന്നെ.

അമ്മയ്ക്കു പക്ഷേ, എന്നെ കണ്ണെടുത്തുകണ്ടുകൂടാ. എന്റെ കൈ ഉരുക്കു പോലെയാ, പിടിച്ചെഴുന്നേപ്പിക്കുമ്പം പ്രാണൻ പോകും എന്നൊക്കെയാ പറച്ചിൽ. എന്നെ ചോത്തീന്നാ വിളിതന്നെ. ഇവര് വാര്യമ്മാരാ.

ഓരോ മൂന്നുമാസങ്കൂടുമ്പഴും വേറൊരാളാവുക, വേറെ കൊറെ കുറ്റം കേക്കുക- അതൊക്കെ ഞങ്ങക്ക് പറഞ്ഞിട്ടുള്ളതാ. ഒരു വീട്ടിൽ പൊലർച്ചെ അഞ്ചിനൊണർന്നാല് രാത്രി പതിനൊന്നരയ്ക്കാ ദെവസം തീരണത്. വേറൊരെടത്ത് ആറിനൊണർന്ന് എട്ടിന് കെടക്കണം. ഒരെടത്ത് രോഗീടെ തുണി എന്നും ഉജാല മുക്കണം. വേറൊരു വീട്ടില് ആഴ്ചേലൊന്ന് റോബിൻ ലികിഡിൽ മുക്കിയാ മതി. ഒരു കൂട്ടര് കുമ്പളങ്ങാക്കറിയില്ലാതെ ഉണ്ണൂല്ല. ഒരു കൂട്ടര് പഷ്ണികെടന്നാലും വേണ്ടില്ല കുമ്പളങ്ങാ കൈകൊണ്ട് തൊടൂല്ല. ഒരു വീട്ടിൽ വീസീയാറേ ജീവിതം. ഓരോന്നും വെവ്വേറെ എടുത്തു നോക്കിയാൽ നിസ്സാരകാര്യങ്ങളാ, പക്ഷേ അനുഭവിക്കുമ്പം എല്ലാങ്കൂടിച്ചേർന്ന് വലിയൊരു സങ്കടമാവുകാ ആന്നാമ്മേ.

ഇവിടെ തൊട്ടടുത്ത് അമ്പലമാ. അമ്പലത്തില് വായന നടക്കുവാ.. താന്താൻ നിരന്തരം ചെയ്യുന്ന കർമ്മങ്ങൾ താന്താനനുഭവിച്ചീടുകെന്നേ വരൂ. ഇത്തിരി മുൻപ് വായിച്ചർത്ഥം പറഞ്ഞവരിയാ. ഞാനാദ്യമായിട്ടാ വായന ശ്രദ്ധിക്കുന്നെ. നമ്മുടെ രാമായണം എഴുതിയ ആ മുനിയൊണ്ടല്ലോ വാല്മീകി, അയാളാദ്യം പിടിച്ചുപറിക്കാരനായിരുന്നെന്ന് ഞാനിപ്പഴാ അറിയണത്. അങ്ങേരോട് ഭാര്യ പറയുവാ, നിങ്ങള് തട്ടിപ്പിറച്ചോണ്ടുവന്നു, ഞങ്ങളത് കൊണ്ട് ജീവിച്ചു, കാര്യം ശെരിയാ. പക്ഷെ, ഞങ്ങള് പറഞ്ഞോ ഇങ്ങനെവേണം ഞങ്ങളെ തീറ്റിപ്പോറ്റാനെന്ന്? അപ്പപ്പിന്നെങ്ങനാ നിങ്ങടെ പാപത്തില് ഞങ്ങക്ക് പങ്കൊണ്ടാകണത്? നിങ്ങള് ദുഷ്കർമ്മം ചെയ്തിട്ടൊണ്ടേല് അതിന്റെ ഫലം നിങ്ങള് തന്നെത്താനെ അനുഭവിക്കുകയാ വേണ്ടത്. അങ്ങനാ വാല്മീകീടെ ഭാര്യേടെ പറച്ചില്. വാല്മീകി അതുകേട്ടന്തം വിട്ട്, സങ്കടപ്പെട്ട്, അറിവ് വന്ന് പുതിയൊരാളാവുകാ.

അതുകേട്ടേപ്പിന്നെനിക്ക് തോന്നുവാ ആന്നാമ്മേ, ഞാങ്കഴിഞ്ഞ ജന്മത്തില് അച്ഛനേം അമ്മേം നോക്കീട്ടേ ഇല്ലാത്തവളായിരുന്നിരിക്കും. സ്വിറ്റ്സർലണ്ടിന്നോ ഇല്ലിനോയീന്നോ മാസാമാസം പണമയച്ച് കുമ്പനാട്ടോ ചാവക്കാട്ടോ ഇരുപത്തഞ്ച് മുറീം സ്വിമ്മിങ്പൂളും ഹെലിപ്പാഡും ഒള്ള കൂറ്റനൊരു വീടും പണീച്ചിട്ടിട്ട് ഇനി എന്തുവാ നിങ്ങക്ക് വേണ്ടേന്ന് ചോദ്യമെറിഞ്ഞ്, ഉത്തരം കാത്തുനിക്കാതെ ചുണ്ടുചോപ്പിച്ച് സിഗററ്റ് വലിച്ച് പറന്നുപറന്നുപോയ ഒരു പെമ്മകളായിരുന്നിരിക്കും ഞാൻ. അല്ലേപ്പിന്നെ എണ്ണിയാത്തീരാത്തത്ര അ

ച്ഛമ്മാരേം അമ്മമാരേം അവരടെ രോഗകാലത്ത് ശുശ്രൂഷിക്കണവളായി ഇങ്ങനെവീടുവീടാന്തരം സഞ്ചരിക്കേണ്ടിവരുമോ?

മായച്ചേച്ചി ശാന്തിനികേതനീന്ന് ചിത്രപ്പഠിപ്പ് കഴിഞ്ഞ് വരാറായോ? ഇവിടടുത്തൊരു ചിത്രപ്രദർശനം വന്നായിരുന്നു. പോയിക്കണ്ടോട്ടേന്ന് ഞാനൊത്തിരി ചോദിച്ചു ഇവിടുത്തെ അമ്മയോട്, വിട്ടില്ലാന്ന് പ്രത്യേകിച്ചു പറയേണ്ടല്ലോ. നീയാരാ രവിവർമ്മേടെ പുന്നാരക്കൊച്ചുമോളോന്ന് കളിയാക്കുകേം ചെയ്തു.

ബിച്ചൂന് വണ്ണം വച്ചോ ആന്നാമ്മേ? ശിവൻ വല്യച്ഛൻ ഇപ്പഴും കണ്ണടേം കൊടേം എവിടെങ്കിലു മൊക്കെ മറന്നുവയ്ക്കണൊണ്ടാവും അല്ലേ? ആന്നാമ്മേടെ സ്കൂളില് എന്തെല്ലാമാ പുതിയ വിശേഷങ്ങൾ? അപ്പുറത്തെ വീട്ടിലെ രശ്മി, മാലിക, സീതയാട്, ക്ലോക്കിപ്പട്ടി എല്ലാരോടും എന്റെ അന്വേഷണം പറയണം.

ലൈറ്റണയ്ക്ക്, എനിക്ക് കെടക്കാറായി, മതി പ്രേമലേഖനമെഴുതിയത് എന്ന് ഇവിടുത്തെ അമ്മ ഒച്ച വയ്ക്കുവാ. എല്ലാവർക്കും നല്ലതുവരട്ടെ എന്ന പ്രാർത്ഥനയോടെ കത്ത് ചുരുക്കുവാ. അതിവിടുത്തെ അച്ഛന്റെ ഒരു പ്രാർഥനേം പറച്ചിലുമാ. ലോകാ സമസ്താ സുഖിനോ ഭവന്തു.

ലോകത്തിനു മുഴുവൻ നന്മ വരണദെവസം, അതെന്നായിരിക്കും, ആന്നാമ്മോ?

*എന്ന് ഒത്തിരി ഇഷ്ടത്തോടെ,*

*ഗീതാലക്ഷ്മി.*

എത്രയും സ്നേഹബഹുമാനത്തോടെ ആന്നാമ്മയ്ക്ക്,



**വല്യമ്മച്ചി എന്നെ സ്വെറ്ററ് തുന്നാമ്പഠിപ്പിക്കുകയാ. സമയം കളയാൻ നല്ല പണിയാ. ചുമ്മാ സന്തോഷം തോന്നുകേം ചെയ്യും.**

കത്ത് കിട്ടി. ഞാങ്കത്ത് മൂന്നുതവണ വായിച്ചു. ആന്നാമ്മേടെ കത്ത് വായിക്കുമ്പം എന്നെ ആരാണ്ട് തലോടുന്ന പോലാ. ദൈവത്തിന് കൈയക്ഷരമൊണ്ടേല് ആന്നാമ്മേടക്ഷരം പോലിരിക്കും എന്നാ ഞാൻ വിചാരിക്കാറ്. ആന്നാമ്മ സ്കൂളീന്ന് റിട്ടയറ് ചെയ്യാൻ ഒരു വർഷമേയൊള്ളെന്ന് വിശ്വസിക്കാൻ വെഷമമാ. ഇത്രേം ചന്തമൊള്ള കൈയ്യക്ഷരം കാണുമ്പം.

എന്റെ കല്യാണക്കാര്യം എന്തായെന്ന് ചോദിച്ചിരുന്നല്ലോ ആന്നാമ്മ. അതിപ്പം ബൈബിളിപ്പറയണ മാതിരിയാ.

ഞാൻ അയാളെ അന്വേഷിച്ചു, എന്നാൽ കണ്ടെത്തിയില്ല.

ഞാൻ അയാളെ വിളിച്ചു, എന്നാൽ ഉത്തരം ലഭിച്ചില്ല.

ഞാനിപ്പം കാഞ്ഞിരപ്പള്ളീലാ. ഇവിടത്തെ വല്യപ്പച്ചനെയാ നോക്കുന്നെ. തിമിരമാ. ഒട്ടും കാണാമ്മേല. എന്നാൽ ഇരിക്കുകേം നടക്കുകേം കെടക്കുകേം ചെയ്യണത് കണ്ണുകാണണപോലെതന്നാ. വീണാപ്പിടിക്കാമ്പാകത്തില് ഞാനാ പരിസരത്തൊണ്ടായാ മതീന്നാ വല്ല്യപ്പച്ചൻ പറയണത്. പെന്തക്കോസ്ത് സുവിശേഷക്കാരനായിരുന്നു വല്യപ്പച്ചൻ. എടയ്ക്ക് ബൈബിള് വായിച്ച് കൊടുത്താ വലിയ സന്തോഷമാ.

വല്യമ്മച്ചി എന്നെ സ്വെറ്ററ് തുന്നാമ്പഠിപ്പിക്കുകയാ. സമയം കളയാൻ നല്ല പണിയാ. ചുമ്മാ സന്തോശം തോന്നുകേം ചെയ്യും.

എന്നാലും ഇവിടെ സമയം അധികമാ. സൊപ്നം കാണലാ പ്രധാനപണി. ആന്നാമ്മേടവിടുന്നാ എനിക്കീ സൊപ്നങ്ങള് കിട്ടിയെ. കണ്ട സൊപ്നങ്ങളുടെ കഥേം പറഞ്ഞല്ലേ ആന്നാമ്മേടവിടെ ദെവസം തൊടങ്ങണത്. സൊപ്നക്കാര്യം പറഞ്ഞ് നിങ്ങള് ചിരിക്കണതും അതിന്റർത്ഥം കണ്ടുപിടിക്കാൻ നോക്കണതും തമ്മിക്കളിയാക്കണതും എപ്പഴും ഞാനോർക്കും.

ഓരോ വീട്ടീന്നോരോ വീട്ടിലേക്ക് മൂന്നുമാസം കൂടുമ്പം മാറണ ഞങ്ങള് ഹോംനേഴ്സ്മാര് ഒരു വീട്ടീന്നും ഓരോർമേം ഒരു സ്നേഹോം ഒരു സൊഭാവോം ഒരു രീതീം കൂടെക്കൊണ്ടുപോകാൻ പാടില്ലെന്നാ. പക്ഷേ എന്റെയുള്ളില് ഓരോ എടത്തുനിന്നും ഏതാണ്ടെല്ലാം ചെലത് പറ്റിപ്പിടിച്ചിരിക്ക

ണൊണ്ട്. ഓരോ മൂന്നുമാസവും ഞങ്ങക്ക് ഓരോ ജന്മമാ. എന്നിട്ടും ഞാനെന്തിനാ അവിടുന്ന് സൊപ്നം കൂടെ കൊണ്ടുപോന്നേന്ന് എനിക്കറിയാമ്മേല. ഒരന്തോം കുന്തോമില്ലാതെ സൊപ്നം കാണുവാ ഞാൻ. ഇന്നലെ വല്യപ്പച്ചന് ബൈബിള് വായിച്ചുകൊടുക്കുന്നതിനിടെ സൊപ്നം കണ്ട കാര്യം ഭയങ്കര രസമാ. ഞാൻ നെയിൽപോളിഷിടുവാ സൊപ്നത്തില്. അപ്പം മുറ്റത്തൂന്ന് ആരാണ്ട് ചെറിയ ശബ്ദത്തില് ഫോൺ ഫോൺന്ന് പറയുവാ. ഞാൻ മുറ്റത്തോട്ടോടിവന്ന് നോക്കുമ്പം കാണണത് ഒരു വെളുത്ത പട്ടിക്കുട്ടിയെ. അതിനെത്തന്നെ സൂക്ഷിച്ച് നോക്കിനിക്കുമ്പം എനിക്ക് മനസ്സിലാകുവാ ഫോൺ, ഫോൺന്ന് പറഞ്ഞത് ആ പട്ടിക്കുട്ടിയാ. മിണ്ടണ പട്ടിക്കുട്ടിയോന്ന് ഞാനന്തംവിട്ട് നിക്കുമ്പം അത് പിന്നേം കുഞ്ഞുശബ്ദത്തില് പറയുവാ. ഇവിടത്തെ ഫോൺ കേടല്ലേ, അതോണ്ട് ഞങ്ങൾടെ വീട്ടിലേക്ക് വിളിച്ചിരിക്കുവാ നിങ്ങൾടെ ആരാണ്ട്, വാ, വന്ന് വേഗം ഫോണെടുക്ക്. അപ്പുറത്തെ നീനച്ചേച്ചീടെ വീട്ടിലെ പട്ടിക്കുട്ടിയാ അതെന്നോർമ്മവന്ന് ഞാനങ്ങോട്ട് എറങ്ങാനൊരുങ്ങുമ്പം വല്യപ്പച്ചൻ പറഞ്ഞു. അന്ധന്മാർക്ക് കാഴ്ച, അതൊന്നുകൂടി വായിക്ക് മകളേ. അപ്പഴാ ഞാനോർക്കുന്നെ ബൈബിള് വായിക്കുവാണല്ലോ ഞാനെന്ന്.

പിന്നൊരു സ്ഥിരം സൊപ്നക്കാഴ്ചയൊണ്ട്. വല്യപ്പച്ചന്റെ മകൻ ഫെർണാണ്ടസ് ഒരറിയിപ്പും കൂടാതെ സിംഗപ്പൂരുന്നു വരണതാ അതിലെ കഥ. ഫെർണാണ്ടസച്ചായന് സദാ എന്റെമേൽ ഒരു കണ്ണൊണ്ടെന്നറിഞ്ഞ് ഞാങ്കിലുകിലാവെറച്ച് അച്ചായൻ തിരിയെപ്പോണ നേരം വരാൻ വഴിപാട് നേരുന്നു. എടനെലക്കാരനും വല്യപ്പച്ചനുങ്കൂടി അച്ചായന് തെരക്കിട്ട് കല്യാണമാലോചിക്കണ നേരത്ത്, അതിനെടേക്കേറിനിന്ന് എനിക്കിവള് മതിയെന്ന് എന്നെച്ചൂണ്ടി അച്ചായൻ കട്ടായം പറയണു. അതുകേട്ട് ഞാന്നടുങ്ങിവെറച്ച് വീഴാനൊരുങ്ങുമ്പോ എന്റെ നെറ്റിമേൽ പതിയുന്ന അച്ചായന്റെ ആ ചുണ്ട്, ആ ചുണ്ട് മൃദുവാണെന്ന എന്റെ കണ്ണീർസന്തോഷം, ഞങ്ങൾ വാരിപ്പുണരുന്ന കോവളം, ഞങ്ങൾ ബെർമുഡാസും സ്ലീവ്‌ലെസ് ബനിയനുമിട്ട് കൈകോർത്ത് നടക്കുന്ന സിംഗപ്പൂർ.

അങ്ങനെ സൊപ്നം കണ്ട് സന്തോഷിച്ച് തന്നെയിരുന്ന് ചിരിക്കുമ്പം ഫെർണാണ്ടസിന്റെ മൂന്നുവയസ്സ് പ്രായമൊള്ള ഫോട്ടോച്ചിരിയിൽ എന്റെ കണ്ണ് പതിയാഞ്ഞിട്ടാണോ? മൂന്നാംവയസ്സിലാക്കുഞ്ഞ് മഞ്ഞപ്പിത്തം വന്ന് മരിച്ചുപോയേപ്പിന്നാ വല്യപ്പച്ചൻ സുവിശേഷക്കാരനായേന്ന് എനിക്കറിയാഞ്ഞിട്ടാണോ? എന്നിട്ടും ഞാനിങ്ങനെ കാടുകേറി സൊപ്നം കാണുന്നതെന്തിനാ? എന്നു ചോദിച്ചാലാന്നാമ്മേ, നമ്മടെ സൗകര്യോം ഭാവനേമനുസരിച്ച് ജീവിക്കാൻ ദൈവം തന്ന എടമല്ലേ സൊപ്നം.

ഞങ്ങക്കൊരു മോളൊണ്ട് സൊപ്നബാക്കീല്. ദേവയാനി. ദേവീന്നും ആനീന്നും വിളിച്ച വളെ വളർത്തി വലുതാക്കുമ്പം അവള് ചിത്രം വരക്കാരിയായി, ചിത്രപ്രദർശനോം നടത്തി, പിന്നേം പഠിക്കാൻ മായച്ചേച്ചിയെപ്പോലെ ശാന്തിനികേതനത്തിപ്പോകും.

ചിത്രം വരയ്ക്ക് ഓസ്കാറുണ്ടോ ആന്നാമ്മേ? എന്നാലവക്കത് കിട്ടും. സമാധാനത്തിനൊള്ള നോബൽസമ്മാനം കിട്ടുമോ ആന്നാമ്മേ ചിത്രംവരക്കാർക്ക്? എങ്കിലവക്കതും കിട്ടും. അവളും ഞങ്ങളും വാർത്തയായും ഫോട്ടോയായും ഇന്റർവ്യൂവായും പത്രത്തിൽ ടിവീല് ഒക്കെ നെറഞ്ഞുകവിയും. ഹോ, നേഴ്സുകാര്യമൊന്നും മിണ്ടാതെ, ദേവയാനീടമ്മ ഞങ്ങടെ വീട്ടില് വന്നുനിന്നിട്ടൊണ്ടെന്നു ഗമേം പറഞ്ഞ് പഴേവീട്ടുകാരോരുത്തര് എല്ലാടത്തും അപ്പം പൊട്ടിമുളയ്ക്കും. ഞാനവരെ അറിയണ മട്ട് കാണിക്കുകേങ്കൂടിയില്ല.

പക്ഷേ, ആന്നാമ്മേടടുത്ത് ദേവയാനിയേം കൂട്ടി ഞങ്ങള് വരും. ആന്നാമ്മ എനിക്ക് വാങ്ങിത്തന്ന പച്ചസ്സാരിയായിരിക്കും അന്നെന്റെ ദേവയാനി ഉടുത്തിരിക്കണത്. ഞങ്ങളെങ്ങോട്ടു തിരിഞ്ഞാലും കെട്ടുംകെട്ടി കൂടെപ്പോരണ പത്രക്കാരോട് മായച്ചേച്ചിയെ ചൂണ്ടി ഞാമ്പറയും. ഈ ചേച്ചി വരയ്ക്കണത് കൊതിയോടെ നോക്കിനിന്നിട്ടൊണ്ട് ഞാനൊരു കാലത്ത്. എന്റെയാ കൊതീന്നായിരിക്കും എന്റുള്ളിലെ ദേവയാനിക്ക് നെറങ്ങള് കിട്ടിയത്. അപ്പം ക്യാമറകള് നമ്മളെ പൊതിയും.

അവിടുത്തെക്കാര്യമൊന്നും ചോദിക്കാതെ കത്ത് ചുരുക്കുവാ. വല്യപ്പച്ചൻ വിളിക്കണൊണ്ട്. കുരിശുവരയ്ക്കാനാ. ആ

ആന്നാമ്മ ഒടനേമറുപടിയെഴുതണേ.

എന്ന്, സൊന്തം
ഗീതാലക്ഷ്മി.

ആന്നാമ്മേ,

ഒത്തിരിയൊത്തിരി സങ്കടപ്പെട്ടാ ആന്നാമ്മേ, ഈ കത്ത്. എന്റമ്മ മരിച്ചുപോയി. ഇക്കഴിഞ്ഞ വെള്ള്യാഴ്ച. ഒറക്കത്തീന്നെണീറ്റില്ല. പാല് കൊണ്ടുക്കൊടുക്കണ സനലാ കണ്ടത്. അവനാ അമൃതേലറിയിച്ചതും വല്യപ്പച്ചന്റവടെ വന്ന് പറഞ്ഞതും എന്നെക്കൂട്ടിക്കൊണ്ടുപോയതും. അമ്മയ്ക്ക് തുന്നിയ സ്വെറ്ററിൽ ബട്ടൺ പിടിപ്പിക്കാനേബാക്കിയൊണ്ടായിരുന്നൊള്ളൂ. അടുത്ത വീട്ടിലെ തട്ടാനെക്കൊണ്ട് ഒരു മോതിരം പണീപ്പിച്ചത് അമ്മേ കാണിക്കാൻ ദെവസം എണ്ണിക്കഴിയുവായിരുന്നു ഞാൻ. ഇനി സ്വെറ്ററാർക്കാ, മോതിരമെന്തിനാ, ആരടെ സമാധാനത്തിനാ കല്യാണം?

അമ്മ മരിച്ചതറിഞ്ഞപ്പോ വല്യപ്പച്ചൻ ആകാശത്തേക്ക് കൈകളുയർത്തി, മനുഷ്യനോ മരിക്കുന്നു, മണ്ണിലടിയുന്നു.

ആകാശം ഇല്ലാതാകും വരെ അയാൾ ഉണരുകയില്ല.

ഉറക്കത്തിൽ നിന്ന് ഉണർത്തപ്പെടുകയുമില്ല എന്ന് പറഞ്ഞു.

മിറ്റത്ത് വല്യപ്പച്ചന്റെ ജീപ്പ് കെടപ്പൊണ്ടായിരുന്നു. ഡ്രൈവറ് അത് കഴുകിക്കൊണ്ട് നിൽപ്പൊണ്ടായിരുന്നു. അതീക്കേറ്റി എന്നെ വീട്ടിവിടും എന്ന് ഞാങ്കരുതി. ഒക്കെ വെറുതെ. ചടങ്ങുകൾക്ക് കൈക്കാശൊണ്ടോന്നുപോലും രണ്ടാളും ചോദിച്ചില്ല.

പോണവഴി തന്നെ സനലിനെക്കൊണ്ടു പുതിയ മോതിരം വിപ്പിച്ചു കാശാക്കിയ, ഒക്കെ നടത്തിയത്. കോവല് നിന്നെടത്താ

ചെത കൂട്ടിയത്.

ഞാന്തിരിച്ച് ചെല്ലുമ്പം, ഒരാഴ്ച കഴിഞ്ഞിട്ടും അവളെ കാണണില്ല ല്ലോന്ന് അമൃതക്കാരെ വിളിച്ചു ചാടിച്ചിട്ട് ഇരിക്കുകയായിരുന്നു വല്യപ്പച്ചൻ. ഞാങ്കരുതി ഞാൻ വീട്ടില് ഒറ്റയ്ക്ക് നിക്കണതോർത്ത് പേടിച്ചിട്ടായിരിക്കും വല്യപ്പച്ചന് എരിപൊരു കേറിയേന്നാ. എന്നെ ക്കണ്ടതും വല്യപ്പച്ചനങ്ങ് തണു ക്കുകേം ചെയ്തു. ഒരു മാസങ്കൂടി നിന്ന് കാലാവധി തെകയ്ക്കണതി നെടേല് അവര് രണ്ടിലാരേലും നീ ഇനി എവടേം പോകണ്ട, ഇവിടെ നിന്നോ, ഇവിടുത്തെയാ നീയിനി ത്തൊട്ട് എന്നു പറയുമെന്ന് അപ്പഴെനിക്ക് ഒറപ്പായി. പക്ഷേ, അവസാനദെവസം വരെ കാത്തിരു ന്നിട്ടും ഒന്നുമ്പറഞ്ഞില്ല രണ്ടാളും. ഒടുക്കം ബാഗുമെടുത്ത് പോരാന്തു ടങ്ങുമ്പം കാര്യങ്ങളെങ്ങനാ പറ ഞ്ഞുതൊടങ്ങണേന്നൊള്ള വെഷമ ത്തിലായിരിക്കും അവര്, കൊറച്ചു നേരങ്കൂടി അവർക്ക് കൊടുക്കെന്ന് എന്റെ മനസ്സ് പറഞ്ഞു. അതുപ്ര കാരം ഉമ്മറത്തുകെടന്ന ബൈബിള് മറിച്ചുനോക്കി പിന്നേം ഞാൻ നിന്നു. അപ്പം വല്യമ്മച്ചി പറയുവാ, അതെന്റെ മരിച്ചുപോയ കൊച്ചാ പ്പൻ തന്ന ബൈബിളാ, അല്ലേത്ത രാമായിരുന്നു നെനക്കെന്ന്.

അതുകേട്ടതും എനിക്ക് മതിയാ യി. ഒടനെഞാമ്പോന്നു. ചെതല് തിന്ന ബൈബിളാ. അവരടെ കാലം കഴിഞ്ഞാലത് പൊടിഞ്ഞുപോകാ നൊള്ളതാ. അതു ചോദിച്ചാലോ ഞാനെന്നവർക്ക് പേടി.

വല്യമ്മച്ചീടെ നല്ലവാക്കും വല്യ പ്പച്ചന്റെ ബൈബിളും അവരടെ പ്രവർത്തീം മൂന്നും മൂന്നു വഴിക്കാ.

മനുഷ്യമ്മാര് എന്തുമാതിരി ജീവികളാ ആന്നാമ്മേ? ചിരിക്കണവര് കരയിപ്പിക്കും, കരയണവര് ചിരിപ്പിക്കും, നല്ല മൊഖക്കാര് ചീത്ത ക്കാര്യം പറയും. ചീത്തമൊഖക്കാര് നല്ലകാര്യം പറയും.

വീട്ടിപ്പോയില്ല. എന്തിനാ പോയിട്ട്? നേരേ അമൃതേലോട്ട് പോന്നു. എനിക്ക് ഒഴിവു വേണ്ട, പുതിയ രോഗീടടുത്തേക്ക് ഇന്നുതന്നെ പോകാൻ ഒരുക്കമാന്ന് പറഞ്ഞതും അമൃതക്കാര് ഫോൺ ചെയ്ത് പുതിയ രോഗീടെ ബന്ധുക്കളെ വരുത്തീട്ടൊണ്ട്. അവര് കൗണ്ടറിൽ പണമടയ്ക്കുവാ. ആ സമയം കൊണ്ട് ചടപടാന്നെഴുതുവാ ആന്നാമ്മേ ഞാനീക്കത്ത്.

ഒരു മന്ദബുദ്ധിക്കൊച്ചാ ഇപാവശ്യം. അതിന്റുമ്മാ എന്റടുത്ത് വന്നി രുന്ന് ഓരോന്നു പറഞ്ഞിരുന്ന് കൊറേക്കരഞ്ഞു. അവർക്കീ ഒറ്റമോളേ യൊള്ളു. സീറ്റിലവർക്ക് റെഡീമേഡ് കടയാ. അവര് ഇവിടെ വന്ന കാറൊന്നു കാണണം. എന്റെ വീടിന്റത്രേമൊണ്ട്. ഇംഗ്ലീഷ്മരുന്നും ഹോമിയോയും ആയുർവേദോം ഒക്കെ നോക്കി തോറ്റിരിക്കുവാ അവ രാക്കൊച്ചിന്റെ കാര്യത്തില്.

എന്താ ആന്നാമ്മേ, അവരടെ തലവര ഇങ്ങനായത്? കഴിഞ്ഞ ജന്മ ത്തില് അഹങ്കാരികളായ ഡോക്ടർമാരായിരുന്നിരിക്കുമോ ഈ ഉപ്പേം ഉമ്മേം?

ദൈവത്തിന്റക്ഷരം നല്ലതാ, അതാന്നാമ്മേടക്ഷരം പോലെതന്നെ നല്ലതാന്നാ ഇപ്പഴും എന്റെ വിചാരം. പക്ഷേ, ദൈവത്തിന്റെ വരക ളൊന്നും ശരിയല്ലാന്നാമ്മേ. എന്റെ സൊപ്നത്തിലെ ദേവയാനിയെ തല വര മാറ്റി വരയ്ക്കണത് പഠിക്കാൻ ശാന്തിനികേതനത്തില് വിട്ടാലോന്ന് വിചാരിക്കുവാ ഞാൻ. അങ്ങനത്തെ പഠിപ്പിക്കല് അവിടെ കാണുമോ? കാലം മാറണ കാലമല്ലേ, ഇപ്പഴല്ലേലെപ്പോഴേലും അങ്ങനൊരു പഠിപ്പി ക്കലൊണ്ടാകാതെങ്ങനാ?

ലോകത്തിന്റെ മുഴുവൻ തലവര നന്നാകണ ദെവസം, അതെന്നായി രിക്കും ആന്നാമ്മേ?

ഞാങ്കാത്തിരിക്കുവാ ആന്നാമ്മേ, ആ ദെവസത്തിനും ആന്നാമ്മേടെ കത്തിനും.

അവരെടെയൊപ്പം പോകാന്നേരമായി. ഇനീം എഴുതാം. അല്ലാ തെന്താ ചെയ്യാനൊള്ളതിനി?

എന്ന്, സൊന്തം
ഗീതാലക്ഷ്മി.


## സൃഷ്ടികൾ ക്ഷണിക്കുന്നു

**സ്ത്രീകളിൽ നിന്ന്, മുമ്പ് പ്രസിദ്ധീകരിക്കാത്തതും മൗലികവുമായ രചനകൾ (കഥ, കവിത, ലേഖനം, ചിത്രങ്ങൾ)**

*രചനകളോടൊപ്പം പാസ്പോർട്ട് സൈസ് ഫോട്ടോയും അയക്കേണ്ടതാണ്.*

## സംഘടിത മാസിക

**വരിസംഖ്യാ നിരക്ക്**

| | |
|---|---|
| ഒറ്റപ്രതി | : 15 രൂപ |
| വാർഷിക വരിസംഖ്യ | : 150 രൂപ |
| വിദേശത്തേക്ക് ഒറ്റപ്രതി | : 100 രൂപ |
| വിദേശത്തേക്ക് വാർഷിക വരിസംഖ്യ | : 1000 രൂപ |



സുനീത ടി.വി

# ട്രിവാൻഡ്രം ലോഡ്ജ്

**മലയാള** സിനിമാലോകത്തെ സമകാലികപ്രതിഭാസമായ 'ന്യൂജ നറേഷൻ സിനിമ' കളെക്കുറിച്ച് ഒറ്റ വാക്യത്തിൽ ഒരു വിശദീകരണം നൽകാൻ ആവശ്യപ്പെട്ടാൽ 'നല്ല സാങ്കേതിക മികവോടെ തയ്യാറാക്കപ്പെട്ട തീറ്റയുടേയും രതിയുടേയും ഉത്സവങ്ങൾ' എന്നു പറയേണ്ടിവരും. ശതകോടികളുടെ നഷ്ടമുണ്ടാക്കുന്ന മലയാള സിനിമാവ്യവസായത്തെ സാമ്പത്തികത്തകർച്ചയിൽ നിന്നും കൈപിടിച്ചുയർത്തി എന്നതും ആവർത്തനങ്ങൾകൊണ്ട് വൈരസ്യത്തിന്റെ പടുകുഴിയിലാണ്ട ഈ കലാമേഖലക്ക് പുത്തനുണർവ് നൽകിയെന്നതുമൊന്നും നിഷേധിച്ചുകൊണ്ടല്ല മേൽപ്പറഞ്ഞ പ്രസ്താവന. എന്നാലും പ്രമേയങ്ങൾ പരിശോധിച്ചാൽ നവവരേണ്യവർഗ്ഗക്കാരായ നഗരവാസികളുടെ ഭക്ഷണപ്രേമമോ ലൈംഗികമോഹങ്ങളോ, രണ്ടുംകൂടിയോ നിരന്തരമായി ആവർത്തിക്കപ്പെടുന്നുണ്ട് ഇവയിൽ. സമീപകാലത്തിറങ്ങിയ 'ട്രിവാൻഡ്രം ലോഡ്ജ്' എന്ന സിനിമയും ഇതിൽ നിന്നും വ്യത്യസ്തമല്ല. ഉസ്താദ് ഹോട്ടൽ, ട്രിവാൻഡ്രം ലോഡ്ജ്, സോൾട്ട് & പെപ്പർ തുടങ്ങിയ പേരുകൾ തന്നെ ഇക്കാര്യത്തിന് തെളിവാണ്. ജീവിതം ആഘോഷിക്കാനുള്ളതാണ് എന്നും രുചിയുടേയും ലൈംഗികതയുടേയും ഉത്സവങ്ങളിൽ സ്വയംമറന്ന് ജീവിക്കുന്ന ആധുനികസമ്പന്നയുവത്വത്തിനപ്പുറത്ത് കാണുന്ന ആഘോഷിക്കാൻ അറിയാത്ത/കഴിയാത്ത ദാരിദ്ര്യം അപഹാസ്യവും കുറ്റകരവുമാണ് എന്നും ഇവ വീണ്ടും വീണ്ടും വിളിച്ചു പറയുന്നു. അനൂപ് മേനോൻ തിരക്കഥയെഴുതി വി.കെ.പ്രകാശ് സംവിധാനം ചെയ്ത് ടൈം ആർട്സിന്റെ ബാനറിൽ പി.എ. സെബാസ്റ്റ്യൻ നിർമ്മിച്ച മലയാള ചലച്ചിത്രമാണ് ട്രിവാൻഡ്രം ലോഡ്ജ്. ഏതാണ്ട് ഉപേക്ഷിക്കപ്പെട്ട നിലയിൽ കാണപ്പെടുന്ന കൊച്ചിയിലെ ഒരു ലോഡ്ജാണ് സിനിമയുടെ പേരും കൂടിയായ കഥാപശ്ചാത്തലം. ലോഡ്ജിന്റെ ഉടമസ്ഥൻ ഭാര്യ മരിച്ച ശേഷം പുനർവിവാഹം കഴിക്കാതെ മകനോടൊത്ത് കഴിയുന്ന ധനികനായ രവിശങ്കർ (അനൂപ് മേനോൻ)ആണ്. പലവിധ ജോലികൾ ചെയ്ത് ജീവിക്കുന്നവനും അടങ്ങാത്ത ലൈംഗികതൃഷ്ണയുമായി നടക്കുന്നവനുമായ അബ്ദു (ജയസൂര്യ), ഫിലിം ജേണലിസ്റ്റും അത് പരസ്ത്രീബന്ധത്തിനായി ഉപയോഗിക്കുന്നതിൽ വിരുതനുമായ ഷിബുവെള്ളായണി (സൈജു കുറുപ്പ്), 999 സ്ത്രീകളുമായി ബന്ധപ്പെട്ടെന്ന് വീമ്പു പറഞ്ഞു നടക്കുന്ന റിട്ടയേർഡ് ക്ലാർക്ക് കോര (പി.ബാലചന്ദ്രൻ), അഭിനയമോഹിയായ സതീശൻ (അരുൺ), സംഗീതാധ്യാപകനായ ആർതർ റെൽട്ടൻ (ജനാർദ്ദനൻ), പാചകക്കാരിയായ പെഗ്ഗി ആന്റി (സുകുമാരി) എന്നിവരാണ് ഇവിടുത്തെ അന്തേവാസികൾ. ലോഡ്ജിന്റെ ഉടമസ്ഥൻ രവിശങ്കറിന്റെ അമ്മ, നിരവധി ധനികരുമായുള്ള ബന്ധത്തിലൂടെ സമ്പാദിച്ചതാണ് ഈ സ്വത്തുമുഴുവൻ. അതിൽ പിണങ്ങി അകന്നു ജീവിക്കുകയാണ് അദ്ദേഹത്തിന്റെ അച്ഛൻ നാരായണൻ (പി.ജയചന്ദ്രൻ). ഇവർക്കിടയിലേക്ക് എഴുത്തുകാരിയും വിവാഹമോചിതയുമായ ധ്വനി നമ്പ്യാർ (ഹണിറോസ്) വന്നെത്തുന്നതോടെയാണ് ലോഡ് ജ് സംഭവബഹുലമാവുന്നത്. ധ്വനി തന്റെ ലക്ഷ്യങ്ങൾ സുഹൃത്തായ സെറീന(ദേവിഅജിത്)യോട് വെളിപ്പെടുത്തുന്നുണ്ട്. നോവൽ രചന, നല്ല ഭ



ക്ഷണം, അപരിഷ്കൃതനായ പുരുഷന്റെ കൂടെയുള്ള രതി. തന്റെ മണ്ടനും ധനികനുമായ ഭർത്താവിന്റെ ലൈംഗികശേഷിയിലഭിമാനിക്കുന്ന ഭാര്യയാണ് സെറീന. ധ്വനിയുടെ ലോഡ്ജിലെ താമസം അവിടുത്തെ ആളുകളെ ഇളക്കി മറിക്കുന്നു. ഇതിനിടെ കന്യകാമേനോൻ (തെസ്നിഖാൻ) എന്ന ലൈംഗികത്തൊഴിലാളിയും തങ്ങ ൾ (ബാബു നമ്പൂതിരി) എന്ന കൂട്ടി ക്കൊടുപ്പുകാരനുമുണ്ട്. രവിശങ്കറിന്റെ മകനായ അർജുനും (മാസ്റ്റർ ധനഞ്ജയ്) സുഹൃത്ത് അമല (ബേബി നയൻതാര)യുമുണ്ട്. ധ്വനി തന്റെ മുൻഭർത്താവിനെ കാണിക്കാനായി അബ്ദുവിനെ കാമുകന്റെ വേഷം കെട്ടിക്കുന്നുമുണ്ട്. തുടർന്നുണ്ടാവുന്ന സംഭവവികാസങ്ങളാണ് സിനിമയെ മുന്നോട്ടുനയിക്കുന്നത്.

ലൈംഗികതൃഷ്ണയാണ് ചിത്രത്തിന്റെ കേന്ദ്രപ്രമേയങ്ങളിലൊന്ന്. ഏതെങ്കിലും ആണുങ്ങളുടെ കൂടെ കിടക്കാൻ മുട്ടി നടക്കുന്നവരാണ് പെണ്ണുങ്ങൾ എന്നും സ്ത്രീയുടെ ലൈംഗികതാല്പര്യങ്ങൾ ആൺശരീരത്തിലും അവരുടെ അക്രാമകമായ ലൈംഗികശേഷിയിലും അധിഷ്ഠിതമാണ് എന്നും ഈ ചി ത്രം പ്രഖ്യാപിക്കുന്നു. ഭർത്താ വ് മണ്ടനാണെങ്കിലും കിടപ്പറയിൽ കരിമ്പിൻകാട്ടിൽ ആന കയറിയതുപോലെയാണെന്ന് അഭിമാനത്തോടെ പറയുന്ന സെറീനയും അപരിഷ്കൃതനുമൊത്ത് രതിയിലേർപ്പെടാനാഗ്രഹിക്കുന്ന ധ്വനിയും ഒക്കെ ഇതിന്റെ ഉദാഹരണങ്ങളാണ്. ധനികരുമൊത്ത് ബന്ധപ്പെട്ട് കാശുണ്ടാക്കിയവരാണ് രവിശങ്കറിന്റെ അമ്മ. ഇവരൊക്കെ പജരുഷഫാന്റസികളെ സ്ത്രീ രൂപങ്ങളുടെ പുനർജന്മങ്ങളാണ്. അതിന് യാഥാർത്ഥ്യവുമാ യിയാതൊരു ബന്ധവുമില്ല എ ന്ന് തിരിച്ചറിയാൻ സ്ത്രീകളു ടെ മനഃശാസ്ത്രം അനൂപ്മേനോൻ ഇനിയും പഠിക്കേണ്ടിയിരിക്കുന്നു.

യാഥാർത്ഥ്യബോധമില്ലാതെ ആവിഷ്ക്കരിക്കപ്പെട്ട കുട്ടികളുടെ സ്നേഹം, അശ്ലീലസംഭാഷണങ്ങൾ തുടങ്ങിയവ യൊക്കെ ഇതിന്റെ മറ്റുപരിമിതികളാണ്.

എന്നാൽ സിനിമയുടെ ഗുണങ്ങളായി എടുത്തുപറയേണ്ട ചിലതുണ്ട്. പ്രദീപ്നായരുടെ മികച്ച ഛായാഗ്രഹണം, ബിജിബാലിന്റെ പശ്ചാത്തലസംഗീതം, അഭിനേതാക്കളുടെ മികച്ചപ്രകടനം, ക്ലീഷേകളില്ലാത്ത രംഗങ്ങൾ എന്നിവ. അത് വലിയൊരു മേന്മതന്നെയാണ്.

ദരിദ്രരും നാട്ടുമ്പുറത്തുകാരും ഔപചാരിക വിദ്യാഭ്യാസം നേടാത്തവരും മുൻകാലവിപ്ലവകാരികളും ക്ഷോഭിക്കുന്നവരും ഒക്കെ കോമാളികളോ കുറ്റവാളികളോ പരിഹാസകഥാപാത്രങ്ങളോ ആയി പ്രത്യക്ഷപ്പെടുന്ന പ്രവണത ന്യൂജനറേഷൻ സിനിമകളിൽ പൊതുവെയുണ്ട്. ഈ സിനിമയും അതിൽ നിന്നും വ്യത്യസ്തമല്ല.

ചുരുക്കിപ്പറഞ്ഞാൽ 'ന്യൂജനറേഷൻ സിനിമ' എന്ന പേരിൽ രംഗത്തു വരുന്ന മൾട്ടിപ്ലെക്സ് ആഘോഷസിനിമകളുടെ എല്ലാ ചേരുവകളും ചേരുംപടിചേർത്തു തയ്യാറാക്കിയ ഒ രു ചിത്രമാണ് ട്രിവാൻഡ്രം ലോഡ്ജ്. ഷോപ്പിംഗ്മാളുകളുടേയും മൾട്ടിപ്ലെക്സുകളുടേയും പുറത്തുള്ള ഭൂരിപക്ഷത്തിന്റേയും ജീവിതം കാണാനുള്ള ശേഷി ഇവ ഇനിയും കൈവരിക്കേണ്ടിയിരിക്കുന്നു.

## പുസ്തകപരിചയം




**ചെഷയർ പൂച്ചയുടെ ചിരി**
**സുലോചനറാംമോഹൻ**
**സാകേതം പബ്ലിക്കേഷൻസ്**
**വില 90.00**

വായനയെ തീവ്രമായി സ്വാധീനിക്കുന്ന, അനുഭവരാശികളിലൂടെ വികാസം കൊള്ളുന്ന ഈ കഥകൾ നിലനിൽക്കുന്ന ജീവിതത്തെ ഒരു നേർക്കാഴ്ച പോലെ അവതരിപ്പിക്കുന്നു. സുതാര്യതയുടെ സംഭ്രമിപ്പിക്കുന്ന രീതികൾ കൊണ്ടാണ് ഈ കഥാകാരി നമ്മെ സത്കരിക്കുന്നത്




**ശീതനിദ്ര**
**കെ.എ.ബീന**
**കറന്റ് ബുക്സ്**
**വില : 70.00**

ബീനയുടെ ചെറുകഥകളാണ് എന്റെ മുന്നിൽ. വൈവിധ്യമുള്ള പ്രമേയങ്ങൾ. നാട്യങ്ങളില്ലാത്ത ഭാഷ. സമൂഹത്തിലേക്ക് തുറന്നുപിടിച്ച കണ്ണ്- ഇതെല്ലാം ഈ കഥകളുടെ പ്രത്യേകതകളാണ്.




**പെൺ പിറവി**
**ഗിരിജ പി. പാതേക്കര**
**ഡി സി ബുക്സ്**
**വില : 60.00**

ഗിരിജ പി.പാതേക്കരയുടെ കവിതകൾ നമ്മുടെ കാലത്തിന്റെ അനുഭവവൈവിധ്യവും വൈരുദ്ധ്യങ്ങളും സംവേദനശക്തമായ ശൈലിയിൽ ആവാഹിച്ചെടുക്കുന്നു. നഷ്ടപ്പെടുന്ന ഒരു ലോകത്തെക്കുറിച്ചുള്ള തേങ്ങലുള്ളപ്പോൾത്തന്നെ വർത്തമാനകാലത്തിന്റെ തീവ്രമായ വിമർശനവും ഗിരിജ സാധിക്കുന്നു.

ലേഖനം



# കൂടംകുളം ഒരു പ്രതികരണ കുറിപ്പ്



ബൽക്കീസ്ബാനു

**കൂടംകുളം** ആണവവിരുദ്ധസമരം സായുധസമരമാക്കരുത്. ഏറ്റവും വലിയ ജനാധിപത്യരാജ്യമായ ഇന്ത്യയിൽ ആരുടെ വികസനത്തിനു വേണ്ടിയാണ് ഈ ആണവനിലയം സ്ഥാപിക്കുന്നത്? സ്ത്രീകളും കുട്ടികളും അടങ്ങുന്ന ഒരു വിഭാഗം ജനങ്ങളെ തീരാദുഃഖത്തിലാഴ്ത്തി ഇവിടെയൊരു വികസനം ആർക്കുവേണ്ടി? ജനങ്ങൾക്കുവേണ്ടിയാണെങ്കിൽ അത് ജനങ്ങൾക്കും ബോധ്യപ്പെടണം. ഈ സമരത്തിൽ സർക്കാരിന്റെ ആയുധവേട്ട ബ്രിട്ടീഷുകാരേക്കാൾ ക്രൂരമാണ്. നാം സമാധാനപരമായി നേടിയെടുത്ത സ്വാതന്ത്ര്യം ഇതിനുവേണ്ടിയോ... ഇത് സ്വാതന്ത്ര്യമാണോ...?

മുതലാളിത്തബഹുരാഷ്ട്രകുത്തകകൾ കയ്യൊഴിച്ച ആണവനിലയം, ലക്ഷക്കണക്കിന് ദരിദ്രർ പട്ടിണിയും പരിവട്ടവുമായി കഴിയുന്ന ഇന്ത്യയിൽ, കോടിക്കണക്കിന് ചിലവുവരുന്ന റിയാക്ടറുകൾ അമേരിക്കയിൽ നിന്നും ഇറക്കുമതിചെയ്യുന്നു. കൂടാതെ ന്യൂട്രിനോ ബോംബും കോടിക്കണക്കിനു രൂപ ചിലവാക്കി ഇവിടെ നിർമ്മിക്കുന്നു. ഈ ആണവനിലയങ്ങൾക്ക് മുപ്പതു-മുപ്പത്തഞ്ചുവർഷമേ ആയുസ്സുള്ളൂ. അതിന്റെ കാലശേഷം അതിലെ റാഡുകളെ തണുപ്പിക്കാനായി ശീതീകരണസംവിധാനം നിലനിറുത്തണം. അതെന്നു താറുമാറാകുന്നോ അന്നൊരു സ്ഫോടനം പ്രതീക്ഷിക്കാം. ശീതീകരണസംവിധാനം നിലനിർത്താനും വൈദ്യുതി വേണം. അതിൽ നിന്നുള്ള വികിരണങ്ങൾ വളരെ വർഷങ്ങൾ നിലനിൽക്കും. അമേരിക്ക, റഷ്യ, ജപ്പാൻ പോലുള്ള രാജ്യങ്ങളിൽ നിന്നും നാം പാഠം പഠിച്ചില്ലെന്നുണ്ടോ? പ്രകൃതിവിരുദ്ധമല്ലാത്ത കാറ്റിൽ നിന്നും സൗരോർജ്ജത്തിൽ നിന്നും ജിയോതെർമ്മൽപ്ലാന്റ് വഴിയും വൈദ്യുതി ഉൽപാദിപ്പിക്കുവാൻ ഈ ആണവനിലയങ്ങളുടെ എട്ടിലൊന്നു ചിലവുമാത്രമേയുണ്ടാകൂ. പരിസ്ഥിതി നാശമുണ്ടാകുന്നുമില്ല. എന്നിട്ടും ആണവനിലയങ്ങൾക്കുവേണ്ടി കടുംപിടുത്തം എന്തിന്? തീരദേശവാസികളായ ഒരുകൂട്ടം ആളുകളുടെ തൊഴിലും ജീവിതസാഹചര്യങ്ങളും ഭക്ഷണവും കടലിനെ ആശ്രയിച്ചാണ്. കൂടാതെ ജൈവപ്രകൃതിക്കാവശ്യമുള്ള സൂക്ഷ്മാണുക്കൾ കുടികൊള്ളുന്ന പ്രദേശമാണ് ഇവിടം.

ഇവിടെ പ്രാദേശികത്വമല്ല; ദേശീയതയാണ് നാം വളർത്തേണ്ടത്. ഏതെങ്കിലും ഒരു വിഭാഗത്തിനുണ്ടാകുന്നത് മനുഷ്യവംശത്തിനാകമാനം ഉണ്ടാകുന്ന നാശമാണ്. ജനങ്ങളുടെ ജീവനും സ്വത്തിനും അവകാശസംരക്ഷണം നൽകേ

ണ്ടുന്ന സർക്കാർ ഭാഗത്ത് നിന്ന് ഇങ്ങനെയൊരു നീക്കം അപലപനീയം തന്നെ. ഈ ഭൂമി മനുഷ്യസൃഷ്ടിയല്ലെന്നിരിക്കേ അത് ഹനിക്കാൻ ആർക്കാണ് അവകാശം...?

അല്ലയോ കൂടംകുളം സമരജനങ്ങളേ, നിങ്ങളോടൊപ്പം ഞങ്ങളുണ്ട്. ഞങ്ങളുടെ മനസ്സുണ്ട് പേനയുണ്ട്, ശരീരമുണ്ട്, ഞങ്ങളുടെ ആത്മാർത്ഥമായ പ്രാർത്ഥനയുണ്ട്.

മനുഷ്യമനസ്സ് തൊട്ടറിയാത്ത, ജീവന് വിലകൽപ്പിക്കാത്ത ഒരു ഭരണകൂടവും നിയമങ്ങളും നിയമവാഴ്ചയും നമുക്ക് വേണ്ട. ജീവനും സ്വത്തിനും സംരക്ഷണം നൽകേണ്ടവർ തന്നെ അത് തച്ചുടക്കുവാൻ ശ്രമിക്കുമ്പോൾ അതിലെ നശീകരണത്തിന് നഷ്ടപരിഹാരം ആർക്കുവേണ്ടി? ആരെ ബോധ്യപ്പെടുത്താൻ...

അല്ലെങ്കിൽതന്നെ എൻഡോസൾഫാൻ നഷ്ടപരിഹാരതുകയും കൊക്കകോള നഷ്ടപരിഹാര ബില്ലിന്റെ കാര്യവും നമുക്കറിയാം. ജനങ്ങളുടെ ജീവിതം ഹോമിച്ചുകൊണ്ടുള്ള ഒരു പദ്ധതിയും ഒരു വികസനവും നമുക്കു വേണ്ട. അതിനേക്കാൾ ഭേദം ഈ 'പാതി' വികസനം തന്നെ. എൻഡോസൾഫാൻ 50 വർഷത്തോളമായി എത്ര ജീവിതങ്ങളും അവരുടെ പ്രതീക്ഷകളും സ്വപ്നങ്ങളും നശിപ്പിച്ചുകൊണ്ടിരിക്കുന്നു. എന്നിട്ടും പല പേരുകളിൽ എൻഡോസൾഫാൻ ഇന്നും ഇവിടെ ഇറക്കപ്പെടുന്നുണ്ട്.

സമാധാനപരമായി ഇന്ത്യക്കാർ നയിച്ച സമരത്തെ നേരിടാൻ ബ്രിട്ടീഷുകാർ നടത്തിയ ജാലിയൻ വാലാബാഗ് കൂട്ടക്കൊലയേക്കാൾ നീചമാണ് 'സ്വതന്ത്ര' ഭാരതത്തിലെ സ്ഥിതി. കൂടംകുളവും ജെയ്താപ്പൂരും സ്വാതന്ത്ര്യത്തിനു മുൻപുള്ള കാലഘട്ടം നമ്മെ ഓർമ്മപ്പെടുത്തുന്നു.

**മനുഷ്യമനസ്സ് തൊട്ടറിയാത്ത, ജീവന് വിലകൽപ്പിക്കാത്ത ഒരു ഭരണകൂടവും നിയമങ്ങളും നിയമവാഴ്ചയും നമുക്ക് വേണ്ട. ജീവനും സ്വത്തിനും സംരക്ഷണം നൽകേണ്ടവർ തന്നെ അത് തച്ചുടക്കുവാൻ ശ്രമിക്കുമ്പോൾ അതിലെ നശീകരണത്തിന് നഷ്ടപരിഹാരം ആർക്കുവേണ്ടി? ആരെ ബോധ്യപ്പെടുത്താൻ...**

അധികം വിദ്യാഭ്യാസമില്ലാത്ത കൂടംകുളത്തെ സ്ത്രീകളുടെയും കുട്ടികളുടെയും സമരം സാക്ഷരരെന്നവകാശപ്പെടുന്ന കേരളീയർക്ക് ഒരു പാഠമാകേണ്ടതാണ്. ജനിതക വൈകല്യം ഒരു തലമുറയെ മാത്രമല്ല ഒരു രാജ്യത്തെ പൗരസമ്പത്തുകൂടി നശിപ്പിക്കുന്നു. ജീവിക്കാനുള്ള അവകാശം ഹനിക്കുന്നു. ഏതൊരു ദുരന്തങ്ങൾക്കു ശേഷവും നഷ്ടപരിഹാരങ്ങൾ വിധിക്കപ്പെടുന്നു. അന്വേഷിക്കാൻ പേരിനൊരു കമ്മീഷനേയും ഏർപ്പാടാക്കുന്നു. നഷ്ടപരിഹാരങ്ങളൊന്നും തന്നെ നഷ്ടപ്പെട്ടവന്റെ ഒരു തുള്ളി കണ്ണീരിനു പോലും പകരം വെക്കാനാവാത്തതാണെന്നോർക്കുക.

അമേരിക്കൻ പ്രസിഡന്റായിരുന്ന എബ്രഹാം ലിങ്കൺ പറഞ്ഞതുപോലെ അടിമത്വം അതനുഭവിച്ചവനേ അറിയൂ. കാഴ്ചക്കാർക്കും ഗുണഭോക്താക്കൾക്കും വിധിക്കാം. പക്ഷെ, ഇരകളാവുന്നവർ അതിനെതടുക്കാൻ ജീവിതം ഹോമിക്കേണ്ടി വരുന്നു. അത് ആ പരിസരവാസികളെ മാത്രമല്ല മറ്റുള്ളവരെയും ബാധിക്കുന്നു. മനുഷ്യൻ എന്ന നിലക്ക് സഹജീവി എന്ന നിലക്ക്.

സർക്കാരിന്റെ ലക്ഷ്യം വികസനമാണെങ്കിൽ കൂടംകുളത്ത് സമരം ഒരിക്കലും അടിച്ചമർത്തുകയല്ല. മനസ്സുതുറന്ന ചർച്ചക്കും വിട്ടുവീഴ്ചക്കും തയ്യാറാവുകയാണ് വേണ്ടത്. അടിച്ചമർത്തൽ ജനങ്ങളിൽ വാശി കൂട്ടുകയേയുള്ളൂവെന്ന് നമ്മുടെ സ്വാതന്ത്ര്യസമരങ്ങളുടേയും മറ്റ് സാമ്രാജ്യത്വപോരാട്ടങ്ങളുടെയും ചരിത്രം സാക്ഷ്യപ്പെടുത്തുന്നു. അല്ലെങ്കിൽ തന്നെ വികസനമെന്നത് ഉള്ള വിഭവങ്ങൾ എല്ലാവർക്കും തുല്യമായി അനുഭവിക്കാൻ കഴിയുന്നതും എല്ലാവർക്കും മെച്ചപ്പെട്ട തൊഴിൽ, ഭക്ഷണം, വസ്ത്രം, പാർപ്പിടം മറ്റു ജീവിത സൗകര്യങ്ങൾ എന്നിവ കൊടുക്കാനും കഴിയുന്നതായിരിക്കണം.

ഈ 2012 ഐക്യരാഷ്ട്രസഭ, സുസ്ഥിരോർജ്ജവർഷമായി കൊണ്ടാടുന്നു. ഉള്ള ഊർജ്ജം സന്തുലിതമായി, ജനാധിപത്യപരമായി ശാസ്ത്രീയമായി വിഭജിക്കാൻ സർക്കാരിനു കഴിഞ്ഞിട്ടുണ്ടോ....?

അനാവശ്യവികസനങ്ങളുടെ പേര് പറഞ്ഞ്, പണ്ട് കലഹിച്ചിരുന്ന നാട്ടുരാജ്യങ്ങളുടെ ഇടയിലേക്ക് വിദേശികൾ, കച്ചവടത്തിനെത്തി, കോളനികൾ സ്ഥാപിച്ച് ഇന്ത്യയിലെ സമ്പദ്‌വ്യവസ്ഥയിലേക്ക് കണ്ണുനട്ട് ഇന്ത്യയെ ചൂഷണം ചെയ്ത്. കീഴടക്കി, സ്വാതന്ത്ര്യം നഷ്ടപ്പെടുത്തിയ ചരിത്രം ആവർത്തിക്കരുത്. ഉദാരവൽക്കരണങ്ങൾ മൂലം കേരം



തിങ്ങുന്ന കേരളനാട്ടിൽ, തേങ്ങയുടെ വിലകുറഞ്ഞു. വെളിച്ചെണ്ണയുണ്ടാക്കുന്ന പല മില്ലുകളും നിർത്തി. കാരണം തമിഴ്നാടുമായി മത്സരിക്കാൻ കഴിയുന്നില്ല. അവിടുത്തെ വെളിച്ചെണ്ണക്ക് വില ഇവിടുത്തേക്കാൾ കുറവ്. ഇങ്ങനെ പോയാൽ കേരം തിങ്ങും കേരളനാടിനി കവുങ്ങ് തിങ്ങും കവുങ്ങാളമായി മാറാൻ അധികകാലം വേണ്ടിവരില്ല.

കൂടംകുളം സമരം ജീവിതത്തിനും സ്വാതന്ത്ര്യത്തിനും വേണ്ടിയുള്ള സമരമാണെന്ന് സൂക്ഷ്മമായി പരിശോധിച്ചാൽ കാണാം. മുല്ലപ്പെരിയാറിന്റേയും, ആണവനിലയങ്ങളുടേയും പേരിൽ പ്രാദേശികത്വം വളർത്താതെ ദേശീയത ഊട്ടിയുറപ്പിക്കേണ്ടുന്ന നടപടിയാണ് സർക്കാർ ഭാഗത്തു നിന്നുണ്ടാകേണ്ടത് ആ സമരം, സമാധാനപരമായി നേരിടുകയാണ് വേണ്ടത്.

ഈ അടിച്ചമർത്തൽ കയ്യും കെട്ടി നോക്കി നിൽക്കാൻ ഒരു ജനാധിപത്യരാജ്യമെന്ന നിലക്ക് സമാധാനകാംക്ഷികളായ പൗരർക്കും സംഘടനകൾക്കും സാധിക്കുമെന്നു തോന്നുന്നില്ല.

ബ്രിട്ടീഷുകാർ പിൻതുടർന്ന അക്രമാസക്ത-സായുധ വിഭാഗീയ സമരങ്ങൾ നാം ഉപേക്ഷിക്കേണ്ടിയിരിക്കുന്നു. അക്രമത്തിനും അഹിംസക്കും എതിരായ സ്വാതന്ത്ര്യവും അവകാശവും കൂടിയാണ് ഗാന്ധിജി നമുക്ക് നേടി ത്തന്നത്. പ്രശ്നങ്ങളിൽ അദ്ദേഹത്തിന്റെ മാതൃക നമ്മൾ പിൻപറ്റേണ്ടിയിരിക്കുന്നു. അല്ലാതെ, സമാധാനപരമായ സമരം ഇല്ലാതാക്കുന്ന ഗോഡ്സേയുടെ മാർഗ്ഗമാവരുത് നാം പിൻപറ്റേണ്ടത്.

> **ഈ അടിച്ചമർത്തൽ കയ്യും കെട്ടി നോക്കി നിൽക്കാൻ ഒരു ജനാധിപത്യ രാജ്യമെന്ന നിലക്ക് സമാധാനകാംക്ഷികളായ പൗരന്മാർക്കും സംഘടനകൾക്കും സാധിക്കുമെന്നു തോന്നുന്നില്ല.**

ഇനിയും സമരമുറ തുടർന്നാൽ കയ്യുംകെട്ടി ഞങ്ങൾ നോക്കി നിൽക്കില്ല. ഒറ്റക്കെട്ടായി ജനങ്ങൾ ഇതിനെ എതിർക്കും. ഇക്കാര്യത്തിലെങ്കിലും സ്ത്രീശക്തി ഏറ്റവും വലിയ ജനശക്തിയാണെന്ന് നമ്മുടെ ഭരണകൂടം അറിയുക തന്നെ ചെയ്യും.

വിളപ്പിൽശാലയിലെ പോലുള്ള മാലിന്യക്കൂമ്പാരങ്ങൾ ഒന്നും ചെയ്യാൻ കഴിയാതെ വഴിയരികിൽ കുമിഞ്ഞു കൂടി മനുഷ്യർക്കും ജന്തുക്കൾക്കും നാശം വിതച്ച് മാറാവ്യാധികൾ സൃഷ്ടിച്ചെടുക്കുമ്പോൾ ആണവമാലിന്യങ്ങൾ എങ്ങിനെ സംസ്കരിക്കും. അഥവാ ഭൂമിക്കടിയിൽ സംസ്ക്കരിച്ചാൽ തന്നെ ഇതിൽ നിന്നുള്ള ഗാമാരശ്മികൾ നമുക്ക് ദോഷം ചെയ്യുമെന്ന് അറിയാതിരിക്കാൻ തക്കവണ്ണം അറിവില്ലാത്തവരല്ലല്ലോ നമ്മുടെ ഭരണകൂടം. ഇ-വെയ്സ്റ്റ് സംസ്കരിക്കാൻ തന്നെ ഇന്ന് ഒരു പരിഹാരം കണ്ടുപിടിച്ചിട്ടില്ല. എന്നിരിക്കെ ഈ ആണവമാലിന്യങ്ങൾ എന്തുചെയ്യുമെന്നു കൂടി അിറഞ്ഞാൽ കൊള്ളാം.

# പ്രിയ സുഹൃത്തുക്കളോട്

## ‘സംഘടിത’യുടെ ഹൃദയംഗമമായ ആശംസകൾ!

**ഇരുപത്തിനാല്** ലക്കങ്ങൾ പിന്നിട്ട ‘സംഘടിത’യുടെ സാമ്പത്തിക ചെലവുകൾ നേരിടുന്നതിൽ വലിയ പ്രതിസന്ധി അഭിമുഖീകരിച്ചുകൊിരിക്കുകയാണ് നമ്മളെന്നറിയാമല്ലോ. പ്രധാനമായി പരസ്യങ്ങൾ വഴിയും വരിക്കാർ വഴിയുമാണ് ഇതിന്റെ മുഖ്യ ചെലവുകൾ നിറവേറി പോരുന്നത്. വരിക്കാർ വർദ്ധിക്കുന്നുെങ്കിലും ശക്തമായൊരു സാമ്പത്തിക അടിത്തറ ഉണ്ടാക്കിയെടുക്കുന്ന തലത്തിലേക്ക് ഈ പ്രക്രിയ ഉയർന്നിട്ടില്ല. പൊതു വില്പനയിൽനിന്നുള്ള വരുമാനം 25% ത്തിലപ്പുറം പോകാൻ കഴിയുന്നുമില്ല എന്നതാണ് വാസ്തവം. ഞങ്ങളുടെ സംരംഭത്തോട് കച്ചവട സ്ഥാപനങ്ങൾക്കുള്ള അനുകൂലസമീപനം ഒന്നുകൊണ്ടുമാത്രമാണ് പരസ്യങ്ങൾ ലഭിച്ചുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് മാസികയുടെ നടത്തിപ്പിനാവശ്യമായ കരുതൽ ധനം ശേഖരിക്കുന്നതിനായി ഒരു തീവ്രയത്നം നടത്തേണ്ടത് അത്യന്താപേക്ഷിതമായിരിക്കുകയാണ്. ഈ സാഹചര്യത്തിൽ വാർഷികവരിക്കാരുടെ സംഖ്യ പരമാവധി വർദ്ധിപ്പിച്ചുകൊണ്ടും ഞങ്ങളുമായി സഹകരിക്കുന്ന വ്യക്തികളിൽനിന്ന് ചുരുങ്ങിയത് 1000/-രൂപ വീതം ധനസഹായമായി സ്വീകരിച്ചുകൊണ്ടും ഈ പ്രതിസന്ധി പരിഹരിക്കാനാകുമെന്ന് ഞങ്ങൾ പ്രത്യാശിക്കുന്നു. അയ്യായിരം രൂപയും അതിലധികവും തന്ന് സഹായിക്കുന്നവരെ മാസികയുടെ ആയുഷ്കാല വരിക്കാരാക്കുന്നതാണ്. സംഭാവനകൾക്ക് ഇൻകംടാക്സ് ആക്ടിന്റെ 80(G) വകുപ്പ് പ്രകാരമുള്ള ഇളവുകൾ ലഭിക്കുന്നതാണ്.

സ്നേഹപൂർവ്വമുള്ള പ്രതികരണങ്ങൾ പ്രതീക്ഷിച്ചുകൊ്,
നിങ്ങളുടെ ***‘സംഘടിത’*** ടീം.

ചെക്കുകളും ഡി.ഡി.കളും 'സംഘടിത'യുടെ പേരിൽ താഴെ കാണുന്ന വിലാസത്തിൽ അയയ്ക്കുക:
അന്വേഷി വിമെൻസ് കൗൺസലിങ്ങ് സെന്റർ, പി.ഒ. കുതിരവട്ടം, കോഴിക്കോട്-673016, ടെലി: 0495-2744370

ലേഖനം



ഇന്ദിരാബാലൻ



# ക്ഷമാസഹനങ്ങളുടെ മുഖം മാറ്റുക



**സ്ത്രീയിന്ന്** ക്ഷമാസഹനങ്ങളുടെ പഴയ മുഖമുള്ളവളല്ല. കെണികൾ ചുറ്റും ഉയരുമ്പോൾ പരൽമീനുകളെപ്പോലെ വഴുതിമാറാനുള്ള അഭ്യാസപ്രകടനങ്ങൾ പഠിച്ചുകൊണ്ടിരിക്കുന്ന പുതിയ മുഖത്തിന്റെ ഉടമയാണ്. എന്നിരുന്നാലും ദിനംതോറും സ്ത്രീപീഡനങ്ങളുടെ കഥകൾ ചുരുളഴിഞ്ഞുകൊണ്ടിരിക്കുന്നു. ഇതിന് ശാശ്വതമായ ഒരു പരിഹാരം കണ്ടെത്താൻ കഴിയാത്ത ഭാരതത്തിലെ ഭരണകൂടങ്ങൾ ഇപ്പോഴും ഇരുളിൽതന്നെ വാഴുന്നു. ഇരുട്ടിനെ മറയാക്കി അരങ്ങേറുന്ന കുറ്റകൃത്യങ്ങളും ഭീകരം. കൊല്ലന്റെ ആലയെപ്പോലെ ചുട്ടുപൊള്ളിക്കൊണ്ടിരിക്കുന്ന പെൺമാനസങ്ങൾ നിരവധിയും! സമൂഹത്തിന്റെ ഈ അധമാവസ്ഥയ്ക്കു നിദാനമായിട്ടുള്ളത് മൂല്യച്യുതിതന്നെ. ലാഭനഷ്ടപ്പട്ടികകളുടെ മാത്രം കണക്കുനോക്കി ജീവിതക്കള്ളികളിൽനിന്നും മൂല്യങ്ങൾ കളമൊഴിഞ്ഞുപോകുന്നു. മുലപ്പാൽമണം വറ്റാത്ത പിഞ്ചുകുഞ്ഞുങ്ങളും വാർദ്ധക്യത്തിലെത്തിയ അമ്മമാരും പീഡനത്തിന്റെ ഒരേ ത്രാസിലാണ്. ഹീനശക്തികൾ പിടിമുറുക്കിക്കൊണ്ടിരിക്കുന്ന ഇക്കാലത്ത് സ്ത്രീശാക്തീകരണപ്രവർത്തനങ്ങളെ ഉദാത്തവത്ക്കരിക്കുകയും ഒപ്പംതന്നെ പുറംതിരിഞ്ഞുനിന്ന് പുച്ഛിക്കുകയും ചെയ്യുന്ന ജനങ്ങൾ തോളോടുതോൾചേർന്ന് ഇവിടെ വിഹരിക്കുകയും വാരിക്കുഴികളൊരുക്കുകയും ചെയ്യുന്നു. അവനവനിൽ വന്നുചേരുന്ന സാമ്പത്തിക





സ്രോതസ്സിന്റെ തോതനുസരിച്ച് അന്തസ്സും ആഭിജാത്യവും ഉയർത്താമെന്ന മൂഢധാരണയാൽ അഥവാ അഹങ്കാരത്താൽ 'ചിന്നവീടുകൾ' സൃഷ്ടിക്കുന്ന പുരുഷന്മാർ ഏറിവരുന്നു. വീട്ടിലിരിക്കുന്ന ഭാര്യക്ക് ഉണ്ണാനും ഉടുക്കാനും കൊടുക്കുകമാത്രമാണ് കടമയെന്നും ബാക്കിയൊന്നും കാര്യമായിട്ടില്ലെന്നും അവളെ തന്റേതായ അധികാരവലയത്തിൽ ഒതുക്കിത്തീർക്കണമെന്നും ചിന്തിക്കുന്നവരുടെ ഇടയിൽ കറങ്ങിക്കൊണ്ടിരിക്കുന്ന സ്ത്രീകൾ, അവരുടെ നീറുന്ന മനസ്സിന് ശാന്തിയെവിടെ? മാന്യതയുടെ മുഖംമൂടികളണിഞ്ഞ് നന്മയുടെ പരകായപ്രവേശവുമായി ജീവിച്ച് ഊറ്റംകൊള്ളുകയും താലി കെട്ടിയ പെണ്ണിനെ കാലണയ്ക്കു വിലയില്ലാതെ കാൽക്കീഴിലിട്ട് ചവുട്ടിയരയ്ക്കുകയും ചെയ്യുന്ന കുറുനരികളുള്ള ലോകത്തിൽ സ്ത്രീക്കെവിടെ നീതി ലഭിക്കുന്നു? ഭർത്താവിനും പ്രായപൂർത്തിയായ മക്കൾക്കും ഭാരമായിക്കഴിയേണ്ട അമ്മമാരുടെ അവസ്ഥ എത്ര ദയനീയം? അമ്മയും ഭാര്യയുമെല്ലാം ഒരോ വ്യക്തികളാണെന്ന കാര്യം ബോധപൂർവ്വം മറക്കാൻ ശ്രമിക്കുന്നു. പലരും ക്ഷമാസഹനങ്ങളുടെ മൂർത്തിയായിട്ടല്ല, ഗതികേടുകൊണ്ടു ജീവിക്കുകയാണെന്നതാണ് സത്യം. സാമ്പത്തികമായി സ്വാതന്ത്ര്യം ഇല്ലാത്ത ഒരു സ്ത്രീക്ക് എവിടെയാണ് സുരക്ഷിതത്വം ലഭിക്കുന്നത്? ജീവിതത്തിനെ അരാജകത്വവും അരക്ഷിതാവസ്ഥയും പിടിമുറുക്കുമ്പോൾ നൈതികമോ സാമൂഹികമോ ആയ സംരക്ഷണമില്ലാതെ അവൾ ആത്മഹത്യയിലേക്കെത്തുകയോ കൊലചെയ്യപ്പെടുകയോ ചെയ്യുന്നു. എല്ലായിടത്തുനിന്നും പടിയിറക്കപ്പെടുന്ന സ്ത്രീയുടെ ജീവിതം അസഹനീയംതന്നെ. പീഡിപ്പിച്ച് ക്രൂരമായി കൊലപ്പെടുത്തി സൂട്ട്കേസുകളിലും സെപ്റ്റിക് ടാങ്കുകളിലും ജഡങ്ങൾ വെട്ടിയരിഞ്ഞു നിക്ഷേപിക്കുന്ന മൃഗീയവാസനകൾ ഏറിയ നാടാകുന്നു നമ്മുടെ ഭാരതം. ഈ സങ്കീർണ്ണാവസ്ഥയിൽ സ്ത്രീ അവളുടെ ആത്മശേഷി വളർത്തേണ്ടിയിരിക്കുന്നു. അമ്മമാരെ കാലിക്കൂട്ടിലും കായലിലും വലിച്ചെറിയുന്ന കഥകളും ദിനംപ്രതി ഉയരുന്നു. സമൂഹത്തിന്റെ കരാള വേട്ടകൾക്കെതിരെ കണ്ണുതുറക്കാത്ത ഭരണകൂടങ്ങൾ! അലിഖിതനിയമങ്ങളുടെ മുറവിളികൾ മാത്രം.... തലമുറകളായി അടിച്ചമർത്തപ്പെട്ട പെണ്മയുടെ സർഗ്ഗാത്മകതയും സൗന്ദര്യവും ശക്തിയും ചൈതന്യവും ധൈര്യവും സ്ഥൈര്യവും ഉയർത്തി ഉണ്മയിലേക്കു കൊണ്ടുവരുവാനോരോ സ്ത്രീയും പ്രാപ്തയാകുകതന്നെ വേണം. പഴയ ക്ഷമാസഹനങ്ങളുടെ മുഖം അഴിച്ചുവെച്ച് സ്വയം തിരിച്ചറിഞ്ഞ് മൂഢധാരണകളുടേതായ ആവരണങ്ങൾ കുടഞ്ഞെറിഞ്ഞ് ക്രിയാത്മകമായി പ്രവർത്തിക്കാൻ അവൾ ശക്തയാകേണ്ടിയിരിക്കുന്നു. കേവല സുഖത്തിനുവേണ്ടി ജീവിച്ചുതീർക്കാനുള്ളതല്ല ജീവിതമെന്നു ബോധ്യപ്പെടേണ്ടിയിരിക്കുന്നു. സമൂഹത്തിന്റെ പല തട്ടുകളുമായി ഇടപഴകുമ്പോൾ അവൾ സ്വയം വളരുകയാണ്. സമൂഹത്തിലാഴ്ന്നിറങ്ങിയ ചില സാമൂഹ്യബോധങ്ങളുടെ തായ്‌വേരു മുറിക്കാതെ പെണ്ണിനു മുന്നേറ്റമില്ല. സ്ത്രീശാക്തീകരണം പുരുഷനെമാറ്റിനിർത്തിക്കൊണ്ടല്ല, സ്ത്രീയും പുരുഷനുമടങ്ങുന്ന സമൂഹമാണ് ആ ദൗത്യം നിർവ്വഹിക്കേണ്ടത്. അവശവിഭാഗങ്ങളെന്ന് മുദ്രയടിക്കപ്പെടുന്ന സ്ത്രീകളുടെ പ്രശ്നങ്ങൾ അനുഭാവപൂർവ്വം കേൾക്കാനും ഏറ്റെടുത്ത് പരിഹാരം നിർണ്ണയിക്കാനും കഴിയുമ്പോൾ അവിടെ കർമ്മം മാനവികവും മഹനീയവുമാകുന്നു. അതിനായി നിലവിലുള്ള ക്ഷമാസഹനങ്ങളുടെ മുഖം വലിച്ചെറിഞ്ഞ് ക്രിയാത്മകമായി സ്ത്രീകൾ ശക്തി നേടുകതന്നെ വേണം!......

**അമ്മയും ഭാര്യയുമെല്ലാം ഒരോ വ്യക്തികളാണെന്ന കാര്യം ബോധപൂർവ്വം മറക്കാൻ ശ്രമിക്കുന്നു. പലരും ക്ഷമാസഹനങ്ങളുടെ മൂർത്തിയായിട്ടല്ല, ഗതികേടുകൊണ്ടു ജീവിക്കുകയാണെന്നതാണ് സത്യം. സാമ്പത്തികമായി സ്വാതന്ത്ര്യം ഇല്ലാത്ത ഒരു സ്ത്രീക്ക് എവിടെയാണ് സുരക്ഷിതത്വം ലഭിക്കുന്നത്?**





ദിവ്യ എം.

# ഗീതാഞ്ജലികൃഷ്ണനുമായി
## ദിവ്യ എം. നടത്തിയ അഭിമുഖം

**2010** സെപ്തംബറിൽ പ്രഭാത്ബുക്സ് പുറത്തിറക്കിയ 'ചെമ്പകമരം' എന്ന സമാഹാരത്തിലൂടെ ശ്രദ്ധേയമായ ഗീതാഞ്ജലി ടെക്നോപാർക്കിലെ എൻജീനീയറാണ്. ദേശാഭിമാനി ആഴ്ചപ്പതിപ്പിൽ മറുപുറം എന്ന പംക്തി കൈകാര്യം ചെയ്യുന്ന ഇവർ സാംസ്കാരികരംഗത്ത് ശ്രദ്ധേയമായ ചില അഭിപ്രായങ്ങളുമായി ഹൃദയത്തോടു സംവദിക്കുന്നു. ഒട്ടേറെ ലേഖനങ്ങളും കഥകളും രചിച്ചിട്ടുള്ള ഈ എഴുത്തുകാരിക്ക് ഈയിടെ നെറ്റ്വർക്ക് ഓഫ് വിമൻ ഇൻ മീഡിയയുടെ കേരളഘടകം മാധ്യമരംഗത്തെ വനിതകൾക്കായി ഏർപ്പെടുത്തിയ ഫെല്ലോഷിപ്പ് ലഭിക്കുകയുണ്ടായി "സംസ്ഥാനത്തെ പ്രൊഫഷണൽ വിദ്യാഭ്യാസമേഖലയും സ്ത്രീകളും" എന്ന വിഷയത്തിലെ പഠനത്തിനാണ് ഫെല്ലോഷിപ്പ് ലഭിച്ചത്.

എഴുത്തുകാരിയുടെ ഹൃദയത്തിലേക്കുള്ള യാത്ര കാവ്യതീർത്ഥാടനം പോലെ ശ്രമകരമാണ്. കാവ്യസങ്കല്പത്തെപ്പറ്റിയും പുതിയ സാഹിത്യസംരംഭങ്ങളെപ്പറ്റിയും ഗീതാഞ്ജലികൃഷ്ണൻ സംസാരിക്കുന്നു.

അനുനിമിഷം വിചിത്രമായ ഭാവനയും വെളിപാടുമായിട്ടാണ് സമകാലികകവിത്വം സഞ്ചരിക്കുന്നത്. എന്നാൽ ചുരുക്കം ചില നാമ്പുകളെ മാത്രമേ നാം ശ്രദ്ധിക്കാറുള്ളൂ. പ്രതിജനഭിന്നവിചിത്രമാർഗ്ഗിയായ ഒരു ആസ്വാദകൻ, വാക്കിന്റെ പൊരുൾ തൊട്ടറിഞ്ഞ ഒരു നിരൂപകൻ ഏതൊരു കവിയുടേയും ഭാഗ്യമാണ്. ചെമ്പകമരം എന്ന സമാഹാരത്തിലെ വിസ്മയഭാവനകൾ നമ്മെ അമ്പരപ്പിക്കുകയും ആനന്ദിപ്പിക്കുകയും ചെയ്യും. ആരവങ്ങളും ആഘോഷങ്ങളുമില്ലാതെ ശ്രദ്ധേയമായ ഒരു സമാഹാരമാണിത്. അതിനു പിന്നിലെ ജീവിത സാഹചര്യങ്ങൾ, പ്രേരണാശക്തികൾ എന്നിവയെക്കുറിച്ചും അവർ സംസാരിക്കുന്നു.

### *സാഹിത്യാഭിരുചിയുടെ തളിരുകൾ...*

സ്വദേശം ആലപ്പുഴയിലെ കുട്ടനാട്. പക്ഷേ വളർന്നതും പഠിച്ചതും സ്ഥിരതാമസമാക്കിയതും തിരുവനന്തപുരത്താണ്. മുത്തച്ഛന്റെ സാഹിത്യതാല്പര്യം തന്നെയാണ് ലഭിച്ചത്. അച്ഛൻ വി.എൻ.കൃഷ്ണൻകുട്ടി, അമ്മ പൊന്നമ്മ. രണ്ടാളും നന്നായി വായിക്കുകയും സാഹിത്യചർച്ചകളിൽ സജീവമായി പങ്കെടുക്കുകയും ചെയ്തിരുന്നു. ഞങ്ങൾ 3 പെൺമക്കളാണ്.

കുട്ടനാട്ടിലെ രാഷ്ട്രീയ–സാഹിത്യചലനങ്ങൾ കണ്ടറിഞ്ഞ് വളർന്നതുകൊണ്ടാകാം വായനയും സാഹിത്യത്തെപ്പറ്റി ധാരണയും ചെറുപ്പം മുതലേ ഉണ്ടായിരുന്നു. പഠിച്ചത് കോട്ടൺഹിൽ സ്കൂളിലാണ്. 1977ലെ ബാച്ചായിരുന്നു. കെ.എസ്.ചിത്രയൊക്കെ അന്നു സഹപാഠിയാണ്. സ്കൂൾ യുവജനോത്സവത്തിൽ കഥക്ക് കിട്ടിയ ഒന്നാംസ്ഥാനം അന്ന് വളരെ വലിയ അംഗീകാരമായിരുന്നു.

### *എൻജിനീയറിങ്ങ് കോളേജും സാഹിത്യവും*

കലാലയജീവിതത്തിൽ സാഹിത്യം പഠിക്കാൻ മതിയായ കാരണങ്ങൾ എനിക്കുണ്ടായിരുന്നു. പക്ഷേ അങ്ങനെയല്ല സംഭവിച്ചത്. ഞാൻ പ്രീഡിഗ്രി തിരുവനന്തപുരം വിമൻസ് കോളേജിൽ നിന്ന് ഫസ്റ്റ് റാങ്കോടെ പാസ്സായി നേരെ എൻജിനീയറിങ്ങ് കോളേജിൽ ചേർന്നു. വിമൻസ് കോളേജിൽ എസ്.അംബികാദേവി, ജി.കുമാരപിള്ള തുടങ്ങി പ്രഗത്ഭരായ അദ്ധ്യാപകർ ഉണ്ടായിരുന്നു. എൻജിനീയറിങ്ങ് കോളേജിൽ എന്നെ വരവേറ്റത് ഒരു സംഘം കലാകാരന്മാരാണ്.

ആ സുഹൃത്‌വലയത്തിൽ നിന്നാണ് മികച്ച വായനക്ക് മാർഗ്ഗനിർദ്ദേശങ്ങൾ എനിക്കു ലഭിച്ചത്. അങ്ങനെയാണ് ദസ്തയേവ്സ്കി, അലക്സാണ്ടർ പുഷ്കിൻ, മിഷേൽ ഷോളോക്കോവ് തുടങ്ങിയ റഷ്യൻ സാഹിത്യകാരന്മാരെ ഞാൻ വായിക്കുന്നത്. ആർകിടെക്റ്റ് ബി.ശങ്കർ ആണ് സുഹൃത് സംഘത്തിലെ പ്രധാനി. ഞങ്ങൾ കോളേജിൽ സാഹിത്യസദസ്സും കവിയരങ്ങുമെല്ലാം നടത്തും. ചുള്ളിക്കാട്, കടമ്മനിട്ട എല്ലാവരും വന്ന് കവിത ചൊല്ലുമായിരുന്നു.

കലാലയത്തിനു പുറത്താണെങ്കിൽ പ്രിയദർശൻ, മോഹൻലാൽ, വേണുഗോപാൽ തുടങ്ങിയ കലാകാരന്മാരുടെ ആരംഭസമയമാണ്. നാടകം, കഥാവതരണം തുടങ്ങി സാഹിത്യമയമായ അന്തരീക്ഷം! സാഹിത്യം പഠിക്കാത്തതുകൊണ്ട് നഷ്ടബോധം തോന്നിയിട്ടില്ല.

***കഥാകാരിയുടെ മനസ്സ്***

കഥ, കവിത, ലേഖനം, പഠനം അങ്ങനെ നിരവധി സാഹിത്യരൂപങ്ങളിൽ എനിക്കേറ്റവും ഇഷ്ടം കഥയോടാണ്. സംശയമില്ല. കാരണം, ലേഖനം, പഠനം ഇതൊക്കെ വിചാരത്തിന്റെ, നിരീക്ഷണത്തിന്റെ ഫലമായുണ്ടാകുന്ന അഭിപ്രായങ്ങളാണ്. കഥ തികച്ചും വൈകാരികാനുഭവമാണ്. കഥക്കുള്ള പ്രശ്നമെന്താണെന്നുവെച്ചാൽ ആളുകൾ അത് വായിക്കുമ്പോൾ കരുതും, അത് കഥാകാരിയുടെ അനുഭവമാണ് എന്ന്. കവിതക്ക് തരാൻപറ്റാത്ത ഒരു പൂർണ്ണ വൈകാരികാനുഭവം കഥക്കു തരാൻ പറ്റി എന്നുപറയാം. കണ്ടതും കേട്ടതും സ്വാംശീകരിക്കൽ കഥയിലാണ് എളുപ്പം. കേരളത്തിൽ എഴുത്തുകാരികളെ സംബന്ധിച്ച് തെറ്റിദ്ധാരണ സ്വാഭാവികമാണല്ലോ. അതൊക്കെ കൂടുതൽ ശക്തി തന്നിട്ടേയുള്ളൂ.

***സഞ്ചാരസാഹിത്യത്തിൽ***

സഞ്ചാരസാഹിത്യമേഖലയിൽ സ്ത്രീപ്രാതിനിധ്യം കേരളത്തിൽ കുറവാണ്. ഔദ്യോഗികമായി അമേരിക്കയിൽ വാൻകൂവർ എന്ന സ്ഥലത്തു പോയി. കൊളംബിയ നദി മലയിടുക്കുകളിലൂടെ ഒഴുകി വരുന്നത് അവിടെ നിന്നാൽ കാണാം. ഗ്രാമാന്തരീക്ഷമാണവിടെ. അവിടെ പരിചയപ്പെട്ട സ്ത്രീകളെക്കുറിച്ചാണ് യാത്രാവിവരണത്തിൽ എഴുതിയത്. അതിന് ദേവകിവാര്യർ പുരസ്കാരം ലഭിക്കുകയുണ്ടായി. അമേരിക്കൻ സ്ത്രീയേയും അവരുടെ കുടുംബം, സംസ്കാരം ഇവയെപ്പറ്റിയും പല തെറ്റിദ്ധാരണകൾ നമുക്കുണ്ട്. അതെല്ലാം മാറിയത് അവിടെ ചെന്നപ്പോഴാണ്. സ്ത്രീയുടെ അദ്ധ്വാനത്തിനും ജീവിതത്തിനും ത്യാഗത്തിനുമൊക്കെ ലോകത്തെല്ലായിടത്തും ഒരേ മുഖമാണെന്നറിഞ്ഞപ്പോൾ അത് രേഖപ്പെടുത്തണമെന്നു തോന്നി.

***അഭിമാനനിമിഷങ്ങളിൽ ഒരു എഴുത്തുകാരി***

സോവിയറ്റ് ബാലകഥകളെപ്പറ്റി 2009ൽ കലാകൗമുദിയിൽ രണ്ട് ലേഖനങ്ങൾ പ്രസിദ്ധപ്പെടുത്തി. അത് നന്നായി ശ്രദ്ധിക്കപ്പെട്ടു. ഒരു സൗഹൃദക്കൂട്ടായ്മ ഉണ്ടായി. അങ്ങനെയൊരു സൗഹൃദക്കൂട്ടായ്മയാണ് കവിതാസമാഹരത്തിനു പ്രേരകം. പിന്നെ സ്ത്രീശബ്ദത്തിൽ 'കാടുള്ള കാമ്പസ്സ്' എന്ന ലേഖനം വന്നു. അത് തമിഴ്നാട്ടിലെ ഒരു കാമ്പസിനെപ്പറ്റിയുള്ളതായിരുന്നു. അതും ഒരുപാട് ചർച്ചകൾ വന്ന ലേഖനമാണ്.

***രചനാഘട്ടങ്ങൾ?***

'ചിപ്പിക്കുള്ളിൽ മണൽത്തരിപോലെ' അസ്വസ്ഥത സൃഷ്ടിക്കുന്ന അനുഭവം ചിലപ്പോൾ ആവശ്യമായി വരും. യാത്രയിലോ, ഏകാന്തതയിലോ ഈരടികളായിട്ടാണ് കവിത വരിക. ചിലപ്പോൾ അത് സൂക്ഷിച്ചുവെക്കും. ചിലപ്പോൾ നഷ്ടപ്പെടും. അവിടവിടെ കുറിച്ചുവെച്ച വരികളെല്ലാം ചേർത്ത് ഒരു പേപ്പറിലെഴുതി കമ്പ്യൂട്ടറിൽ ഇടുകയാണ് പതിവ്. കമ്പ്യൂട്ടറിൽ എഡിറ്റിങ്ങ് എളുപ്പമാണല്ലോ.

കവിത ഇപ്പോൾ ഒരുപാട് ഒതുങ്ങുന്നുണ്ട്. ആദ്യം നമ്മുടെ സാഹിത്യചരിത്രത്തിൽ കവിതയായിരുന്നു കൂടുതൽ. അതിന് വേണ്ട കാരണങ്ങളും ഉണ്ടായിരുന്നു. ഒന്ന് അതിന്റെ ലഭ്യതയിലെ ധാരാളിത്തമായിരുന്നു. ഗദ്യം വളരെ കുറവായിരുന്നു. ഇന്നങ്ങനെയല്ലല്ലോ. ഏകാഗ്രതയും നിരീക്ഷണവും കവിതക്ക് കൂടുതൽ വേണം എന്നു തോന്നുന്നു. എന്റെ കവിതകളിൽ ഏറെ അഭിനന്ദിക്കപ്പെട്ട കവിതയാണ് 'വൈകിയോടുന്ന തീവണ്ടി'. ഏതു സ്ത്രീക്കും അനുഭവിക്കാൻ കഴിയുന്ന ഒരു നിയോഗം അതിലുണ്ട്. ഒരു പൊതുസത്യമാണത്. ജീവിതത്തിൽ, സഹനം എന്ന കഴിവ് പുരുഷനേക്കാൾ കൂടുതൽ സ്ത്രീക്കാണ്. ഏതു പ്രതിബന്ധത്തിലും സ്വയം രൂപംമാറി ജീവിതത്തോട് സ്ട്രഗിൾ ചെയ്ത് മുന്നോട്ട് നയിക്കാനുള്ള ത്രാണി സ്ത്രീക്കാണുള്ളതെന്നു തോന്നിയിട്ടുണ്ട്.

കവിത തേടിപ്പിടിച്ച് വായിക്കുന്നവർ ഇക്കാലത്തും ഉണ്ട്. അപൂർവ്വമെങ്കിലും അവരാണ് യഥാർത്ഥ ആവശ്യക്കാർ.

***ഭാവി സംരംഭങ്ങൾ?***

കഥാസമാഹാരം പുറത്തിറക്കലാണ് അടുത്ത പരിപാടി. പക്ഷേ ഇപ്പോൾ ജോലി ചെയ്യുന്ന ടെക്നോപാർക്കിലെ തിരക്കുകൾ കുറഞ്ഞിട്ടേ അത് പ്രവൃത്തിപഥത്തിലെത്തിക്കാൻ പറ്റൂ.

ജോലി ചെയ്യുന്ന ഐ.ടി കമ്പനിയിൽ എല്ലാ ശനിയാഴ്ചയും സംഘടിപ്പിച്ചിരുന്ന സാഹിത്യസദസ്സും സുഹൃത്തുക്കളുടെ പ്രോത്സാഹനവുമാണ് 'ചെമ്പകമരം' എന്ന കവിതാസമാഹാരത്തിനു പിന്നിലെന്ന് ഗീതാഞ്ജലി കൃഷ്ണൻ ഓർക്കുന്നു. ഔദ്യോഗിക തിരക്കുകൾക്കിടയിലും പുതിയ കഥാസമാഹാരത്തിന്റെ ആലോചനയിലും ആസൂത്രണത്തിലുമാണ് ഈ എഞ്ചിനീയർ. കൂടുതൽ നല്ല രചനകൾ നമുക്ക് പ്രതീക്ഷിക്കാം.

കേസ് ഡയറി

പ്രമീള



# പെണ്ണ് തന്റേടിയായപ്പോൾ

**തികച്ചും** ശൂന്യമായിരുന്നു കടൽത്തീരം. തണുപ്പ് കുറഞ്ഞ കാറ്റിന്റെ തലോടലിൽപ്പെട്ട് തിരകൾ ചൂടുകുറഞ്ഞ തീരത്തെ പുണർന്നു കൊണ്ടിരുന്നു. ഇല കൊഴിഞ്ഞ കാറ്റാടി മരത്തിന്റെ ചെറിയ നിഴലുകൾക്ക് പിറകിൽ മകളെ ഇരുത്തിയ ശേഷം രേണുക ശൂന്യമായ തന്റെ മനസ്സിനെമണൽത്തരികളെ പുണർന്നു കിടക്കുന്ന വെയിലിന്റെ കൂട്ടത്തിലേക്ക് മേയാൻ വിട്ടു. എവിടെയായിരുന്നു തെറ്റിയത്? കുളിർകാറ്റു പോലെ വന്ന പ്രണയത്തെ വിശ്വസിച്ചതോ, ശശിയുമായി ജീവിക്കുവാൻ തുടങ്ങിയതോ? അല്ലെങ്കിൽ സ്വന്തം ജീവിതത്തേക്കാളുപരി, അനിയത്തിയുടെ ജീവിതത്തെ കണ്ടതോ? ബസ്സ്റ്റാൻഡിൽ വെച്ചുകണ്ടത് അവൻ തന്നെയോ– ആണെങ്കിൽ! രേണുകയുടെ ശ്വാസതാളങ്ങൾക്ക് ജീവൻവെച്ചു. ഏഴുവർഷം ഞാനിതുവരെ മകളേയും സ്നേഹിച്ച് ജീവിച്ചിരുന്നത് ഈ നിമിഷത്തിനു വേണ്ടിയായിരുന്നില്ലേ... ശശി അതെ അതവൻ തന്നെ–

മനസ്സ് തിരിഞ്ഞു നടക്കുവാൻ ഭാവിക്കുകയാണ്. ചൂടിന് ശക്തി കൂടി വന്നു. ചത്തു മലച്ച ഒരു പെരുച്ചാഴിയുടെ ജീർണ്ണിച്ച കാലുകൾക്കിടയിൽ നിന്നും മാംസം കൊത്തിവലിച്ചിടുന്ന കാക്കകൾ. അവയുടെ കൂർത്ത ചുണ്ടുകൾ പോലെ ഒന്ന് തനിക്കും ഉണ്ടായെങ്കിൽ എന്ന് രേണുക വിചാരിച്ചു. ഏഴുവർഷങ്ങൾക്ക് മുമ്പേ, എനിക്കൊരു വീടുണ്ടായിരുന്നു. അച്ഛനും അമ്മയും അനിയത്തിയും. വീട്ടിലെ ദാരിദ്ര്യത്തിന്റെ നീരാളികയ്യുകൾ തങ്ങളെയെല്ലാവരേയും കുരുക്കി കൊണ്ടിരുന്നു. ഓരോ ദിനരാത്രങ്ങൾ കഴിയുന്തോറും മുറുകി മുറുകി വരുന്ന നീരാളിക്കയ്യുകൾ. അച്ഛന്റെ വരുമാനം തികയാതെ വന്ന സാഹചര്യം. ഒരു ജോലി തേടിപ്പോകാൻ നിർബന്ധിതയായി. അങ്ങനെ ഒരു ചെറിയ കടയിൽ തയ്യൽക്കാരിയായി. തയ്യൽയന്ത്രത്തിന്റെ മുരളലിൽ രേണുക എല്ലാം മറന്നു. സ്വരുക്കൂട്ടി വച്ച സ്വർണ്ണത്തിലായിരുന്നു അച്ഛന്റെ കണ്ണ്. ആലോചനകൾ തുടരെ തുടരെ വന്നു. എല്ലാം അവർ തട്ടിമാറ്റുകയായിരുന്നു. ആ വീട്ടിലെ കറവപ്പശുവായ് രേണുക മാറി. നിറമുള്ള സ്വപ്നങ്ങളെ അവൾ വെറുതെ വിട്ടു. സായാഹ്നങ്ങളെ അവൾ വെറുത്തു. രാത്രികളിൽ അവളുടെ കണ്ണുനീർ ആരും കാണാതെ ചെറിയ ചെറിയ മിന്നാമിനുങ്ങുകൾ പോലെ പറന്നു പോയി. രേണുക വീട്ടുകാരെ വെറുത്തു. തനിക്കൊരു ജീവിതം തരാത്ത അവരെ താനെന്തിനു സ്നേഹിക്കണം. അവൾ മാനസികമായി വീടു

മായി അകന്നു. അതിനുള്ളിൽ ജീവിച്ചിരിക്കുന്നവരെ വെറുത്തു. അവസാനം താൻ അദ്ധ്വാനിച്ചുണ്ടാക്കിയ പൊന്ന് അനിയത്തിക്ക് നൽകണമെന്നുകൂടെ പറഞ്ഞപ്പോൾ അവൾ അക്ഷരാർത്ഥത്തിൽ ഒറ്റപ്പെട്ടവളായിത്തീർന്നു. രേണുകയുടെ ജീവിതം ആ തയ്യൽമെഷീൻ പിടിച്ചു വാങ്ങുകയായിരുന്നു.

ദിനരാത്രങ്ങളുടെ ഗതിവിഗതികൾ മാറിക്കൊണ്ടിരുന്നു. വേനലിനു പുറകെ മഴക്കാലം വന്നു. മഴക്കാലം മാറിയപ്പോൾ ശരത്കാലവും. അതിനിടയിൽ എപ്പോഴോ എവിടെയോ വെച്ച് പ്രണയത്തിന്റെ നനുത്ത കാറ്റ് സൗരഭ്യത്തോടെ അവളുടെ മുടിയിലും മുഖങ്ങളിലും ഉമ്മ വെച്ചു- അങ്ങിനെയാണ് ശശി അവളുടെ മനസ്സിലേക്ക് കടന്നു വന്നു. ഒരിറ്റ് സ്നേഹത്തിന് ദാഹിച്ചു നടന്ന രേണുക ശശിയുടെ മിഴികളിലെ സ്വപ്നമായി മാറി. പലപ്പോഴും അവർ കണ്ടുമുട്ടി. രേണുകയുടെ ബന്ധം വീട്ടിൽ വലിയ പ്രശ്നമായി. അച്ഛൻ അവളെ ഇറക്കിവിട്ടു. അതോടെ രേണുക ഹോസ്റ്റലിലേക്ക് താമസം മാറ്റി. ശശിയെ വിശ്വസിച്ച രേണുക പലതവണ അവനുമായി കിടക്കറ പങ്കിട്ടു. അങ്ങിനെ അവൾ ഗർഭിണിയായി. ശശിക്കും സന്തോഷമായി. പിറ്റേന്ന്, അവളെ ഡോക്ടറെ കാണിക്കുവാൻ പോയി. മരുന്നുകളൊക്കെ വാങ്ങിച്ചു. മൂന്നുമാസം വരെ ശശി അവളെ നല്ലപോലെ നോക്കി. ലോകത്തെ ഏറ്റവും വലിയ ഭാഗ്യവതിയാണ് താനെന്ന് രേണുകക്ക് പലപ്പോഴും തോന്നി. അവന്റെ സാമീപ്യത്തിനുവേണ്ടി അവൾ എപ്പോഴും കൊതിച്ചു. നാലുമാസം വരെ മാത്രമേ ഈ സന്തോഷം നിലനിന്നുള്ളൂ. വരാനിരിക്കുന്ന വലിയൊരു ആപത്തിനെ അവൾക്ക് തിരിച്ചറിയുവാൻ അന്ന് കഴിഞ്ഞില്ല...!

പതിവുപോലെ നാലാംമാസം ഡോക്ടറെ കാണിക്കുവാൻ ശശി നേരത്തെ എത്തിയിരുന്നു. ഡോക്ടറെ കാണിച്ച് മരുന്ന് വാങ്ങിക്കുവാനായ് പുറത്തിറങ്ങിയ ശശി തിരിച്ചുവന്നില്ല.... ഓരോ നിമിഷവും ശശിയുടെ കാൽപ്പെരുമാറ്റത്തിനു വേണ്ടി അവൾ കാതോർത്തു. ഹോസ്റ്റലിലെ മുറിയിൽ അവൾ തളർന്നു വീണു. കാത്തിരുപ്പ് മാസങ്ങളോളം നീണ്ടുപോയി ശശി ഒരിക്കലും തിരിച്ചുവരികയോ, ഫോൺ ചെയ്യുകയോ ചെയ്തില്ല. ഒരു നിമിഷം കൊണ്ട് തന്റെ സന്തോഷങ്ങളെല്ലാം മരിച്ചു വീണത് രേണുക വേദനയോടെ ഓർത്തു. ഹോസ്റ്റലിൽ നിന്നും ഇറക്കിവിട്ടതോടെ വലിയൊരു ലോകത്തിൽ തനിച്ചായ പോലെ അവൾക്കു തോന്നി. വീട്ടുകാരുടെയും നാട്ടുകാരുടെയും ഒറ്റപ്പെടുത്തലും കൂടിയായപ്പോൾ അവൾ തളർന്നുപോയി. തന്റെ അനുഭവം വിധിയെന്നു കരുതി വെറുതെയിരിക്കാൻ അവൾ തയ്യാറല്ലായിരുന്നു. അതേ തുടർന്നാണ് അവൾ അന്വേഷിയിൽ എത്തിയത്.

രേണുകയെ അന്വേഷി പ്രവർത്തകർ സ്നേഹത്തോടെ സ്വീകരിച്ചു. കഴിഞ്ഞുപോയ ദുഃസ്വപ്നങ്ങൾ അവൾ മറന്നു തുടങ്ങി. അതൊരു ചതിയായ് കാണുവാനും, തന്റെ നല്ല നിമിഷങ്ങളെ പരമാവധി ഊറ്റിക്കുടിച്ച ആ പിശാചിനെ ധൈര്യപൂർവ്വം നേരിടുവാനും അവൾ നിശ്ചയിച്ചു. അതിനു മുന്നോടിയായി, അയാൾക്കെതിരെ പോലീസിൽ പരാതികൊടുക്കുവാൻ അന്വേഷി മുഖേനസാധിച്ചു. സൈബർസെല്ലിനും പരാതികൊടുത്തു. പക്ഷെ, ഒന്നും ഫലിച്ചില്ല. കാരണം. അയാളെ പറ്റി കൂടുതലായി ഒരു വിവരവും അവൾക്കറിയില്ലായിരുന്നു. പേരു പോലും സത്യമാണോ എന്നു അറിയില്ലായിരുന്നു.

പിന്നീട് രേണുക താമസിച്ചിരുന്നത് അന്വേഷിയുടെ ഷോർട്ട്സ്റ്റേഹോമിൽ ആയിരുന്നു. അവിടെവെച്ച് അവളൊരു പെൺകുഞ്ഞിന് ജന്മം നൽകി. മകൾ അനഘ വന്നതോടു കൂടി മറ്റെല്ലാം രേണുക മറന്നു. താൻ ഒറ്റക്കല്ലാ എന്ന ബോധം അവൾക്ക് ജീവിക്കുവാനുള്ള ത്വര വർദ്ധിപ്പിച്ചു. അന്വേഷിയുടെ സഹായത്തോടെ ഒരു ജോലി സമ്പാദിച്ചു. വീടിന്റെ ഷെയർ ആയ കിട്ടിയ പണമുപയോഗിച്ച് ഒരു വാടക വീട്ടിലേക്ക് മാറി- മകളെ സ്കൂളിലാക്കി. രേണുക ജീവിതത്തിലേക്ക് തിരിച്ചുവരികയായിരുന്നു. രാത്രികളേയും പകലുകളേയും അവൾ സ്നേഹിക്കുവാൻ തുടങ്ങിയിരുന്നു.

ഒരു ദീർഘനിശ്വാസത്തോടെ രേണുക മാഞ്ഞുപോകുന്ന തിരകളെ നോക്കി. കടപ്പുറത്ത് ആളുകൾ എത്തിക്കൊണ്ടിരുന്നു. മാംസദാഹികളായ കാക്കകൾ തീറ്റകൾക്കു ചുറ്റും പറന്നു നടക്കുക തന്നെയാണ്. അവൾ കണ്ടത് ശശിയെ തന്നെയാണ്. ആ മുഖം അവൾക്ക് മറക്കാനാകില്ല. രേണുക വേഗം ഓട്ടോ വിളിച്ച് അവനെ കണ്ട സ്ഥലത്ത് എത്തി. കുറേ നേരം അവിടെയാകമാനം പരിശോധിച്ചു. അവിടെ ശശിയുടെ മുഖം വീണ്ടും അവൾ കണ്ടു. അവളുടെ മനസ്സിൽ 7 വർഷമായി കൊണ്ടു നടന്ന രോഷാഗ്നി ആളിക്കത്തിയെങ്കിലും സംയമനം പാലിച്ചു. അവനെ കുടുക്കുവാൻ വേണ്ട തന്ത്രം മെനയുകയായിരുന്നു മനസ്സിൽ അവൾ. വളരെ സ്നേഹത്തോടെ തന്നെ അവൾ അവനരികിലെത്തി. കഴിഞ്ഞു പോയതിനെല്ലാം ശശി ഇതിനിടെ ക്ഷമായാചനം നടത്തി. ഇനി വിട്ടുപിരിയില്ലയെന്നും നിയമപരമായി നമുക്ക് വിവാഹം കഴിക്കാമെന്നും അവളോട് പറഞ്ഞു.

വീണ്ടും കാണാമെന്ന ഉറപ്പിൽ അന്നവർ പിരിഞ്ഞു. അടുത്ത ദിവസം തന്നെ ശശി അവളെ വിളിച്ചു സംസാരിച്ചു. നിയമപരമായി വിവാഹംകഴിക്കാമെന്നും അവർ തീരുമാനിച്ചു. അടുത്ത ദിവസം എൽ.ഐ.സി.ബസ്സ്റ്റോപ്പിൽ വരണമെന്ന് അവൾ ശശിയോട് പറഞ്ഞു. ശനിയാഴ്ച രേണുക അന്വേഷിയിലെത്തി വിവരങ്ങൾ പറഞ്ഞു. ഒരു പരാതി എഴുതിനോർത്ത് അസി.കമ്മീഷണർക്ക് കൊടുക്കുവാൻ രണ്ട് അന്വേഷിപ്രവർത്തകരോടു കൂടി നടക്കാവിലെത്തി. അപ്പോഴൊക്കെ ശശി അവളെ വിളിക്കുന്നുണ്ടായിരുന്നു. പക്ഷെ വളരെ തന്ത്രപൂർവ്വം അവനെ അവിടെ തന്നെ പിടിച്ചു നിർത്തിക്കുകയും കമ്മീഷണറെ വിവരങ്ങൾ ധരിപ്പിക്കുകയും എൽ.ഐ.സി സ്റ്റോപ്പിൽ രേണുകയെ കാത്തുനിൽക്കുകയായിരുന്ന ശശിയെ അറസ്റ്റു ചെയ്യിക്കുകയും ചെയ്തു. ഇയാൾ ഒരു വിവാഹതട്ടിപ്പുവീരനാണെന്ന് പിന്നീടാണറിഞ്ഞത്. മാത്രമല്ല രേണുകയോട് ഇയാൾ പറഞ്ഞ പേരും കള്ളമായിരുന്നു. വളരെ ധൈര്യപൂർവ്വം കാര്യങ്ങൾ കൈകാര്യം ചെയ്ത രേണുക തികച്ചും അഭിനന്ദമർഹിക്കുന്നു. മറ്റു പെൺകുട്ടികൾക്ക് ഈ പെൺകുട്ടി എന്നും ഒരു മാതൃകയാണ്, അഭിമാനമാണ്.

## ലൈബ്രറി കെട്ടിട ഉദ്ഘാടനം

കോട്ടൂളിയിൽ അന്വേഷി ഓഫീസിനോട് ചേർന്ന് പ്രവർത്തിച്ചു കൊണ്ടിരുന്ന അന്വേഷി വിമെൻസ് റീഡിംഗ്റൂം &ലൈബ്രറി ടി.പി.കുമാരൻനായർ റോഡിലെ പുതിയ കെട്ടിടത്തിലേക്ക് മാറ്റിയിരിക്കുന്നു പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനം മന്ദാകിനിനാരായണൻ അനുസ്മരണ ദിനമായ 2012 ഡിസംബർ 16ന് രാവിലെ 10 മണിക്ക് പ്രമുഖ എഴുത്തുകാരി സാറാജോസഫ് നിർവ്വഹിച്ചു. പെണ്ണെഴുത്ത് പോലെ പെൺവായനയും സാദ്ധ്യമാണെന്നും പുസ്തകങ്ങൾ ജനിക്കുന്നത് വായനക്കാരിലൂടെയാണെന്നും അവർ പറഞ്ഞു. സ്ത്രീകൾക്കു വേണ്ടിയുള്ള ഈ ലൈബ്രറി സ്ത്രീപഠനങ്ങളുടെ സർവ്വകലാശാലയായി മാറട്ടെ എന്ന് ഉദ്ഘാടനപ്രസംഗത്തിൽ അവർ ആശംസിച്ചു.



ജില്ലാ ലൈബ്രറി കൗൺസിൽ സെക്രട്ടറി കെ.ചന്ദ്രൻമാസ്റ്റർ ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ചു. കോഴിക്കോട് ജില്ലാകളക്ടർ കെ.വി.മോഹൻ കുമാർ വിശിഷ്ടാതിഥിയായി പങ്കെടുത്തു. കൂടാതെ താലൂക്ക് ലൈബ്രറി കൗൺസിൽ സെക്രട്ടറി എ.ഗംഗാധരൻ നായർ, ഡോ.ഖദീജമുംതാസ്, കെ.പി.സുധീര, പി.കെ.സുനിൽകുമാർ, ടി.മാധവൻ, വി.എം.ഏലിയാസ്, കെ.വാസുദേവൻ, കെ.കെ.പത്മനാഭൻ എന്നിവരും ആശംസകളർപ്പിച്ചു സംസാരിച്ചു.

## പ്രതിഷേധജാഥ

ഡൽഹിയിൽ നടന്ന കൂട്ടബലാത്സംഗത്തിൽ പ്രതിഷേധിച്ച് അന്വേഷി കോഴിക്കോട് ടൗണിൽ ജാഥ നടത്തി. മൊഫ്യൂസിൽ സ്റ്റാൻഡിൽ നിന്നു ആരംഭിച്ച ജാഥ കിഡ്സൺ കോർണറിൽ സമാപിച്ചു. അജിത (അന്വേഷി), ഡോ.ഖദീജ മുംതാസ് (കോഴിക്കോട് മെഡിക്കൽ കോളേജ്), സോണിയ ജോർജ്ജ് (കേരള സ്ത്രീവേദി), അഡ്വ.സീനത്ത് (പുനർജനി), റുക്സാന(ജി.ഐ.ഒ), ശ്രീജ (അന്വേഷി) തുടങ്ങിയവർ സംസാരിച്ചു.




## അന്വേഷി ശില്പശാല

അന്വേഷിയുടെ ഹെൽത്ത് പ്രോഗ്രാമിന്റെ ഭാഗമായി "സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളിൽ ആരോഗ്യ പ്രവർത്തകരുടെ പ്രതികരണം" എന്ന വിഷയത്തിൽ കോഴിക്കോട് ജില്ലയിലെ ഡോക്ടർമാർക്കും (പി.എച്ച്.സി) നഴ്സുമാർക്കുമായി 2012 ഡിസംബർ 16ന് ഹോട്ടൽ കാലിക്കറ്റ് ടവ്വറിൽ വച്ച് ശില്പശാല നടത്തി.




കെ.അജിത (അന്വേഷി പ്രസിഡന്റ്) അദ്ധ്യക്ഷത വഹിച്ചു. ഡോ.മോഹനൻ (ജില്ല മെഡിക്കൽ ഓഫീസർ) ശില്പശാല ഉദ്ഘാടനം ചെയ്തു. പ്രൊഫ. സി.വി. ത്രേസ്യ (എ.എം.സി.എച്ച്.എസ്.എസ്, തിരുവനന്തപുരം), മി.അഷ്റഫ് കാവിൽ (ജില്ല പ്രൊബേഷൻ ഓഫീസർ) എന്നിവർ സംസാരിച്ചു. ശ്രീജ.പി (അന്വേഷി സെക്രട്ടറി) സ്വാഗതവും, അൽഫോൻസ മാത്യു (അന്വേഷി) നന്ദിയും പറഞ്ഞു.



Printed, Published and Owned by K. Ajitha, Harithakam, Kozhikode-17
Editor:Prof. Sara Joseph, Geethanjali, Mulamkunnathu Kavu (P.O),
Thrissur, Tel: 0495 2744370, Email:sanghadithacalicut@gmail.com
Printed at A-one Offset Prints, Ramanattukara